سورة الكهف

18. സൂറതുൽ കഹ്ഫ്

മക്കയിൽ അവതരിച്ചത് – വചനങ്ങൾ 110 – വിഭാഗം (റുകൂഉ്) 12

'കഹ്ഫ്'എന്നാൽ ഗുഹ എന്നർത്ഥം. 9 മുതൽ 26 കൂടിയുള്ള വചനങ്ങളിൽ ഗുഹയിൽ അഭയം തേടിയ ഒരു കൂട്ടം വിശ്വാസികളെ സംബന്ധിച്ച് വിവരിക്കുന്നു. ഈ അദ്ധ്യായത്തിന് 'സൂറതുൽ കഹ്ഫ്' എന്ന് പേര് ലഭിക്കാൻ കാരണമതാണ്.

ആരെങ്കിലും സൂറതുൽ കഹ്ഫിന്റെ ആദ്യത്തിൽ നിന്ന് പത്തു വചനങ്ങൾ പഠിച്ചാൽ അവൻ ദജ്ജാലിൽ നിന്ന് രക്ഷപ്പെടുന്നതാണ് എന്ന് അബൂദാവൂദ്, നസാഈ, തിർമദീ (റ) എന്നിവർ ഉദ്ധരിച്ച ഒരു ഹദീഥിൽ വന്നിരിക്കുന്നു. മുസ്‌ലിമും, നസാഈയും(റ) ഉദ്ധരിച്ച വേറൊരു ഹദീഥിൽ അൽകഹ്ഫിൽ നിന്നുള്ള പത്ത് ആയത്തുകൾ ഓതിയാൽ എന്നാണുള്ളത്. 'ജുമുഅഃ ദിവസം (വെള്ളിയാഴ്ച) സൂറത്തുൽ കഹ്ഫ് ഓതുന്നവന് അവന്റെയും രണ്ടു ജുമുഅഃയുടെയും ഇടയിലുള്ള കാലം പ്രകാശത്താൽ പ്രശോഭിതമായിരിക്കുന്നതാണ്' എന്ന് ഹാകിം, ബൈഹഖീ (റ) എന്നിവർ ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിലും വന്നിട്ടുണ്ട്. പഠിക്കുന്നത് അർത്ഥസാരം ഗ്രഹിച്ചുകൊണ്ടും, ഓതുന്നത് അർത്ഥവും ആശയവും ഓർത്തുകൊണ്ടും ആയിരിക്കണമെന്ന് പ്രത്യേകംപറയേണ്ടതില്ല. والتوفيق من الله

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

ٱلۡحَمۡدُ لِلَّهِ ٱلَّذِيٓ أَنزَلَ عَلَىٰ عَبۡدِهِ ٱلۡكِتَٰبَ وَلَمۡ يَجۡعَل لَّهُۥ عِوَجَاۜ ﴿١﴾

﴿1﴾ അല്ലാഹുവിന് സർവ്വസ്തുതിയും! – തന്റെ അടിയാന്റെ മേൽ വേദഗ്രന്ഥം – അതിന് യാതൊരു വക്രതയും ഉണ്ടാക്കാത്ത [വരുത്താത്ത] നിലയിൽ അവതരിപ്പിച്ചവനത്രെ (അവൻ).

قَيِّمًا لِّيُنذِرَ بَأْسًا شَدِيدًا مِّن لَّدُنْهُ
وَيُبَشِّرَ ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ
ٱلصَّٰلِحَٰتِ أَنَّ لَهُمْ أَجْرًا حَسَنًا
﴿٢﴾

《2》 അതായത്: ചൊവ്വായനിലയിൽ (ആക്കിയിരിക്കുന്നു); അവങ്കൽ നിന്നുള്ള കഠിനമായ ശിക്ഷയെക്കുറിച്ച് (പൊതുവിൽ) താക്കീത് നൽകുവാനും, സൽക്കർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികളെ- നല്ലതായ പ്രതിഫലം അവർക്കുണ്ടെന്ന്- സുവിശേഷം അറിയിക്കാനും വേണ്ടിയാകുന്നു (അവതരിപ്പിച്ചത്);

مَّٰكِثِينَ فِيهِ أَبَدًا ﴿٣﴾

《3》 അവർ അതിൽ [പ്രതിഫലത്തിൽ] എന്നെന്നും കഴിഞ്ഞുകൂടുന്ന നിലയിൽ

وَيُنذِرَ ٱلَّذِينَ قَالُوا۟ ٱتَّخَذَ ٱللَّهُ
وَلَدًا ﴿٤﴾

《4》 അല്ലാഹു സന്താനം സ്വീകരിച്ചിട്ടുണ്ടെന്ന് പറയുന്നവരെ (പ്രത്യേകം) താക്കീത് ചെയ്യാൻ വേണ്ടിയുമാകുന്നു (അവതരിപ്പിച്ചത്).

مَّا لَهُم بِهِۦ مِنْ عِلْمٍ وَلَا لِءَابَآئِهِمْ ۚ
كَبُرَتْ كَلِمَةً تَخْرُجُ مِنْ أَفْوَٰهِهِمْ ۚ
إِن يَقُولُونَ إِلَّا كَذِبًا ﴿٥﴾

《5》 അവർക്കാകട്ടെ, അവരുടെ പിതാക്കൾക്കാകട്ടെ, അതിനെക്കുറിച്ച് യാതൊരു അറിവുമില്ല. അവരുടെ വായകളിൽ നിന്ന് പുറത്തുവരുന്ന (ആ) വാക്ക് വമ്പിച്ചത് തന്നെ!

അവർ കളവല്ലാതെ പറയുന്നില്ല.

فَلَعَلَّكَ بَٰخِعٌ نَّفْسَكَ عَلَىٰٓ ءَاثَٰرِهِمْ
إِن لَّمْ يُؤْمِنُوا۟ بِهَٰذَا ٱلْحَدِيثِ أَسَفًا
﴿٦﴾

《6》 ഈ വിഷയത്തിൽ [ഖുർആനിൽ] അവർ വിശ്വസിക്കാതിരിക്കുന്ന പക്ഷം, നീ അവരുടെ പിന്നാലെ ദുഃഖിച്ച് നിന്റെ ജീവൻ അപകടപ്പെടുത്തുന്നവനായേക്കാം!

《1》 ٱلْحَمْدُ സ്തുതി (സർവ്വസ്തുതിയും) لِلَّهِ അല്ലാഹുവിനാണ് ٱلَّذِيٓ أَنزَلَ അവതരിപ്പിച്ചവൻ عَلَىٰ عَبْدِهِ തന്റെ അടിയാന്റെ മേൽ ٱلْكِتَٰبَ ഗ്രന്ഥം (വേദഗ്രന്ഥം) وَلَمْ يَجْعَل ആക്കിയിട്ടുമില്ല (വരുത്തീട്ടുമില്ല) لَّهُۥ അതിന് عِوَجَا വളവ്, വക്രത 《2》 قَيِّمًا ചൊവ്വായനിലയിൽ لِّيُنذِرَ താക്കീത് ചെയ്‌വാനായി, മുന്നറിയിപ്പ് നൽകാനായി بَأْسًا ശിക്ഷയെ (ക്കുറിച്ച്) شَدِيدًا കഠിനമായ مِّن لَّدُنْهُ അവന്റെ പക്കൽനിന്നുള്ള وَيُبَشِّرَ സന്തോഷവാർത്ത (സുവിശേഷം) അറിയിക്കുവാനും ٱلْمُؤْمِنِينَ സത്യവിശ്വാസികൾക്ക് ٱلَّذِينَ يَعْمَلُونَ

പ്രവർത്തിക്കുന്നവരായ الصَّالِحَاتِ സൽകർമങ്ങളെ أَنَّ لَهُمْ അവർക്ക് ഉണ്ട് എന്ന് أَجْرًا
പ്രതിഫലം حَسَنًا നല്ലതായ ﴾3﴿ مَاكِثِينَ താമസിച്ചുകൊണ്ട്, കഴിഞ്ഞുകൂടിക്കൊണ്ട്
فِيهِ അതിൽ أَبَدًا എന്നെന്നും ﴾4﴿ وَيُنذِرَ താക്കീത് ചെയ്യുവാനും الَّذِينَ قَالُوا പറഞ്ഞ
വരെ, പറയുന്നവരെ اتَّخَذَ اللَّهُ അല്ലാഹു സ്വീകരിച്ചു, ഉണ്ടാക്കിവെച്ചു (- എന്ന്) وَلَدًا
സന്താനത്തെ ﴾5﴿ مَا لَهُم അവർക്കില്ല بِهِ അതിനെപ്പറ്റി مِنْ عِلْمٍ യാതൊരു അറിവും
وَلَا لِآبَائِهِمْ അവരുടെ പിതാക്കൾക്കുമില്ല كَبُرَتْ വമ്പിച്ചതായിപ്പോയി, എത്ര വലിയതാണ്
كَلِمَةً (ആ-) ഒരു വാക്ക് تَخْرُجُ പുറത്തുവരുന്ന مِنْ أَفْوَاهِهِمْ അവരുടെ വായകളിൽനിന്ന്
إِن يَقُولُونَ അവർ പറയുന്നില്ല إِلَّا كَذِبًا കളവല്ലാതെ, വ്യാജമല്ലാതെ ﴾6﴿ فَلَعَلَّكَ (എ
ന്നാൽ-) നീ ആയേക്കാം بَاخِعٌ അപകടപ്പെടുത്തുന്നവൻ, നശിപ്പിക്കുന്നവൻ نَّفْسَكَ
നിന്റെ ആത്മാവിനെ, നിന്നെ തന്നെ عَلَىٰ آثَارِهِمْ അവരുടെ പിന്നാലെ (അവരുടെ
പ്രവർത്തന ഫലമായി) إِن لَّمْ يُؤْمِنُوا അവർ വിശ്വസിക്കുന്നില്ലെങ്കിൽ, വിശ്വസിക്കാതി
രിക്കുന്നപക്ഷം بِهَٰذَا الْحَدِيثِ ഈ വിഷയത്തിൽ أَسَفًا ദുഃഖത്താൽ, വ്യസനത്താൽ.

സത്യവചനങ്ങൾ വക്രമോ, അവ്യക്തമോ ആയിരിക്കുകയില്ല. ഒരു കാര്യത്തിന്റെ സത്യതക്കുള്ള സാർവ്വത്രികമായ ഭാഷാപ്രയോഗം, കെട്ടിക്കുടുക്കും വക്രതയുമില്ലാതെ, ചൊവ്വായതും, വ്യക്തമായതുമായിരിക്കും. ക്വുർആന്റെ വാക്കുകളിലാകട്ടെ, ഉദ്ദേശ്യങ്ങളിലാകട്ടെ, തത്വങ്ങളിലാകട്ടെ, യാതൊരുവിധ വക്രതയുമില്ല; വചനങ്ങളിൽ വെച്ചു ഏറ്റവും നേരായ വചനം അതാകുന്നു എന്നിങ്ങിനെ അല്ലാഹു ക്വുർആനെ വർണിക്കുന്നു. മനുഷ്യലോകത്തിന്റെ ഐഹികവും, പാരത്രികവുമായ സൗഭാഗ്യങ്ങൾക്ക് നിദാനമായ ആ പരിശുദ്ധ ഗ്രന്ഥം മുഹമ്മദ് നബി തിരുമേനിﷺയുടെമേൽ അവതരിപ്പിച്ചതിന്റെ പേരിൽ അവൻ അവനെത്തന്നെ സ്തുതിക്കുകയും ചെയ്യുന്നു.

തുടർന്നുകൊണ്ട് ക്വുർആന്റെ അവതരണോദ്ദേശ്യം ചൂണ്ടിക്കാട്ടുന്നു. സത്യവിശ്വാസം കൈക്കൊള്ളുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്താലുണ്ടാകുന്ന സൽഫലങ്ങളെക്കുറിച്ച് സന്തോഷ വാർത്ത അറിയിക്കുക (تبشير) നിഷേധവും, അവിശ്വാസവും കൈക്കൊണ്ട് ദുഷ്ക്കർമങ്ങൾ പ്രവർത്തിക്കുന്നതിന്റെ ദുഷ്ഫലങ്ങളെപ്പറ്റി താക്കീത് നൽകുക (انذار) എന്നീ ആവശ്യങ്ങൾക്കുവേണ്ടിയാണ്, എക്കാലത്തും ദിവ്യസന്ദേശങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ക്വുർആനും അതേ ആവശ്യാർത്ഥം അവതരിപ്പിച്ചതാകുന്നു.

ഈ രണ്ടു മാർഗങ്ങളിൽ പ്രായേണ ക്വുർആൻ പ്രാധാന്യം നൽകിക്കാണുന്നത് താക്കീതിനാകുന്നു. അജ്ഞതയിലും, തോന്നിയവാസത്തിലും മുഴുകിക്കിടക്കുന്ന ജനങ്ങളെ അതിൽ നിന്ന് വിമുക്തരാക്കി സത്യപാതയിലേക്ക് കൊണ്ടുവരുന്നതിന് ഒന്നാമതായി വേണ്ടത് അവർ സ്വീകരിച്ചുവരുന്ന മാർഗത്തിന്റെ ദുരന്തഫലങ്ങളെക്കുറിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുകയാണല്ലോ. അതുകൊണ്ടാണ് പലപ്പോഴും നബിമാരെപ്പറ്റി താക്കീത് നൽകുന്നവൻ (نذير) എന്ന് ക്വുർആനിൽ പ്രയോഗിച്ചു കാണുന്നത്. നബി തിരുമേനിﷺയുടെ പ്രവാചകത്വത്തിന്റെ ആദ്യഘട്ടത്തിൽ قُمْ فَأَنذِرْ(എഴുന്നേറ്റു താക്കീത് ചെയ്യുക!) എന്നും ٢١٤ : الشعراء - وَأَنذِرْ عَشِيرَتَكَ الْأَقْرَبِينَ (നിന്റെ അടുത്ത ബന്ധു

ക്കൾക്ക് താക്കീത് ചെയ്യുക!) എന്നും അല്ലാഹു കൽപിക്കുന്നു. നരകവാസികളോട് മലക്കുകൾ ഇപ്രകാരം ചോദിക്കുന്നതാണ്; أَلَمْ يَأْتِكُمْ نَذِيرٌ - الملك : ٨١ (നിങ്ങൾക്ക് താക്കീതുകാരൻ വന്നിരുന്നില്ലേ?!) ഇതെല്ലാം ഈ അടിസ്ഥാനത്തിലാകുന്നു.

താക്കീത് നൽകുന്നതിന് സ്വാഭാവികമായുള്ള ഈ സ്ഥാനം ഇവിടെയും വീക്ഷിക്കപ്പെട്ടിരിക്കുന്നു. ഖുർആൻ അവതരിപ്പിച്ചതിന്റെ രണ്ട് ഉദ്ദേശ്യങ്ങളും എടുത്തു പറഞ്ഞപ്പോൾ, ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യുവാൻ (لِيُنْذِرَ بَأْسًا) എന്നാണ് ആദ്യം പറഞ്ഞത്. പൊതുവിലുള്ള താക്കീതിനുശേഷം, അല്ലാഹുവിന് മക്കളുണ്ടെന്ന് പറയുന്നവർക്ക് പ്രത്യേകം ഒരു താക്കീതും ആവർത്തിക്കപ്പെട്ടിരിക്കുന്നു. സന്തോഷ വാർത്തകൾ ശ്രദ്ധിക്കാതിരിക്കുന്നതിനെക്കാൾ ആപൽക്കരം, താക്കീതുകൾ വിലവെക്കാതിരിക്കുന്നതാണ്.

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് മുശ്‌രിക്കുകളും, ഉസൈർ (عزير) ദൈവ പുത്രനാണെന്ന് ജൂതന്മാരും, യേശുക്രിസ്തു (عيسى - ع) ദൈവ പുത്രനാണെന്ന് ക്രിസ്ത്യാനികളും പറയുന്നു. നിന്ദ്യവും നികൃഷ്ടവുമായ ഇത്തരം കളവ് അല്ലാഹുവിന്റെ പേരിൽ കെട്ടിപ്പറയുന്നവരെ പ്രത്യേകം താക്കീത് ചെയ്യുകയെന്നത്, ഖുർആൻ അവതരിപ്പിച്ചതിന്റെ ഒരു പ്രധാന ഉദ്ദേശ്യമാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു. സൃഷ്ടികളുമായി യാതൊരുവിധ സാദൃശ്യവും സങ്കൽപിക്കപ്പെടാവതല്ലാത്തവണ്ണം എത്രയോ ഉൽകൃഷ്ടനും പരിശുദ്ധനുമത്രെ അവൻ. പ്രപഞ്ചകർത്താവായ അവന്റെ പേരിൽ ഇത്തരം അപവാദങ്ങൾ പറഞ്ഞേക്കുവാൻ ധൈര്യപ്പെടുന്നത് എത്രമാത്രം ഭയങ്കരമാണ്! യുക്തിക്കും ലക്ഷ്യത്തിനും നിരക്കാത്ത ആ വാദം മനുഷ്യനെ അങ്ങേയറ്റം വഴിപിഴപ്പിക്കുന്നതാകുന്നു. സത്യത്തിന്റെ കണികപോലും അതിലില്ല; വെറും പരമ്പരാഗതമായ ജൽപനങ്ങൾ മാത്രം. അതുകൊണ്ടാണ് ഇക്കൂട്ടരെപ്പറ്റി ഖുർആൻ ശക്തിയായ ഭാഷയിൽ പലപ്പോഴും ആക്ഷേപിച്ചു പറയുന്നത്.

നബി തിരുമേനിﷺയുടെ പ്രവാചകത്വം മുതൽ ഹിജ്റഃ വരെയുള്ള കാലഘട്ടത്തിന് 'മക്കീകാലഘട്ടം' (العهد المكى) എന്നും അതിനുശേഷമുള്ളതിന് 'മദനീകാലഘട്ടം'(العهد المدنى) എന്നും പറയുന്നു. മക്കീകാലഘട്ടത്തിന്റെ അവസാനത്തിൽ അവതരിച്ച സൂറത്തുകളിൽ ഒന്നാണ് ഈ സൂറത്ത്. അവിശ്വാസികളുടെ നിഷേധവും, ധിക്കാരവും മൂർദ്ധന്യത്തിലെത്തിയ ഒരു കാലമായിരുന്നു അത്. നബിﷺയുടെ അവസ്ഥയാകട്ടെ, നേരെ മറിച്ചും. അപാരമായ വ്യസനത്താൽ അവിടുത്തെ ഹൃദയം തിങ്ങിവിങ്ങിക്കൊണ്ടിരിക്കുകയാണ്. കോരിക്കൊടുത്തിട്ടെങ്കിലും സ്വജനങ്ങളിൽ സന്മാർഗബോധം ഉണ്ടാക്കുവാൻ വല്ല മാർഗവും ഉണ്ടായിരുന്നെങ്കിൽ, അതിനുപോലും അവിടുന്ന് തയ്യാറാകുമായിരുന്നു. സുവ്യക്തവും, അനിഷേധ്യവുമായ തെളിവുകൾപോലും ജനങ്ങൾ കണ്ണടച്ചു തള്ളിക്കളയുന്നത് കണ്ടു സഹിക്കവയ്യാതെ അവിടുത്തെ ഹൃദയം വെന്തുനീറുകയാണ്.

ജനങ്ങളിൽ സത്യബോധവും, സന്മാർഗനിഷ്ഠയും ഉണ്ടായിക്കാണുകയെന്നത് പ്രവാചകന്മാരെ സംബന്ധിച്ചിടത്തോളം, കേവലം തങ്ങൾക്ക് സാധിച്ചുകിട്ടേണ്ടുന്ന ഒരു കാര്യം മാത്രമല്ല; അത് അവരുടെ അതിരുകവിഞ്ഞ ഒരു ആഗ്രഹം കൂടിയാണ്. മനുഷ്യരുടെ ദുർമാർഗവാസന അവരുടെ ഹൃദയങ്ങൾക്ക് മാറാവ്രണമാണ്. അവർ സന്മാർഗികളായിത്തീരണമെന്ന അതിരുകവിഞ്ഞ ആഗ്രഹം അവരുടെ ഹൃദയത്തെ അധീനമാക്കുന്നു.

ഒരാൾ സത്യത്തിൽ നിന്ന് മുഖം തിരിക്കുന്നതിനെക്കാൾ കവിഞ്ഞ ഒരു മനോവ്യഥ അവർക്ക് ഉണ്ടാകുവാനില്ല. ഒരാൾ സന്മാർഗബോധമുള്ളവനായിക്കാണുന്നതിലധികം ആഹ്ളാദകരമായ ഒരു കാര്യവും അവർക്കില്ല. സൂറതുത്തൗബഃയിൽ നബിﷺയെപ്പറ്റി അല്ലാഹു ഇങ്ങിനെ പറയുന്നു: عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَءُوفٌ رَّحِيمٌ- التوبة (നിങ്ങൾ വിഷമിക്കുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്, നിങ്ങളുടെ കാര്യത്തിൽ അത്യാഗ്രഹിയാണ്, സത്യവിശ്വാസികളെ സംബന്ധിച്ച് കൃപയുള്ളവനും, കരുണയുള്ളവനുമാണ്)

നബി തിരുമേനിﷺയുടെ ഈ സ്ഥിതിവിശേഷത്തിന് ക്വുർആനിൽ പലേടത്തും സാക്ഷ്യങ്ങൾ കാണാം. 6-ാം വചനത്തിൽ നാം കണ്ടതും ഇതിലേക്കുള്ള സൂചനയാകുന്നു. ആയത്തിന്റെ താൽപര്യം ഇപ്രകാരമാകുന്നു: നബിയേ! ജനങ്ങളുടെ ദുർമാർഗവാസനയും, ധിക്കാര മനഃസ്ഥിതിയും കാരണമായി, ഈ ക്വുർആനിൽ അവർ വിശ്വസിക്കാത്തതിലുള്ള വ്യസനാധിക്യത്താൽ പിൻതിരിഞ്ഞുപോകുന്ന അവരുടെ പ്രവർത്തനഫലങ്ങൾ ഓർത്തു ജീവനാശം പോലും വരുത്തുന്നതിന് താൻ മുതിരുകയാണെങ്കിൽ, അതിൽ അത്ഭുതമില്ല; അത്രയ്ക്കും വലുതാണ് തന്റെ ആഗ്രഹം. പക്ഷേ, ദുർമാർഗത്തിൽ അടിയുറച്ചു കഴിഞ്ഞവർ, അതിൽനിന്ന് മടങ്ങുക പ്രയാസമാണ്. അവരെക്കുറിച്ച് താൻ ദുഃഖിച്ചിരിക്കേണ്ടതില്ല; തന്റെ ദൗത്യം നിർവഹിച്ചാൽ മതിയാകും. فَإِنَّمَا عَلَيْكَ الْبَلَاغُ وَعَلَيْنَا الْحِسَابُ- الرَّعْدُ (പ്രബോധനം മാത്രമേ നിനക്ക് കടമയുള്ളൂ; വിചാരണ നമ്മുടെ ബാധ്യതയാണ്)

إِنَّا جَعَلْنَا مَا عَلَى الْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ أَيُّهُمْ أَحْسَنُ عَمَلًا ﴿٧﴾

﴾7﴿ നിശ്ചയമായും, ഭൂമുഖത്തുള്ളതിനെ നാം അതിന്ന് അലങ്കാരമാക്കിയിരിക്കുന്നു, അവരിൽ [മനുഷ്യരിൽ] ആരാണ് കൂടുതൽ കർമം നല്ലവരെന്ന് പരീക്ഷിക്കുവാൻ വേണ്ടി.

وَإِنَّا لَجَاعِلُونَ مَا عَلَيْهَا صَعِيدًا جُرُزًا ﴿٨﴾

﴾8﴿ അതിന്മേലുള്ളതിനെ നാം തന്നെ, തരിശായ വെൺഭൂമിയാക്കിക്കളയുന്നതുമാകുന്നു.

﴾7﴿ إِنَّا നിശ്ചയമായും നാം جَعَلْنَا നാം ആക്കിയിരിക്കുന്നു مَا യാതൊന്ന് عَلَى الْأَرْضِ ഭൂമിയിലുള്ള, ഭൂമുഖത്തുള്ള زِينَةً അലങ്കാരം, ഭംഗി لَهَا അതിന് لِنَبْلُوَ (നാം) പരീക്ഷിക്കുവാനായി هُمْ അവരെ أَيُّهُمْ അവരിൽ ആരാണ് (എന്ന്) أَحْسَنُ കൂടുതൽ നല്ലവൻ عَمَلًا കർമം, പ്രവൃത്തി ﴾8﴿ وَإِنَّا നാം തന്നെ لَجَاعِلُونَ ആക്കുന്നതുമാണ്, ആക്കുന്നവരാണ് مَا عَلَيْهَا അതിന്മേലുള്ളത് صَعِيدًا വെൺഭൂമി, മണ്ണ് جُرُزًا തരിശ്, പാഴ്ഭൂമി

ജീവികൾ, സസ്യാദികൾ, ധാതുവസ്തുക്കൾ എന്നിങ്ങനെ ഈ ഭൂമിയിലുള്ളതെല്ലാം അതിന് അലങ്കാരം നൽകുന്നു. സൗന്ദര്യം ആസ്വദിക്കുവാനും, ആവശ്യങ്ങൾ നിർവ്വഹിക്കുവാനും മനുഷ്യന് വേണ്ടതെല്ലാം അതിലുണ്ട്; അവയെ അവന് യഥേഷ്ടം ഉപയോഗിക്കാം. എന്നാൽ, താൽക്കാലിക സുഖ സൗകര്യങ്ങളും, ദേഹേച്ഛകളും നിറവേറ്റി തൃപ്തി അടയുവാൻ മാത്രമായിട്ടുള്ളതല്ല അവ. അവയിൽ അടങ്ങിയ യുക്തി രഹസ്യങ്ങളും,

തത്വസാരങ്ങളും മനസ്സിലാക്കുക, അവയുടെ സ്രഷ്ടാവും നിയന്താവുമായ സർവ്വശക്തന്റെ സൃഷ്ടിമാഹാത്മ്യങ്ങളെപറ്റി ചിന്തിക്കുക, അങ്ങനെ അവനിൽ ഭയഭക്തി അർപ്പിക്കുക. അവന്റെ നിയമനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ജീവിക്കുക എന്നിവയിലെല്ലാം ഓരോ മനുഷ്യന്റെയും നിലപാടെന്തായിരിക്കുമെന്ന് പരീക്ഷണം നടത്തുവാനും കൂടിയാണ് അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ആ അലങ്കാര വസ്തുക്കളെക്കുറിച്ച് വേണ്ടപോലെ ചിന്തിച്ചുഅവയെ ഉപയോഗപ്പെടുത്തുന്നവന് പുണ്യഫലവും, അശ്രദ്ധ കാണിക്കുന്നവന് ശിക്ഷയും അല്ലാഹു നൽകും. അഥവാ, ജയാപജയം പരിശോധിക്കുന്നതിനുള്ള ഒരു പരീക്ഷണാലയമായിട്ടാണ് ഈ ലോകം കണക്കാക്കപ്പെട്ടിട്ടുള്ളത്. ഉമർ (റ) പറയാറുണ്ടായിരുന്ന ഒരു വാക്യം ഇവിടെ സ്മരണീയമാകുന്നു: അല്ലാഹുവേ! നീ ഞങ്ങൾക്കുവേണ്ടി അലങ്കാരമാക്കിത്തന്നതിൽ സന്തോഷിക്കുവാനല്ലാതെ ഞങ്ങൾക്ക് കഴിയുന്നതല്ല. അല്ലാഹുവേ! അതിനെ അതിന്റെ മുറയിൽ ഞങ്ങൾക്ക് വിനിയോഗിക്കുവാൻ (സഹായം നൽകണമെന്ന്) ഞാൻ നിന്നോട് അപേക്ഷിക്കുന്നു. (اللهم إنا لا نستطيع إلاّ أن نفرح بما زينته لنا اللهم إنى أسألك أن أُنفقه فى حقه– رواه البخاري) പരീക്ഷണ രംഗമായ ഈ ഭൂമിയും, അതിലുള്ള സർവ വസ്തുക്കളും ഒരിക്കൽ നാശമടയും. അതിന് ശാശ്വതമായ നിലനിൽപ്പില്ല. അന്ന് എല്ലാവരും അല്ലാഹുവിന്റെ മുമ്പിൽ ഹാജരായി തങ്ങളുടെ സകല കർമങ്ങളെക്കുറിച്ചും കൈകെട്ടി ഉത്തരം പറയേണ്ടിവരും. അന്നാണവരുടെ കർമഫലങ്ങൾ ശരിക്ക് അനുഭവപ്പെടുക. അത്കൊണ്ട്- നബിയേ- തന്റെ ജനതയിൽനിന്ന് കണ്ടുംകേട്ടും വരുന്ന ധിക്കാരങ്ങളെ സംബന്ധിച്ച് ഇത്രയധികം വ്യാകുലപ്പെടേണ്ടതില്ല, എന്ന് അല്ലാഹു നബിﷺയെ സമാശ്വസിപ്പിക്കുകയാണ്.

ഭൂമിയുടെ മുകളിലുള്ളതിനെ തരിശായ വെൺഭൂമിയാക്കുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, ലോകാവസാന സംഭവമാകുന്നു. സൂ: ത്വാഹയിൽ ഇങ്ങിനെ കാണാം: 'പർവ്വതങ്ങളെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു എന്നാൽ നീ പറയുക: എന്റെ രക്ഷിതാവ് പൊടിച്ചുപാറ്റിക്കളയുന്നതാണ്. എന്നിട്ട് , അതിനെ സമനിരപ്പായ മൈതാനമാക്കി വിട്ടേക്കും. യാതൊരു താഴ്ചയാകട്ടെ, ഉയർച്ചയാകട്ടെ അവിടെ നീ കാണുകയില്ല.

وَيَسْأَلُونَكَ عَنِ الْجِبَالِ فَقُلْ يَنْسِفُهَا رَبِّي نَسْفاً ٥ فَيَذَرُهَا قَاعًا صَفْصَفاً ٥ لا تَرَى فِيها عِوَجاً وَلاَ أَمْتاً ٥

ഗുഹാവാസികൾ (اصحاب الكهف)

താഴെ 9 മുതൽ 26 വരെയുള്ള വചനങ്ങളിൽ അസ്ഹാബുൽ കഹ്ഫ്- അഥവാ, ഗുഹാവാസികൾ- എന്ന പേരിൽ അറിയപ്പെടുന്ന ഒരു കൂട്ടം സത്യവിശ്വാസികളുടെ കഥാവിവരണമാണുള്ളത്. ഇതിൽ നിന്നാണ് ഈ അദ്ധ്യായത്തിന് സൂറതുൽ കഹ്ഫ് (ഗുഹയുടെ അദ്ധ്യായം) എന്ന് പേര് വന്നത്. അല്ലാഹുവിന്റെ അതിമഹത്തായ ശക്തിമാഹാത്മ്യത്തിനും, മനുഷ്യന്റെ മരണാനന്തര ജീവിതത്തിനും ഒരു ഉത്തമ ദൃഷ്ടാന്തമാണ് ആ സംഭവം. ആ സംഭവത്തെപ്പറ്റി ക്വുർആൻ അവതരിക്കുംമുമ്പുതന്നെ, അറബികൾക്കിടയിൽ ചില ഐതിഹ്യങ്ങളുണ്ടായിരുന്നു. അതിന്റെ സംക്ഷിപ്ത രൂപം ഇവിടെ ഉദ്ധരിക്കാം. അതിൽ ക്വുർആനിനോട് യോജിക്കുന്ന ഭാഗം നമുക്ക് സ്വീകരിക്കാം. ക്വുർആനിന്നും യുക്തിക്കും എതിരായിക്കാണുന്നത് അസ്വീകാര്യവുമായിരിക്കും. ക്വുർആനിൽ കാണാത്തതും, മറ്റു ലക്ഷ്യങ്ങൾ ഇല്ലാത്തതുമായ ഭാഗങ്ങളെപ്പറ്റി മൗനം അവലംബിക്കുകയേ നിവൃത്തി

യുള്ളൂ. കഥ ഇപ്രകാരമാണ്:-

ക്രിസ്ത്യാനികൾ ഒരു കാലത്ത് ദുർമാർഗത്തിൽ മുഴുകിപ്പോകുകയും, അവർക്കിടയിൽ വിഗ്രഹാരാധന പടർന്നുപിടിക്കുകയുമുണ്ടായി. അന്ന് 'ദക്‌യാനൂസ്' (Decius- **دقيانوس**) എന്ന് പേരായ ഒരു രാജാവുണ്ടായിരുന്നു. അയാൾ ജനങ്ങളെ വിഗ്രഹാരാധന ചെയ്യുവാൻ നിർബന്ധിച്ചുവന്നു. നിർബന്ധത്തിന് വഴങ്ങാത്ത കുറച്ച് യുവാക്കൾ ഉണ്ടായിരുന്നു. രാജാവ് അവരെ മർദ്ദിക്കുകയും, കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. പക്ഷേ, അവർ തങ്ങളുടെ വിശ്വാസത്തിൽനിന്ന് പിൻമാറിയില്ല. അവരുടെ ഇളംപ്രായത്തെ മാനിച്ചുകൊണ്ട് കുറച്ച് കാലത്തേക്ക് രാജാവ് അവർക്ക് ഒഴിവ് കൊടുത്തു. അതിനുശേഷം അവർ മടങ്ങാത്തപക്ഷം കൊലപ്പെടുത്തുമെന്നും നിശ്ചയിച്ചു. ഈ ഇടക്ക് വിഗ്രഹാരാധനയുടെ പ്രചരണാർത്ഥം രാജാവ് ഒരു സഞ്ചാരം നടത്തുകയുണ്ടായി.

ഈ തക്കം ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ യുവാക്കൾ സ്ഥലം വിട്ടു. തങ്ങളുടെ നാടായ എഫെസൂസ്- അല്ലെങ്കിൽ ത്വർസൂസ്- (افسوس او طرسوس)എന്ന പട്ടണം *(*)* വിട്ടുപോയി. അടുത്തുള്ള നീഖായൂസ്(**نيخايوس**)മലയിലെ ഒരു ഗുഹയെ അഭയം പ്രാപിച്ചു.ഏഴുപേരുള്ള ആ യുവാക്കളുടെ കൂട്ടത്തിൽ, വഴിമദ്ധ്യേ ഒരു ആട്ടിടയനും വന്നുചേർന്നു. അവന്റെ നായയും ഒന്നിച്ചുണ്ടായിരുന്നു. അവർക്ക് ഗൂഢമായി ഭക്ഷണപാനീയങ്ങൾ കൊണ്ടുവന്നിരുന്നത് അവരിൽ ഒരാളായ തംലീഖാ(**تمليخا**)ആയിരുന്നു. ഒരിക്കൽ അദ്ദേഹം വെളിയിൽ പോയി മടങ്ങിവന്നപ്പോൾ, രാജാവ് തിരിച്ചു വന്നിട്ടുണ്ടെന്നും, തങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടെന്നും വിവരം അറിയിച്ചു. അവർ പരിഭ്രമത്തിലും വ്യസനത്തിലുമായി. അങ്ങിനെയിരിക്കെ അല്ലാഹു അവർക്ക് ഒരു ഉറക്ക് നൽകി. ദക്‌യാനൂസാകട്ടെ, അവരുടെ പിതാക്കളെ ഭീഷണിപ്പെടുത്തുകയായി. ഒടുവിൽ അവർ തങ്ങളുടെ മക്കളെപ്പറ്റി വിവരം കൊടുക്കാൻ നിർബന്ധിതരായി. ഉടനെ രാജാവ് ആ ഗുഹാമുഖത്തെത്തി. ഉറങ്ങിക്കിടക്കുന്ന ആ യുവാക്കളെ അകത്താക്കിക്കൊണ്ട് ഗുഹാമുഖം അടച്ചുകളഞ്ഞു.

സത്യവിശ്വാസം ഉള്ളിൽ മറച്ചുവെച്ചിരുന്ന രണ്ടുപേർ രാജാവിന്റെ പരിവാരങ്ങളിൽ ഉണ്ടായിരുന്നു- ബൈദറൂസും, റൂനാസും, (**بيدروس وروناس**) ഇവർ, ആ യുവാക്കളുടെ പേരുകളും, ചരിത്രവും രണ്ട് കൽപലകകളിൽ രേഖപ്പെടുത്തി ഒരു ചെമ്പുപെട്ടിയിലാക്കി അവിടെ സ്വകാര്യമായി സൂക്ഷിച്ചുവെച്ചു. കാലം അങ്ങിനെ കഴിഞ്ഞു. ദക്‌യാനൂസിന്റെ ഭരണവും പേരുമെല്ലാം കാലയവനികക്കുള്ളിൽ മറഞ്ഞുപോയി.

(*) തുർക്കിയുടെ പടിഞ്ഞാറെ കടൽക്കരയിൽ, അസ്മീർ (ازمير) യിൽനിന്ന് 40-50 നാഴിക അകലെ- സമുദ്രത്തിൽ നിന്ന് ഏതാണ്ട് മൂന്ന് നാഴിക ദൂരത്ത്- സ്ഥിതി ചെയ്തിരുന്ന ഒരു പ്രധാന റോമൻ പട്ടണമായിരുന്നു എഫെസൂസ് (Ephesus). അവിടെ ഒരു കുന്നിന്മേൽ വമ്പിച്ച ഒരു ആരാധനാസ്ഥലവും, മലഞ്ചെരിവിൽ 24,000 ആളുകൾക്ക് ഇരിക്കാവുന്ന ഒരു രംഗസ്ഥലവും ഉണ്ടായിരുന്നുപോൽ. ഖലീഫാ വാഥികിന്റെ (الواثق) കാലത്ത് അയക്കപ്പെട്ട ഒരു നിരീക്ഷണസംഘം അവിടെ, 'അസ്ഹാബുൽ കഹ്ഫി'ന്റെതാണെന്ന് അനുമാനിക്കപ്പെടുന്ന ഗുഹയും മറ്റും കണ്ടതായി പറയപ്പെടുന്നു. 'തർസൂസ്' തുർക്കിയുടെ തെക്കേ കടലോരപ്രദേശത്ത് കിഴക്കോട്ട് നീങ്ങിനിൽക്കുന്നു. ഭൂപടം (നമ്പർ- 2) നോക്കുക.

അനന്തരം, ബൈദറൂസ് എന്ന് പേരുള്ള ഒരു രാജാവുണ്ടായി. 68 കൊല്ലത്തോളം ഭരണം നടത്തിയ അദ്ദേഹം, അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്ന ആളായിരുന്നു. പ്രജകളിലാകട്ടെ, വിശ്വാസികളും, അവിശ്വാസികളുമുണ്ട്. രാജാവിന് ഈ നില സഹിക്കവയ്യായിരുന്നു. ജനങ്ങൾക്ക് പരലോക ജീവിതത്തെക്കുറിച്ച് ബോധമുണ്ടാകത്തക്ക ഒരു ദൃഷ്ടാന്തം വെളിപ്പെട്ടുകാണുവാൻ അദ്ദേഹം ആഗ്രഹിക്കുകയും, അതിനായി അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്തു. ഈയിടയ്ക്ക് ഒരു ആട്ടിടയൻ– തന്റെ ആടുകൾക്ക് ഒരു താവളം ശരിപ്പെടുത്തേണ്ടുന്ന ആവശ്യാർത്ഥം– ആ ഗുഹാമുഖത്ത് ചെന്നു പഴയ ഭിത്തിക്കെട്ട് പൊളിക്കുകയുണ്ടായി. അപ്പോഴായിരുന്നു ശതവർഷങ്ങളായി ഉറങ്ങിക്കിടന്നിരുന്ന ആ യുവാക്കൾ ഉണർന്നത്. അവർ എഴുന്നേറ്റിരുന്നു പ്രാർത്ഥനാ നമസ്കാരങ്ങൾ നടത്തുകയായി.

നാം എത്രസമയം ഉറങ്ങിയിരിക്കുമെന്ന് അവർ അന്യോന്യം ചോദിച്ചു. ഒരു മുഴുവൻ ദിവസമെന്നും, കുറച്ച് നേരമെന്നും മറ്റും പല അഭിപ്രായങ്ങൾ അവർ പറഞ്ഞു. അല്ലാഹുവിനറിയാം. ഏതായാലും, ഒരാൾ പുറത്തുപോയി നമ്മുടെ കയ്യിലുള്ള വെള്ളി കൊടുത്തു ഭക്ഷണപദാർത്ഥം വാങ്ങിക്കൊണ്ടു വരട്ടെ എന്നായി. പതിവ് പ്രകാരം തംലിഖാ തന്നെ പുറപ്പെട്ടു. ദക്‌യാനൂസ് രാജാവിനെ ഭയന്ന് വളരെ കാത്തും സൂക്ഷിച്ചും കൊണ്ട് അദ്ദേഹം അങ്ങാടിയിൽവന്നു. വഴിയിൽവെച്ച് മസീഹിന്റെ (ഇ ൗസാനബിയുടെ) നാമം കേൾക്കുവാൻ ഇട വന്നതിൽ അയാൾക്ക് ആശ്ചര്യം തോന്നി. തനിക്ക് സ്ഥലം മാറിപ്പോയോ? അതോ താൻ സ്വപ്നം കാണുകയാണോ? എന്നൊക്കെ അയാൾ സംശയിച്ചുപോയി.

ഒരു കച്ചവടക്കാരന്റെ അടുക്കൽചെന്ന് തംലീഖാ ഭക്ഷണ സാധനത്തിനുവേണ്ടി വെള്ളികൊടുത്തു. ആ നാണയം അയാൾക്ക് അപരിചിതമായിരുന്നു. അയാൾ ആശ്ചര്യപ്പെട്ടു. പലരും അത് തിരിച്ചും മറിച്ചും നോക്കി. ഇത് പണ്ടുണ്ടായിരുന്ന ദക്‌യാനൂസിന്റെ കാലത്തെ നാണയമാണല്ലോ! തനിക്ക് എവിടെ നിന്നാണ് നിക്ഷേപം കിട്ടിയത്? എന്ന് അവർ ചോദിച്ചു. പിന്നീട് അവർ അദ്ദേഹത്തെ ആ നാട്ടിലെ ന്യായാധിപന്മാരുടെ അടുക്കൽ കൊണ്ടുപോയി ചോദ്യം ചെയ്തതിൽ, തംലീഖാ സംഗതികൾ വിവരിച്ചു: ഞങ്ങളിതാ ഇന്നലെയാണ് ഗുഹയിൽ ചെന്നത്, വേണമെങ്കിൽ തന്റെ കൂട്ടുകാരെ കാണിച്ചുതരാം, എന്ന് അദ്ദേഹം ഉണർത്തിച്ചു. ചെന്നുകണ്ടപ്പോൾ ന്യായാധിപന്മാർക്ക് വമ്പിച്ച അത്ഭുതമായി. ഈ ന്യായാധിപന്മാരുടെ പേരുകൾ 'അർയൂസ്' എന്നും, 'ത്വൻത്വിയൂസ്'(اريوس وطنطيوس) എന്നും ആയിരുന്നു. ഗുഹയിൽ പണ്ട് നിക്ഷേപിക്കപ്പെട്ടിരുന്ന ചെമ്പുപെട്ടിയിലെ പലകകൾ അവർ കാണുകയും, അതിൽ നിന്ന് കാര്യം മനസ്സിലാകുകയും ചെയ്തു. അവർ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് രാജാവിനെ വിവരം അറിയിച്ചു.

അത്ഭുതപരവശനായ രാജാവ് പരിവാരസമേതം ഗുഹയുടെ അടുക്കൽ വന്ന് യുവാക്കളെ സന്ദർശിച്ചു. ആശ്ചര്യവും സന്തോഷവും നിമിത്തം, അല്ലാഹുവിന് സുജൂദിൽ വീഴുകയും, യുവാക്കളെപ്പിടിച്ചു ആലിംഗനം ചെയ്യുകയും ചെയ്തു. പിന്നീട് യുവാക്കൾ തങ്ങളുടെ സ്ഥാനത്തേക്ക് മടങ്ങുകയും അവിടെ വെച്ച് മരണമടയുകയുമുണ്ടായി. അവരെ പെട്ടിയിൽ മറവ് ചെയ്യുവാനും അവിടെ ഒരു ആരാധനാസ്ഥലം പണിയുവാനും രാജാവ് ഏർപ്പാട് ചെയ്തു. ആ ദിവസം അവർ ഒരു ഉത്സവദിവസമായി ഗണിച്ചുപോന്നു.

അറബികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ആ കഥയുടെചുരുക്കമാണിത്. മരണശേഷമുള്ള പുനർജീവിതത്തിന് ക്രിസ്ത്യാനികൾ ഇതൊരു ദൃഷ്ടാന്തമായി എടു

ത്തുകാട്ടിയിരുന്നു. ക്വുർആനാകട്ടെ, പരലോകജീവിതത്തിന് ഇത് മാത്രമല്ല, അനേകം ദൃഷ്ടാന്തങ്ങളും തെളിവുകളും ഉണ്ടെന്നും, ഗുഹാവാസികളുടെ സംഭവം മാത്രം വലിയൊരു ആശ്ചര്യസംഭവമായി എടുത്തുപറയുവാനില്ലെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് മനുഷ്യബുദ്ധികളെ ചിന്തിക്കുവാൻ ആഹ്വാനം ചെയ്യുകയാണ്. അല്ലാഹു പറയുന്നു:-

أَمْ حَسِبْتَ أَنَّ أَصْحَٰبَ ٱلْكَهْفِ وَٱلرَّقِيمِ كَانُوا۟ مِنْ ءَايَٰتِنَا عَجَبًا ﴿٩﴾

《9》 (നബിയേ,) അല്ലാ!- ഗുഹയുടെയും, 'റക്വീമി'ന്റെയും ആൾക്കാർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ഒരു ആശ്ചര്യമായിരുന്നുവെന്ന്, നീ വിചാരിക്കുന്നുവോ?

إِذْ أَوَى ٱلْفِتْيَةُ إِلَى ٱلْكَهْفِ فَقَالُوا۟ رَبَّنَآ ءَاتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا ﴿١٠﴾

《10》 (ആ) യുവാക്കൾ ഗുഹയിലേക്ക് (ചെന്ന്) അഭയം പ്രാപിച്ചപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളുടെ റബ്ബേ! ഞങ്ങൾക്ക് നിന്റെ പക്കൽനിന്ന് കാരുണ്യം നൽകേണമേ! ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് നേർമാർഗം സജ്ജമാക്കിത്തരുകയും ചെയ്യേണമേ!!'

فَضَرَبْنَا عَلَىٰٓ ءَاذَانِهِمْ فِى ٱلْكَهْفِ سِنِينَ عَدَدًا ﴿١١﴾

《11》 അങ്ങനെ, ഗണ്യമായ വർഷങ്ങളോളം ആ ഗുഹയിൽവെച്ച് നാം അവരുടെ കർണപുടങ്ങളെ അടച്ചുകളഞ്ഞു. (അവരെ ഉറക്കി)

ثُمَّ بَعَثْنَٰهُمْ لِنَعْلَمَ أَىُّ ٱلْحِزْبَيْنِ أَحْصَىٰ لِمَا لَبِثُوٓا۟ أَمَدًا ﴿١٢﴾

《12》 പിന്നെ, രണ്ട് കക്ഷികളിൽ ഏതാണ്, അവർ താമസിച്ചു കഴിഞ്ഞ കാലത്തെ തിട്ടപ്പെടുത്തിയതെന്നും അറിയുവാനായി അവരെ എഴുന്നേൽപ്പിച്ചു.

《9》 أَمْ അല്ലാ (ഒരു പക്ഷേ) حَسِبْتَ നീ വിചാരിച്ചു(വോ) أَنَّ أَصْحَابَ الْكَهْفِ നിശ്ചയമായും ഗുഹയുടെ ആൾക്കാർ (ഗുഹാവാസികൾ) وَالرَّقِيمِ റക്വീമിന്റെയും كَانُوا അവരായിരുന്നു (എന്ന്) مِنْ آيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളിൽ നിന്ന് عَجَبًا ഒരു (വലിയ) ആശ്ചര്യം 《10》 إِذْ أَوَى അഭയം പ്രാപിച്ചപ്പോൾ, ചെന്ന് ചേർന്നപ്പോൾ الْفِتْيَةُ (ആ) യുവാക്കൾ إِلَى الْكَهْفِ ഗുഹയിലേക്ക് فَقَالُوا അപ്പോൾ അവർ പറഞ്ഞു رَبَّنَا ഞങ്ങളുടെ റബ്ബേ, രക്ഷിതാവേ آتِنَا ഞങ്ങൾക്ക് നൽകേണമേ مِنْ لَدُنْكَ നിന്റെ പക്കൽ നിന്ന് رَحْمَةً കാരുണ്യം, ദയ, അനുഗ്രഹം وَهَيِّئْ സജ്ജമാക്കി (ഒരുക്കി)ത്തരുകയും വേണമേ لَنَا ഞങ്ങൾക്ക് مِنْ أَمْرِنَا ഞങ്ങളുടെ കാര്യത്തിൽ, കാര്യത്തെ സംബന്ധിച്ച് رَشَدًا നേർമാർഗം, തന്റേടം 《11》 فَضَرَبْنَا അങ്ങനെ നാം അടിച്ചു (അടച്ചുകളഞ്ഞു) عَلَى آذَانِهِمْ

അവരുടെ കാതുകൾക്ക് (കർണപുടങ്ങളെ) فِي الْكَهْفِ ഗുഹയിൽ വെച്ച് سِنِينَ വർഷങ്ങൾ, കൊല്ലങ്ങൾ عَدَدًا ഗണ്യമായ, കുറെ എണ്ണം ﴾12﴿ ثُمَّ പിന്നെ, പിന്നീട് بَعَثْنَاهُمْ നാം അവരെ എഴുന്നേൽപിച്ചു لِنَعْلَمَ നാം (നമുക്ക്) അറിയുവാൻ വേണ്ടി أَيُّ الْحِزْبَيْنِ രണ്ട് കക്ഷികളിൽ ഏതാണ് (എന്ന്) أَحْصَىٰ തിട്ടപ്പെടുത്തി, സൂക്ഷിച്ചു വിലയിരുത്തി, അധികം കണക്കാക്കിയവർ لِمَا لَبِثُوا അവർ താമസിച്ചതിനെ, കഴിച്ചുകൂട്ടിയതിനെ أَمَدًا കാലം

റക്വീം (الرقيم) എന്നത് കൊണ്ടുദ്ദേശ്യം, ഗുഹാവാസികളുടെ പേരുവിവരം എഴുതി ഗുഹയുടെ അടുക്കൽ സൂക്ഷിക്കപ്പെട്ടിരുന്ന ആ ലിഖിതഫലകമാണെന്നാണ് പല മുഫസ്സിറുകളും (ക്വുർആൻ വ്യാഖ്യാതാക്കളും) പ്രസ്താവിച്ചിട്ടുള്ളത്. അത് അവരുടെ രാജ്യത്തിന്റെ പേരാണെന്നും ചിലർ പറയുന്നു. ഇബ്നുഅബ്ബാസ് (റ) ക്വത്താദഃ (റ) എന്നിവരിൽ നിന്നും മറ്റും നിവേദനം ചെയ്യപ്പെട്ടിട്ടുള്ളത്, ഐലഃ(ايلة)യുടെ അടുത്തുള്ള ഒരു താഴ്വരയാണ് റക്വീം എന്നത്രെ. അൽ അക്വബഃ എന്ന പേരിലാണ് ഇന്ന് ഐലഃ അറിയപ്പെടുന്നത്. കൂടാതെ ബൈബ്ളിലും റക്വീമിനെ (രേക്കേം) സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്.

അൽ അക്വബഃ ഉൾക്കടലിന്റെയും, സീനാ ഉപദ്വീപിന്റെയും വടക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന പർവ്വതനിരകളെ തൊട്ടുകിടക്കുന്ന പീഠപ്രദേശത്തായിരുന്നു റക്വീം സ്ഥിതി ചെയ്തിരുന്നത്. കാലാന്തരത്തിൽ ഈ രാജ്യം പെത്രാ (Petraea) എന്ന് പൊതുവിലും, ബിത്വ്റാ (بطرا اوبطرية) എന്ന് അറബികൾക്കിടയിലും അറിയപ്പെട്ടു. (*) സിരിയായിലെ കർഷക വർഗക്കാരായിരുന്ന നബ്ത്വീ വർഗക്കാർ (انباط الشام) ഇവിടെ വസിച്ചിരുന്നു. അടുത്ത ചില വർഷങ്ങൾക്കുമുമ്പ് നടത്തപ്പെട്ട ചരിത്രഗവേഷണങ്ങളിൽ ഇവിടെ രണ്ട് ഗുഹകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്നിന്റെ കിടപ്പ്, ക്വുർആനിൽ പ്രസ്താവിച്ചതുപോലെ, വെയിലും സൂര്യകിരണവും ഉള്ളിൽ കടക്കാത്ത വിധത്തിലാകുന്നു. മറ്റേതിന്റെ മുൻവശത്ത് ചില കെട്ടിടങ്ങളുടെയും, കൽത്തൂണുകളുടെയും അവശിഷ്ടങ്ങളുമുണ്ട്. അത് ഒരു ആരാധനാ സ്ഥലമാണെന്നാണ് വിശ്വസിക്കപ്പെടുന്നത്.

ക്വുർആൻ അവതരിപ്പിച്ച കാലത്ത് അറബികൾക്കിടയിൽ, അസ്ഹാബുൽ കഹ്ഫിന്റെ കഥ- അതിൽ പല നീക്കുപോക്കുകളുണ്ടെങ്കിലും ശരി- പ്രചാരത്തിലുണ്ടായിരുന്നുവല്ലോ. ശാമിൽനിന്ന് വരുന്ന വേദക്കാരും, നബ്ത്വീ വർഗക്കാരും, അറബി

(*) സേലാ, സേലാപെത്രാ (Sela, Petra) എന്നും ഈ രാജ്യത്തിന് പേരുണ്ട്. ചാവുകടലിന് (ബഹ്ർലൂത്) തെക്ക് 50 നാഴിക ദൂരത്ത് കിഴുക്കാന്തൂക്കായ വന്മലകളാൽ ചുറ്റപ്പെട്ട അഗാധമായ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണിത്. ഏദോം (آدوم) രാജ്യം നാമാവശേഷമായതിനുശേഷം ('നബാത്യൻ' Nabations الانباط) എന്ന വർഗക്കാർ അവിടെ തങ്ങളുടെ രാജ്യം സ്ഥാപിച്ചു. അന്ന് അവിടെ വാണിജ്യം വർദ്ധിച്ചിരുന്നു. ഇപ്പോൾ അത് ശൂന്യമായിക്കിടക്കുകയാണ്. മലഞ്ചെരുവുകളിൽ നൈപുണ്യത്തോടെ വെട്ടിയുണ്ടാക്കിയ ക്ഷേത്രങ്ങളും കല്ലറകളും ധാരാളം ഇന്നും സ്ഥിതി ചെയ്യുന്നു. സന്ദർശകൻമാർ അവ കാണുമ്പോൾ ആശ്ചര്യപ്പെട്ടുപോകും. യവനർ ഇതിനെ പാറ എന്നർത്ഥമുള്ള 'പൈത്രാ' എന്ന് വിളിച്ചുവന്നു. 'സേല' എന്നതിനും, 'പാറ', 'കിഴക്കാന്തൂക്കായ മല' എന്നാണർത്ഥം (വേദപുസ്തക നിഘണ്ടുവിൽനിന്ന്) ഭൂപടം 3ഉം 4ഉം നോക്കുക.

കളുമായി കച്ചവടപരമായും മറ്റും സമ്പർക്കം ഉണ്ടായിരുന്നുവെന്നത് പ്രസിദ്ധമാണ്. ഈ നിലക്ക് ഈ സംഭവം അവരിൽ നിന്നായിരിക്കും മിക്കവാറും അറബികൾ അറിഞ്ഞിരിക്കുക. തുർക്കിയിലെ എഫസൂസിൽ നടന്ന സംഭവത്തിന് അറബികൾക്കിടയിൽ അത്ര പ്രചാരം ലഭിക്കുവാൻ പ്രയാസവുമാണ്. താബിഉകളിൽപെട്ട ചില മഹാന്മാർ റകീം എന്നത് അവരുടെ രാജ്യത്തിന്റെ പേരാണെന്നും, ചിലർ അത് ഐലഃയുടെ അടുത്താണെന്നും പ്രസ്താവിച്ചിട്ടുള്ളതും, പെത്രായുടെ പേര് മുമ്പ് രേക്കം- അല്ലെങ്കിൽ രേഖാ എന്നായിരുന്നതും, ഈ സംഭവം നടന്നത് ശാമിലായിരുന്നുവെന്ന് ചില മുഫസ്സിറുകൾ പ്രസ്താവിച്ചു കാണുന്നതും- എല്ലാം കൂടി- നോക്കുമ്പോൾ ഈ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. الله اعلم

നാം അവരുടെ കർണപുടങ്ങളെ അടച്ചു എന്ന് പറഞ്ഞത് فضربنا على آذانهم (അവരുടെ ചെവികളിൽ അടച്ചു) എന്ന വാക്യത്തിന്റെ ഉദ്ദേശ്യാർത്ഥമത്രെ. ലോകത്ത് നടക്കുന്ന ശബ്ദകോലാഹലങ്ങളൊന്നും കേൾക്കാതിരിക്കത്തക്കവണ്ണം അവർക്ക് അല്ലാഹു ഉറക്കം നൽകി എന്ന് സാരം. കർണപുടങ്ങളെ അടച്ചുവെന്ന് പറഞ്ഞപ്പോൾ, അവരുടെ കണ്ണുകളെപറ്റി അല്ലാഹു ഒന്നും പറയുന്നില്ല; 18-ാം വചനത്തിൽ, അവർ ഉറങ്ങുന്നവരാണെങ്കിലും ഉണർന്നവരാണെന്ന് തോന്നുമെന്ന് പറയുന്നുണ്ട്. ഇതിൽനിന്ന് അവർ ഉറക്കിലായിരുന്നപ്പോൾ അവരുടെ കണ്ണുകൾ തുറന്നു കൊണ്ടായിരുന്നു ഉള്ളതെന്ന് അനുമാനിക്കാവുന്നതാണ്, ചില മുഫസ്സിറുകൾ ഇങ്ങനെ പറഞ്ഞു കാണുന്നുമുണ്ട്.

രണ്ട് കക്ഷികൾ (الحزبين) എന്ന പറഞ്ഞത്, അവരുടെ ഗുഹാവാസകാലത്തെക്കുറിച്ച് ഭിന്നാഭിപ്രായക്കാരായിരുന്ന രണ്ട് കക്ഷികളാണെന്നും, അല്ലെങ്കിൽ സത്യവിശ്വാസികളായ ഗുഹവാസികളും, അവരുടെ എതിർ കക്ഷിയായ അവിശ്വാസികളുമാണെന്നും വരാം. ഒന്നാമത്തെ അഭിപ്രായമനുസരിച്ച് 12-ാം വചനത്തിന്റെ സാരം: ഏത് കക്ഷിയാണ്, അവർ ഉറങ്ങിക്കിടന്ന കാലത്തെക്കുറിച്ച് കൂടുതൽ അറിയുക എന്ന് പുലരുവാൻ വേണ്ടി അവരെ എഴുന്നേൽപിച്ചുവെന്നായിരിക്കും. രണ്ടാമത്തെ അഭിപ്രായം അനുസരിച്ച് സത്യവിശ്വാസികളും, അവരുടെ ശത്രുക്കളുമായ ഇരുകക്ഷികളിൽ ഏതാണ് ആ കാലത്തിന് കൂടുതൽ വിലയിരുത്തിയത് എന്ന് വെളിപ്പെടുത്തുവാൻ വേണ്ടി എന്നും സാരമാകുന്നു. അതായത് നൂറുക്കണക്കായ കൊല്ലങ്ങൾ ആ ഗുഹയിൽ അവർ കഴിച്ചുകൂട്ടി. അക്കാലത്ത് ലോകത്ത് നടന്നിരുന്ന അക്രമങ്ങളും ദുർമാർഗങ്ങളും ഒന്നും അവർ അറിഞ്ഞിരുന്നില്ല. അവർ ഉണർന്നെഴുന്നേറ്റതോടെ- അവരുടെ വിശ്വാസത്തിന്റെയും അതിനുവേണ്ടി അവർ വരിച്ച ത്യാഗത്തിന്റെയും ഫലമായി പെട്ടെന്ന് നാട്ടിലാകമാനം വമ്പിച്ച പ്രത്യാഘാതമുണ്ടായി. പരലോക ജീവിതത്തെ നിഷേധിക്കുന്ന എത്രയോ പേർ സത്യവിശ്വാസികളായി മാറി. അങ്ങിനെ നോക്കുമ്പോൾ, കേവലം വളരെക്കാലമായി ഉറങ്ങിക്കിടക്കുകയായിരുന്ന അവരാണ് ആ കാലത്തിന് കൂടുതൽ വിലയിരുത്തി സൂക്ഷിച്ചതെന്നും, അക്കാലമത്രയും അവിശ്വാസികൾ കെട്ടിപ്പൊക്കി സ്ഥാപിച്ചിരുന്ന അവിശ്വാസത്തിന്റെ കോട്ട തകർന്നു പോയെന്നും വ്യക്തമാണല്ലോ. മേൽ കഴിഞ്ഞ ആയത്തുകളുടെ ചുരുക്കസാരം ഇതാണ്: കൂടുതൽ നല്ലവർ ആരാണെന്ന് പരീക്ഷിക്കുവാനായി ഈ ഭൂമുഖത്ത് അല്ലാഹു ഉണ്ടാക്കിവെച്ചിട്ടുള്ള അലങ്കാരങ്ങളാകുന്ന ദൃഷ്ടാന്തങ്ങളെ അപേക്ഷിച്ച് ഗുഹാവാസികളുടെ സംഭവം ഒരു വമ്പിച്ച ആശ്ചര്യമൊന്നുമല്ല. അൽപം യുവാക്കൾ, തങ്ങളുടെ സർവസ്വവും അല്ലാഹുവിൽ അർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ടും, അവനിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടും ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. ജനങ്ങൾക്ക് അജ്ഞാതമായ നിലയിൽ അല്ലാഹു അവരെ നൂറ്റാണ്ടുകളോളം

ഉറക്കി, പിന്നീട് സത്യത്തിന്റെ കക്ഷിക്ക് ഒരു ദൃഷ്ടാന്തമായി അല്ലാഹു അവരെ എഴുന്നേൽപിക്കുകയും ചെയ്തു. ഇത്രമാത്രം!

ഗുഹാവാസികളുടെ കഥ അറബികൾക്കും, വേദക്കാർക്കുമിടയിൽ മുമ്പേ പ്രചാരത്തിലുണ്ടായിരുന്നുവെന്ന് പറഞ്ഞുവല്ലോ. എന്നാൽ അതിൽ സത്യാസത്യങ്ങളും ഭിന്നാഭിപ്രായങ്ങളും സ്ഥലം പിടിച്ചിരുന്നു. ആകയാൽ, ഈ കഥയിൽനിന്ന് പഠിക്കുവാനും ചിന്തിക്കുവാനും ഉള്ള ഭാഗങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് സംഭവത്തിന്റെ യഥാർത്ഥ രൂപം സംക്ഷിപ്തമായി അടുത്ത ആയത്തുകളിൽ അല്ലാഹു വിവരിക്കുന്നു.

വിഭാഗം - 2

نَّحْنُ نَقُصُّ عَلَيْكَ نَبَأَهُم بِٱلْحَقِّ ۚ إِنَّهُمْ فِتْيَةٌ ءَامَنُوا۟ بِرَبِّهِمْ وَزِدْنَٰهُمْ هُدًى ﴿١٣﴾

﴾13﴿ അവരുടെ വർത്തമാനം നാം നിനക്ക് യഥാർത്ഥ (രൂപ)ത്തിൽ വിവരിച്ചുതരാം. അവർ കുറച്ച് യുവാക്കളായിരുന്നു; അവർ തങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചു; നാം അവർക്ക് സന്മാർഗം (സന്മാർഗ ബോധം) വർദ്ധിപ്പിക്കുകയും ചെയ്തു.

وَرَبَطْنَا عَلَىٰ قُلُوبِهِمْ إِذْ قَامُوا۟ فَقَالُوا۟ رَبُّنَا رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ لَن نَّدْعُوَا۟ مِن دُونِهِۦٓ إِلَٰهًا ۖ لَّقَدْ قُلْنَآ إِذًا شَطَطًا ﴿١٤﴾

﴾14﴿ അവർ (സത്യത്തിൽ) നിലകൊണ്ടപ്പോൾ അവരുടെ ഹൃദയങ്ങൾക്ക് നാം ദാർഢ്യം നൽകുകയും ചെയ്തു; അതിനാൽ അവർ പറഞ്ഞു: ഞങ്ങളുടെ റബ്ബ് ആകാശ ഭൂമികളുടെ റബ്ബാകുന്നു; അവന് പുറമെ യാതൊരു ആരാധ്യനെയും ഞങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതേയല്ല; അങ്ങനെയായാൽ തീർച്ചയായും ഞങ്ങൾ അക്രമം പറയുകയായിത്തീരും.

هَٰٓؤُلَآءِ قَوْمُنَا ٱتَّخَذُوا۟ مِن دُونِهِۦٓ ءَالِهَةً ۖ

﴾15﴿ ഇവർ- നമ്മുടെ ജനത- അവനുപുറമെ, പല ആരാധ്യന്മാരെയും സ്വീകരിച്ചിരിക്കുന്നു.

لَّوْلَا يَأْتُونَ عَلَيْهِم بِسُلْطَٰنٍۭ بَيِّنٍ ۖ

അവരെ സംബന്ധിച്ച് ഒരു വ്യക്തമായ ലക്ഷ്യം ഇവർ കൊണ്ടുവരാത്തത് എന്താണ്!

فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ﴿١٥﴾

അല്ലാഹുവിന്റെമേൽ കളവ് കെട്ടിച്ചമയ്ക്കുന്നവനെക്കാൾ അക്രമിയായിട്ടുള്ളവൻ ആരാണുള്ളത്?!

وَإِذِ ٱعۡتَزَلۡتُمُوهُمۡ وَمَا يَعۡبُدُونَ إِلَّا ٱللَّهَ فَأۡوُۥٓاْ إِلَى ٱلۡكَهۡفِ

《16》 (അവർ തമ്മിൽ പറഞ്ഞു:) അവരെയും അല്ലാഹുവിനെ ഒഴിച്ച് അവർ ആരാധിച്ചു വരുന്നതിനെയും നിങ്ങൾ വിട്ടകന്നുനിന്ന സ്ഥിതിക്ക് എനി, (ആ) ഗുഹയിൽ ചെന്നഭയം പ്രാപിക്കുവിൻ:-

يَنشُرۡ لَكُمۡ رَبُّكُم مِّن رَّحۡمَتِهِۦ وَيُهَيِّئۡ لَكُم مِّنۡ أَمۡرِكُم مِّرۡفَقٗا ﴿١٦﴾

നിങ്ങളുടെ രക്ഷിതാവ് അവന്റെ കാരുണ്യത്തെ നിങ്ങൾക്ക് വിശാലപ്പെടുത്തിത്തരുകയും, നിങ്ങളുടെ കാര്യത്തെ സംബന്ധിച്ച് (വേണ്ടുന്ന) സൗകര്യം ശരിപ്പെടുത്തിത്തരുകയും ചെയ്യുന്നതാണ്.

《13》 نَحۡنُ നാം നമ്മൾ نَقُصُّ (നാം) വിവരിച്ച് തരുന്നു عَلَيۡكَ നിനക്ക് نَبَأَهُم അവരുടെ വർത്തമാനം بِٱلۡحَقِّ യഥാർത്ഥത്തിൽ, ശരിക്ക് إِنَّهُمۡ നിശ്ചയമായും അവർ فِتۡيَةٌ (കുറച്ച്) യുവാക്കളാണ് ءَامَنُوا۟ അവർ വിശ്വസിച്ചു بِرَبِّهِمۡ അവരുടെ രക്ഷിതാവിൽ وَزِدۡنَٰهُمۡ അവർക്ക് നാം വർദ്ധിപ്പിക്കുകയും ചെയ്തു هُدًى സന്മാർഗം, സന്മാർഗ ബോധം 《14》 وَرَبَطۡنَا നാം ദാർഢ്യം (ഉറപ്പ്) നൽകുകയും ചെയ്തു عَلَىٰ قُلُوبِهِمۡ അവരുടെ ഹൃദയങ്ങൾക്ക് إِذۡ قَامُوا۟ അവർ നിന്നപ്പോൾ അവർ നിലകൊണ്ടപ്പോൾ فَقَالُوا۟ അപ്പോൾ അവർ പറഞ്ഞു رَبُّنَا നമ്മുടെ റബ്ബ്, രക്ഷിതാവ് رَبُّ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ റബ്ബാണ് وَٱلۡأَرۡضِ ഭൂമിയുടെയും لَن نَّدۡعُوَا۟ നാം പ്രാർത്ഥിക്കുന്നതേയല്ല, വിളിക്കുന്നതേയല്ല مِن دُونِهِۦٓ അവനു പുറമെ, അവനെ കൂടാതെ إِلَٰهًا ഒരു ഇലാഹിനെയും, ആരാധ്യനെയും لَّقَدۡ قُلۡنَآ തീർച്ചയായും നാം പറഞ്ഞുപോകും (പറഞ്ഞതായി ത്തീരും) إِذًا അപ്പോൾ, അങ്ങിനെയായാൽ شَطَطًا അക്രമം, അനീതി 《15》 هَٰٓؤُلَآءِ ഇക്കൂട്ടർ, ഇവർ قَوۡمُنَا നമ്മുടെ ജനങ്ങൾ ٱتَّخَذُوا۟ അവർ ഉണ്ടാക്കിയിരിക്കുന്നു, സ്വീകരിച്ചിരിക്കുന്നു مِن دُونِهِۦٓ അവനു പുറമെ, അവനെക്കൂടാതെ ءَالِهَةً പല ആരാധ്യന്മാരെ, പല ദൈവങ്ങളെ لَّوۡلَا يَأۡتُونَ അവർ വരാത്തതെന്ത്, അവർക്ക് വന്നുകൂടേ عَلَيۡهِم അവരെ സംബന്ധിച്ച് بِسُلۡطَٰنٍۭ വല്ല ലക്ഷ്യവും (വല്ല തെളിവും) കൊണ്ട് بَيِّنٍ വ്യക്തമായ فَمَنۡ അപ്പോൾ ആരാണ് أَظۡلَمُ അധികം അക്രമി مِمَّنِ ٱفۡتَرَىٰ കെട്ടിച്ചമച്ചവനെക്കാൾ, കെട്ടിയുണ്ടാക്കുന്നവനെക്കാൾ عَلَى ٱللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا കളവ് വ്യാജം 《16》 وَإِذِ ٱعۡتَزَلۡتُمُوهُمۡ നിങ്ങൾ അവരെ വിട്ടകന്നുനിന്ന സ്ഥിതിക്ക് وَمَا يَعۡبُدُونَ അവർ ആരാധിക്കുന്നതിനെയും إِلَّا ٱللَّهَ അല്ലാഹുവിനെ ഒഴികെ فَأۡوُۥٓا۟ അതുകൊണ്ട് അഭയം പ്രാപിക്കുവിൻ إِلَى ٱلۡكَهۡفِ ഗുഹയിലേക്ക് (ചെന്നു) يَنشُرۡ വിശാലപ്പെടുത്തിത്തരും لَكُمۡ നിങ്ങൾക്ക് رَبُّكُم നിങ്ങളുടെ റബ്ബ്, രക്ഷിതാവ് مِّن رَّحۡمَتِهِۦ

അവന്റെ കാരുണ്യത്തിൽനിന്ന്, കാരുണ്യത്തെ وَيُهَيِّئْ സജ്ജമാക്കി (ശരിപ്പെടുത്തി)ത്തരികയും ചെയ്യും لَكُم നിങ്ങൾക്ക് مِنْ أَمْرِكُم നിങ്ങളുടെ കാര്യത്തെ സംബന്ധിച്ച് مِرْفَقًا സൗകര്യത്തെ, ആവശ്യമായകാര്യത്തെ

സ്വജനതയെയും, ഭരണകർത്താവിനെയും വകവെക്കാതെ ആ യുവാക്കൾ ഏക ഇലാഹിൽ വിശ്വസിച്ചു; അവനെ മാത്രം ആരാധ്യനായി സ്വീകരിച്ചു. അവർ അത് സധൈര്യം പ്രഖ്യാപിക്കുകയും ചെയ്തു. എന്ത് കഷ്ടനഷ്ടങ്ങൾ അനുഭവിച്ചാലും അതിൽ നിന്ന് തരിമ്പോലും പിൻവാങ്ങുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്തു. നാട്ടുകാരുമായി ഒരു വിധേനയും യോജിച്ചു കഴിയുവാൻ നിവൃത്തിയില്ലെന്ന് കണ്ട അവർ, തങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യവും സഹായവും നിശ്ചയമായും ലഭിക്കുമെന്ന പൂർണവിശ്വാസത്തോടുകൂടി നാടും, വീടും, കുടുംബവുമെല്ലാം ഉപേക്ഷിച്ചു ഗുഹയെ അഭയം പ്രാപിച്ചു. ഞങ്ങളുടെ റബ്ബ് ആകാശങ്ങളുടെയും ഭൂമിയുടെയും റബ്ബാണ് എന്ന് തുടങ്ങിയ അവരുടെ വാക്യങ്ങളിൽ തൗഹീദിന്റെ (ഏകദൈവ വിശ്വാസത്തിന്റെ) മൂലതത്വങ്ങളും, ശിർക്കിന്റെ (ബഹുദൈവ വിശ്വാസത്തിന്റെ) നിരർത്ഥതയും ചുരുക്കത്തിൽ അടങ്ങിയിരിക്കുന്നു. 'അവന് പുറമെ യാതൊരു ആരാധ്യനെയും ഞങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതേയല്ല' എന്ന വാക്യത്തിൽ, അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നത് ശിർക്കിന്റെ പ്രധാന ഇനമാണെന്ന വസ്തുതയും അടങ്ങിയിരിക്കുന്നു. ഗുഹയുടെ കിടപ്പിനെപ്പറ്റി അല്ലാഹു പറയുന്നു:-

وَتَرَى ٱلشَّمْسَ إِذَا طَلَعَت تَّزَٰوَرُ عَن كَهْفِهِمْ ذَاتَ ٱلْيَمِينِ وَإِذَا غَرَبَت تَّقْرِضُهُمْ ذَاتَ ٱلشِّمَالِ وَهُمْ فِى فَجْوَةٍ مِّنْهُ ۚ ذَٰلِكَ مِنْ ءَايَٰتِ ٱللَّهِ ۗ مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُۥ وَلِيًّا مُّرْشِدًا ﴿١٧﴾

﴿17﴾ സൂര്യൻ ഉദിക്കുമ്പോൾ അവരുടെ ഗുഹവിട്ട് വലത്തോട്ട് ചാഞ്ഞു പോകുന്നതായും, അസ്തമിക്കുമ്പോൾ അതവരെ മുറിച്ചുകടന്നു ഇടത്തോട്ട് പോകുന്നതായും നിനക്കു കാണാം; അവരാകട്ടെ അതിൽനിന്നുള്ള ഒരു വിശാല സ്ഥലത്തുമാകുന്നു.

അത് (എല്ലാം) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.

അല്ലാഹു ആരെയെങ്കിലും നേർമാർഗത്തിലാക്കുന്നതായാൽ അവനാണ് നേർമാർഗം സിദ്ധിച്ചവൻ; അവൻആരെയെങ്കിലും ദുർമാർഗത്തിലാക്കുന്നതായാൽ അവന് നേർവഴി നൽകുന്ന യാതൊരു ബന്ധുവെയും നീ കണ്ടെത്തുന്നതുമല്ലതന്നെ.

﴾17﴿ وَتَرَى നിനക്ക് കാണാം, നീ കാണും الشَّمْسَ സൂര്യനെ إِذَا طَلَعَتْ അത് ഉദിക്കുമ്പോൾ, ഉദിച്ചാൽ تَزَاوَرُ തെറ്റുന്നതായി, ചായുന്നതായി عَنْ كَهْفِهِمْ അവരുടെ ഗുഹവിട്ട്

ذَاتَ الْيَمِينِ വലഭാഗം, വലത്തോട്ട് وَإِذَا غَرَبَتْ അത് അസ്തമിക്കുമ്പോൾ, അസ്തമിച്ചാൽ تَقْرِضُهُمْ അതവരെ മുറിച്ചു കടക്കും ذَاتَ الشِّمَالِ ഇടത്ഭാഗം, ഇടത്തോട്ട് وَهُمْ അവരാ കട്ടെ فِي فَجْوَةٍ ഒരു വിശാലസ്ഥലത്തിലാണ് مِنْهُ അതിൽനിന്ന് ذَٰلِكَ അത് مِنْ آيَاتِ اللَّهِ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് مَنْ ആരെയെങ്കിലും يَهْدِ اللَّهُ അല്ലാഹു നേർമാർഗത്തിലാക്കുന്നതായാൽ فَهُوَ എന്നാൽ അവനാണ് الْمُهْتَدِ നേർമാർഗം പ്രാപിച്ചവൻ وَمَنْ يُضْلِلْ ആരെയെങ്കിലും അവൻ വഴിപിഴപ്പിക്കുന്നതായാൽ فَلَنْ تَجِدَ എന്നാൽ നീ കണ്ടെത്തുന്നതേയല്ല, കണ്ടെത്തുകയില്ലതന്നെ لَهُ അവന് وَلِيًّا ഒരു ബന്ധുവെ مُرْشِدًا നേർമാർഗം നൽകുന്ന, തന്റേടം നൽകുന്ന

ഗുഹ സ്ഥിതിചെയ്തിരുന്നത് ഏത് രാജ്യത്തായിരുന്നുവെന്ന് ക്വുർആൻ പ്രസ്താവിച്ചിട്ടില്ല. ഈലിയാ (ايليا) എന്ന ബൈതുൽ മുക്വദ്ദസിൽ ആണെന്നും, മൗസുലിനടുത്ത് നീനുവായിലാണെന്നും, റോമായിലാണെന്നും *(*)* മറ്റും പല അഭിപ്രായങ്ങൾ കാണാം. 9-ാം വചനത്തിൽ റക്വീമിന്റെ വിവരണത്തിൽ, അത് ഗുഹാവാസികളുടെ രാജ്യത്തിന്റെ പേരാണെന്നുള്ള അഭിപ്രായവും, അതിന് ഉപോൽബലം നൽകുന്ന ചില വിവരങ്ങളും നാം ചൂണ്ടിക്കാണിച്ചുവല്ലോ.

സൂര്യൻ, രാവിലെ വലത്തോട്ടും, വൈകുന്നേരം ഇടത്തോട്ടും തെറ്റിപ്പോകുമെന്നും, അങ്ങനെ ഗുഹയിൽ കിടക്കുന്നവരെ വെയിലിന്റെ ശല്യം ബാധിക്കുകയില്ലെന്നും ഈ വചനത്തിൽ നിന്ന് വ്യക്തമാണ്. അപ്പോൾ ഗുഹയുടെ കിടപ്പ് തെക്കുവടക്കായിരിക്കുമെന്നും, ഗുഹാമുഖം മിക്കവാറും വടക്കോട്ടായിരിക്കുമെന്നും കരുതാവുന്നതാകുന്നു. കാരണം, മേൽ പറഞ്ഞ ഏത് അഭിപ്രായം നാം എടുത്താലും, ഭൂമദ്ധ്യരേഖയിൽ നിന്ന് ഏറെക്കുറെ 30 ഡിഗ്രിയോ അതിലധികമോ വടക്കായിരുന്നു ആ രാജ്യമെന്ന് തീർച്ചയാണ്. സൂര്യനാകട്ടെ, വടക്കേ അയനത്തിലും തെക്കേ അയനത്തിലും 23 1/2 ഡിഗ്രി മാത്രമേ നീങ്ങുകയുള്ളൂ. ഗുഹാമുഖം വടക്കോട്ടല്ലാതാകുന്ന പക്ഷം, പകലിൽ കുറച്ച് സമയമെങ്കിലും വെയിൽ അതിനുള്ളിൽ പ്രവേശിക്കേണ്ടതാണ്. ഏതായാലും, ഗുഹയെപ്പറ്റി കൂടുതൽ വല്ലതും അറിയുന്നതിൽ നമുക്ക് വല്ല പ്രത്യേക പ്രയോജനവും ഉണ്ടായിരുന്നുവെങ്കിൽ, അല്ലാഹു അത് എടുത്തു പറയുമായിരുന്നു. അതില്ലാത്ത സ്ഥിതിക്ക് നാം കൂടുതൽ ആരായേണ്ടതില്ല. والله اعلم

വിഭാഗം - 3

وَتَحْسَبُهُمْ أَيْقَاظًا وَهُمْ رُقُودٌ

(18) (നീ അവരെ കണ്ടിരുന്നുവെങ്കിൽ,-) അവർ ഉണർന്ന് കിടക്കുന്നവരാണെന്ന് നീ ധരിച്ചുപോകുന്നതാണ്; അവരാകട്ടെ, ഉറങ്ങുന്നവരുമാകുന്നു;

وَنُقَلِّبُهُمْ ذَاتَ الْيَمِينِ وَذَاتَ الشِّمَالِ

നാം അവരെ വലത്തോട്ടും, ഇടത്തോട്ടും മറിച്ചിട്ടുകൊണ്ടിരിക്കുന്നു;

(*)പടങ്ങൾ 1, 2, 6 നോക്കുക,

وَكَلْبُهُم بَٰسِطٌ ذِرَاعَيْهِ بِٱلْوَصِيدِ ۚ

അവരുടെ നായ, ഗുഹാമുഖത്ത് അതിന്റെ രണ്ട് മുഴങ്കൈകളും നീട്ടി വെച്ചിരിക്കുകയാണ്.

لَوِ ٱطَّلَعْتَ عَلَيْهِمْ لَوَلَّيْتَ مِنْهُمْ فِرَارًا وَلَمُلِئْتَ مِنْهُمْ رُعْبًا ﴿١٨﴾

അവരെ നീ എത്തിനോക്കിക്കണ്ടിരുന്നുവെങ്കിൽ, ഓടി രക്ഷപ്പെടുന്നതിനായി അവരിൽനിന്നും നീ പിന്തിരിഞ്ഞു പോകുകയും, അവർ നിമിത്തം നീ ഭയനിർഭരനായിത്തീരുകയും ചെയ്യുമായിരുന്നു!

﴾18﴿ وَتَحْسَبُهُمْ നീ അവരെ വചാരിക്കും, ഗണിക്കും أَيْقَاظًا ഉണർന്നിരിക്കുന്നവരാണെന്ന് وَهُمْ അവരാകട്ടെ رُقُودٌ ഉറങ്ങുന്നവരാണ് وَنُقَلِّبُهُمْ നാം അവരെ മറിച്ചിട്ടുകൊണ്ടിരിക്കുന്നു ذَاتَ الْيَمِينِ വലത്തോട്ടും وَذَاتَ الشِّمَالِ ഇടത്തോട്ടും وَكَلْبُهُمْ അവരുടെ നായ بَاسِطٌ നീട്ടിയതാണ്, നീട്ടിവെച്ചിരിക്കയാണ് ذِرَاعَيْهِ അതിന്റെ രണ്ട് മുഴംകൈകൾ بِالْوَصِيدِ ഗുഹാമുഖത്ത്, ഉമ്മരത്ത് لَوِ اطَّلَعْتَ നീ എത്തിനോക്കിയിരുന്നുവെങ്കിൽ, നീ കണ്ടിരുന്നുവെങ്കിൽ عَلَيْهِمْ അവരുടെ മേൽ, അവരെ لَوَلَّيْتَ നീ പിൻമാറിക്കളയും, നീ പിന്തിരിയും مِنْهُمْ അവരിൽനിന്ന് فِرَارًا പേടിച്ചോടിക്കൊണ്ട് وَلَمُلِئْتَ നീ നിറക്കപ്പെടുകയും ചെയ്യും, നീ നിർഭരനാകുകയും ചെയ്യും مِنْهُمْ അവരാൽ, അവർ നിമിത്തം رُعْبًا ഭയത്താൽ

അവർ ഗുഹയിൽ കിടക്കുന്നത് ഒരാൾ നോക്കിക്കാണുന്നപക്ഷം, അവർ ഉണർന്നു കിടക്കുകയാണെന്ന് അയാൾക്ക് തോന്നിപ്പോകുകയും, പേടിച്ചോടുകയും ചെയ്തേക്കും. എന്തോ ആവശ്യാർത്ഥം കുറച്ച് യുവാക്കൾ അവിടെ വിശ്രമിക്കുന്നു, ഒരു കൂറ്റൻ നായ പടിവാതുക്കൽ പാറാവുമുണ്ട്, എന്ന ഒരു പ്രതീതിയായിരിക്കും അയാൾക്ക് അനുഭവപ്പെടുക. അവരുടെ കർണപുടങ്ങളെ അല്ലാഹു അടച്ചിട്ടുണ്ടെങ്കിലും, സാധാരണ ഉറങ്ങിക്കിടക്കുന്നവരിൽ ഉണ്ടാകാറുള്ള മറ്റു യാതൊരു മാറ്റവും അവരിൽ കാണപ്പെടുമായിരുന്നില്ല. ഇടക്കിടെ അവർ, ചരിഞ്ഞും മറിഞ്ഞും കിടക്കുകയും ചെയ്തിരുന്നു. 17-ാം വചനത്തിൽ ഗുഹയെപ്പറ്റി വിവരിച്ചശേഷം, ഈ വചനത്തിൽ ഗുഹയിൽ അവർ ഉറങ്ങിക്കിടക്കുമ്പോഴത്തെ അവസ്ഥ വിവരിക്കുകയാണ് ചെയ്യുന്നത്.

وَكَذَٰلِكَ بَعَثْنَٰهُمْ لِيَتَسَآءَلُوا۟ بَيْنَهُمْ ۚ قَالَ قَآئِلٌ مِّنْهُمْ

﴾19﴿ അപ്രകാരം,- അവർ അന്യോന്യം ചോദ്യം നടത്തുവാനായി- നാം അവരെ (ഉറക്കിൽ നിന്ന്) എഴുന്നേൽപ്പിച്ചു. അവരിൽനിന്ന് ഒരാൾ (മറ്റുള്ളവരോട്) പറഞ്ഞു:

كَمۡ لَبِثۡتُمۡۖ	നിങ്ങൾ എത്രയാണ് (ഉറങ്ങി) കഴിഞ്ഞു കൂടിയത്?
قَالُواْ لَبِثۡنَا يَوۡمًا أَوۡ بَعۡضَ يَوۡمٖۚ	അവർ പറഞ്ഞു; നാം ഒരു ദിവസമോ, അല്ലെങ്കിൽ ഒരു ദിവസത്തിന്റെ അൽപ ഭാഗമോ കഴിഞ്ഞുകൂടിയിരിക്കും.
قَالُواْ رَبُّكُمۡ أَعۡلَمُ بِمَا لَبِثۡتُمۡ	(തിട്ടം പറയുവാൻ സാധിക്കാതെ) അവർ പറഞ്ഞു: നിങ്ങൾ കഴിഞ്ഞു കൂടിയതിനെപ്പറ്റി നിങ്ങളുടെ രക്ഷിതാവ് നല്ലവണ്ണം അറിയുന്നവനാണ്. (അതിൽ നാം തർക്കിക്കേണ്ട)
فَٱبۡعَثُوٓاْ أَحَدَكُم بِوَرِقِكُمۡ هَٰذِهِۦٓ إِلَى ٱلۡمَدِينَةِ فَلۡيَنظُرۡ أَيُّهَآ أَزۡكَىٰ طَعَامًا فَلۡيَأۡتِكُم بِرِزۡقٖ مِّنۡهُ وَلۡيَتَلَطَّفۡ	എന്നാൽ, നിങ്ങളിൽ ഒരാളെ ഈ വെള്ളിയും കൊണ്ട് പട്ടണത്തിലേക്ക് അയക്കുക. എന്നിട്ട് അവൻ അവിടെ ഏത് സ്ഥലമാണ്, ഭക്ഷണസാധനം കൂടുതൽ നല്ലത് എന്ന് നോക്കട്ടെ; അവിടെ നിന്ന് നിങ്ങൾക്ക് വല്ല ആഹാരവും അവൻ (വാങ്ങി)ക്കൊണ്ടു വരട്ടെ! അവൻ സൂക്ഷ്മനയം കൈക്കൊള്ളുകയും ചെയ്യട്ടെ;
وَلَا يُشۡعِرَنَّ بِكُمۡ أَحَدًا ١٩	നിങ്ങളെപ്പറ്റി ഒരാളെയും അറിയിക്കാതിരിക്കുകയും വേണം.
إِنَّهُمۡ إِن يَظۡهَرُواْ عَلَيۡكُمۡ يَرۡجُمُوكُمۡ أَوۡ يُعِيدُوكُمۡ فِي مِلَّتِهِمۡ	﴾20﴿ (കാരണം:) നിശ്ചയമായും, നിങ്ങളെ കണ്ടുമുട്ടിയാൽ അവർ നിങ്ങളെ എറിഞ്ഞുകൊല്ലും; അല്ലെങ്കിൽ (ബലംപ്രയോഗിച്ച്) നിങ്ങളെ അവരുടെ മതത്തിൽ ആക്കിത്തീർക്കുകയും ചെയ്തേക്കും.
وَلَن تُفۡلِحُوٓاْ إِذًا أَبَدًا ٢٠	എന്നാൽ (പിന്നെ) നിങ്ങൾ ഒരിക്കലും വിജയിക്കുകയില്ലതന്നെ.

﴾19﴿ وَكَذَٰلِكَ അപ്രകാരം بَعَثۡنَٰهُمۡ നാം അവരെ എഴുന്നേൽപിച്ചു لِيَتَسَآءَلُوا അവർ അന്യോന്യം ചോദിക്കുവാനായി بَيۡنَهُمۡ അവർക്കിടയിൽ, അവർ തമ്മിൽ قَالَ പറഞ്ഞു قَآئِلٌ ഒരു പറയുന്നവൻ (ഒരാൾ), ഒരു വക്താവ് مِّنۡهُمۡ അവരിൽ നിന്ന് كَمۡ എത്ര (കാലം)

لَبِثْتُمْ നിങ്ങൾ പാർത്തു, കഴിഞ്ഞുകൂടി قَالُوا അവർ പറഞ്ഞു لَبِثْنَا നാം പാർത്തു, കഴി ഞ്ഞുകൂടി يَوْمًا ഒരു ദിവസം أَوْ അല്ലെങ്കിൽ بَعْضَ يَوْمٍ ഒരു ദിവസത്തിന്റെ കുറച്ചു ഭാഗം قَالُوا അവർ പറഞ്ഞു رَبُّكُمْ നിങ്ങളുടെ രക്ഷിതാവ് أَعْلَمُ കൂടുതൽ (നല്ലവണ്ണം) അറി യുന്നവനാണ് بِمَا لَبِثْتُمْ നിങ്ങൾ കഴിഞ്ഞുകൂടിയതിനെപ്പറ്റി فَابْعَثُوا എന്നാൽ നിങ്ങൾ അയക്കുവിൻ أَحَدَكُمْ നിങ്ങളിലൊരാളെ بِوَرِقِكُمْ നിങ്ങളുടെ വെള്ളിയുമായി هَٰذِهِ ഇത് (ഈ) إِلَى الْمَدِينَةِ പട്ടണത്തിലേക്ക് فَلْيَنظُرْ എന്നിട്ട് അവൻ നോക്കട്ടെ أَيُّهَا അതിൽ ഏതാണ് (ഏത് സ്ഥലമാണ്) أَزْكَىٰ കൂടുതൽ നല്ലത് طَعَامًا ഭക്ഷണസാധനം فَلْيَأْتِكُم എന്നിട്ട് നിങ്ങൾക്ക് അവൻ കൊണ്ടുവരട്ടെ بِرِزْقٍ ആഹാരത്തെ مِّنْهُ അതിൽ നിന്ന് (അ വിടെ നിന്ന്) وَلْيَتَلَطَّفْ അവൻ സൂക്ഷ്മ നയം (സൗമ്യം) സ്വീകരിക്കുകയും ചെയ്യട്ടെ وَلَا يُشْعِرَنَّ അവൻ അറിയിക്കാതെയും ഇരിക്കട്ടെ بِكُمْ നിങ്ങളെപ്പറ്റി أَحَدًا ഒരാളെയും
﴾20﴿ إِنَّهُمْ നിശ്ചയമായും അവർ إِن يَظْهَرُوا അവർക്ക് വ്യക്തമായാൽ, കണ്ടുമുട്ടിയാൽ عَلَيْكُمْ നിങ്ങളെ, നിങ്ങളെപ്പറ്റി يَرْجُمُوكُمْ അവർ നിങ്ങളെ എറിഞ്ഞുകൊല്ലും أَوْ അല്ലാത്ത പക്ഷം, അല്ലെങ്കിൽ يُعِيدُوكُمْ നിങ്ങളെ അവർ മടക്കും (ആക്കിത്തീർക്കും) فِي مِلَّتِهِمْ അവരുടെ മാർഗത്തിൽ (മതത്തിൽ) وَلَن تُفْلِحُوا നിങ്ങൾ വിജയിക്കുന്നതേ അല്ല إِذًا എന്നാൽ, അപ്പോൾ, അങ്ങിനെ ആയാൽ أَبَدًا ഒരിക്കലും

യാതൊരു അപായമോ കേടുപാടോ കൂടാതെ, ദീർഘകാലം ഗുഹയിൽ ഉറക്കിക്കി ടത്തി സംരക്ഷിച്ചത് പോലെത്തന്നെ, അല്ലാഹു അവരെ എഴുന്നേൽപിക്കുകയും ചെയ്തു. ഗുഹയിൽ ഉറങ്ങിക്കഴിച്ചുകൂട്ടിയ കാലത്തെപ്പറ്റി അവർ പരസ്പരം അന്വേഷി ക്കുകയായി. മാസങ്ങളോ കൊല്ലങ്ങളോ ഗുഹയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടാകുമെന്ന് അവർ ഊഹിച്ചതേ ഇല്ല. ദിവസമോ, മണിക്കൂറുകളോ എന്ന് മാത്രമാണ് അവർക്ക് സംശയം. തിട്ടം പറയുവാൻ ആർക്കും സാധിച്ചില്ല. ഏതായാലും, സാധാരണയിൽ കവിഞ്ഞ ഒരു ഉറക്കമായിരുന്നു അതെന്ന് അവർക്ക് തോന്നിയിട്ടുണ്ട്. ഒടുക്കം അല്ലാഹുവിന് അറിയാം എന്ന് പറഞ്ഞ് അവർ സമാധാനിച്ചു.

ഭക്ഷണത്തിനായി കയ്യിലുള്ള പണവും കൊണ്ട് ഒരാളെ അങ്ങാടിയിലേക്ക് അയ ച്ചു. പോകുന്ന ആളോട്, തങ്ങളെപ്പറ്റി ജനങ്ങൾ അറിയുവാൻ ഇടവരാതിരിക്കുന്നതിന്ന് പ്രത്യേകം മുൻകരുതലുകൾ വേണമെന്നും ഉണർത്തി. തങ്ങൾ ഗുഹയിൽ പ്രവേശിക്കു മ്പോഴത്തെ ജനങ്ങളും ചുറ്റുപാടുമാണ് ഇപ്പോഴും ഉള്ളതെന്നാണ് അവരുടെ ധാരണ. അതിനാൽ, നാട്ടുകാർ തങ്ങളെപ്പറ്റി അറിഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അവർ ഓർത്തു. പക്ഷേ, ഭക്ഷണത്തിനുപോയ ആളിൽനിന്നുതന്നെയാണ് ജനങ്ങൾ അവ രെപ്പറ്റി അറിയുവാനിടവന്നതും. അയാളുടെ പക്കലുണ്ടായിരുന്ന നാണയം അവർ ഗുഹ യിൽ വരുന്ന കാലത്തെ നാണയമാണല്ലോ. അത് കാണുമ്പോൾ ജനങ്ങൾ അയാളെ പിടികൂടുകയും, രഹസ്യം പുറത്തുവരികയും ചെയ്തേക്കുന്നത് സ്വാഭാവികമാണ്. അങ്ങിനെത്തന്നെ സംഭവിക്കുകയും ചെയ്തു.

അവർ തമ്മിൽ നടക്കുന്ന സംഭാഷണങ്ങളിൽ നിങ്ങൾ എന്നും, നിങ്ങളുടെ എന്നുമുള്ള പ്രയോഗം അറബിഭാഷയിൽ സാധാരണ കാണപ്പെടുന്ന ഒരു സംസാര ശൈലിയാകുന്നു. ഒരു കൂട്ടത്തിലുള്ള ആൾ, തങ്ങളെപ്പറ്റിത്തന്നെ സംസാരിക്കുമ്പോൾ

'നാം' എന്നതിന് പകരം 'നിങ്ങൾ' എന്ന് പറയുക പതിവാണ്. മലയാളികൾക്കിട യിലും, ഈ സമ്പ്രദായം ചിലപ്പോൾ കാണപ്പെടാറുണ്ട്.

وَكَذَٰلِكَ أَعْثَرْنَا عَلَيْهِمْ لِيَعْلَمُوٓا۟ أَنَّ وَعْدَ ٱللَّهِ حَقٌّ وَأَنَّ ٱلسَّاعَةَ لَا رَيْبَ فِيهَآ

《21》 അത്പോലെ (ഉറക്കിൽനിന്ന് എഴുന്നേൽപിച്ചത്പോലെ) ത്തന്നെ- അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥ മാണെന്നും, അന്ത്യസമയത്തിന്റെ കാര്യത്തിൽ യാതൊരു സന്ദേഹമി ല്ലെന്നും അവർ (ജനങ്ങൾ) അറിയു വാനായി- നാം അവരെ വെളിവാക്കി ക്കൊടുത്തു.

إِذْ يَتَنَٰزَعُونَ بَيْنَهُمْ أَمْرَهُمْ ۖ فَقَالُوا۟ ٱبْنُوا۟ عَلَيْهِم بُنْيَٰنًا ۖ رَّبُّهُمْ أَعْلَمُ بِهِمْ

അവർ തമ്മിൽ, അവരുടെ (ഗുഹാവാസികളുടെ) കാര്യത്തിൽ തർക്കിച്ചു: അവരുടെ പേരിൽ ഒരു കെട്ടിടം നിർമിക്കണം; അവരെപ്പറ്റി അവരുടെ റബ്ബിന് കൂടുതൽ അറിയാം എന്ന് (ഒരു കക്ഷി) പറ ഞ്ഞപ്പോൾ,-

قَالَ ٱلَّذِينَ غَلَبُوا۟ عَلَىٰٓ أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِم مَّسْجِدًا ﴿٢١﴾

കാര്യത്തിൽ വിജയം നേടിയവർ പറഞ്ഞു: 'നമുക്ക് അവരുടെമേൽ ഒരു പള്ളി ഉണ്ടാക്കുകതന്നെ വേണം.' എന്നും

《21》 وَكَذَٰلِكَ അപ്രകാരം തന്നെ أَعْثَرْنَا നാം വെളിവാക്കിക്കൊടുത്തു عَلَيْهِمْ അവരെ لِيَعْلَمُوٓا അവർ അറിയുവാൻ أَنَّ وَعْدَ اللَّهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം حَقٌّ യഥാർത്ഥമാണ്, സത്യമാണ് (എന്ന്) وَأَنَّ السَّاعَةَ നിശ്ചയമായും അന്ത്യസമയം (ലോകാ വസാന ഘട്ടം) لَا رَيْبَ സന്ദേഹമില്ല, സംശയമില്ല (എന്നും) فِيهَا അതിൽ إِذْ يَتَنَازَعُونَ അവർ തർക്കിക്കുമ്പോൾ بَيْنَهُمْ അവർ തമ്മിൽ أَمْرَهُمْ അവരുടെ കാര്യത്തിൽ فَقَالُوا അങ്ങനെ അവർ പറഞ്ഞു ابْنُوا നിങ്ങൾ നിർമിക്കണം, സ്ഥാപിക്കണം عَلَيْهِمْ അവരുടെ മേൽ بُنْيَانًا ഒരു കെട്ടിടം رَبُّهُمْ അവരുടെ റബ്ബ്, രക്ഷിതാവ് أَعْلَمُ بِهِمْ അവരെപ്പറ്റി കൂടു തൽ അറിയുന്നവനാണ് قَالَ പറഞ്ഞു الَّذِينَ غَلَبُوا വിജയം നേടിയവർ عَلَىٰ أَمْرِهِمْ തങ്ങ ളുടെ കാര്യത്തിൽ لَنَتَّخِذَنَّ നമുക്ക് ഉണ്ടാക്കുക തന്നെ വേണം (നാം ഉണ്ടാക്കുക തന്നെ ചെയ്യും), നിശ്ചയമായും ഉണ്ടാക്കും عَلَيْهِمْ അവരുടെ മേൽ مَسْجِدًا ഒരു പള്ളി

തങ്ങളുടെ രഹസ്യം പുറത്തറിയാതിരിക്കുവാൻ ആ യുവാക്കൾ പരിശ്രമിച്ചുവെങ്കിലും അല്ലാഹുവിന്റെ തീരുമാനം മറ്റൊന്നായിരുന്നു. അല്ലാഹു അത് പരസ്യമാക്കുകതന്നെ ചെയ്തു. ആ സംഭവം, എന്നെന്നേക്കും ജനങ്ങൾക്ക് ഒരു പാഠവും ഉത്തമ ദൃഷ്ടാന്തവും

ആയിത്തീർന്നു. ഒരു കാലത്ത് ജനങ്ങളുടെ അക്രമം സഹിക്കവയ്യാതെ ഗുഹയിൽ അഭയം പ്രാപിച്ചിരുന്ന ആ യുവാക്കൾ ഇന്ന് ജനങ്ങളുടെ അങ്ങേയറ്റത്തെ ബഹുമാനാദരവുകൾക്ക് പാത്രമായിരിക്കുകയാണ്. മരണശേഷം മനുഷ്യർ ജീവിക്കുകയെന്നത് അസംഭവ്യമല്ല– എത്രതന്നെ കാലം കഴിഞ്ഞാലും മരണശേഷം അവനെ ജീവിപ്പിക്കുവാൻ അല്ലാഹുവിന് കഴിയും– എന്ന് ഈ സംഭവം അവർക്ക് തെളിയിച്ചുകൊടുത്തു. രഹസ്യം പുറത്തായതോടെ ജനക്കൂട്ടം അവരെ കാണുവാൻ സകുതൂഹലം വന്നിരിക്കുമെന്ന് പറയേണ്ടതില്ല. ഏറെത്താമസിയാതെ, യുവാക്കൾ ഗുഹയിൽവെച്ച് മരണമടഞ്ഞുവെന്നാണ് ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നത്. അല്ലാഹുവിന് അറിയാം. ഏതായാലും അവരുടെ സ്മരണ നിലനിർത്തുവാൻ എന്ത് വേണമെന്നായി. ഗുഹയുടെ അടുത്ത് ഒരു കെട്ടിടം പണിയാമെന്നും മറ്റുമുള്ള അഭിപ്രായക്കാരുണ്ടായെങ്കിലും, കാര്യത്തിൽ കെൽപ്പും, യോഗ്യതയും ഉള്ളവർ അഭിപ്രായപ്പെട്ടത് അവിടെ ഒരു പള്ളി ഉണ്ടാക്കുവാനായിരുന്നു.

ഒരു കുറിപ്പ്: ക്വുർആനിൽ വിവരിക്കപ്പെടുന്ന അസാധാരണ സംഭവങ്ങളെ, ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മാത്രം വീക്ഷിച്ചു സാധാരണ സംഭവങ്ങളാക്കി ചിത്രീകരിക്കുവാൻ ശ്രമിക്കാറുള്ള ചിലരുണ്ട്. ഗുഹാവാസികളുടെ സംഭവത്തിലും അവർ അതിന് മുതിർന്നു കാണാം. അതിനായി പല ദുർവ്യാഖ്യാനങ്ങളും, അവരുടെതായ വിവരണവും അവർ സ്വീകരിക്കുന്നു. ഗുഹാവാസികളുടെ സംഭവത്തെ അവർ ചിത്രീകരിക്കുന്നതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു:– ആദ്യം അവർ മർദ്ദനം ഭയന്നു ഗുഹയിൽ അഭയം പ്രാപിച്ചു. കുറേ കഴിഞ്ഞപ്പോൾ ഐഹിക സുഖങ്ങളിലേക്ക് മടങ്ങുവാൻ അവർ ഇഷ്ടപ്പെട്ടില്ല. നാട്ടിലെ അന്തരീക്ഷം മാറി അവർക്ക് അനുകൂലമായിരുന്നുവെങ്കിലും, അവർ ഗുഹയിൽ കഴിച്ചുകൂട്ടുവാൻതന്നെ തീരുമാനിച്ചു. അഥവാ സന്യാസജീവിതം സ്വീകരിച്ചു. തപസ്സ് ചെയ്യുന്നവർ ഇരുന്നും നിന്നും പല പ്രകാരത്തിലും അത് സ്വീകരിക്കാറുണ്ട്. അവർ അതേ സ്ഥിതിയിൽതന്നെ മരണം പ്രാപിക്കുകയും ചെയ്യും. അങ്ങിനെയുള്ളവരെ, അവരുടെ മരണത്തിന് മുമ്പും പിമ്പും ആരും അലട്ടുകയോ, പരിശോധിക്കുകയോ ചെയ്യാറില്ല. അങ്ങിനെ, കാലാവസ്ഥ അനുകൂലമാകുകയും, ദുഷ്ടജന്തുക്കൾ അക്രമിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം, അവർ മുമ്പ് തപസ്സിലായിരുന്ന അതേ നിലയിൽ– നിന്നും ഇരുന്നും കൊണ്ട്– തന്നെ മരണശേഷവും നൂറ്റാണ്ടുകളോളം ആ മൃതദേഹങ്ങൾ അവശേഷിക്കും, ഇങ്ങിനെ, ഗുഹാവാസികളും അവർ ജീവിച്ചിരുന്നപ്പോഴത്തെ അതേ അവസ്ഥയിൽ മരണമടഞ്ഞു. ഇതാണ് അവരുടെ വിവരണരൂപം.

ഇതിന് തെളിവായി ക്വുർആനിൽനിന്ന് ഇവർക്ക് കൊണ്ടുവരാനുള്ളത്: 18–ാം വചനം ഗുഹാവാസികളുടെ മരണശേഷമുള്ള സ്ഥിതിയെക്കുറിച്ചാണെന്ന വാദവും, ആ വാദത്തിന് ഒപ്പിച്ചുകൊണ്ടുള്ള അവരുടെ സ്വന്തം വ്യാഖ്യാനവുമാകുന്നു. 11–ാം വചനം ഗുഹാവാസികളുടെ ആദ്യഘട്ടത്തെ– ഉറങ്ങിക്കിടക്കുമ്പോഴത്തെ സ്ഥിതിയെ– കുറിക്കുന്നതും 18–ാം വചനം രണ്ടാമത്തെ ഘട്ടത്തെ– മരണശേഷമുള്ള അവസ്ഥയെ– കുറിക്കുന്നതും ആകുന്നുവെന്നാണ് ഇവർ സമർത്ഥിക്കുന്നത്. ഇത് ക്വുർആന്റെ പ്രസ്താവനകൾക്കും, വിവരണക്രമത്തിനും നിരക്കാത്തതാണെന്ന് കാണാം.

ആദ്യം 9–ാം വചനം, ഗുഹാവാസികളുടെ സംഭവത്തിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിച്ചു. ശേഷം 10–12 വചനങ്ങളിൽ അതിനെ ചുരുക്കി വിവരിക്കുന്നു. 13–ാം വചനത്തിൽ അവരുടെ കഥ യഥാർത്ഥ രൂപത്തിൽ വിവരിച്ചുതരാം എന്ന ഒരു മുഖവുരയോടുകൂടി, മുമ്പ് പ്രസ്താവിച്ച സംക്ഷിപ്ത രൂപത്തെ 14 മുതൽ 20 വരെയുള്ള വചനങ്ങളിൽ

വിശദീകരിക്കുകയാണ് ക്വുർആൻ ചെയ്യുന്നത്. അതെ, അവർ ഗുഹയിൽ ചെന്നതും, അതിന്റെ കാരണവും, അതിൽ ഉറങ്ങിക്കിടന്നതും, അവരുടെ രഹസ്യം പുറത്തായതും വീണ്ടും വിശദീകരിക്കുന്നു. 21 മുതൽ 26 വരെയുള്ള വചനങ്ങളിൽ, രഹസ്യം പുറത്തായതിനുശേഷം അതിനെത്തുടർന്നുണ്ടായ വർത്തമാനങ്ങളുമാണ് പ്രസ്താവിക്കുന്നത്. ആയത്തുകൾ വായിക്കുമ്പോൾ, ഈ വസ്തുത സാമാന്യമായിട്ടെങ്കിലും മനസ്സിലാക്കുവാൻ ആർക്കും സാധിക്കുന്നതാണ്.

13-ാം വചനത്തിൽ മേൽപറഞ്ഞ മുഖവുരയെത്തുടർന്നുകൊണ്ട്- 16-ാം വചനം വരെ- ഗുഹാവാസികൾ ആരാണ്, ഗുഹയിൽ വരുവാൻ കാരണമെന്ത്, എന്ന് വിവരിക്കുന്നു. 17 ൽ ഗുഹയുടെ സ്ഥിതിഗതികൾ വിവരിക്കുന്നു. 19-20 ൽ അവരെ ഉറക്കിൽ നിന്ന് എഴുന്നേൽപിച്ചു എന്ന് തുടങ്ങി അനന്തര സംഭവങ്ങളെയും വിവരിക്കുന്നു. ഇതെല്ലാം അവരുടെ ആദ്യഘട്ടത്തെ - മരണത്തിന് മുമ്പുള്ള സ്ഥിതിയെ- കുറിച്ച് പറഞ്ഞതാണെന്ന് വ്യക്തമാണ്. എന്നിരിക്കെ ഇടയ്ക്കുവെച്ച് 18-ാം വചനത്തിൽ അവരുടെ മരണശേഷമുള്ള വർത്തമാനമാണ് പറയുന്നതെന്ന് സമർത്ഥിക്കുന്നത് തനി സാഹസമത്രെ. ഇങ്ങിനെ സമർത്ഥിക്കുകവഴി, തങ്ങളുടെ ഉദ്ദേശ്യം സാധിക്കുമാറാക്കുന്നതിന്ന് വേണ്ടി ആ വചനത്തിന്റെ അർത്ഥസാരത്തിലും ഇവർക്ക് കൈകടത്തേണ്ടിവന്നുപോയിട്ടുണ്ട്:-

അവർ ഉണർന്നവരാണെന്ന് നീ ധരിച്ചുപോകും, അവരാകട്ടെ ഉറങ്ങുന്നവരാണ് (وَتَحْسَبُهُمْ أَيْقَاظًا وَهُمْ رُقُودٌ) എന്ന വാക്യത്തിന്റെ താൽപര്യം എന്താണെന്ന് എല്ലാവർക്കും സ്പഷ്ടമാണല്ലോ. ഇവർ അതിന് കൽപിക്കുന്ന താൽപര്യമനുസരിച്ച് അതിന് ഇങ്ങിനെ അർത്ഥം വരുന്നു: അവർ ജീവിച്ചിരിക്കുന്നവരാണെന്ന് നിനക്ക് തോന്നും, വാസ്തവത്തിൽ അവർ മരണപ്പെട്ടവരാണ്. ആശ്ചര്യം! ഉറക്കം (رُقُود) എന്ന് മരണത്തിനും, ഉണർച്ച (يقظة) എന്ന് ജീവിതത്തിന്നും ഉപയോഗിക്കുന്നത് സർവസാധാരണമാണ് എന്നും, അതാണിവിടെയും ഉദ്ദേശ്യമെന്നുമാണ് ഇവരുടെ വാദം. വാദം കൊണ്ട് വാദം തെളിയിക്കുക മാത്രമാണിത്. അലങ്കാര രൂപത്തിൽ ഒരുപക്ഷേ അങ്ങിനെ അറബിഭാഷയിൽ പറഞ്ഞേക്കാമെങ്കിലും, ഇവിടെ അതാണ് ഉദ്ദേശ്യമെന്നും അത് സർവസാധാരണമാണ് എന്നും പറഞ്ഞതിന് തെളിവ് കൊണ്ടുവരേണ്ടിയിരിക്കുന്നു. വലത്തോട്ടും, ഇടത്തോട്ടും നാം അവരെ മറിച്ചിട്ടു കൊണ്ടിരിക്കും. (وَنُقَلِّبُهُمْ ذَاتَ الْيَمِينِ وَذَاتَ الشِّمَالِ) എന്ന് അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യവും വ്യക്തമാണ്. ഇതിന് ഇവർ കൽപിക്കുന്ന സാരം നോക്കുക: ഗുഹയുടെ രണ്ടറ്റത്തുനിന്നും ശക്തിയായി കാറ്റടിച്ചുകൊണ്ടിരിക്കുകയും, അപ്പോൾ അവരുടെ മൃതശരീരങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും എന്നാണ്പോൽ! ഇരുഭാഗത്ത് നിന്നും വരുന്ന കാറ്റുകളുടെ ശക്തിയും എണ്ണവും ഏറെക്കുറെ സമമായിരിക്കുമെന്ന് ഇവർ സ്ഥാപിച്ചു കാണാത്ത സ്ഥിതിക്ക്, ചിലപ്പോൾ കാറ്റിന്റെ ശക്തിയാൽ ഇവർ പുറത്തേക്ക് ഉരുണ്ടുപോകുവാൻ ഇടയില്ലേ?! തപസ്സ് ചെയ്യുന്നവർ ഇരുന്നും, നിന്നും, സാഷ്ടാംഗം ചെയ്തുകൊണ്ടിരിക്കും, അതേ നിലയിൽ തന്നെ അവർ മരണമടയുകയും ചെയ്യും, നൂറ്റാണ്ടുകളോളം അതേ അവസ്ഥയിൽതന്നെ മൃതദേഹങ്ങൾ ശേഷിക്കുകയും ചെയ്യും, അതുകൊണ്ടാണ് അവർ ഉണർന്നിരിക്കുന്നവരാണെന്ന് തോന്നുന്നത് എന്നൊക്കെയാണല്ലോ ഇവരുടെ ജൽപനങ്ങൾ. അപ്പോൾ, ഗുഹയുടെ ഒരു ഭാഗത്തുനിന്ന് അടിക്കുന്ന കാറ്റ്, നിൽക്കുന്നവരെയും ഇരിക്കുന്നവരെയും നിലം പതിപ്പിച്ചശേഷം, മറുഭാഗത്തുനിന്ന് വരുന്ന കാറ്റ് വീണ്ടും അവരെ ഇരുത്തുകയും എഴുന്നേറ്റുനിർത്തുകയും വേണമല്ലോ. ഇല്ലാത്തപക്ഷം, അവർ തപസ്സിരുന്ന നില മാറി മരിച്ചവരെപ്പോലെ കിടക്കേണ്ടിവരികയില്ലേ?! ബുദ്ധിയുള്ളവർ ആലോ

ചിച്ചുനോക്കുക! ഇല്ലാത്തത് കെട്ടിപറയുമ്പോഴും അൽപം പാകത വേണ്ടതായിരുന്നു.

വാസ്തവത്തിൽ 18-ാം വചനവും, അവരുടെ ആദ്യഘട്ടത്തിലെ ഒരു അവസ്ഥയെ- ഗുഹയിൽ ഉറങ്ങിക്കിടക്കുമ്പോഴത്തെ സ്ഥിതിയെ- തന്നെയാണ് കുറിക്കുന്നത്. അവരുടെ മരണത്തെക്കുറിച്ചോ, മരണശേഷമുള്ളതിനെക്കുറിച്ചോ അല്ല. അതിനെപറ്റി ക്വുർആനിൽ വിശേഷിച്ചൊന്നും പ്രസ്താവിച്ചിട്ടുമില്ല. അവരുടെ പേരിൽ ഒരു കെട്ടിടം നിർമിക്കുന്നതിനെ സംബന്ധിച്ചുണ്ടായ തർക്കത്തെക്കുറിച്ച് 21-ാം വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അതിൽ, അവരുടെ മരണത്തെക്കുറിച്ചുള്ള സൂചന അടങ്ങിയിട്ടുണ്ടെന്നുമാത്രം. അത് എങ്ങിനെയാണ് സംഭവിച്ചതെന്നോ, മരണശേഷം അവരുടെ മൃതദേഹങ്ങൾ ഏത് നിലയിലായിരുന്നുവെന്നോ ക്വുർആനിൽ പറയുന്നില്ല. അല്ലാഹുവിനറിയാം.

ഗുഹാവാസികളുടെ എണ്ണത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിലുണ്ടായിരുന്ന തർക്കങ്ങളെപ്പറ്റി അല്ലാഹു പറയുന്നു:-

سَيَقُولُونَ ثَلَٰثَةٌ رَّابِعُهُمْ كَلْبُهُمْ

﴿22﴾ (ഗുഹാവാസികൾ) മൂന്നാളാണ്, അവരിൽ നാലാമത്തെത് അവരുടെ നായയാണ് എന്നും അവർ (ഒരു വിഭാഗം ആളുകൾ) പറയും;

وَيَقُولُونَ خَمْسَةٌ سَادِسُهُمْ كَلْبُهُمْ

അഞ്ചാളുകളാണ് ആറാമത്തെത് അവരുടെ നായയാണ് എന്നും അവർ [ഒരു വിഭാഗം] പറയും;

رَجْمًا بِٱلْغَيْبِ ۖ

അദൃശ്യകാര്യത്തിൽ ഊഹപ്രകടനം നടത്തുകയത്രെ (അവർ ചെയ്യുന്നത്)!

وَيَقُولُونَ سَبْعَةٌ وَثَامِنُهُمْ كَلْبُهُمْ

ഏഴുപേരാണ് എട്ടാമത്തെത് അവരുടെ നായയുമാണ് എന്നും [മറ്റൊരു വിഭാഗം] പറയുന്നു.

قُل رَّبِّىٓ أَعْلَمُ بِعِدَّتِهِم مَّا يَعْلَمُهُمْ إِلَّا قَلِيلٌ ۗ

(നബിയേ!) പറഞ്ഞേക്കുക: അവരുടെ എണ്ണത്തെക്കുറിച്ച് എന്റെ രക്ഷിതാവ് ശരിക്കറിയുന്നവനാകുന്നു; അൽപം ആളുകളല്ലാതെ അവരെക്കുറിച്ച് അറിയുന്നതല്ല.

فَلَا تُمَارِ فِيهِمْ إِلَّا مِرَآءً ظَٰهِرًا

എന്നിരിക്കെ, അവരുടെ വിഷയത്തിൽ പ്രത്യക്ഷതരത്തിലുള്ള ഒരു തർക്കമല്ലാതെ നീ തർക്കിക്കരുത്;

وَلَا تَسْتَفْتِ فِيهِم مِّنْهُمْ أَحَدًا ﴿٢٢﴾

അവരുടെ കാര്യത്തിൽ അവരിൽ (ജനങ്ങളിൽ) ഒരാളോടും തീരുമാനമാവശ്യപ്പെടുകയും ചെയ്യരുത്.

﴾22﴿ سَيَقُولُونَ അവർ പറയും ثَلَاثَةٌ മൂന്നാളാണ് رَابِعُهُمْ അവരിൽ നാലാമത്തെത് كَلْبُهُمْ അവരുടെ നായയാണ് وَيَقُولُونَ അവർ പറയും خَمْسَةٌ അഞ്ചാളാണ് سَادِسُهُمْ അവരിൽ ആറാമത്തെത് كَلْبُهُمْ അവരുടെ നായയാണ് رَجْمًا ഊഹപ്രകടനം (നടത്തുന്നു.) بِالْغَيْبِ അദൃശ്യകാര്യത്തെ (മറഞ്ഞ കാര്യത്തെ)പ്പറ്റി وَيَقُولُونَ അവർ പറയും سَبْعَةٌ ഏഴു പേരാണ് وَثَامِنُهُمْ അവരിൽ എട്ടാമത്തെത് كَلْبُهُمْ അവരുടെ നായയാണ് قُلْ നീ പറയുക رَبِّي എന്റെ രക്ഷിതാവ് أَعْلَمُ നല്ലവണ്ണം അറിയുന്നവനാണ് (കൂടുതൽ അറിയുന്നവനാണ്) بِعِدَّتِهِمْ അവരുടെ എണ്ണത്തെപ്പറ്റി مَا يَعْلَمُهُمْ അവരെക്കുറിച്ച് അറിയുകയില്ല إِلَّا قَلِيلٌ അൽപം ആളുകളല്ലാതെ فَلَا تُمَارِ അതിനാൽ (എന്നിരിക്കെ) നീ തർക്കിക്കരുത് فِيهِمْ അവരുടെ കാര്യത്തിൽ إِلَّا مِرَاءً ഒരു (തരം) തർക്കമല്ലാതെ ظَاهِرًا പ്രത്യക്ഷമായ وَلَا تَسْتَفْتِ നീ തീരുമാനമാവശ്യപ്പെടുകയും വേണ്ട فِيهِمْ അവരുടെ കാര്യത്തിൽ مِنْهُمْ അവരിൽ നിന്ന് أَحَدًا ഒരാളോടും, ആരോടും

ഗുഹാവാസികളുടെ എണ്ണം മൂന്നാണ്, അഞ്ചാണ്, നായ നാലാമതാണ് ആറാമതാണ്, എന്നിങ്ങിനെയുള്ള ഭിന്നാഭിപ്രായങ്ങളും, തർക്കങ്ങളും ജനങ്ങൾക്കിടയിൽ നടമാടിയിരുന്നു. ഈ അഭിപ്രായങ്ങൾ ഉദ്ധരിച്ചതിനെത്തുടർന്ന്, അതെല്ലാം അദൃശ്യകാര്യങ്ങളിൽ ലക്ഷ്യമില്ലാതെ ഊഹപ്രകടനം- അഥവാ അന്ധകാരത്തിലെ അസ്ത്രപ്രയോഗം (رَجْمًا بِالْغَيْبِ) -ആണെന്ന് അല്ലാഹു പറയുന്നു. അതോടൊപ്പം, അവർ ഏഴുപേരും എട്ടാമത്തെത് നായയുമാണെന്ന വേറെ ഒരു അഭിപ്രായവും ഉദ്ധരിക്കുന്നു. അതിനുശേഷം അവരുടെ എണ്ണം അല്ലാഹുവിന് നല്ലവണ്ണം അറിയാം (رَبِّي أَعْلَمُ بِعِدَّتِهِمْ) എന്നും, ചുരുക്കം ചിലർക്കല്ലാതെ അവരെപ്പറ്റി അറിയുകയില്ല (مَا يَعْلَمُهُمْ إِلَّا قَلِيلٌ) എന്നും പറയുന്നു. ഇതിൽനിന്ന്, ഗുഹാവാസികളുടെ എണ്ണം ഏഴും, എട്ടാമത്തെത് നായയുമാണെന്ന അഭിപ്രായം ശരിയാണെന്നും, ആ അഭിപ്രായക്കാർ കുറച്ചേ ഉണ്ടായിരുന്നുള്ളൂവെന്നും മനസ്സിലാക്കുന്നതിൽ തെറ്റില്ല. ഞാൻ ആ കുറഞ്ഞ ആളുകളിൽ പെട്ടവനാണ് എന്ന് ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഏതായാലും ക്വുർആൻ അവരുടെ എണ്ണം ഇത്രയാണെന്ന് ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ല. ബലപ്പെട്ട ഹദീഥിലും അതുകാണുന്നില്ല.

അവരുടെ എണ്ണം എത്രയായിരുന്നുവെന്നതല്ല ഇവിടെ ചിന്താവിഷയം; അവർ വരിച്ച ത്യാഗം എന്തായിരുന്നുവെന്നതാണ്. ഇത്തരം സംഗതികളിൽ, തർക്കങ്ങളോ, ചുഴിഞ്ഞന്വേഷണമോ നടത്തുന്നത് പാഴ്വേലയായിരിക്കും. മനുഷ്യന്റെ അറിവിനപ്പുറമുള്ള അദൃശ്യകാര്യങ്ങളെപ്പറ്റി ഊഹിച്ചു പറയുന്നത് ശരിയല്ല. അല്ലാഹുവിൽനിന്ന് ലഭിക്കുന്ന അറിവല്ലാതെ അവയിൽ പ്രയോജനപ്പെടുകയില്ല. വിശദാംശങ്ങളെക്കുറിച്ച് ചർച്ച നടത്തുകയല്ല- ഗുണപാഠങ്ങളെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുകയാണ്- നാം ചെയ്യേണ്ടത്.

വിഭാഗം - 4

وَلَا تَقُولَنَّ لِشَاْىْءٍ إِنِّي فَاعِلٌ ذَٰلِكَ غَدًا ﴿٢٣﴾

﴾23﴿ ഒരു കാര്യത്തെക്കുറിച്ചും, ഞാനത് നാളെ ചെയ്യുന്നതാണെന്ന് നിശ്ചയമായും നീ പറഞ്ഞുപോകരുത്;-

إِلَّآ أَن يَشَآءَ ٱللَّهُ ۚ وَٱذْكُر رَّبَّكَ إِذَا نَسِيتَ وَقُلْ عَسَىٰٓ أَن يَهْدِيَنِ رَبِّى لِأَقْرَبَ مِنْ هَٰذَا رَشَدًا ﴿٢٤﴾

﴾24﴿ അല്ലാഹു ഉദ്ദേശിക്കുന്നതായാൽ (എന്ന് ചേർത്തുകൊണ്ട്) അല്ലാതെ. നീ (അത്) മറന്നുപോകുന്ന പക്ഷം, നീ നിന്റെ രക്ഷിതാവിനെ ഓർത്തുകൊള്ളുക; ഇതിനെക്കാൾ അടുത്ത (സൗകര്യപ്രദമായ) നേർമാർഗത്തിലേക്ക് എന്റെ റബ്ബ് എന്നെ നയിച്ചേക്കാം എന്ന് പറയുകയും ചെയ്യുക.

﴾23﴿ وَلَا تَقُولَنَّ തീർച്ചയായും (ഒരിക്കലും) നീ പറയരുത് لِشَيْءٍ ഒരു കാര്യത്തെക്കുറിച്ചും إِنِّي فَاعِلٌ നിശ്ചയമായും ഞാൻ ചെയ്യുന്നവനാണ് (എന്ന്) ذَٰلِكَ അത് غَدًا നാളെ ﴾24﴿ إِلَّا أَن يَشَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചാലെന്ന നിലക്കല്ലാതെ (إن شاء الله എന്ന് പറയാതെ) وَاذْكُر നീ ഓർക്കുക رَبَّكَ നിന്റെ രക്ഷിതാവിനെ إِذَا نَسِيتَ നീ മറന്നാൽ وَقُلْ നീ പറയുകയും ചെയ്യുക عَسَىٰ ആയേക്കാം أَن يَهْدِيَنِ എന്നെ നയിച്ചേക്കാം, എനിക്ക് മാർഗദർശനം നൽകിയേക്കാം رَبِّي എന്റെ രക്ഷിതാവ് لِأَقْرَبَ കൂടുതൽ അടുത്തതിലേക്ക് مِنْ هَٰذَا ഇതിനെക്കാൾ رَشَدًا നേർമാർഗം, തന്റേടം, (വിജയമാർഗം)

ഗുഹാവാസികളുടെ കഥ വിവരിച്ചുകൊണ്ടിരിക്കെ, ഇടക്കുവെച്ച് പ്രധാനമായ ഒരു വിഷയം അല്ലാഹു നബിﷺയെ ഉപദേശിക്കുന്നു. ഒരു കാര്യം പിന്നീട് ഞാൻ ചെയ്യുമെന്ന് മനുഷ്യൻ പറയുമ്പോൾ, അല്ലാഹു ഉദ്ദേശിച്ചുവെങ്കിലേ അത് നടപ്പിൽ വരികയുള്ളൂവെന്ന് അവൻ ധരിച്ചിരിക്കേണ്ടതുണ്ട്. അതിനാൽ ഒരു കാര്യം തീർത്ത് പറയുമ്പോൾ إِنْ شَاءَ الله(അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് ചേർത്ത് പറയേണ്ടതാകുന്നു. സംഗതിവശാൽ തൽസമയത്ത് അത് മറന്നുപോയാലും ഓർമ വരുമ്പോൾ അത് നികത്തേണ്ടതാണ്. ഇന്നകാര്യം പ്രവർത്തിക്കും, അല്ലെങ്കിൽ പറയും എന്നൊരാൾ പറഞ്ഞുവെന്ന് വെക്കുക: അയാൾ അതിന് മുമ്പ് മരണപ്പെടുകയോ, എന്തെങ്കിലും തടസ്സം അതിന് നേരിടുകയോ ചെയ്യുകയില്ലെന്ന് അയാൾക്ക് നിശ്ചയമായും തീരുമാനിക്കുവാൻ സാധ്യമല്ല. അതിനാൽ, തന്റെ നിശ്ചയം അർത്ഥവത്താക്കുന്നതിനും, അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതിനും അതാവശ്യമത്രെ. മാത്രമല്ല, അല്ലാഹുവിനോടുള്ള ഭക്തിയാദരവുകളുടെ ഒരു ലക്ഷണം കൂടിയാണത്.

ആത്മാവിനെക്കുറിച്ചും, ഗുഹാവാസികളെയും ദുൽക്വർനൈനിയെയും സംബന്ധിച്ചും- യഹൂദരുടെ പ്രേരണ പ്രകാരം- അറബികൾ നബിﷺയോട് ചോദിക്കുകയുണ്ടായി. നാളെ പറഞ്ഞുതരാമെന്ന് തിരുമേനി ഉത്തരം പറഞ്ഞു. അല്ലാഹു ഉദ്ദേശിച്ചുവെങ്കിൽ എന്ന് പറഞ്ഞതുമില്ല. പിന്നീട് വഹ്‌യ് (ദിവ്യസന്ദേശം) വരുവാൻ കുറേ താമസിക്കുകയുണ്ടായി. അങ്ങനെ, തിരുമേനി വിഷമത്തിലായി. ഈ അവസരത്തിലാണ് ഈ വചനങ്ങൾ അവതരിച്ചത്.

24-ാം ആയത്തിന്റെ അന്ത്യത്തിൽ, ഗുഹാവാസികളുടെതുപോലെ ഒരു സംഭവം നബി തിരുമേനിﷺക്കും സംഭവിച്ചേക്കാനിടയുണ്ടെന്ന ഒരു സൂചന അടങ്ങിയിട്ടുള്ളതാ

യിക്കാണാം. അതെ, സത്യമാർഗത്തിൽ സ്വജനതയുടെ അപാരമായ ശത്രുത നിമിത്തം അവിടുത്തേക്ക് നാടുവിടേണ്ടി വന്നു, ഗുഹയിൽ ഒളിച്ചിരിക്കേണ്ടി വന്നു. അനന്തരം ആ ത്യാഗങ്ങളുടെയെല്ലാം ഫലമായി അതിമഹത്തായ വിജയവും, നേട്ടവും അല്ലാഹു അവിടുത്തേക്ക് നൽകുകയും ചെയ്തു. അടുത്ത വചനങ്ങളിൽ കഥയുടെ ബാക്കിഭാഗം വിവരിക്കുന്നു:-

وَلَبِثُواْ فِي كَهْفِهِمْ ثَلَٰثَ مِاْئَةٍ سِنِينَ وَٱزْدَادُواْ تِسْعًا ﴿٢٥﴾

﴾25﴿ അവർ തങ്ങളുടെ ഗുഹയിൽ മുന്നൂറ് കൊല്ലം താമസിച്ചു; ഒമ്പത് (കൊല്ലം) അവർ കൂടുതലുമെടുത്തു.

قُلِ ٱللَّهُ أَعْلَمُ بِمَا لَبِثُواْ

﴾26﴿ (നബിയേ!) പറയുക: അവർ താമസിച്ചതിനെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്

لَهُۥ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ

ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യജ്ഞാനം അവന്നാണുള്ളത്.

أَبْصِرْ بِهِۦ وَأَسْمِعْ

അവനെത്ര (വലിയ) കാഴ്ചയുള്ളവൻ! എത്ര (വലിയ) കേൾവിയുള്ളവൻ!

مَا لَهُم مِّن دُونِهِۦ مِن وَلِيٍّ وَلَا يُشْرِكُ فِي حُكْمِهِۦٓ أَحَدًا ﴿٢٦﴾

അവനല്ലാതെ, അവർക്ക് (മനുഷ്യർക്ക്) ഒരു രക്ഷകനുമില്ല; അവന്റെ അധികാരത്തിൽ ആരെയും അവൻ പങ്ക് ചേർക്കുകയുമില്ല.

﴾25﴿ وَلَبِثُوا അവർ താമസിച്ചു فِي كَهْفِهِمْ അവരുടെ ഗുഹയിൽ ثَلَاثَ مِائَةٍ മുന്നൂറ് سِنِينَ കൊല്ലങ്ങൾ وَازْدَادُوا അവർ അധികമെടുത്തു تِسْعًا ഒമ്പത് (കൊല്ലം) ﴾26﴿ قُلِ നീ പറയുക اللَّهُ أَعْلَمُ അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ് بِمَا لَبِثُوا അവർ താമസിച്ചതിനെപ്പറ്റി لَهُ അവനാകുന്നു غَيْبُ السَّمَاوَاتِ ആകാശങ്ങളിലെ അദൃശ്യജ്ഞാനം وَالْأَرْضِ ഭൂമിയിലെയും أَبْصِرْ بِهِ അവനെത്ര കാഴ്ചയുള്ളവൻ, (അവൻ വലിയ കാഴ്ചയുള്ളവൻ) وَأَسْمِعْ എത്ര (വലിയ) കേൾവിയുള്ളവൻ مَا لَهُمْ അവർക്കില്ല مِنْ دُونِهِ അവനല്ലാതെ, അവനെക്കൂടാതെ مِنْ وَلِيٍّ ഒരു രക്ഷകനും, ഒരു ബന്ധുവും, കൈകാര്യകർത്താവും وَلَا يُشْرِكُ അവൻ പങ്ക് ചേർക്കുകയുമില്ല فِي حُكْمِهِ അവന്റെ അധികാരത്തിൽ, വിധിയിൽ, ഭരണത്തിൽ أَحَدًا ഒരാളെയും, ആരെയും

സൗരവർഷക്കണക്കനുസരിച്ച് 300 കൊല്ലവും, ചാന്ദ്രവർഷക്കണക്കനുസരിച്ച് 309 കൊല്ലവുമായിരുന്നു അവരുടെ ഗുഹാവാസക്കാലം. അതിനെ സൂചിപ്പിച്ചുകൊണ്ടാണ് മുന്നൂറ്റി ഒമ്പത് കൊല്ലം എന്ന് പറയാതെ, ആദ്യം മുന്നൂറ് കൊല്ലം താമസിച്ചു

എന്നും, തുടർന്നുകൊണ്ട് ഒമ്പത് കൊല്ലം കൂടുതലുമെടുത്തു എന്നും പ്രസ്താവിച്ചതെന്ന് മുഫസ്സിറുകൾ (ക്വുർആൻ വ്യാഖ്യാതാക്കൾ) പറയുന്നു. ക്വുർആൻ അവതരിക്കുമ്പോൾ ഇത് സംബന്ധിച്ച് ജനമദ്ധ്യെ നടന്നിരുന്ന ഭിന്നാഭിപ്രായങ്ങളിൽ, അവരുടെ ഗുഹാവാസകാലം 300 കൊല്ലമെന്നും, 309 കൊല്ലമെന്നും തർക്കമുണ്ടായിരുന്നു. അതുകൊണ്ടാണ് അതിന്റെ സൂക്ഷ്മമായ കണക്ക് ഇപ്രകാരം വിവരിച്ചതെന്നും ചിലർ പറയുന്നു. ഗണിതശാസ്ത്രവും, വാനശാസ്ത്രവും പഠിക്കാത്ത നബിﷺ ഇത്തരം വിഷയങ്ങൾ പ്രസ്താവിക്കുന്നതുതന്നെ, അദ്ദേഹത്തിന് വഹ്‌യ് മൂലമാണ് അറിവ് ലഭിക്കുന്നതെന്നുള്ളതിന്ന് ദൃഷ്ടാന്തമാകുന്നു. ചാന്ദ്ര വർഷവും സൗരവർഷവും തമ്മിൽ ഏകദേശം 11 ദിവസത്തെ ഏറ്റക്കുറവുണ്ടെന്നും, 100 സൗരവർഷത്തിന് 103 ചാന്ദ്രവർഷം വരുമെന്നും അറിയുവാൻ ശാസ്ത്രീയമായ അറിവ് വേണമല്ലോ.

25-ാം വചനം ഗുഹാവാസികളുടെ വാസകാലം വ്യക്തമാക്കിയതല്ല- 22-ാം വചനത്തിൽ ജനങ്ങൾ പറയുന്നതായി ഉദ്ധരിച്ച മൊഴികളുടെ കൂട്ടത്തിൽ ഉൾപ്പെട്ടതാണ്- എന്നും ചില വ്യാഖ്യാതാക്കൾ പറയുന്നു. ٱللَّهُ أَعْلَمُ بِمَا لَبِثُوا (അവർ താമസിച്ചതിനെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്) എന്ന് പറഞ്ഞിട്ടുള്ളത് ഇതിനെ ബലപ്പെടുത്തുന്നുവെന്നും അവർ പറയുന്നു. അല്ലാഹുവിനറിയാം.

وَٱتْلُ مَآ أُوحِىَ إِلَيْكَ مِن كِتَابِ رَبِّكَ ۖ

لَا مُبَدِّلَ لِكَلِمَـٰتِهِۦ

وَلَن تَجِدَ مِن دُونِهِۦ مُلْتَحَدًا ﴿٢٧﴾

﴾27﴿ നിന്റെ രക്ഷിതാവിന്റെ വേദഗ്രന്ഥത്തിൽ നിന്ന് നിനക്ക് 'വഹ്‌യ്' (ബോധനം) നൽകപ്പെട്ടിരിക്കുന്നത് നീ പാരായണം ചെയ്തുകൊള്ളുക.

അവന്റെ വചനങ്ങൾക്ക് ഭേദഗതി വരുത്തുന്ന ഒരുത്തനുമില്ല.

അവനല്ലാതെ യാതൊരു രക്ഷാവലംബവും നിനക്ക് (ഒരിക്കലും) കിട്ടുന്നതുമല്ല.

وَٱصْبِرْ نَفْسَكَ مَعَ ٱلَّذِينَ

يَدْعُونَ رَبَّهُم بِٱلْغَدَوٰةِ وَٱلْعَشِىِّ

يُرِيدُونَ وَجْهَهُۥ ۖ وَلَا تَعْدُ عَيْنَاكَ

عَنْهُمْ تُرِيدُ زِينَةَ ٱلْحَيَوٰةِ ٱلدُّنْيَا ۖ

﴾28﴿ തങ്ങളുടെ റബ്ബിന്റെ മുഖത്തെ (പ്രീതിയെ) ഉദ്ദേശിച്ചുകൊണ്ട് കാലത്തും, വൈകുന്നേരവും അവനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂട്ടത്തിൽ നീ നിന്നെ സ്ഥിരപ്പെടുത്തുക; ഐഹിക ജീവിതത്തിന്റെ അലങ്കാരത്തെ ഉദ്ദേശിച്ചു അവരിൽനിന്ന് നിന്റെ ദൃഷ്ടികൾ വിട്ടുപോകരുത്.

وَلَا تُطِعْ مَنْ أَغْفَلْنَا قَلْبَهُۥ

നമ്മുടെ ബോധനത്തെ സംബന്ധിച്ച് നാം ആരുടെ ഹൃദയത്തെ ബോധരഹിതമാക്കുകയും,

وَٱتَّبَعَ هَوَىٰهُ وَكَانَ أَمْرُهُۥ فُرُطًا ﴿٢٨﴾

തന്റെ ഇച്ഛയെ അവൻ പിന്തുടരുകയും, തന്റെ കാര്യം അതിരു കവിഞ്ഞതായിരിക്കുകയും ചെയ്തിരിക്കുന്നുവോ അവനെ, നീ അനുസരിക്കുകയും ചെയ്യരുത്.

﴾27﴿ وَاتْلُ നീ പാരായണം ചെയ്യുക, ഓതുക مَاأُوحِيَ വഹ്‌യ് (ബോധനം) നൽകപ്പെട്ടത് إِلَيْكَ നിനക്ക് مِنْ كِتَابِ വേദഗ്രന്ഥത്തിൽ നിന്ന് رَبِّكَ നിന്റെ രക്ഷിതാവിന്റെ لَامُبَدِّلَ ഭേദഗതി വരുത്തുന്നവനില്ല, മാറ്റിമറിക്കുന്നവനില്ല لِكَلِمَاتِهِ അവന്റെ വചനങ്ങളെ وَلَنْ تَجِدَ നിനക്ക് കിട്ടുന്നതേയല്ല, നീ കണ്ടെത്തുകയില്ല مِنْ دُونِهِ അവനല്ലാതെ, അവനെക്കൂടാതെ مُلْتَحَدًا ഒരു രക്ഷാവലംബം ﴾28﴿ وَاصْبِرْ നീ സ്ഥിരപ്പെടുത്തുക, ക്ഷമവരുത്തുക نَفْسَكَ നിന്നെ, നിന്റെ ആത്മാവിനെ, ദേഹത്തെ, മനസ്സിന്ന് مَعَ الَّذِينَ യാതൊരു കൂട്ടരോടുകൂടെ يَدْعُونَ അവർ പ്രാർത്ഥിക്കുന്നു رَبَّهُمْ അവരുടെ രക്ഷിതാവിനെ بِالْغَدَاةِ രാവിലെ وَالْعَشِيِّ വൈകുന്നേരവും يُرِيدُونَ (അവർ) ഉദ്ദേശിച്ചുകൊണ്ട് وَجْهَهُ അവന്റെ മുഖത്തെ (പ്രീതിയെ) وَلَا تَعْدُ വിട്ടുപോകരുത് عَيْنَاكَ നിന്റെ (രണ്ട്) കണ്ണുകൾ, ദൃഷ്ടികൾ عَنْهُمْ അവരിൽ നിന്ന് تُرِيدُ നീ ഉദ്ദേശിച്ചുകൊണ്ട് زِينَةَ അലങ്കാരത്തെ, ഭംഗിയെ الْحَيَاةِ الدُّنْيَا ഐഹിക ജീവിതത്തിന്റെ وَلَا تُطِعْ നീ അനുസരിക്കരുത് مَنْ യാതൊരുവനെ أَغْفَلْنَا നാം ബോധരഹിതമാക്കി (അശ്രദ്ധമാക്കി)യിരിക്കുന്നു قَلْبَهُ അവന്റെ ഹൃദയത്തെ عَنْ ذِكْرِنَا നമ്മുടെ ബോധനത്തെ സംബന്ധിച്ച്, സ്മരണയെക്കുറിച്ച് وَاتَّبَعَ അവൻ പിൻപറ്റുകയും ചെയ്തു هَوَاهُ അവന്റെ ഇച്ഛയെ, തന്നിഷ്ടത്തെ وَكَانَ ആകുകയും ചെയ്തു أَمْرُهُ അവന്റെ കാര്യം فُرُطًا അതിരു കവിഞ്ഞത്, അതിരുവിട്ടത്

ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ, അല്ലാഹുവിൽനിന്ന് ബോധനം നൽകപ്പെടുന്ന ഈ ഗ്രന്ഥം പാരായണം ചെയ്യുവാനും, സധൈര്യം പ്രബോധനം നടത്തുവാനും അല്ലാഹു നബിﷺയോട് കൽപിക്കുന്നു. അവന്റെ കൽപനകളെയും നിയമനിർദ്ദേശങ്ങളെയും മാറ്റിമറിക്കുവാനോ, അതിൽ ഭേദഗതി കൊണ്ടുവരുവാനോ ആർക്കും സാദ്ധ്യമല്ല; അത് അനുസരിക്കുന്നതിലല്ലാതെ ആർക്കും രക്ഷയുമില്ല എന്ന് ഉണർത്തുകയും ചെയ്യുന്നു.

സത്യത്തിൽ വിശ്വസിക്കാതെ തന്നിഷ്ടമനുസരിച്ച് ജീവിക്കുകയും, അല്ലാഹുവിനോട് ഭയഭക്തിയില്ലാതെ അക്രമവും അനീതിയും കൈക്കൊള്ളുകയും ചെയ്തുകൊണ്ട്- ഐഹികജീവിതത്തിന്റെ അലങ്കാരത്തെ ലക്ഷ്യമാക്കി- കഴിഞ്ഞുകൂടുന്നവരുടെ സേവയും സന്തോഷവും വകവെക്കേണ്ടതില്ല. നേരെ മറിച്ച് അല്ലാഹുവിൽ വിശ്വസിച്ചു ഭയഭക്തരായി കഴിഞ്ഞുകൂടുന്ന ജനങ്ങൾ- അവർ എത്രതന്നെ ദുർബലരും സാധുക്കളുമായിരുന്നുകൊള്ളട്ടെ- അവരോട്കൂടിയാണ് സഹവാസവും, കൂട്ടുകെട്ടും വേണ്ടത്. ഇങ്ങിനെയുള്ളവർ തൽക്കാലം നന്നേ കുറച്ചേയുള്ളൂ, അവർ അശരണരാണ്, അവർക്ക് വലിയ പ്രതാപമൊന്നുമില്ല എന്നിരുന്നാലും അവർ സത്യപ്രബോധത്തിനുള്ള ബീജങ്ങളാകുന്നു. അടുത്ത ഭാവിയിൽതന്നെ ധാരാളം ഉന്നത ഫലങ്ങൾ നൽകുന്ന കൂറ്റൻ

വൃക്ഷങ്ങളായി അവർ വളരുന്നതായിരിക്കും. അവരെപ്പറ്റിയാണ് മനസ്സ് വെക്കേണ്ടത്. നിഷേധബുദ്ധിയും, മർക്കടമുഷ്ടിയും ഉള്ളവരെ സംബന്ധിച്ചിടത്തോളം- വേണമെങ്കിൽ അവർ വിശ്വസിച്ചുകൊള്ളട്ടെ, അല്ലെങ്കിൽ അവിശ്വസിച്ചുകൊള്ളട്ടെ- അതിന്റെ ഫലം അവർ അനുഭവിച്ചുകൊള്ളുന്നതാണ്, ഈ സംഗതി അടുത്ത ആയത്തിൽ കുറേക്കൂടി വ്യക്തമാക്കുന്നു:

وَقُلِ ٱلْحَقُّ مِن رَّبِّكُمْ ۖ

﴾29﴿ നീ പറയുക: (ഈ) സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു;

فَمَن شَآءَ فَلْيُؤْمِن وَمَن شَآءَ فَلْيَكْفُرْ ۚ

അത്കൊണ്ട് വേണ്ടുന്നവർ വിശ്വസിച്ചുകൊള്ളട്ടെ; വേണ്ടുന്നവർ അവിശ്വസിച്ചും കൊള്ളട്ടെ

إِنَّآ أَعْتَدْنَا لِلظَّـٰلِمِينَ نَارًا أَحَاطَ بِهِمْ سُرَادِقُهَا ۚ

നിശ്ചയമായും അക്രമികൾക്ക് നാം ഒരു അഗ്നി [നരകം] ഒരുക്കിവെച്ചിരിക്കുന്നു: അതിന്റെ പുറമൂടി അവരെ വലയം ചെയ്യുന്നതാണ്.

وَإِن يَسْتَغِيثُوا۟ يُغَاثُوا۟ بِمَآءٍ كَٱلْمُهْلِ يَشْوِى ٱلْوُجُوهَ ۚ بِئْسَ ٱلشَّرَابُ

അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം, ലോഹദ്രാവകം പോലെയുള്ള ഒരു (തരം) വെള്ളംകൊണ്ട് അവർക്ക് രക്ഷനൽകപ്പെടും; അത് (അവരുടെ) മുഖങ്ങളെ ചുട്ടെരിച്ചു കളയുന്നതാകുന്നു.എത്ര ചീത്ത പാനീയം!

وَسَآءَتْ مُرْتَفَقًا ﴿٢٩﴾

അത് (നരകം) എത്ര ദുഷിച്ച വിശ്രമസ്ഥലവും!!

﴾29﴿ وَقُلِ നീ പറയുക الْحَقُّ സത്യം, യഥാർത്ഥം, (ഈ പറയുന്ന സത്യം) مِن رَّبِّكُمْ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു فَمَن അതുകൊണ്ട് ആരെങ്കിലും شَاءَ വേണമെന്നുവെച്ചാൽ, ഉദ്ദേശിച്ചാൽ فَلْيُؤْمِن (എന്നാൽ) അവൻ വിശ്വസിച്ചുകൊള്ളട്ടെ وَمَن شَاءَ ആർക്കെങ്കിലും വേണമെന്നുണ്ടെങ്കിൽ فَلْيَكْفُرْ അവർ അവിശ്വസിച്ചു കൊള്ളട്ടെ إِنَّا നിശ്ചയമായും നാം أَعْتَدْنَا നാം ഒരുക്കിവെച്ചിരിക്കുന്നു لِلظَّالِمِينَ അക്രമികൾക്ക് نَارًا ഒരു അഗ്നി (നരകം) أَحَاطَ വലയം ചെയ്യുന്നതാണ് بِهِمْ അവരെ سُرَادِقُهَا അതിന്റെ പുറമൂടി, (പുകപടലമാകുന്ന) വിരി وَإِن يَسْتَغِيثُوا അവർ വെള്ളത്തിന് അപേക്ഷിച്ചാൽ, മുറവിളികൂട്ടിയാൽ يُغَاثُوا അവർക്ക് രക്ഷ (സഹായം) നൽകപ്പെടും بِمَاءٍ ഒരു (തരം) വെള്ളംകൊണ്ട് كَالْمُهْلِ (ചെമ്പ് മുതലായവ ഉരുക്കിയ) ലോഹദ്രാവകം പോലെയുള്ള, എണ്ണക്കീടംപോലെയുള്ള يَشْوِي അത് ചുട്ടെരിക്കും الْوُجُوهَ മുഖങ്ങളെ بِئْسَ എത്ര (വളരെ)

ചീത്തയാണ് ٱلشَّرَابُ (ആ) പാനീയം وَسَآءَتْ അത് (നരകം) എത്ര ദുഷിച്ചതുമാണ് مُرْتَفَقًا വിശ്രമസ്ഥലം

സത്യം ഇതാ തുറന്നുവെച്ചിരിക്കുന്നു. അത് വിശ്വസിക്കുവാനും സ്വീകരിക്കുവാനും തയ്യാറുള്ളവർ അങ്ങിനെ ചെയ്തുകൊള്ളട്ടെ, ആരെയും നിർബന്ധിക്കുന്നില്ല. അത് നബിﷺയോ മറ്റോ കെട്ടിച്ചമച്ചുണ്ടാക്കിയതല്ല- ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. പക്ഷേ, ഒരു കാര്യം! വിശ്വസിക്കാത്ത അക്രമികൾക്ക് അതികഠോരമായ നരകശിക്ഷയാണ് അനുഭവപ്പെടുക. അതിന്റെ ഭയങ്കരതക്ക് ഒരൊറ്റ ഉദാഹരണം മതിയാകും: ദാഹം സഹിക്കവയ്യാതെ നരകവാസികൾ വെള്ളത്തിന് മുറവിളി കൂട്ടുമ്പോൾ നൽകപ്പെടുന്ന ആ വെള്ളം! ദാഹാധിക്യം നിമിത്തം അത് അവരങ്ങു കുടിച്ചുപോകും; അവരുടെ മുഖമാസകലം വെന്തുരുകിപ്പോകും! ഓടി രക്ഷപ്പെടുവാനും മാർഗമില്ല. അഗ്നിജ്വാലയും, അതിന്റെ കരിമ്പുകയുമാകുന്ന വിരികൾ നാനാഭാഗത്തു നിന്നും അവരെ വലയം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. വിശ്വസിക്കുന്നവരുടെ സ്ഥിതിയാകട്ടെ, അത് താഴെ പറയുന്ന പ്രകാരമായിരിക്കും:-

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ إِنَّا لَا نُضِيعُ أَجْرَ مَنْ أَحْسَنَ عَمَلًا ﴿٣٠﴾

﴾30﴿ നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, (അങ്ങനെ) പ്രവർത്തനം നന്നാക്കുന്നവരുടെ പ്രതിഫലം നാം പാഴാക്കുന്നതല്ലതന്നെ.

أُو۟لَـٰٓئِكَ لَهُمْ جَنَّـٰتُ عَدْنٍ تَجْرِى مِن تَحْتِهِمُ ٱلْأَنْهَـٰرُ يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِن ذَهَبٍ وَيَلْبَسُونَ ثِيَابًا خُضْرًا مِّن سُندُسٍ وَإِسْتَبْرَقٍ مُّتَّكِـِٔينَ فِيهَا عَلَى ٱلْأَرَآئِكِ ۚ نِعْمَ ٱلثَّوَابُ وَحَسُنَتْ مُرْتَفَقًا ﴿٣١﴾

﴾31﴿ അക്കൂട്ടരോ, അവരുടെ താഴ്ഭാഗത്തുകൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതായ അധിവാസത്തിന്റെ ആരാമങ്ങൾ [സ്വർഗങ്ങൾ] അവർക്കാണുള്ളത്; അവർക്ക് അവിടെ സ്വർണം കൊണ്ടുള്ള വളകൾ അണിയിക്കപ്പെടും; മിനുസപ്പെട്ടതിൽ നിന്നും, പരുത്ത പട്ടിൽനിന്നുമുള്ള പച്ച വസ്ത്രങ്ങൾ അവർ ധരിക്കുകയും ചെയ്യും; (അവർ) അവിടെ അലംകൃത കട്ടിലുകളിൽ ചാരിയിരുന്നു (സുഖിച്ച്) കൊണ്ടിരിക്കുന്ന നിലയിലായിരിക്കും.

(ആ) പ്രതിഫലമത്രെ വിശിഷ്ടമായത്! വളരെ നല്ല വിശ്രമസ്ഥലവും!

﴾30﴿ إِنَّ നിശ്ചയമായും الَّذِينَ آمَنُوا വിശ്വസിച്ചവർ وَعَمِلُوا അവർ പ്രവർത്തിക്കു കയും ചെയ്തു الصَّالِحَاتِ സൽക്കർമങ്ങൾ إِنَّا നിശ്ചയമായും നാം لَا نُضِيعُ നാം പാഴാക്കുന്നതല്ല أَجْرَ مَنْ ഒരുവന്റെ (ഒരു കൂട്ടരുടെ) പ്രതിഫലം أَحْسَنَ അവർ നന്നാക്കി عَمَلًا പ്രവർത്തനം, കർമം ﴾31﴿ أُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കാണ്, അവർക്കുണ്ട് جَنَّاتُ عَدْنٍ അധിവാസത്തിന്റെ (നിത്യവാസത്തിന്റെ) സ്വർഗങ്ങൾ تَجْرِي ഒഴുകും, സഞ്ച രിക്കും, നടക്കും مِنْ تَحْتِهِمُ അവരുടെ താഴ്ഭാഗത്ത് കൂടി الْأَنْهَارُ നദികൾ, ആറുകൾ, അരുവികൾ يُحَلَّوْنَ അവർക്ക് അണിയിക്കപ്പെടും فِيهَا അതിൽ, അവിടത്തിൽ مِنْ أَسَاوِرَ വള (കൈവള)കളിൽ നിന്ന്, കങ്കണങ്ങളിൽ നിന്ന് مِنْ ذَهَبٍ സ്വർണം കൊണ്ടുള്ള وَيَلْبَسُونَ അവർ ധരിക്കുകയും ചെയ്യും ثِيَابًا വസ്ത്രങ്ങളെ خُضْرًا പച്ചയായ مِنْ سُندُسٍ മിനുസപ്പെട്ട (നേരിയപട്ട്) കൊണ്ടുള്ള وَإِسْتَبْرَقٍ പരുത്ത (കട്ടിയുള്ള) പട്ടും مُتَّكِئِينَ ചാരിയിരുന്ന് (സുഖിച്ചു)കൊണ്ട് فِيهَا അതിൽ, അവിടത്തിൽ عَلَى الْأَرَائِكِ പര്യങ്കങ്ങളിൽ, അലംകൃത കട്ടിലുകളിൽ نِعْمَ എത്ര (വളരെ) വിശിഷ്ടം الثَّوَابُ (ആ) പ്രതിഫലം وَحَسُنَتْ അത് വളരെ നല്ലതും مُرْتَفَقًا വിശ്രമസ്ഥലം

സ്വർഗീയവസ്തുക്കൾ ഏതും തന്നെ. നമുക്ക് പരിചയമുള്ള ഭൗതികവസ്തുക്കളെപ്പോലെ ആയിരിക്കുകയില്ല. വാസ്തവത്തിൽ, സ്വർഗീയ വസ്തുക്കൾക്ക് തികച്ചും യോജിക്കുന്ന പേരുകൾ നമ്മുടെ ഭാഷകളിലും, വാക്കുകളിലും ഇല്ലാത്തതിനാൽ, നമുക്ക് പരിചയമുള്ള പേരുകൾ മൂലം നമ്മെ പരിചയപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. ഇതുതന്നെയാണ് നരകവസ്തുക്കളുടെയും നില. നബി ﷺ ഇപ്രകാരം പറയുന്നു: സ്വർഗത്തിലെ ഒരു ചമ്മട്ടി വെക്കുന്നത്രസ്ഥലം ഇഹത്തെക്കാളും അതിലുള്ളതിനെക്കാളും ഉത്തമമാകുന്നു. (موضع سوط فى الجنة خير من الدنيا وما فيها – متفق عليه)

വിഭാഗം – 5

﴾32﴿ **(നബിയേ!) അവർക്ക് ഒരു ഉപമ അതായത്: രണ്ടാളുകളെക്കുറിച്ച്- നീ വിവരിച്ചു കൊടുക്കുക:**

۞ وَاضْرِبْ لَهُم مَّثَلًا رَّجُلَيْنِ

അവരിൽ ഒരുവന് പല (തരം) മുന്തിരികളുടെ രണ്ട് തോട്ടങ്ങൾ നാം ഉണ്ടാക്കിക്കൊടുത്തു; ഈത്തപ്പനകൾകൊണ്ട് അവ രണ്ടിനെയും നാം വലയവും ചെയ്തു; അവ രണ്ടിനുമിടയിൽ നാം കൃഷിയും ഉണ്ടാക്കി.

جَعَلْنَا لِأَحَدِهِمَا جَنَّتَيْنِ مِنْ أَعْنَابٍ وَحَفَفْنَاهُمَا بِنَخْلٍ وَجَعَلْنَا بَيْنَهُمَا زَرْعًا ﴿٣٢﴾

﴾33﴿ **ആ തോട്ടങ്ങൾ രണ്ടും അവയുടെ ഫലങ്ങൾ നൽകിവന്നു;**

كِلْتَا الْجَنَّتَيْنِ آتَتْ أُكُلَهَا وَلَمْ

تَظْلِم مِّنْهُ شَيْـًٔا ۚ

അതിൽ യാതൊരു ക്രമക്കേടും അത് വരുത്തിയില്ല. [ശരിക്കു ഫലം നൽകി.]

وَفَجَّرْنَا خِلَٰلَهُمَا نَهَرًا ﴿٣٣﴾

രണ്ട് (തോട്ടത്തി)ന്റെയും ഇടയിൽകൂടി നാം നദി കീറുകയും ചെയ്തു.

﴾32﴿ وَاضْرِبْ നീ വിവരിച്ച് കൊടുക്കുക لَهُم അവർക്ക് مَثَلًا ഉരു ഉപമ, ഉദാഹരണം رَجُلَيْنِ രണ്ടാളുകളെ, രണ്ട് പുരുഷന്മാരെ جَعَلْنَا നാം ഉണ്ടാക്കി لِأَحَدِهِمَا അവരിൽ ഒരാൾക്ക് جَنَّتَيْنِ രണ്ട് തോട്ടങ്ങൾ مِنْ أَعْنَابٍ പല [തരത്തിലുള്ള] മുന്തിരികളിൽ നിന്നും وَحَفَفْنَاهُمَا അവ രണ്ടിനെയും നാം വലയം ചെയ്തു بِنَخْلٍ ഈത്തപ്പനകൊണ്ട് وَجَعَلْنَا നാം ഉണ്ടാക്കുകയും ചെയ്തു بَيْنَهُمَا രണ്ടിന്നുമിടയിൽ زَرْعًا വിള, കൃഷി ﴾33﴿ كِلْتَا الْجَنَّتَيْنِ രണ്ട് തോട്ടവും آتَتْ നൽകിവന്നു, കൊടുത്തു أُكُلَهَا അതിന്റെ കനി [ഫലം] وَلَمْ تَظْلِم അത് ക്രമക്കേടും വരുത്തിയില്ല مِنْهُ അതിൽ, അതിൽനിന്ന് شَيْئًا ഒന്നും, ഒന്നിനെയും وَفَجَّرْنَا നാം കീറി, പൊട്ടി ഒഴുക്കി, നടത്തി خِلَالَهُمَا രണ്ടിനുമിടയിൽക്കൂടി نَهَرًا നദി, പുഴ, നീർച്ചാൽ

ഫലസമൃദ്ധവും, വിവിധ ഇനങ്ങളുള്ളതുമായ രണ്ട് വലിയ മുന്തിരിത്തോട്ടങ്ങൾ, ചുറ്റുപാടും ഈത്തപ്പനത്തോട്ടങ്ങളും, ഇടയിൽ പലതരം കൃഷിസ്ഥലങ്ങളും, ഇടക്കിടെ വെള്ളച്ചാലുകളും. ഹാ! എന്തൊരു കൗതുകം! ഒന്നിലും ഒരു പോരായ്കയില്ല- ഒന്നിനൊന്നു മെച്ചം!

وَكَانَ لَهُۥ ثَمَرٌ فَقَالَ لِصَٰحِبِهِۦ وَهُوَ يُحَاوِرُهُۥٓ

﴾34﴿ അവന് (വേറെയും പല) വരുമാനങ്ങളുണ്ടായിരുന്നു. അങ്ങനെ, തന്റെ ചങ്ങാതിയോട്- അവനുമായി (അന്ത്യനാളിനെക്കുറിച്ചും മറ്റും) വാഗ്വാദം ചെയ്തുകൊണ്ട് അവൻ പറയുകയാണ്:

أَنَا۠ أَكْثَرُ مِنكَ مَالًا وَأَعَزُّ نَفَرًا ﴿٣٤﴾

ഞാൻ നിന്നെക്കാൾ ധനം കൂടുതലുള്ളവനും, അധികം സംഘബലമുള്ളവനുമത്രെ.

وَدَخَلَ جَنَّتَهُۥ وَهُوَ ظَالِمٌ لِّنَفْسِهِۦ قَالَ مَآ أَظُنُّ أَن تَبِيدَ هَٰذِهِۦٓ أَبَدًا ﴿٣٥﴾

﴾35﴿ അവൻ തന്നോട്തന്നെ അക്രമിയായും കൊണ്ട് തന്റെ തോട്ടത്തിൽ പ്രവേശിച്ചു; അവൻ പറഞ്ഞു: ഒരുകാലത്തും ഇത് (ഈ തോട്ടം) നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّدِدتُّ إِلَىٰ رَبِّى لَأَجِدَنَّ خَيْرًا مِّنْهَا مُنقَلَبًا ﴿٣٦﴾

《36》 അന്ത്യസമയം, സംഭവിക്കുന്ന ഒന്നാണെന്നും ഞാൻ വിചാരിക്കുന്നില്ല. അഥവാ എന്റെ റബ്ബിന്റെ അടുക്കലേക്ക് ഞാൻ മടക്കപ്പെടുന്നതായാൽ തന്നെ, നിശ്ചയമായും, മടങ്ങിച്ചെല്ലുന്നതിന് ഇതിനെക്കാൾ നല്ലതായ ഒരു സ്ഥാനം എനിക്ക് (അവിടെ) കിട്ടുന്നതാണ്.

《34》 وَكَانَ لَهُۥ അവനുണ്ടായിരുന്നു ثَمَرٌ വരുമാനങ്ങൾ, ഫലങ്ങൾ, സമൃദ്ധി فَقَالَ അങ്ങനെ അവൻ പറഞ്ഞു لِصَاحِبِهِۦ തന്റെ ചങ്ങാതിയോട് وَهُوَ അവൻ يُحَاوِرُهُۥ അവനോട് വാഗ്വാദം നടത്തുകയായിരുന്നു أَنَا ഞാൻ أَكْثَرُ അധികമുള്ളവനാണ് مِنكَ നിന്നെക്കാൾ مَالًا ധനം, സ്വത്ത് وَأَعَزُّ അധികം പ്രതാപം (ശക്തി) ഉള്ളവനുമാണ് نَفَرًا ആൾ, കൂട്ടം, സംഘം 《35》 وَدَخَلَ അവൻ പ്രവേശിച്ചു جَنَّتَهُۥ അവന്റെ തോട്ടത്തിൽ وَهُوَ അവൻ ظَالِمٌ അക്രമം ചെയ്യുന്നവനാണ് لِّنَفْسِهِۦ അവന്റെ ആത്മാവിനോട്, തന്നോട് തന്നെ (സ്വയംതന്നെ) قَالَ അവൻ പറഞ്ഞു مَآ أَظُنُّ ഞാൻ വിചാരിക്കുന്നില്ല أَن تَبِيدَ നശിച്ചുപോകുമെന്ന് هَٰذِهِۦٓ ഇത്, ഇവ أَبَدًا ഒരിക്കലും, ഒരു കാലത്തും 《36》 وَمَآ أَظُنُّ ഞാൻ വിചാരിക്കുന്നുമില്ല السَّاعَةَ അന്ത്യസമയത്തെ قَآئِمَةً നിലനിൽക്കുന്നതാണെന്ന്, സംഭവിക്കുന്നതാണെന്ന് وَلَئِن رُّدِدتُّ ഞാൻ മടക്കപ്പെടുന്നതായാൽ തന്നെ إِلَىٰ رَبِّى എന്റെ രക്ഷിതാവിങ്കലേക്ക് لَأَجِدَنَّ തീർച്ചയായും എനിക്ക് കിട്ടും خَيْرًا ഉത്തമമായത് مِّنْهَا ഇതിനെക്കാൾ مُنقَلَبًا മടങ്ങിച്ചെല്ലുന്നതിനുള്ള സ്ഥലം

മനുഷ്യന്റെ ഗർവും അഹങ്കാരവും അവനെക്കൊണ്ട് പലതും പറയിക്കുന്നതും, ചെയ്യിക്കുന്നതുമാകുന്നു. കുറെ ധനവും, ഫലസമൃദ്ധിയും– അതോടൊന്നിച്ച് ആരോഗ്യവും കൂടി– ഉണ്ടാകുമ്പോൾ ഈ ദോഷം ബാധിക്കാത്തവർ വളരെ വിരളമായിരിക്കും. അങ്ങിനെ കാണപ്പെടാത്തവർ മഹാഭാഗ്യവാന്മാർതന്നെ!

قَالَ لَهُۥ صَاحِبُهُۥ وَهُوَ يُحَاوِرُهُۥٓ أَكَفَرْتَ بِٱلَّذِى خَلَقَكَ مِن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ سَوَّىٰكَ رَجُلًا ﴿٣٧﴾

《37》 അവന്റെ ചങ്ങാതി അവനോട് വാഗ്വാദം നടത്തിക്കൊണ്ട് (ഇങ്ങിനെ) പറഞ്ഞു:

മണ്ണിൽ നിന്നും, അനന്തരം ശുക്ലബിന്ദുവിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും, പിന്നീട് നിന്നെ ഒരു പുരുഷനായി (രൂപം നൽകി) ശരിപ്പെടുത്തുകയും ചെയ്തിട്ടുള്ളവനിൽ (അല്ലാഹുവിൽ) നീ അവിശ്വസിക്കുകയാണോ?!

لَّٰكِنَّا۠ هُوَ ٱللَّهُ رَبِّى وَلَآ أُشْرِكُ بِرَبِّىٓ أَحَدًا ﴿٣٨﴾

﴾38﴿ പക്ഷേ, ഞാൻ; അത് (കാര്യം): അല്ലാഹു എന്റെ രക്ഷിതാവാകുന്നു; എന്റെ രക്ഷിതാവിനോട് ഞാൻ ഒന്നിനെയും പങ്കുചേർക്കുന്നതുമല്ല എന്നത്രെ (പറയുന്നത്).

﴾37﴿ قَالَ പറഞ്ഞു لَهُۥ അവനോട് صَاحِبُهُۥ അവന്റെ ചങ്ങാതി وَهُوَ അവൻ يُحَاوِرُهُۥ അവനോട് വാഗ്വാദം ചെയ്യുകയായിരുന്നു أَكَفَرْتَ നീ അവിശ്വസിക്കുകയാണോ بِٱلَّذِى യാതൊരുവനിൽ خَلَقَكَ നിന്നെ അവൻ സൃഷ്ടിച്ചിരിക്കുന്നു مِن تُرَابٍ മണ്ണിൽനിന്ന് ثُمَّ പിന്നെ, അനന്തരം مِن نُّطْفَةٍ ശുക്ലബിന്ദുവിൽ നിന്ന്, ഇന്ദ്രിയത്തുള്ളിയിൽനിന്ന് ثُمَّ പിന്നീട് سَوَّىٰكَ നിന്നെ അവൻ ശരിപ്പെടുത്തി رَجُلًا ഒരു പുരുഷനായി ﴾38﴿ لَّٰكِنَّا എന്നാൽ, ഞാനിതാ, പക്ഷേ ഞാൻ هُوَ അവൻ, അത്, കാര്യം ٱللَّهُ رَبِّى അല്ലാഹു എന്റെ രക്ഷിതാവാകുന്നു وَلَآ أُشْرِكُ ഞാൻ പങ്കുചേർക്കുകയില്ല بِرَبِّىٓ എന്റെ റബ്ബിനോട്, രക്ഷിതാവിനോട് أَحَدًا ഒരാളെയും

നിന്റെ ആദ്യപിതാവ് മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടു. മാത്രമല്ല, മണ്ണിൽനിന്ന് ഉൽഭവിക്കുന്ന സസ്യാദിഭക്ഷണങ്ങൾ നിന്റെ മാതാപിതാക്കൾ കഴിക്കുന്നു. അതിൽ നിന്ന് രക്തം ഉണ്ടാകുന്നു, അതിന്റെ സത്തായി ഇന്ദ്രിയം ഉണ്ടാകുന്നു, ആ ഇന്ദ്രിയ ബീജത്തിൽനിന്ന് നിന്റെ സൃഷ്ടി ഉടലെടുത്തു. അങ്ങിനെ, ഘട്ടങ്ങൾ പലതുകഴിഞ്ഞശേഷം നീ ഒരു തികഞ്ഞ മനുഷ്യനായി ഈ ലോകത്തുവന്നു. ഇതെല്ലാം ചെയ്ത സ്രഷ്ടാവിൽ- ഈ ധനസമൃദ്ധിയിലും, സുഖജീവിതത്തിലും വഞ്ചിതനായിക്കൊണ്ട്- അവിശ്വസിക്കുവാനാണോ നിന്റെ ഭാവം?! എന്നാൽ ഞാനതിന് തയ്യാറില്ല. എന്നെ സംബന്ധിച്ചിടത്തോളം: അല്ലാഹു എന്റെ റബ്ബാണ്, ഞാൻ അവന്റെ ഏകത്വത്തിൽ അചഞ്ചലമായി വിശ്വസിക്കുന്നു എന്ന് ആ സത്യവിശ്വാസിയായ ചങ്ങാതി അവനോട് പറഞ്ഞു. അദ്ദേഹം ഇങ്ങിനെ തുടർന്നു:-

وَلَوْلَآ إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ ۚ إِن تَرَنِ أَنَا۠ أَقَلَّ مِنكَ مَالًا وَوَلَدًا ﴿٣٩﴾

﴾39﴿ നിന്റെ (ഈ) തോട്ടത്തിൽ പ്രവേശിച്ചപ്പോൾ നിനക്ക് പറഞ്ഞുകൂടായിരുന്നോ: 'അല്ലാഹു ഉദ്ദേശിച്ചതത്രെ (ഇതെല്ലാം); അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും (ആർക്കും) ഇല്ല' എന്ന്?!. നിന്നെക്കാൾ ധനവും സന്താനവും കുറഞ്ഞവനായി എന്നെ നീ കാണുന്നുവെങ്കിൽ-

فَعَسَىٰ رَبِّىٓ أَن يُؤْتِيَنِ خَيْرًا مِّن

﴾40﴿ എന്റെ റബ്ബ് നിന്റെ തോട്ടത്തെക്കാൾ എറ്റവും നല്ലത് എനിക്ക് നൽകുവാനും, അതിന്മേൽ (നിന്റെ

جَنَّتِكَ وَيُرۡسِلَ عَلَيۡهَا حُسۡبَانًا مِّنَ ٱلسَّمَآءِ فَتُصۡبِحَ صَعِيدًا زَلَقًا ﴿٤٠﴾

തോട്ടത്തിന്മേൽ) ആകാശത്തുനിന്ന് ഇടിവാൾ അയക്കുവാനും അങ്ങനെ, അത് വഴുതുന്ന മൺപ്രദേശമായിത്തീരുവാനും മതി.

أَوۡ يُصۡبِحَ مَآؤُهَا غَوۡرًا فَلَن تَسۡتَطِيعَ لَهُۥ طَلَبًا ﴿٤١﴾

﴾41﴿ അല്ലെങ്കിൽ അതിലെ വെള്ളം വറ്റിയതായിത്തീരുകയും ചെയ്തേക്കാം; പിന്നെ അത് തേടിപ്പിടിക്കുവാൻ നിനക്ക് കഴിവുണ്ടാകുകയില്ലതന്നെ.

﴾39﴿ وَلَوۡلَآ ആയിക്കൂടെ, എന്തുകൊണ്ട് ആയിക്കൂടാ إِذۡ دَخَلۡتَ നീ പ്രവേശിച്ചപ്പോൾ جَنَّتَكَ നിന്റെ തോട്ടത്തിൽ قُلۡتَ നീ പറഞ്ഞു (പറഞ്ഞേക്കുക) مَا شَآءَ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചത് (ആകുന്നു ഇത്) لَا قُوَّةَ ഒരു ശക്തിയുമില്ല إِلَّا بِٱللَّهِ അല്ലാഹുവിനെക്കൊണ്ടല്ലാതെ إِن تَرَنِ أَنَا എന്നെ നീ കാണുന്ന പക്ഷം أَقَلَّ അധികം കുറഞ്ഞവനായി مِنكَ നിന്നെക്കാൾ مَالًا ധനം وَوَلَدًا മക്കളും, സന്താനവും ﴾40﴿ فَعَسَىٰ എന്നാൽ ആകുവാനും മതി, ആയേക്കാം رَبِّيٓ എന്റെ രക്ഷിതാവ് أَن يُؤۡتِيَنِ എനിക്ക് നൽകുവാൻ خَيۡرًا ഏറ്റവും നല്ലത്, ഉത്തമം مِّن جَنَّتِكَ നിന്റെ തോട്ടത്തെക്കാൾ وَيُرۡسِلَ അയക്കുകയും عَلَيۡهَا അതിന്മേൽ حُسۡبَانًا ഇടിവാൾ, ഇടിയമ്പ്, മഴ, ഇടിമിന്നൽ, മിന്നൽപിണർ مِّنَ ٱلسَّمَآءِ ആകാശത്തുനിന്ന് فَتُصۡبِحَ അങ്ങനെ അതായിത്തീരും (തീരുക) صَعِيدًا മൺപ്രദേശം زَلَقًا വഴുതുന്ന (ചെളിമയമായ) ﴾41﴿ أَوۡ يُصۡبِحَ അല്ലെങ്കിൽ ആയിത്തീരും, (തീരുകയും) مَآؤُهَا അതിലെ വെള്ളം غَوۡرًا വറ്റിയത് فَلَن تَسۡتَطِيعَ അപ്പോൾ നിനക്ക് സാധിക്കുകയില്ല തന്നെ لَهُۥ അതിനെ طَلَبًا തേടിപ്പിടിക്കുവാൻ

നിന്റെ സമ്പൽസമൃദ്ധിയും, അഭിവൃദ്ധിയും കണ്ടു നീ മതിമറന്നുപോകുന്നു. ഇതെല്ലാം നിനക്ക് പ്രദാനം ചെയ്ത അല്ലാഹുവിനെ നീ ധിക്കരിക്കുന്നു. ഇതൊക്കെ അല്ലാഹു തന്നതാണ്. അവൻ ഉദ്ദേശിച്ചതേ ഉണ്ടാകൂ. എന്നിങ്ങിനെ, മിതവും മര്യാദയുമായ വാക്കുകൾ പറഞ്ഞാൽപോരേ?! ഒരുപക്ഷേ, ഇതിനെക്കാൾ നല്ല സമ്പത്ത് അല്ലാഹു എനിക്ക് തന്നുവെന്നുവരാം. അല്ലെങ്കിൽ, ഒരു ദിവസം നേരം പുലരുമ്പോഴേക്കും ഒരു വമ്പിച്ച ഇടിവർഷമുണ്ടായി നിന്റെ തോട്ടമാകെ നശിച്ചുപോയെന്നും വരാം; അതുമല്ലെങ്കിൽ, ഈ ജലം അപ്പടി വറ്റിപ്പോയെന്നു വരാം. ഇതൊന്നുംതന്നെ സംഭവിച്ചുകൂടായ്കയില്ല. അതുകൊണ്ട് കുറച്ചൊരു വിനയത്തിലും, ദൈവവിചാരത്തിലും നടക്കുകയാണ് തനിക്ക് ഉത്തമം. എന്നൊക്കെ ആ ഉപദേഷ്ടാവ് പറഞ്ഞുനോക്കുന്നു. പക്ഷേ, തോട്ടക്കാരന്റെ മനസ്സിൽ അതൊന്നും പ്രവേശിക്കുന്നില്ല. ഫലമെന്തായി? അദ്ദേഹം പറഞ്ഞതുപോലെത്തന്നെ!-

وَأُحِيطَ بِثَمَرِهِۦ

﴾42﴿ അവന്റെ സമൃദ്ധി (മുഴുവനും, ആപത്തുകളാൽ) വലയം ചെയ്യപ്പെട്ടുപോയി!

فَأَصۡبَحَ يُقَلِّبُ كَفَّيۡهِ عَلَىٰ مَآ أَنفَقَ فِيهَا

അങ്ങനെ, അതിൽ ഇവൻ ചിലവിറക്കിയിരുന്നതിനെപ്പറ്റി രണ്ട് കൈപടങ്ങളും മറിച്ചുകൊണ്ടിരിക്കുക (വ്യസനിച്ച് കൈ മലർത്തുക) യായി!

وَهِيَ خَاوِيَةٌ عَلَىٰ عُرُوشِهَا

അവയാകട്ടെ(തോട്ടങ്ങളാകട്ടെ), അവയുടെ പന്തലുകളോടെ വീണടിഞ്ഞുകിടക്കുകയാണ്!

وَيَقُولُ يَٰلَيۡتَنِي لَمۡ أُشۡرِكۡ بِرَبِّيٓ أَحَدٗا ﴿٤٢﴾

അവൻ പറഞ്ഞുകൊണ്ടിരിക്കുന്നു: അഹോ! ഞാൻ എന്റെ റബ്ബിനോട് ആരെയും പങ്കുചേർക്കാതിരുന്നെങ്കിൽ നന്നായിരുന്നു! എന്ന്.

وَلَمۡ تَكُن لَّهُۥ فِئَةٞ يَنصُرُونَهُۥ مِن دُونِ ٱللَّهِ وَمَا كَانَ مُنتَصِرًا ﴿٤٣﴾

﴾43﴿ അല്ലാഹുവിനെക്കൂടാതെ, അവനെ (സഹായിച്ചു) രക്ഷപ്പെടുത്തുന്ന ഒരു കൂട്ടരും അവനുണ്ടായില്ല; അവൻ സ്വയം രക്ഷപ്രാപിച്ചവനായതുമില്ല.

هُنَالِكَ ٱلۡوَلَٰيَةُ لِلَّهِ ٱلۡحَقِّۚ

﴾44﴿ അവിടെ (ഇത്തരം സന്ദർഭത്തിൽ) രക്ഷാധികാരം, യഥാർത്ഥാസ്തിത്വമുള്ളവനായ അല്ലാഹുവിനുള്ളതാണ്.

هُوَ خَيۡرٞ ثَوَابٗا وَخَيۡرٌ عُقۡبٗا ﴿٤٤﴾

അവൻ, പ്രതിഫലം (നൽകുന്നതിൽ) ഉത്തമനായുള്ളവനും, പര്യവസാനം (ശുഭകരമാക്കുന്നതിൽ) ഉത്തമനായുള്ളവനും ആകുന്നു.

﴾42﴿ وَأُحِيطَ വലയം ചെയ്യപ്പെട്ടു بِثَمَرِهِ അവന്റെ ധനസമൃദ്ധി, ഫലസമൃദ്ധി, فَأَصْبَحَ അങ്ങിനെ അവൻ ആയി يُقَلِّبُ മറിക്കുക (മലർത്തുക) كَفَّيْهِ അവന്റെ കൈപടങ്ങൾ (കൈകൾ) عَلَىٰ مَا أَنْفَقَ അവൻ ചിലവഴിച്ചതിനെപ്പറ്റി فِيهَا ആ തോട്ടത്തിൽ وَهِيَ അതാകട്ടെ خَاوِيَةٌ വീണടിഞ്ഞുകിടക്കുന്നതാണ് عَلَىٰ عُرُوشِهَا അതിന്റെ പന്തലോടെ, പന്തലുകളുടെ മീതെ وَيَقُولُ അവൻ പറയുകയും ചെയ്യുന്നു يَالَيْتَنِي അഹോ ഞാനായിരുന്നെങ്കിൽ നന്നായിരുന്നു لَمْ أُشْرِكْ ഞാൻ പങ്ക് ചേർക്കാതെ بِرَبِّي എന്റെ റബ്ബിനോട് أَحَدًا ആരെയും, ഒരാളെയും ﴾43﴿ وَلَمْ تَكُنْ ഉണ്ടായതുമില്ല لَهُ അവന് فِئَةٌ ഒരു സംഘം, ഒരു കൂട്ടർ يَنْصُرُونَهُ അവർ അവനെ സഹായിക്കും, രക്ഷിക്കുന്ന مِنْ دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ وَمَا كَانَ അവൻ ആയതുമില്ല مُنْتَصِرًا (പ്രതികാരം ചെയ്തു) സ്വയം രക്ഷപ്രാപിക്കുന്നവൻ ﴾44﴿ هُنَالِكَ അവിടെ, ആ സ്ഥലത്ത് الْوَلَايَةُ രക്ഷാധികാരം (സഹായം

നൽകൽ) لِلَّهِ അല്ലാഹുവിനാണ് الْحَقِّ യഥാർത്ഥാസ്തിത്വമുള്ള, യഥാർത്ഥസ്ഥിരതയുള്ള هُوَ അവൻ خَيْرٌ ഉത്തമനാണ് ثَوَابًا പ്രതിഫലം (നൽകുന്നതിൽ) وَخَيْرٌ ഉത്തമനുമാണ് عُقْبًا പര്യവസാനം, അന്ത്യഫലം (ശുഭമാക്കുന്നതിൽ)

മേൽ വിവരിച്ച ഉപമയെസംബന്ധിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ രണ്ട് അഭിപ്രായമുണ്ട്: ബനൂഇസ്റാഈലിൽ (ഇസ്റാഈൽ സന്തതികളിൽ) നടന്ന ഒരു സംഭവമാണതെന്ന് ഒരു വിഭാഗക്കാർ പറയുന്നു. ഉദാഹരണാർത്ഥം പറയപ്പെട്ട ഒരു സങ്കൽപ കഥയാണെന്നാണ് മറ്റു പലരുടെയും അഭിപ്രായം. രണ്ടായിരുന്നാലും ഉദ്ദേശ്യം വ്യക്തമാകുന്നു. ഉദാഹരണവും ഉപമയും പറയുമ്പോൾ, അതിലടങ്ങിയ പാഠമെന്താണെന്നേ നാം നോക്കേണ്ടതുള്ളൂ.

സത്യമതം സ്വീകരിക്കുന്നതും, സ്വീകരിക്കാതിരിക്കുന്നതും ജനങ്ങളുടെ ഇഷ്ടമാണ്– അതിൽ ബലാൽക്കാരമില്ല. പക്ഷേ, വിശ്വസിച്ചവരുടെ സൽക്കർമഫലം അവർ അനുഭവിക്കും; വിശ്വസിക്കാത്തവരുടെ കർമഫലം അവരും അനുഭവിക്കേണ്ടിവരും എന്ന് അല്ലാഹു ആദ്യം ഉണർത്തി. പാരത്രിക രക്ഷാശിക്ഷകളുടെയും, പ്രതിഫലങ്ങളുടെയും സാമാന്യരൂപവും വിവരിച്ചു. അതെ, സത്യനിഷേധികൾക്ക് എരിപൊരികൊള്ളുന്ന നരകാഗ്നിയും, സത്യവിശ്വാസികൾക്ക് സുഖാനുഭൂതികൾ നിറഞ്ഞ നിത്യസ്വർഗവും ആണെന്ന് പറഞ്ഞു. അതുകൊണ്ട് മതിയാക്കാതെ, സത്യനിഷേധികൾ പരലോകത്ത് മാത്രമല്ല, ഇഹലോകത്തും ദൗർഭാഗ്യകരമായ പല നാശനഷ്ടങ്ങൾക്കും വിധേയരായേക്കുമെന്ന് മറ്റൊരു താക്കീതുകൂടി നൽകുകയാണ്. താൽക്കാലിക സുഖസൗകര്യങ്ങൾ കണ്ട് അവർ വഞ്ചിതരാകരുതെന്ന് മുന്നറിയിപ്പ് നൽകുന്നു. നേരെ മറിച്ച് സത്യവിശ്വാസികളോട് അവർ തങ്ങളുടെ താൽക്കാലിക വിഷമതകളും, നിസ്സഹായതയും കണ്ടു നിരാശപ്പെടരുത്, ഐഹിക സുഖാഡംബരങ്ങൾ നിലനിൽപില്ലാത്തതാണ്, നാശത്തിലേക്ക് നീങ്ങുവാൻ ശ്രമിച്ചാൽ അവക്ക് നിമിഷങ്ങളേ താമസമുണ്ടാകുകയുള്ളൂ, മനുഷ്യന്റെ ഊക്കും ശക്തിയും അവിടെ ഫലം ചെയ്യുകയില്ല, എന്നിങ്ങനെ ഉപദേശിച്ചുകൊണ്ട് അവരെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

പ്രസ്തുത യാഥാർത്ഥ്യങ്ങളെ ഒരു ഉപമമൂലം വ്യക്തമാക്കിയതാണ് മുകളിൽ നാം കാണുന്നത്. അതായത്, രണ്ടാളുകൾ: ഒരാൾക്ക് സുഖസൗകര്യങ്ങളെല്ലാം തികഞ്ഞിട്ടുണ്ട്. മറ്റേവന് ഒന്നുമില്ല. ആദ്യത്തെവൻ വഞ്ചിതനാകുന്നു, രണ്ടാമത്തെവനെ അവൻ നിസ്സാരനായിക്കാണുന്നു. അഹങ്കാരത്തോടെ അതിരുവിട്ട് പലതും അവൻ അവനോട് പറയുന്നു. അതേസമയത്ത് രണ്ടാമത്തെവൻ അവനെ ഉപദേശിക്കുന്നു: ഇതെല്ലാം കണ്ട് നീ വഞ്ചിതനാകേണ്ടതില്ല, ഞൊടിയിടകൊണ്ട് ഇതൊക്കെ നാശപ്പെട്ടുപോയിക്കൂടെന്നില്ല എന്നൊക്കെ. മറ്റവനത് പരിഹാസ്യമായി ഗണിക്കുന്നു. അതാ, പെട്ടെന്നൊരു പ്രഭാതം! അവനെ അഹങ്കാരഭരിതനാക്കിയ തോട്ടങ്ങളും, ധനവിഭവങ്ങളുമെല്ലാം തകർന്നുതരിപ്പണമായിത്തീർന്നു! അവന്റെ അഹങ്കാരം അതാ, നിൽക്കുന്നു! ആശകൾ നശിക്കുന്നു! ഖേദിച്ചു കൈമലർത്തുന്നു! ഇതാണ് ഉപമയുടെ ചുരുക്കം.

അഹങ്കാരിയായ തോട്ടക്കാരനെപ്പോലെ, മക്കയിലെ ക്വുറൈശി പ്രധാനികളെയും, അവരെപ്പോലെയുള്ള ഇതര ധിക്കാരികളെയും കരുതാം. അബലരും നിർധനരുമായ സത്യവിശ്വാസികളെ, ആ സാധുസഹോദരന്റെ പക്ഷക്കാരായും ഗണിക്കാം. മേൽകണ്ട തോട്ടത്തിന്റെ ചിത്രീകരണം അറബികളെ സംബന്ധിച്ചിടത്തോളം വളരെ അനുയോജ്യമായതാണ്. സിരിയായിലെ മുന്തിരിത്തോട്ടങ്ങൾപോലെയുള്ള രണ്ട് വമ്പിച്ച തോട്ടങ്ങൾ.

ചുറ്റുപാടും ഈത്തപ്പനകൾ തലപൊക്കി നിൽക്കുന്നു. തോട്ടത്തിന്റെ ഏത് ഭാഗത്തും വെള്ളം എത്തിക്കുന്ന തോടുകൾ മദ്ധ്യത്തിലും. ഇരുകരകളിലും, ചാഞ്ചാടിക്കളിച്ചു കൊണ്ടിരിക്കുന്ന കൃഷിപ്പാടങ്ങൾ. ഇതിലപ്പുറം അറബികൾക്കിടയിൽ സുഖൈശ്വര്യങ്ങൾക്കുള്ള ഉപാധികളായി മറ്റെന്താണുള്ളത്?! എന്നാൽ, തോട്ടക്കാരെ മാത്രം ബാധിക്കുന്ന ഒരു ഉപമയല്ല ഇത്. ക്ഷേമൈശ്വര്യങ്ങൾ വേണ്ടത്ര ലഭിച്ച് അഹങ്കാരികളും, ആഡംബരപ്രിയരുമായി മതിമറന്ന് കഴിഞ്ഞുകൂടുന്ന ഏവനെയും താക്കീത് ചെയ്യുന്ന ഒരു ഉദാഹരണമത്രെ ഇത്. ഭൗതിക വസ്തുക്കളുടെയും ഐഹിക ജീവിതത്തിന്റെയും മൊത്തത്തിലുള്ള ഒരു ഉദാഹരണം അടുത്ത വചനത്തിൽ വിവരിക്കുന്നു:-

വിഭാഗം - 6

وَٱضْرِبْ لَهُم مَّثَلَ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ فَأَصْبَحَ هَشِيمًا تَذْرُوهُ ٱلرِّيَٰحُ ۗ

﴾45﴿ (നബിയേ) ഐഹിക ജീവിതത്തിന്റെ ഉപമ അവർക്ക് നീ വിവരിച്ചു കൊടുക്കുക: (അത്) ഒരു വെള്ളം പോലെയാണ്: ആകാശത്തുനിന്ന് നാം അത് (മഴയായി) ഇറക്കുന്നു; എന്നിട്ട്, ഭൂമിയിലെ സസ്യവർഗം അതുമൂലം (തഴച്ചുവളർന്ന്) ഇടതിങ്ങി വരുന്നു; എന്നിട്ട് അത്, കാറ്റുകൾ പാററിക്കളയുന്ന തുരുമ്പായിത്തീരുന്നു.

وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ مُّقْتَدِرًا ﴿٤٥﴾

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

ٱلْمَالُ وَٱلْبَنُونَ زِينَةُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱلْبَٰقِيَٰتُ ٱلصَّٰلِحَٰتُ خَيْرٌ عِندَ رَبِّكَ ثَوَابًا وَخَيْرٌ أَمَلًا ﴿٤٦﴾

﴾46﴿ ധനവും മക്കളും ഐഹിക ജീവിതത്തിന്റെ അലങ്കാരമാകുന്നു.

നല്ലതായ ശാശ്വതകാര്യങ്ങളത്രെ, നിന്റെ റബ്ബിന്റെ അടുക്കൽ പ്രതിഫലത്തിൽ ഗുണമേറിയതും; പ്രത്യാശക്ക് ഗുണമായുള്ളതും.

﴾45﴿ وَاضْرِبْ നീ വിവരിച്ചുകൊടുക്കുക لَهُمْ അവർക്ക് مَثَلَ ഉദാഹരണം, ഉപമ الْحَيَاةِالدُّنْيَا ഐഹിക ജീവിതത്തിന്റെ, ഇഹലോകജീവിതത്തിന്റെ كَمَاءٍ ഒരു വെള്ളം പോലെ أَنْزَلْنَاهُ നാം അത് ഇറക്കി مِنَ السَّمَاءِ ആകാശത്തുനിന്ന് فَاخْتَلَطَ എന്നിട്ട് ഇട തിങ്ങി (തഴച്ചുകൂടി) കലർന്നു بِهِ അതിനാൽ, അതുകൊണ്ട് نَبَاتُ الْأَرْضِ ഭൂമിയിലെ സസ്യങ്ങൾ (സസ്യവർഗം) فَأَصْبَحَ എന്നിട്ട് അതായി هَشِيمًا തുരുമ്പ് تَذْرُوهُ അതിനെ പാറ്റിക്കൊണ്ടിരിക്കും الرِّيَاحُ കാറ്റുകൾ وَكَانَ اللهُ അല്ലാഹു ആകുന്നു عَلَىٰ كُلِّ شَيْءٍ എല്ലാ

കാര്യത്തിനും مُقْتَدِرًا കഴിവുള്ളവൻ ﴾46﴿ الْمَالُ ധനം وَالْبَنُونَ മക്കളും زِينَةُ അലങ്കാരമാണ് الْحَيَاةِ الدُّنْيَا ഐഹിക ജീവിതത്തിന്റെ وَالْبَاقِيَاتُ ശാശ്വതമായവ, നിലനിൽക്കുന്നവ, അവശേഷിക്കുന്നവ (കർമങ്ങൾ) الصَّالِحَاتُ നല്ലതായ خَيْرٌ ഗുണമേറിയതാണ്, നല്ലതാണ്, ഉത്തമമാണ് عِنْدَ رَبِّكَ നിന്റെ റബ്ബിന്റെ അടുക്കൽ ثَوَابًا പ്രതിഫലത്തിൽ وَخَيْرٌ നല്ലതുമാണ് أَمَلًا പ്രത്യാശക്ക്

ഐഹികജീവിതവും അതിലെ സുഖസന്തോഷങ്ങളുമെല്ലാം താൽക്കാലികമത്രെ. ആ നിലക്കുള്ള വിലമാത്രമെ അതിന് കൽപിക്കാവൂ. ധനവും സന്താനങ്ങളും നല്ല മാർഗത്തിൽ ഉപയോഗപ്പെടുത്താത്തപക്ഷം, അതുകൊണ്ട് ഗുണത്തെക്കാളേറെ ദോഷമാണുണ്ടാവുക. സൽക്കർമങ്ങളായി ഈ ലോകത്തുവെച്ച് എന്തുചെയ്യുന്നുവോ അതിന് മാത്രമെ നിലനിൽപും യഥാർത്ഥഫലവും ലഭിക്കുകയുള്ളൂ. ഈ യാഥാർത്ഥ്യങ്ങളെ വ്യക്തമാക്കുന്ന ഒരു ഉപമയാണ് നാം ഈ വചനത്തിൽ കാണുന്നത്. ഹൃദയാകർഷകങ്ങളായ ഭൗതിക കാഴ്ചപ്പാടുകളുടെ ഉള്ളുകള്ളി വേണ്ടതുപോലെ പരിശോധിച്ചാൽ ഈ വാസ്തവം ആർക്കും മനസ്സിലാക്കാം. പ്രപഞ്ചകർത്താവായ സർവശക്തൻ നിശ്ചയിച്ചുവെച്ച സമയം വന്നുകഴിഞ്ഞാൽ പിന്നെ, ഒരു നിമിഷനേരവും അതിന് ശേഷിപ്പില്ല.

وَيَوْمَ نُسَيِّرُ ٱلْجِبَالَ وَتَرَى ٱلْأَرْضَ بَارِزَةً وَحَشَرْنَٰهُمْ فَلَمْ نُغَادِرْ مِنْهُمْ أَحَدًا ﴿٤٧﴾

﴾47﴿ പർവ്വതങ്ങളെ (തൽസ്ഥാനങ്ങളിൽനിന്ന്) നാം ചലിപ്പിക്കുകയും, ഭൂമിയെ വെളിപ്പെട്ടതായി [നഗ്നമായി] നിനക്ക് കാണുമാറാവുകയും അവരെ [മനുഷ്യരെ] നാം ഒരുമിച്ചുകൂട്ടി അവരിൽനിന്ന് ഒരാളെയും വിട്ടുകളയാതിരിക്കുകയും ചെയ്യുന്ന ദിവസം:

وَعُرِضُوا۟ عَلَىٰ رَبِّكَ صَفًّا

﴾48﴿ നിന്റെ രക്ഷിതാവിന്റെ അടുക്കൽ (അന്ന്) അവർ അണിയായി (നിറുത്തി) കാണിക്കപ്പെടുകയും ചെയ്യുന്നതാണ്,

لَّقَدْ جِئْتُمُونَا كَمَا خَلَقْنَٰكُمْ أَوَّلَ مَرَّةٍۭ ۚ بَلْ زَعَمْتُمْ أَلَّن نَّجْعَلَ لَكُم مَّوْعِدًا ﴿٤٨﴾

(നാം അവരോട് പറയും:) ആദ്യപ്രാവശ്യം നാം നിങ്ങളെ സൃഷ്ടിച്ച പ്രകാരം നിങ്ങൾ നമ്മുടെ അടുക്കൽ വന്നിരിക്കുകയാണ്; പക്ഷേ, (ഇങ്ങിനെ) ഒരു നിശ്ചിത സമയം നിങ്ങൾക്ക് നാം ഏർപ്പെടുത്തുന്നതേയല്ല എന്ന് നിങ്ങൾ ജൽപിക്കുകയുണ്ടായി.

وَوُضِعَ ٱلْكِتَٰبُ

﴾49﴿ (ഓരോരുത്തന്റെ കൈയിലും അവന്റെ നന്മ തിന്മകൾ രേഖപ്പെടുത്തിയ) പുസ്തകം വെക്കപ്പെടും;

فَتَرَى ٱلْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ وَيَقُولُونَ يَـٰوَيْلَتَنَا مَالِ هَـٰذَا ٱلْكِتَـٰبِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّآ أَحْصَىٰهَا ۚ

അപ്പോൾ, അതിൽ ഉൾക്കൊള്ളുന്നതിനെ സംബന്ധിച്ച് ഭയവിഹ്വലരായിക്കൊണ്ട് കുറ്റവാളികളെ നിനക്ക് കാണാവുന്നതാണ്. അവർ പറയും: അഹോ! ഞങ്ങളുടെ കഷ്ടം! എന്താണ് ഈ പുസ്തകത്തിന്? ചെറിയതോ വലിയതോ ആയ ഒന്നും തന്നെ ക്ളിപ്തപ്പെടുത്താതെ അത് വിട്ടുകളയുന്നില്ലല്ലോ!

وَوَجَدُوا۟ مَا عَمِلُوا۟ حَاضِرًا ۗ

അവർ എന്ത് പ്രവർത്തിച്ചുവോ അത് (അവരുടെ മുമ്പിൽ) ഹാജറുള്ളതായി അവർ കണ്ടെത്തുന്നതുമാണ്.

وَلَا يَظْلِمُ رَبُّكَ أَحَدًا ﴿٤٩﴾

നിന്റെ റബ്ബ് ആരോടും അനീതി ചെയ്യുകയില്ല.

﴾47﴿ وَيَوْمَ نُسَيِّرُ നാം ചലിപ്പിക്കുന്ന (നീക്കിക്കളയുന്ന) ദിവസം ٱلْجِبَالَ പർവ്വതങ്ങളെ, മലകളെ وَتَرَى നീ കാണുമാറാകുകയും ٱلْأَرْضَ ഭൂമിയെ بَارِزَةً വെളിവായി, നഗ്നമായി (സമനിരപ്പായി തെളിഞ്ഞുകാണുന്ന) وَحَشَرْنَاهُمْ നാം അവരെ ഒരുമിച്ച് കൂട്ടുകയും ചെയ്യും فَلَمْ نُغَادِرْ അപ്പോൾ നാം വിട്ടുകളയുകയില്ല مِنْهُمْ അവരിൽ നിന്ന് أَحَدًا ആരെയും, ഒരാളെയും ﴾48﴿ وَعُرِضُوا അവർ കാണിക്കപ്പെടും, (അവരെ കൊണ്ടുവരും) عَلَىٰ رَبِّكَ നിന്റെ രക്ഷിതാവിന്റെ അടുക്കൽ صَفًّا അണിയായി لَقَدْ جِئْتُمُونَا തീർച്ചയായും നിങ്ങൾ നമ്മുടെ അടുക്കൽ വന്നിരിക്കുന്നു كَمَا خَلَقْنَاكُمْ നാം നിങ്ങളെ സൃഷ്ടിച്ചപോലെ أَوَّلَ مَرَّةٍ ആദ്യപ്രാവശ്യം, ഒന്നാം പ്രാവശ്യം بَلْ പക്ഷേ, എങ്കിലും, എന്നാൽ زَعَمْتُمْ നിങ്ങൾ ജല്പിച്ചു أَلَّن نَّجْعَلَ നാം ഏർപ്പെടുത്തുകയില്ലതന്നെ എന്ന്, നിശ്ചയിക്കുകയില്ലെന്ന് لَكُم നിങ്ങൾക്ക് مَّوْعِدًا ഒരു നിശ്ചിത സമയം (ഹാജറാകുന്ന സമയം) ﴾49﴿ وَوُضِعَ വെക്കപ്പെടുകയും ചെയ്യും ٱلْكِتَابُ പുസ്തകം, ഗ്രന്ഥം فَتَرَى അപ്പോൾ നിനക്ക് കാണാം, നീ കാണും ٱلْمُجْرِمِينَ കുറ്റവാളികളെ مُشْفِقِينَ പേടിച്ചവരായി, ഭയവിഹ്വലരായി مِمَّا فِيهِ അതിൽ ഉള്ളതിനെപറ്റി وَيَقُولُونَ അവർ പറയുകയും ചെയ്യും يَا وَيْلَتَنَا അഹോ! ഞങ്ങളുടെ കഷ്ടമേ, നാശമേ مَا എന്താണ് لِهَٰذَا ٱلْكِتَابِ ഈ പുസ്തകത്തിന് لَا يُغَادِرُ അത് വിട്ടുകളയുന്നില്ല صَغِيرَةً ഒരു ചെറിയ കാര്യവും وَلَا كَبِيرَةً ഒരു വലിയ കാര്യവും (വിട്ടുകളയുന്നില്ല) إِلَّا أَحْصَاهَا അതിനെ ക്ളിപ്തപ്പെടുത്താതെ, കൃത്യമായി രേഖപ്പെടുത്താതെ وَوَجَدُوا അവർ കണ്ടെത്തുകയും ചെയ്യും مَا عَمِلُوا അവർ പ്രവർത്തിച്ചത്, അവർ എന്ത് പ്രവർത്തിച്ചുവോ അത് حَاضِرًا സന്നിഹിതമായി, തയ്യാറായി وَلَا يَظْلِمُ അക്രമം ചെയ്യുകയില്ല അനീതി കാണിക്കയില്ല رَبُّكَ നിന്റെ രക്ഷിതാവ്

أَحَدًا ആരെയും, ഒരാളെയും, ആരോടും

47-ാം വചനത്തിൽ പർവ്വതങ്ങളെ നടത്തുമെന്ന് പറഞ്ഞത്, ലോകാവസാന സമയത്തുണ്ടാകുന്ന അതിഭയങ്കരങ്ങളായ സംഭവ വികാസങ്ങളിൽപെട്ടതാകുന്നു. തുടർന്നു കൊണ്ട് ജനങ്ങളെയെല്ലാം പുനർജീവിപ്പിച്ചു വിചാരണാനിലയത്തിലേക്ക് കൊണ്ടുവരുന്നതും, ഓരോരുത്തരുടെയും നന്മതിന്മകൾ രേഖപ്പെടുത്തപ്പെട്ട ഏടുകൾ അവരവരുടെ കയ്യിൽ നൽകപ്പെടുന്നതും, അല്ലാഹുവിന്റെ തിരുസന്നിധിയിൽ എല്ലാവരും വിചാരണക്ക് കൊണ്ടുവരപ്പെടുന്നതും വിവരിക്കുന്നു. ആ സന്ദർഭത്തിൽ, അവിശ്വാസികളും പാപികളുമായ ആളുകളുടെ വ്യസനവും ഖേദവും അതിരറ്റതായിരിക്കും. ഇവ ഓരോന്നിനെക്കുറിച്ചും തുടർന്നുള്ള സൂറത്തുകളിൽ വിശദമായി വിവരിക്കുന്നുണ്ട്.

ധനം, സ്വാധീനം മുതലായവ ലഭിച്ചതുനിമിത്തം സത്യത്തെ ധിക്കരിച്ചുവരുന്ന അഹങ്കാരികളെപ്പറ്റി വിവരിച്ച ശേഷം, ആഭിജാത്യത്തിന്റെയും വർഗമാഹാത്മ്യത്തിന്റെയും പേരിൽ ദൈവകൽപനയെ ധിക്കരിച്ച ഇബ്‌ലീസിനെക്കുറിച്ച് അടുത്ത വചനത്തിൽ അല്ലാഹു ഓർമപ്പെടുത്തുന്നു. മനുഷ്യന്റെ ജന്മശത്രുവായ അവന്റെ ദുഷ്പ്രേരണകളെ സദാസൂക്ഷിച്ചുകൊള്ളേണ്ടതുണ്ടെന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു:-

വിഭാഗം - 7

وَإِذْ قُلْنَا لِلْمَلَـٰٓئِكَةِ ٱسْجُدُوا۟ لِـَٔادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ كَانَ مِنَ ٱلْجِنِّ فَفَسَقَ عَنْ أَمْرِ رَبِّهِۦٓ ۗ

﴾50﴿ (ഓർക്കുക:) നാം മലക്കുകളോട്: നിങ്ങൾ ആദമിന് സുജൂദ് ചെയ്യുവിൻ (തല കുനിക്കുവിൻ) എന്ന് പറഞ്ഞപ്പോൾ, അവർ സുജൂദ് ചെയ്തു- ഇബ്‌ലീസ് ഒഴികെ; അവൻ ജിന്നുവർഗത്തിൽ പെട്ടവനായിരുന്നു; അതിനാൽ, അവൻ തന്റെ രക്ഷിതാവിന്റെ കൽപനയെ ധിക്കരിച്ചുകളഞ്ഞു.

أَفَتَتَّخِذُونَهُۥ وَذُرِّيَّتَهُۥٓ أَوْلِيَآءَ مِن دُونِى وَهُمْ لَكُمْ عَدُوٌّۢ ۚ

എന്നിരിക്കെ, നിങ്ങൾ എന്നെവിട്ട് അവനെയും, അവന്റെ സന്തതികളെയും കാര്യകർത്താക്കളാക്കുന്നുവോ? അവരാകട്ടെ, നിങ്ങൾക്ക് ശത്രുക്കളുമാണ്!

بِئْسَ لِلظَّـٰلِمِينَ بَدَلًا ﴿٥٠﴾

അക്രമികൾക്ക് (സ്വീകരിക്കുവാൻ) പകരം കിട്ടിയത് വളരെ മോശമത്രെ!

۞ مَّآ أَشْهَدتُّهُمْ خَلْقَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَلَا خَلْقَ أَنفُسِهِمْ

﴾51﴿ ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചതിനാകട്ടെ, അവരെത്തന്നെ സൃഷ്ടിച്ചതിനാകട്ടെ, നാം അവരെ സാക്ഷിയാക്കിയിട്ടില്ല.

وَمَا كُنتُ مُتَّخِذَ ٱلْمُضِلِّينَ عَضُدًا ﴿٥١﴾

വഴിപിഴപ്പിക്കുന്നവരെ ഞാൻ സഹായകരായി സ്വീകരിക്കുന്നവനല്ല തന്നെ.

﴾50﴿ وَإِذْقُلْنَا നാം പറഞ്ഞപ്പോൾ لِلْمَلَائِكَةِ മലക്കുകളോട് اسْجُدُوا നിങ്ങൾ സുജൂദ് ചെയ്യുവിൻ, തലകുനിക്കുവിൻ لِآدَمَ ആദമിന് فَسَجَدُوا അപ്പോൾ അവർ സൂജൂദ് ചെയ്തു إِلَّا إِبْلِيسَ ഇബ്‌ലീസ് ഒഴികെ كَانَ അവനായിരുന്നു مِنَ الْجِنِّ ജിന്നുവർഗത്തിൽ (പെട്ടവൻ) فَفَسَقَ അതിനാൽ അവൻ ധിക്കരിച്ച് عَنْ أَمْرِ കൽപനയെ رَبِّهِ തന്റെ രക്ഷിതാവിന്റെ أَفَتَتَّخِذُونَهُ എന്നിരിക്കെ നിങ്ങൾ അവനെ ആക്കുകയോ? وَذُرِّيَّتَهُ അവന്റെ സന്താനങ്ങളെയും أَوْلِيَاءَ കാര്യകർത്താക്കൾ, ബന്ധുക്കൾ, രക്ഷാധികാരികൾ مِنْ دُونِي എന്നെ വിട്ട്, എനിക്ക് പുറമെ, എന്നെക്കൂടാതെ وَهُمْ അവരാകട്ടെ لَكُمْ നിങ്ങൾക്ക് عَدُوٌّ ശത്രുവാണ് بِئْسَ വളരെ മോശമാകുന്നു لِلظَّالِمِينَ അക്രമികൾക്ക് بَدَلًا പകരം (കിട്ടിയത്) ﴾51﴿ مَا أَشْهَدْتُهُمْ നാം അവരെ സാക്ഷിയാക്കിയിട്ടില്ല, സാക്ഷ്യപ്പെടുത്തിയിട്ടില്ല خَلْقَ السَّمَاوَاتِ ആകാശങ്ങളെ സൃഷ്ടിച്ചതിന് وَالْأَرْضِ ഭൂമിയെയും وَلَا خَلْقَ സൃഷ്ടിച്ചതിനുമില്ല أَنْفُسِهِمْ അവരെത്തന്നെ وَمَا كُنْتُ ഞാനാകുന്നതുമല്ല, ഞാനല്ലതാനും مُتَّخِذَ الْمُضِلِّينَ വഴിപിഴപ്പിക്കുന്നവരെ ആക്കുന്നവൻ (സ്വീകരിക്കുന്നവൻ) عَضُدًا സഹായകന്മാരായി, സഹായമായി

ആദം നബി (അ) നെ സൃഷ്ടിച്ചശേഷം, മനുഷ്യവർഗത്തിന്റെ ഔന്നത്യം സ്ഥാപിക്കുവാനായി അദ്ദേഹത്തിന് തലകുനിച്ച് സുജൂദ് ചെയ്യണമെന്ന് അല്ലാഹു മലക്കുകളോട് കൽപിച്ചു. കൽപന ഇബ്‌ലീസിന് ബാധകമായിരുന്നു. എന്നാൽ, അവന്റെ വർഗീയ ദുരഹങ്കാരം അവനെ വഞ്ചിച്ചു. അഗ്നിയാൽ സൃഷ്ടിക്കപ്പെട്ട ഞാൻ മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ടവന് തല കുനിക്കുകയോ? എന്ന് പറഞ്ഞു അവൻ കൽപന നിരസിച്ചു കളഞ്ഞു; അല്ലാഹുവിന്റെ കോപശാപത്തിന് ഇരയാകുകയും ചെയ്തു. അതോടെ അവൻ മനുഷ്യന്റെ ജന്മശത്രുവായിത്തീർന്നു. മനുഷ്യനാകട്ടെ, ഇതെല്ലാം വിസ്മരിച്ചുകൊണ്ട് അവനെയും, അവന്റെ വർഗക്കാരെയും കാര്യകർത്താക്കളായി സ്വീകരിച്ചുവരുന്നു! അവരുടെ ദുഷ്പ്രേരണകൾക്ക് വശംവദരായി പിഴച്ചുപോവുകയും ചെയ്യുന്നു! മനുഷ്യന്റെ ഈ ദുരവസ്ഥയെക്കുറിച്ചുള്ള ആക്ഷേപവും അത്ഭുതവുമാണ് അല്ലാഹു വെളിപ്പെടുത്തുന്നത്. ഈ സംഭവം ക്വുർആനിൽ പലേടത്തും വിവരിച്ചിട്ടുള്ളതാണ്. സൂറഃ ത്വാഹയിൽ കൂടുതൽ വിവരം കാണാം.

ആകാശഭൂമികളെയോ മറ്റോ സൃഷ്ടിച്ചതിലൊന്നും തന്നെ, പിശാചിനും അവന്റെ സന്തതികൾക്കും യാതൊരു തരത്തിലുള്ള ഇടപെടലും, പങ്കും ഉണ്ടായിട്ടില്ല; ഉണ്ടാകുകയുമില്ല. അങ്ങനെ വല്ല തരത്തിലുള്ള ഒരു പങ്കും അവർക്കുണ്ടായിരുന്നുവെങ്കിൽ, അവരുടെ ദുരുപദേശങ്ങൾക്ക് വിധേയരാകുന്നതിൽ മനുഷ്യന് എന്തെങ്കിലും ന്യായമുണ്ടാകുമായിരുന്നു. എനി, പിശാചിനെ ബന്ധുവും കാര്യകർത്താവുമായി സ്വീകരിക്കുന്നവർക്ക് ലഭിക്കുന്ന ഫലമാകട്ടെ, അതെത്രമാത്രം മോശപ്പെട്ടതായിരിക്കുമെന്ന് താഴെ പറയുന്നതിൽ നിന്ന് മനസ്സിലാക്കാം:-

وَيَوْمَ يَقُولُ نَادُوا۟ شُرَكَآءِىَ ٱلَّذِينَ زَعَمْتُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا۟ لَهُمْ

﴿52﴾ (അല്ലാഹു അക്രമികളോടായി:) നിങ്ങൾ ജൽപിച്ചു കൊണ്ടിരുന്ന എന്റെ പങ്കുകാരെ വിളിച്ചുകൊൾവിൻ എന്ന് പറയുന്ന ദിവസം (ഓർക്കുക)!- അപ്പോൾ അവർ അവരെ വിളി(ച്ചു നോ)ക്കുന്നതാണ്: എന്നാൽ അവർ അവർക്ക് ഉത്തരം നൽകുന്നതല്ല.

وَجَعَلْنَا بَيْنَهُم مَّوْبِقًا ﴿٥٢﴾

നാം (അല്ലാഹു) അവർക്കിടയിൽ ഒരു അപകടസ്ഥലം ഏർപ്പെടുത്തുന്നതുമാണ്.

وَرَءَا ٱلْمُجْرِمُونَ ٱلنَّارَ فَظَنُّوٓا۟ أَنَّهُم مُّوَاقِعُوهَا

﴿53﴾ കുറ്റവാളികൾ നരകത്തെ (നേരിൽ) കാണും, അപ്പോൾ അവർക്ക് വിചാരം വരും (മനസ്സിലാകും): നിശ്ചയമായും തങ്ങൾ അതിൽ അകപ്പെട്ടുപോകുന്നവരാണെന്ന്.

وَلَمْ يَجِدُوا۟ عَنْهَا مَصْرِفًا ﴿٥٣﴾

അതിൽ നിന്ന് തിരിഞ്ഞു പോകുവാനുള്ള ഒരു മാർഗവും അവർ കണ്ടെത്തുന്നതുമല്ല.

﴿52﴾ وَيَوْمَ يَقُولُ അവൻ പറയുന്ന ദിവസം نَادُوا നിങ്ങൾ വിളിക്കുവിൻ شُرَكَايِيَ എന്റെ പങ്കുകാരെ الَّذِينَ زَعَمْتُمْ നിങ്ങൾ ജൽപിച്ചിരുന്നവരായ فَدَعَوْهُمْ അപ്പോൾ അവർ അവരെ വിളിക്കും فَلَمْ يَسْتَجِيبُوا എന്നാൽ അവർ ഉത്തരം നൽകുകയില്ല لَهُمْ അവർക്ക് وَجَعَلْنَا നാം ഏർപ്പെടുത്തുകയും ചെയ്യും, ആക്കുകയും ചെയ്യും بَيْنَهُمْ അവർക്കിടയിൽ مَوْبِقًا ഒരു അപകടസ്ഥലം ﴿53﴾ وَرَأَى الْمُجْرِمُونَ കുറ്റവാളികൾ കാണും النَّارَ നരകം فَظَنُّوا അപ്പോൾ വിചാരം വരും, (അവർക്ക് മനസ്സിലാകും) أَنَّهُمْ مُوَاقِعُوهَا അവർ അതിൽ അകപ്പെടുന്നവരാണെന്ന് وَلَمْ يَجِدُوا അവർ കണ്ടെത്തുകയില്ല, അവർക്ക് കിട്ടുകയില്ല عَنْهَا അതിൽ നിന്ന് مَصْرِفًا തിരിഞ്ഞുപോകുവാനുള്ള സ്ഥലം (മാർഗം)

പരലോകവിശ്വാസവും, നരകശിക്ഷയെക്കുറിച്ചുള്ള ഭയവും ഇല്ലാതിരുന്ന അവർ, നരകം ഇപ്പോൾ കണ്ണിൽ കാണുകയാണ്. അത് യഥാർത്ഥംതന്നെയാണെന്നും, തങ്ങൾക്ക് അതിൽനിന്ന് രക്ഷയില്ലെന്നും അവർക്കിപ്പോൾ ശരിക്കും ബോധ്യമായിരിക്കുന്നു. നിഷേധത്തിന്റെ ലാഞ്ഛനപോലും അവരിൽ ഇല്ലതന്നെ.

വിഭാഗം - 8

وَلَقَدْ صَرَّفْنَا فِى هَـٰذَا ٱلْقُرْءَانِ

﴿54﴾ തീർച്ചയായും, ജനങ്ങൾക്ക്

لِلنَّاسِ مِن كُلِّ مَثَلٍ	**വേണ്ടി എല്ലാ (വക) ഉപമകളെയും ഈ ക്വുർആനിൽ നാം വിവിധ തരത്തിൽ വിവരിച്ചിട്ടുണ്ട്.**
وَكَانَ ٱلْإِنسَـٰنُ أَكْثَرَ شَىْءٍ جَدَلًا ﴿٥٤﴾	**മനുഷ്യൻ, ഏത് വസ്തുവെക്കാളുമധികം തർക്ക (സ്വഭാവ) മുള്ളവനാകുന്നു.**

﴾54﴿ وَلَقَدْ തീർച്ചയായും صَرَّفْنَا നാം വിവിധ രൂപത്തിൽ വിവരിച്ചിരിക്കുന്നു فِي هَٰذَا الْقُرْآنِ ഈ ക്വുർആനിൽ لِلنَّاسِ ജനങ്ങൾക്കുവേണ്ടി مِنْ كُلِّ مَثَلٍ എല്ലാ(വിധ) ഉപമകളിൽ നിന്നും وَكَانَ الْإِنْسَانُ മനുഷ്യൻ ആകുന്നു أَكْثَرَ شَيْءٍ ഏത് വസ്തുവിലും കൂടുതലുള്ളവൻ جَدَلًا തർക്കം (തർക്കസ്വഭാവം, തർക്കവാസന)

ക്വുർആന്റെ വിവരണരീതി ഒരു പ്രത്യേക തരത്തിലുള്ളതാകുന്നു. അതിന്റേതായ ഒരു ശൈലിയും, പ്രതിപാദന രീതിയുമാണ് അതിനുള്ളത്. ശാസ്ത്ര ഗ്രന്ഥങ്ങൾ, സാഹിത്യകൃതികൾ, ചരിത്ര പുസ്തകങ്ങൾ മുതലായവപോലെയുള്ള ഒരു സമ്പ്രദായം അത് സ്വീകരിച്ചിട്ടില്ല. വിഷയങ്ങളെ അടിസ്ഥാനമാക്കി അദ്ധ്യായങ്ങൾ, പർവങ്ങൾ, പംക്തികൾ എന്നിവയൊന്നും നിർണയിക്കുക അതിന് പതിവില്ല. അതിന്റെ വിവരണരീതിയെ സംബന്ധിച്ച് എത്രയോ മഹാന്മാർ നീണ്ടുനീണ്ട ലേഖനങ്ങളും, ഗ്രന്ഥങ്ങളും രചിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ചുരുങ്ങിയ വാചകങ്ങളിൽ അതിന്റെ സാക്ഷാൽ സ്വഭാവം വരഞ്ഞു കാണിക്കുക സാദ്ധ്യമല്ല.

ഉപദേശം, നിർദ്ദേശം, നിയമം, ചരിത്രം, കഥ, ഉപമ, സംഭവം, സുവിശേഷം, താക്കീത്, പ്രകൃതിവർണന, ചിന്താപാഠം, ദൃഷ്ടാന്തം എന്നിങ്ങിനെ പലതും ഇടകലർന്നും, ഒന്നൊന്നിനെതുടർന്നും കാണാം. ഒരേ കാര്യംതന്നെ– ഒരേ സംഭവംതന്നെ– ഒന്നിലധികം സ്ഥലത്ത് ആവർത്തിച്ചാവർത്തിച്ചു വിവരിക്കും. പക്ഷേ, ഓരോ സ്ഥലത്തും മറ്റേ സ്ഥലത്ത് കാണപ്പെടാത്ത സവിശേഷതയോടുകൂടിയായിരിക്കും അത്. ഒരിടത്ത് സംക്ഷിപ്തമാണെങ്കിൽ, വേറൊരിടത്തു സവിസ്തരമായിരിക്കും. സജ്ജനങ്ങളുടെ പുണ്യഫലങ്ങൾ വിവരിക്കുമ്പോൾ ദുർജ്ജനങ്ങളുടെ ദുഷ്ഫലങ്ങളും വിവരിക്കുന്നത് കാണാം. ചെറുതും, വലുതും, സങ്കൽപവും, സംഭവിച്ചതുമായ ഉപമകളും ഇടക്കിടെ സാധാരണമാണ്. നിയമവശങ്ങളെക്കാൾ ധാർമികവശത്തിന്നാണ് കൂടുതൽ പ്രാധാന്യം കാണുക. ചുരുക്കിപറഞ്ഞാൽ, ബുദ്ധിയും ചിന്തയുമുള്ള മനുഷ്യരെ മടുപ്പുതോന്നിക്കാതെയും, മുഷിപ്പിക്കാതെയും ആകർഷിക്കുകയും, ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രത്യേക ശൈലിയാണ് അതിനുള്ളത്.

എന്നാൽ, മനുഷ്യനാകട്ടെ, സ്വഭാവേന താർക്കികനാണ്. വേണ്ടതിനും വേണ്ടാത്തതിനും അവൻ തർക്കം നടത്തും; ബോധ്യംവന്നാലും വിമർശിച്ചുകൊണ്ടിരിക്കും. സമാധാനപൂർവം കാര്യങ്ങൾ ഗ്രഹിക്കുവാൻ അവന് ക്ഷമയുണ്ടാകുകയില്ല. ഇത്യാദി സ്വഭാവങ്ങൾ നിമിത്തം ക്വുർആന്റെ അദ്ധ്യാപനങ്ങളും ഉപദേശങ്ങളും പലപ്പോഴും അവന് ഉപയോഗപ്പെടുത്തുവാൻ കഴിയാതെ പോകുന്നു. സൂറത്ത്– സുമറിലെ ഒരു വചനം ഇവിടെ ശ്രദ്ധേയമാകുന്നു: فَبَشِّرْ عِبَادِ o الَّذِينَ يَسْتَمِعُونَ الْقَوْلَ فَيَتَّبِعُونَ أَحْسَنَهُ أُولَئِكَ الَّذِينَ هَدَاهُمْ

اللّهُ وَأولئكَ هُمْ أولوا الألبَابْ ٥ –سورة الزمر സാരം: 'പറയുന്ന വാക്ക് ശ്രദ്ധിച്ചുകേൾക്കുകയും, എന്നിട്ട്, അതിൽ നല്ലതിനെ പിൻപറ്റി നടക്കുകയും ചെയ്യുന്നവരാകുന്ന എന്റെ അടിയാന്മാർക്ക് സന്തോഷവാർത്ത അറിയിക്കുക: അവരാണ് അല്ലാഹു സന്മാർഗത്തിലാക്കിയിട്ടുള്ളവർ; അവർതന്നെയാണ് ബുദ്ധിമാന്മാരും'.

ഇമാം അഹ്മദ് (റ), ബുഖാരി (റ), മുസ്‌ലിം (റ) എന്നിവർ നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: ഒരു ദിവസം രാത്രി നബി തിരുമേനി ﷺ, അലി (റ)യുടെയും ഫാത്തിമഃ (റ)യുടെയും വാതിൽക്കൽചെന്നു) ഇങ്ങനെ വിളിച്ചു ചോദിക്കുകയുണ്ടായി: നിങ്ങൾ രണ്ടാളും (രാത്രി നമസ്കാരം) നമസ്കരിക്കുന്നില്ലേ? അപ്പോൾ അലി (റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളുടെ ആത്മാക്കൾ അല്ലാഹുവിന്റെ കൈവശമാണല്ലോ. ഞങ്ങൾ എഴുന്നേൽക്കണമെന്ന് അവൻ ഉദ്ദേശിച്ചാൽ ഞങ്ങളെ അവൻ എഴുന്നേൽപിക്കുന്നതാണ്. അലി (റ) പറയുകയാണ്: ഞാനിത് പറഞ്ഞപ്പോൾ തിരുമേനി എന്നോട് മറുപടി ഒന്നും പറയാതെ വിട്ടുപോയ്ക്കളഞ്ഞു. എന്നിട്ട് അവിടുന്ന് തിരിച്ചുപോകുമ്പോൾ, തന്റെ കൈകൊണ്ട് തുടക്ക് കൊട്ടിക്കൊണ്ട് ഇങ്ങിനെ പറയുന്നതായി ഞാൻ കേട്ടു: وكان الانسان أكثر شيء جدلا (മനുഷ്യൻ ഏത് വസ്തുവെക്കാളും തർക്കമുള്ളവനാകുന്നു.)

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓا۟ إِذْ جَآءَهُمُ ٱلْهُدَىٰ وَيَسْتَغْفِرُوا۟ رَبَّهُمْ إِلَّآ أَن تَأْتِيَهُمْ سُنَّةُ ٱلْأَوَّلِينَ أَوْ يَأْتِيَهُمُ ٱلْعَذَابُ قُبُلًا ﴿٥٥﴾

《55》 തങ്ങൾക്ക് സന്മാർഗദർശനം വന്നപ്പോൾ (അതിൽ) വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും ചെയ്യുന്നതിൽനിന്ന് മനുഷ്യരെ തടയുന്നത്, പൂർവികന്മാരുടെ [അവരിൽ കഴിഞ്ഞ ശിക്ഷയുടെ] നടപടികൾ അവർക്ക് വന്നെത്തുകയോ, അല്ലെങ്കിൽ പെട്ടെന്ന് അവർക്ക് ശിക്ഷവരുകയോ വേണമെന്നുള്ളതല്ലാതെ (വേറെ) എന്താണ്?!

وَمَا نُرْسِلُ ٱلْمُرْسَلِينَ إِلَّا مُبَشِّرِينَ وَمُنذِرِينَ ۚ وَيُجَـٰدِلُ ٱلَّذِينَ كَفَرُوا۟ بِٱلْبَـٰطِلِ لِيُدْحِضُوا۟ بِهِ ٱلْحَقَّ ۖ وَٱتَّخَذُوٓا۟ ءَايَـٰتِى وَمَآ أُنذِرُوا۟ هُزُوًا ﴿٥٦﴾

《56》 സുവിശേഷം അറിയിക്കുന്നവരായും, താക്കീത്നൽകുന്നവരായും കൊണ്ടല്ലാതെ മുർസലുകളെ [ദൂതന്മാരെ] നാം അയക്കാറില്ല. മിഥ്യാവാദവുമായി അവിശ്വസിച്ച ആളുകൾ തർക്കിക്കുന്നു.സത്യത്തെ അതുകൊണ്ടവർതകർത്തുകളയുവാൻവേണ്ടി.

എന്റെ ലക്ഷ്യങ്ങളെയും, അവർക്ക് താക്കീത് നൽകപ്പെട്ടിട്ടുള്ളതിനെയും അവർ പരിഹാസ്യമാക്കുകയും ചെയ്തിരിക്കുന്നു!

﴿55﴾ وَمَا مَنَعَ തടയുന്നതെന്താണ്?!, തടയുന്നില്ല النَّاسَ മനുഷ്യരെ أَنْ يُؤْمِنُوا അവർ വിശ്വസിക്കുന്നത് إِذْ جَاءَهُمُ അവർക്ക് വന്നെത്തിയപ്പോൾ الْهُدَىٰ മാർഗദർശനം, സന്മാർഗം وَيَسْتَغْفِرُوا അവർ പാപമോചനം തേടുന്നതും رَبَّهُمْ അവരുടെ രക്ഷിതാവിനോട് إِلَّا أَنْ تَأْتِيَهُمْ അവർക്ക്വന്നെത്തണമെന്നുള്ളതല്ലാതെ سُنَّةُ الْأَوَّلِينَ പൂർവികന്മാരുടെ (മുൻഗാമികളുടെ) നടപടി أَوْ يَأْتِيَهُمُ അല്ലെങ്കിൽ അവർക്ക് വരണമെന്ന് الْعَذَابُ ശിക്ഷ قُبُلًا പെട്ടെന്ന്, അഭിമുഖമായി ﴿56﴾ وَمَا نُرْسِلُ നാം അയക്കാറില്ല الْمُرْسَلِينَ മുർസലുകളെ, ദൂതന്മാരെ إِلَّا مُبَشِّرِينَ സുവിശേഷം (സന്തോഷവാർത്ത) അറിയിക്കുന്നവരായിട്ടല്ലാതെ وَمُنْذِرِينَ താക്കീത് ചെയ്യുന്നവരും وَيُجَادِلُ തർക്കിക്കുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവർ بِالْبَاطِلِ നിരർത്ഥമായതുകൊണ്ട്, മിഥ്യാവാദം കൊണ്ട് لِيُدْحِضُوا അവർ തകർക്കുവാൻ വേണ്ടി, ഉടക്കുവാൻവേണ്ടി بِهِ അതുകൊണ്ട് الْحَقَّ സത്യത്തെ, യഥാർത്ഥത്തെ وَاتَّخَذُوا അവർ ആക്കുകയും ചെയ്തു آيَاتِي എന്റെ ലക്ഷ്യങ്ങളെ وَمَا أُنْذِرُوا അവർക്ക് താക്കീത്നൽകപ്പെട്ടതിനെയും هُزُوًا പരിഹാസ്യം

ആദ്, ഥമൂദ് (عاد، ثمود) മുതലായ സമുദായങ്ങളിൽ അക്രമവും തോന്നിയവാസവും മുഴുത്തപ്പോൾ അവർക്ക് സംഭവിക്കുകയുണ്ടായതുപോലെയുള്ള ശിക്ഷാനടപടികളാണ്, പൂർവികന്മാരുടെ ശിക്ഷാനടപടി (سُنَّةُ الْأَوَّلِينَ) എന്ന് പറഞ്ഞതുകൊണ്ട് ഉദ്ദേശ്യം. നീ സത്യവാനാണെങ്കിൽ, ഞങ്ങൾക്ക് അല്ലാഹുവിന്റെ ശിക്ഷ കൊണ്ടുവരിക! (ائْتِنَا بِعَذَابِ اللَّهِ إِنْ كُنْتَ مِنَ الصَّادِقِينَ- العنكبوت : ٢٩) എന്ന് ലൂത്വ് നബി (അ)യുടെ ജനത അദ്ദേഹത്തോട് പറഞ്ഞുവെങ്കിൽ, ക്വുറൈശികളായ ധിക്കാരികൾ നബി തിരുമേനിﷺയുടെ ക്ഷണം നിരസിച്ചുകൊണ്ട് അല്ലാഹുവിനോട് പറഞ്ഞത് ഇപ്രകാരമായിരുന്നു: അല്ലാഹുവേ! ഈ പറയുന്നതാണ് നിന്റെ പക്കൽനിന്നുള്ള സത്യമെങ്കിൽ, ഞങ്ങളുടെമേൽ നീ ആകാശത്തുനിന്ന് കല്ലുമഴ വർഷിപ്പിച്ചുകൊള്ളുക; അല്ലെങ്കിൽ വേദനയേറിയ ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവരിക!. (اللّهمّ إنْ كانَ هذا هو الْحقّ من عنْدك فأمْطر علَيْنا حجارةً من السَّماء أو ائْتنا بعذاب أليم - الانفال : ٣٢) ഇത്രയും നിഷ്ഠൂരമായ മനഃസ്ഥിതിയായിരുന്നു അവർക്കുണ്ടായിരുന്നത്. ഇതിൽ നിന്ന് മേൽപറഞ്ഞ വചനങ്ങളുടെ താൽപര്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

وَمَنْ أَظْلَمُ مِمَّنْ ذُكِّرَ بِآيَاتِ رَبِّهِۦ فَأَعْرَضَ عَنْهَا وَنَسِيَ مَا قَدَّمَتْ يَدَاهُ ۚ

﴿57﴾ തന്റെ റബ്ബിന്റെ ആയത്തുകൾ [ലക്ഷ്യങ്ങൾ] മുഖേന ഉൽബോധനം നൽകപ്പെട്ടിട്ട് അവയെ വിട്ടുതിരിഞ്ഞുകളയുകയും, തന്റെ കൈകൾ [താൻ] മുമ്പ് ചെയ്തുപോയിട്ടുള്ളതിനെ [ദുഷ്കർമങ്ങളെ] മറന്നുകളയുകയും ചെയ്തവരെക്കാൾ അക്രമി ആരാണുള്ളത്?!

إِنَّا جَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِىٓ ءَاذَانِهِمْ وَقْرًا ۖ

നിശ്ചയമായും, അത് ഗ്രഹിക്കുന്നതിന് (കഴിയാത്തവണ്ണം) അവരുടെ ഹൃദയങ്ങളിൽ ഒരുതരം മൂടികളും, അവരുടെ കാതുകളിൽ ഒരുതരം കട്ടിയും നാം ആക്കിയിരിക്കുകയാണ്.

وَإِن تَدْعُهُمْ إِلَى ٱلْهُدَىٰ فَلَن يَهْتَدُوٓا۟ إِذًا أَبَدًا ﴿٥٧﴾

നീ അവരെ സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നതായാൽ- അങ്ങിനെയിരിക്കെ- ഒരിക്കലും അവർ സന്മാർഗം സ്വീകരിക്കുകയില്ലതന്നെ.

وَرَبُّكَ ٱلْغَفُورُ ذُو ٱلرَّحْمَةِ ۖ لَوْ يُؤَاخِذُهُم بِمَا كَسَبُوا۟ لَعَجَّلَ لَهُمُ ٱلْعَذَابَ ۚ

﴿58﴾ നിന്റെ രക്ഷിതാവ് വളരെ പൊറുക്കുന്നവനാണ്, കരുണയുള്ളവനാണ്. അവർ ചെയ്തുകൂട്ടിയതിന് അവരോട് അവൻ നടപടി എടുക്കുകയായിരുന്നുവെങ്കിൽ, അവർക്ക് അവൻ ശിക്ഷ തൽക്ഷണം തന്നെ കൊടുക്കുമായിരുന്നു.

بَل لَّهُم مَّوْعِدٌ لَّن يَجِدُوا۟ مِن دُونِهِۦ مَوْئِلًا ﴿٥٨﴾

പക്ഷേ, അവർക്കൊരു നിശ്ചിതസമയമുണ്ട്; അതിനെ വിട്ട് യാതൊരു രക്ഷാവലംബവും അവർക്ക് കിട്ടുന്നതേ അല്ല.

وَتِلْكَ ٱلْقُرَىٰٓ أَهْلَكْنَٰهُمْ لَمَّا ظَلَمُوا۟ وَجَعَلْنَا لِمَهْلِكِهِم مَّوْعِدًا ﴿٥٩﴾

﴿59﴾ അതാ (ആ) രാജ്യങ്ങൾ! അവർ [അതിലെ നിവാസികൾ] അക്രമം ചെയ്തപ്പോൾ നാം അവരെ നശിപ്പിച്ചു കളഞ്ഞു. (അതുപോലെ) ഇവരുടെ നാശത്തിനും നാം ഒരു നിശ്ചിതസമയം ഏർപ്പെടുത്തിയിരിക്കുന്നു.

﴿57﴾ وَمَنْ ആരാണ് أَظْلَمُ അധികം അക്രമി مِمَّنْ യാതൊരുവനെക്കാൾ ذُكِّرَ അവന് ഉൽബോധനം ചെയ്യപ്പെട്ടു. ഉപദേശിക്കപ്പെട്ടു بِآيَاتِ ലക്ഷ്യങ്ങളെക്കൊണ്ട്, ലക്ഷ്യങ്ങൾമുഖേന رَبِّهِ തന്റെ രക്ഷിതാവിന്റെ فَأَعْرَضَ എന്നിട്ട് അവൻ തിരിഞ്ഞുകളഞ്ഞു عَنْهَا അതിൽനിന്ന് وَنَسِيَ അവൻ മറക്കുകയും ചെയ്തു مَا قَدَّمَتْ മുമ്പ്ചെയ്തത് يَدَاهُ അവന്റെ കരങ്ങൾ, കൈകൾ (അവൻ) إِنَّا جَعَلْنَا നിശ്ചയമായും നാം ആക്കിയിരിക്കുന്നു عَلَىٰ قُلُوبِهِمْ അവരുടെ ഹൃദയങ്ങളിൽ, ഹൃദയങ്ങൾക്കുമീതെ أَكِنَّةً ഒരുതരം മൂടികളെ أَنْ يَفْقَهُوهُ അതിനെ ഗ്രഹിക്കുന്നതിന് (ഗ്രഹിക്കുവാൻ കഴിയാതെ) وَفِي آذَانِهِمْ അവരുടെ കാതുക

إِلَى الْهُدَىٰ സന്മാർഗത്തിലേക്ക് وَإِن تَدْعُهُمْ നീ അവരെ വിളിക്കുന്നതായാൽ وَقْرًا ഒരുതരം കട്ടിയെ ളിലും
സന്മാർഗത്തിലേക്ക് فَلَن يَهْتَدُوا എന്നാൽ അവർ സന്മാർഗം സ്വീകരിക്കുകയില്ല, പ്രാപി
ക്കുകയില്ല إِذًا അങ്ങിനെയിരിക്കെ, ആകയാൽ أَبَدًا ഒരിക്കലും, ഒരുകാര്യവും ﴾58﴿
وَرَبُّكَ നിന്റെ രക്ഷിതാവ് الْغَفُورُ വളരെ പൊറുക്കുന്നവനാണ് ذُو الرَّحْمَةِ കാരുണ്യമുള്ള
വനാണ് لَوْ يُؤَاخِذُهُم അവൻ പിടികൂടുകയായാണെങ്കിൽ (നടപടിയെടുക്കുകയായാണെങ്കിൽ)
അവരെ, അവരോട് بِمَا كَسَبُوا അവർ ചെയ്തുകൂട്ടിയതുകൊണ്ട്, സമ്പാദിച്ചുണ്ടാക്കിയ
തുകൊണ്ട് لَعَجَّلَ അവൻ തൽക്ഷണം നൽകുമായിരുന്നു, ധൃതിയായി കൊടുക്കുമായി
രുന്നു لَهُمُ അവർക്ക് الْعَذَابَ ശിക്ഷയെ بَل പക്ഷേ, എങ്കിലും لَّهُم അവർക്കുണ്ട് مَّوْعِدٌ ഒരു
നിശ്ചിതസമയം لَّن يَجِدُوا അവർക്ക് കിട്ടുന്നതേയല്ല مِن دُونِهِ അതിനെവിട്ട്, അത്കൂടാതെ
مَوْئِلًا ഒരു രക്ഷാവലംബവും ﴾59﴿ وَتِلْكَ അതാ الْقُرَىٰ (ആ) രാജ്യങ്ങൾ أَهْلَكْنَاهُمْ
നാം സംഹരിപ്പിച്ചു هُمْ അവരെ (ആ രാജ്യക്കാരെ) لَمَّا ظَلَمُوا അവർ അക്രമം ചെയ്തപ്പോൾ
وَجَعَلْنَا നാം ആക്കുകയും ചെയ്തു, ഏർപ്പെടുത്തുകയും ചെയ്തു لِمَهْلِكِهِم അവ
രുടെ നശീകരണത്തിന്, നാശസമയത്തിന് مَّوْعِدًا ഒരു നിശ്ചിതസമയം, ഒരു നിശ്ചയം

ആദ്, ഥമൂദ് മുതലായ ഗോത്രങ്ങളുടെ വാസസ്ഥലങ്ങളും അവയെ നാമാവശേഷമാക്കിക്കളഞ്ഞ വമ്പിച്ച ശിക്ഷകളുടെ അവശിഷ്ടങ്ങളും അറബികൾക്ക് ഏറെക്കുറെ കണ്ടറിയുവാൻ കഴിയുന്നതാകുന്നു. അതുകൊണ്ടാണ് അവയെ ചൂണ്ടിക്കാട്ടിക്കൊണ്ട് അവരെ താക്കീത് ചെയ്യുന്നത്. അവിശ്വാസികളുടെ നിഷേധവും, ധിക്കാരവും അതിരുകവിഞ്ഞിരിക്കയാണ്. ചിന്തക്ക് പകരം പരിഹാസം, ബുദ്ധിക്ക് പകരം മർക്കടമുഷ്ടി, ഇതാണവരിൽ പ്രകടമാകുന്നത്. അവരുടെ ഹൃദയങ്ങൾ കല്ലുപോലെ ഉറച്ചു നിർജ്ജീവമായിരിക്കുകയാണ്. സത്യോപദേശത്തിന് അതിലേക്ക് പ്രവേശനമില്ലാതായിരിക്കുന്നു. അതൊന്ന് ശ്രദ്ധിച്ചുകേൾക്കുവാൻ പോലും അവർ തയ്യാറല്ല. കാതിൽ എന്തോ ഒരു കട്ടി നിറഞ്ഞു കേൾവി നഷ്ടപ്പെട്ടപോലെയാണുള്ളത്. നിർഭാഗ്യകരമായ ഈ നിലപാടിൽ അല്ലാഹു അവരെ തൽക്കാലം സ്വതന്ത്രമാക്കി വിട്ടിരിക്കയാണ്. പെട്ടെന്നുള്ളതും, അതിദാരുണവുമായ ശിക്ഷക്ക് അവർ തികച്ചും അർഹതയുള്ളവർ തന്നെ. എങ്കിലും കാരുണ്യവാനായ അല്ലാഹു ഈ ലോകത്തുള്ള അവന്റെ നിയമനടപടിയനുസരിച്ച് അവർക്ക് തൽക്കാലം ഒഴിവ് നൽകിയിരിക്കുകയാണ്. പ്രവർത്തനങ്ങളുടെ, യഥാർത്ഥവും കൃത്യവുമായ പ്രതിഫലം നൽകപ്പെടുന്നതിന് ഒരു നിശ്ചിത സമയമുണ്ട്. അത് വന്നുകഴിഞ്ഞാൽ പിന്നെ യാതൊരു ഒഴിവും ആർക്കും തന്നെ അനുവദിക്കപ്പെടുകയില്ല.

ഒരു ചോദ്യം ഇവിടെ ഉത്ഭവിക്കുവാൻ അവകാശമുണ്ട്. ധാർമികബോധമുള്ള ആളുകൾക്ക് ഈ ലോകത്ത് മിക്കവാറും കഷ്ടപ്പാടും, പലവിധ ദുരിതങ്ങളും ആണല്ലോ അനുഭവം. നേരെമറിച്ച് അവിശ്വാസികളും, അക്രമികളുമായ ജനങ്ങൾക്ക് സുഖസന്തോഷങ്ങളും! എന്താണിത്? എന്നാൽ, നല്ലതെന്നോ, ഭാഗ്യമെന്നോ നാം അനുമാനിക്കുന്ന എത്രയോ കാര്യങ്ങൾ ചീത്തയും, ദൗർഭാഗ്യകരവും ആയിരുന്നുവെന്ന് പിന്നീട് നമുക്ക് പ്രത്യക്ഷപ്പെടാറുണ്ട്. അപ്പോഴാണ്, നമ്മുടെ ആദ്യത്തെ അനുമാനങ്ങൾ തെറ്റായിരുന്നുവെന്ന് നമുക്ക് ബോധ്യപ്പെടുക. കാര്യങ്ങളുടെ ബാഹ്യാവസ്ഥയെ അടിസ്ഥാനപ്പെടുത്തി ജീവിക്കുവാനേ നമുക്കിവിടെ നിർവ്വാഹമുള്ളൂവെന്നത് വാസ്തവമാണ്. പക്ഷേ, ബാഹ്യവും യാഥാർത്ഥ്യവും– രഹസ്യവും പരസ്യവും– തമ്മിൽ പലപ്പോഴും വൈരുദ്ധ്യ

മുണ്ടാവാറുണ്ടെന്ന് നാം ഓർക്കേണ്ടതുണ്ട്. അതുകൊണ്ടാണ് താഴെ വിവരിക്കുന്ന സംഭവത്തിൽ മൂസാ നബി (അ) ന് അദ്ദേഹം സമ്മതിച്ച നിബന്ധനകൾക്കെതിരായി- ചോദ്യം ചെയ്യേണ്ടിവന്നത്. സംഗതികളുടെ പരമാർത്ഥം തുറന്നുകാണുമ്പോഴേ, അവയെ സംബന്ധിച്ച അവസാനത്തെതും, ഏറ്റവും ശരിയായതുമായ തീരുമാനം കൽപിക്കുവാൻ സാധ്യമാവുകയുള്ളൂ. ഈ പറഞ്ഞതിനുദാഹരണമായെടുക്കുവാൻ ഒരു സംഭവ കഥയാണ് തുടർന്നുള്ള ആയത്തുകളിൽ കാണുന്നത്.

മൂസാനബി (അ)യുടെയും ഖിദ്വ്ർ നബി (അ)യുടെയും കഥ

(موسى و الخضر عليهما السلام)

ആയത്തുകളിൽ പ്രവേശിക്കും മുമ്പായി കഥയുടെ ഒരു സംക്ഷിപ്തരൂപം മുൻകൂട്ടി അറിയുന്നത് നന്നായിരിക്കും. ഇമാം ബുഖാരി (റ), മുസ്‌ലിം (റ) മുതലായവർ അവരുടെ ഹദീഥ് ഗ്രന്ഥങ്ങളിൽ ഈ കഥ പല മാർഗങ്ങളിൽകൂടി ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നാം ഇവിടെ അത് വിവരിക്കുന്നത്:-

ഇസ്റാഈല്യരിലെ പ്രവാചകനായ മൂസാനബി (അ) ഒരിക്കൽ ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരിക്കെ, ഒരാൾ അദ്ദേഹത്തോട് ഇങ്ങിനെ ചോദിക്കുകയുണ്ടായി: താങ്കളെക്കാൾ അറിവുള്ള മറ്റു വല്ലവരെയും താങ്കൾക്കറിയാമോ? അദ്ദേഹം ഉത്തരം പറഞ്ഞത് 'ഇല്ല' എന്നായിരുന്നു. അല്ലാഹുവിനറിയാം (الله اعلم) എന്ന് പറയുകയുണ്ടായില്ല. (അദ്ദേഹത്തിന്റെ നിലപാടിന് യോജിച്ചത് അതായിരുന്നു.) ഇതിനെത്തുടർന്നു: ഉണ്ട്- എന്റെ ഒരു അടിയാൻ നിന്നെക്കാൾ അറിവുള്ളവനുണ്ട്- രണ്ട് സമുദ്രങ്ങൾ കൂടിച്ചേരുന്ന സ്ഥലത്തുവെച്ച് അദ്ദേഹത്തെ കാണാം. എന്ന് അല്ലാഹു മൂസാ നബി (അ) ന് വഹ്‌യ് നൽകി. ഒരു മത്സ്യം കൂടെ കൊണ്ടുപോകണമെന്നും അത് കാണാതാവുന്ന സ്ഥലത്ത് അദ്ദേഹം ഉണ്ടായിരിക്കുമെന്നും അറിയിച്ചു. ഒരു ചത്ത മത്സ്യവുമായി പോകണം, അതിന് ജീവനുണ്ടാകുന്നിടത്തുവെച്ചാണ് അദ്ദേഹത്തെ കാണുക എന്നിങ്ങിനെയാണ് ഹദീഥിന്റെ ചില നിവേദനങ്ങളിൽ കാണുന്നത്.

അങ്ങനെ, മൂസാ നബി (അ) തന്റെ വാലിയക്കാരനായ യൂശഉം (يُوشَع بن نون - ع) കൂടി യാത്രയായി. അവർ ഒരു പാറക്കല്ലിനടുത്തെത്തി അവിടെ വിശ്രമിക്കുകയുണ്ടായി. ഈ അവസരത്തിൽ മത്സ്യം സമുദ്രത്തിൽ ചാടിപ്പോയി. യൂശഅ് നബി (അ) അത് അറിഞ്ഞിരുന്നുവെങ്കിലും, മൂസാനബി (അ) ഉണർന്നശേഷം അദ്ദേഹത്തെ അത് അറിയിക്കുവാൻ മറന്നുപോയി. പിന്നീട് കുറെ നടന്നു ക്ഷീണിച്ച മൂസാനബി (അ) ഭക്ഷണസാധനം ആവശ്യപ്പെട്ടു. അപ്പോഴാണ് യൂശഅ് (അ) മത്സ്യത്തിന്റെ കാര്യം ഓർമിച്ചത്. അവർ പിന്നോക്കം മടങ്ങിപോന്നു. മത്സ്യം പോയ സ്ഥലത്തെത്തി. അവിടെവെച്ച് ഒരാളെ കണ്ടുമുട്ടി. മൂസാ നബി (അ) അദ്ദേഹത്തിന് സലാം പറഞ്ഞു. ഇന്നാട്ടിലെവിടെയാണ് സലാം (ശാന്തി)? എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം, നിങ്ങൾ ആരാണെന്ന് അന്വേഷിച്ചു. മൂസാ നബി (അ) പേരും ഗോത്രവും പറഞ്ഞറിയിച്ചശേഷം ഇങ്ങിനെ ചോദിച്ചു: നിങ്ങളുടെ അറിവിൽനിന്ന് എനിക്ക് പഠിപ്പിച്ചു തരുവാനായി ഞാൻ നിങ്ങളുടെ ഒന്നിച്ച് വരട്ടെയോ? അദ്ദേഹം മറുപടി പറഞ്ഞു: നിങ്ങൾക്ക് തൗറാത്ത് ലഭിച്ചിട്ടുണ്ട്, വഹ്‌യും വരാറുണ്ട്,

ഏതായാലും എനിക്ക് ചില അറിവുകളുണ്ടായിരിക്കും, അത് താങ്കൾക്ക് ഉണ്ടായിരിക്കുകയില്ല. നേരെമറിച്ചും ഉണ്ടാകാം. എന്നാൽ, താങ്കൾ എന്റെ ഒന്നിച്ച് കൂടുന്നപക്ഷം, ഏത് കാര്യത്തെക്കുറിച്ചും ഞാൻ വിവരിച്ചു തരുന്നതുവരെ, എന്നോട് താങ്കൾ ചോദ്യം ചെയ്യരുത്. മൂസാ (അ) ഈ നിബന്ധന സമ്മതിച്ചു. ബാക്കി ഭാഗം ആയത്തുകളിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്:-

വിഭാഗം - 9

وَإِذْ قَالَ مُوسَىٰ لِفَتَىٰهُ لَآ أَبْرَحُ حَتَّىٰٓ أَبْلُغَ مَجْمَعَ ٱلْبَحْرَيْنِ أَوْ أَمْضِىَ حُقُبًا ﴿٦٠﴾

﴾60﴿ മൂസാ തന്റെ വാലിയക്കാരനോട്; രണ്ടു സമുദ്രങ്ങൾ കൂടിച്ചേരുന്ന സ്ഥലത്ത് എത്തിച്ചേരുകയോ, അല്ലെങ്കിൽ ദീർഘകാലം നടക്കുകയോ ചെയ്യുന്നതുവരെ ഞാൻ (ഈ) യാത്ര തുടർന്നുകൊണ്ടിരിക്കും. എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക).

فَلَمَّا بَلَغَا مَجْمَعَ بَيْنِهِمَا نَسِيَا حُوتَهُمَا

﴾61﴿ അങ്ങിനെ, അത് രണ്ടും തമ്മിൽ കൂടിച്ചേരുന്ന സ്ഥലത്ത് എത്തിയപ്പോൾ, അവർ തങ്ങളുടെ മത്സ്യത്തെ (അതിന്റെ കാര്യം) മറന്നുപോയി.

فَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ سَرَبًا ﴿٦١﴾

എന്നിട്ട് അത് സമുദ്രത്തിൽ (ചാടി) അതുപോയവഴി ഒരു തുരങ്കം (പോലെ) ആക്കിത്തീർത്തു.

﴾60﴿ وَإِذْقَالَ പറഞ്ഞപ്പോൾ مُوسَىٰ മൂസാ (നബി) لِفَتَاهُ തന്റെ വാലിയക്കാരനോട്, ഭൃത്യനോട് لَاأَبْرَحُ ഞാൻ വിരമിക്കയില്ല, തുടർന്നുകൊണ്ടിരിക്കും حَتَّىٰٓأَبْلُغَ ഞാൻ എത്തുവോളം مَجْمَعَ الْبَحْرَيْنِ രണ്ടു സമുദ്രങ്ങൾ കൂടിച്ചേരുന്നിടത്ത് أَوْأَمْضِيَ അല്ലെങ്കിൽ ഞാൻ നടക്കും حُقُبًا ദീർഘകാലം ﴾61﴿ فَلَمَّا بَلَغَا അങ്ങനെ രണ്ടാളും എത്തിയപ്പോൾ مَجْمَعَ بَيْنِهِمَا അത് രണ്ടും തമ്മിൽ കൂടിച്ചേരുന്ന സ്ഥലത്ത് نَسِيَا അവർ (രണ്ടാളും) മറന്ന് حُوتَهُمَا അവരുടെ മൽസ്യം فَاتَّخَذَ എന്നിട്ട് അത് ആക്കി, ഉണ്ടാക്കി سَبِيلَهُ അതിന്റെ വഴി, അതുപോയ മാർഗം فِي الْبَحْرِ സമുദ്രത്തിൽ سَرَبًا ഒരു തുരങ്കം, മാളം (പോലെ)

രണ്ട് സമുദ്രങ്ങൾ ഏതാണെന്നും, അവ കൂടിച്ചേരുന്ന സ്ഥലം ഏതാണെന്നുമുള്ളതിനെപറ്റി ഒരു ഉറച്ച തീരുമാനം എടുക്കത്തക്കവണ്ണം ക്വുർആനിലൊ ഹദീഥിലോ വ്യക്തമായി ഒന്നും പറയുന്നില്ല. പലരും പല അഭിപ്രായങ്ങൾ പ്രസ്താവിച്ചു കാണുന്നുണ്ട്. ടാഞ്ചീറി (طنجة) ൽ ആണെന്നും, *(*)* ആഫ്രിക്കയിൽ ആണെന്നും മറ്റും അഭിപ്രായ

(*) പടം 7 -ൽ നോക്കുക

ങ്ങൾ കാണാം. ചെങ്കടലിന്റെ രണ്ട് ശാഖകളായ അകബഃ ഉൾക്കടലും, സൂയസ് ഉൾക്കടലും കൂടിച്ചേരുന്ന സ്ഥലമായ ഐലഃ (الايلة) യിലാണെന്ന അഭിപ്രായമാണ് കൂടുതൽ ന്യായമായിക്കാണുന്നത്. ഈ രണ്ട് ഉൾക്കടലുകൾക്കിടയിലാണ് ഇസ്റാഈല്യരുടെ വളരെക്കാലത്തെ വാസസ്ഥലമായിരുന്ന സീനാ താഴ്വര. സീനാ താഴ്വരയും ഔറേബ് വനാന്തരങ്ങളുമെല്ലാം സ്ഥിതി ചെയ്യുന്നതും ആ പരിസരങ്ങളിലാണെന്ന് ഭൂപടം നോക്കിയാൽ മനസ്സിലാകുന്നതാണ്. *(*)* മൂസാ നബി (അ) ക്ക് തൗറാത്ത് ലഭിച്ചതും അക്കാലത്താണല്ലോ.

فَلَمَّا جَاوَزَا قَالَ لِفَتَىٰهُ ءَاتِنَا غَدَآءَنَا لَقَدْ لَقِينَا مِن سَفَرِنَا هَٰذَا نَصَبًا ﴿٦٢﴾

﴾62﴿ അങ്ങനെ, രണ്ടുപേരും കടന്നുപോയാറെ, അദ്ദേഹം [മൂസാ] തന്റെ വാലിയക്കാരനോട് പറഞ്ഞു: നമ്മുടെ പ്രാതൽ [ഭക്ഷണം] കൊണ്ടുവാ; നമ്മുടെ ഈ യാത്ര നിമിത്തം നാം [വളരെ] ക്ഷീണത്തെ അഭിമുഖീകരിച്ചിരിക്കുന്നു!

قَالَ أَرَءَيْتَ إِذْ أَوَيْنَآ إِلَى ٱلصَّخْرَةِ فَإِنِّى نَسِيتُ ٱلْحُوتَ وَمَآ أَنسَىٰنِيهُ إِلَّا ٱلشَّيْطَٰنُ أَنْ أَذْكُرَهُۥ ۚ

﴾63﴿ അവൻ പറഞ്ഞു: കണ്ടുവോ! നാം, [ആ] പാറക്കല്ലിങ്കലേക്ക് ചെന്നു കൂടിയപ്പോൾ, നിശ്ചയമായും, ഞാൻ മത്സ്യത്തെപറ്റി മറന്നുപോയി. അത് ഉണർത്തുവാൻ എന്നെ മറപ്പിച്ചത് പിശാചല്ലാതെ (മറ്റൊന്നും) അല്ല.

وَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ عَجَبًا ﴿٦٣﴾

അത് [മത്സ്യം] സമുദ്രത്തിൽ അതിന്റെ മാർഗത്തെ ഒരു ആശ്ചര്യമാക്കുകയും ചെയ്തിരിക്കുന്നു.

قَالَ ذَٰلِكَ مَا كُنَّا نَبْغِ ۚ

﴾64﴿ അദ്ദേഹം പറഞ്ഞു: അതുതന്നെയാണ് നാം തേടിക്കൊണ്ടിരിക്കുന്നത്.

فَٱرْتَدَّا عَلَىٰٓ ءَاثَارِهِمَا قَصَصًا ﴿٦٤﴾

ഉടനെ, രണ്ടാളും തങ്ങളുടെ കാൽപാടുകളെ നോക്കിക്കൊണ്ട് മടങ്ങി.

﴾62﴿ فَلَمَّا جَاوَزَا രണ്ടാളും വിട്ടുപോയാറെ, (പോയപ്പോൾ) قَالَ അദ്ദേഹം പറഞ്ഞു لِفَتَاهُ തന്റെ വാലിയക്കാരനോട് آتِنَا നമുക്ക് കൊണ്ടുവാ غَدَاءَنَا നമ്മുടെ പ്രാതൽ, ഭക്ഷണം لَقَدْ لَقِينَا തീർച്ചയായും നാം അഭിമുഖീകരിച്ചിരിക്കുന്നു (അനുഭവിച്ചു) കണ്ടു مِنْ سَفَرِنَا നമ്മുടെയാത്ര നിമിത്തം هَٰذَا ഈ (യാത്ര) نَصَبًا ക്ഷീണം, ബുദ്ധിമുട്ട് ﴾63﴿

(*) പടം 4 നോക്കുക

إِلَى الصَّخْرَةِ അദ്ദേഹം പറഞ്ഞു أَرَأَيْتَ കണ്ടുവോ إِذْأَوَيْنَا നാം ചെന്നെത്തിയപ്പോൾ قَالَ
(ആ) പാറക്കല്ലിങ്കലേക്ക് فَإِنِّي അപ്പോൾ ഞാൻ نَسِيتُ ഞാൻ മറന്നു الْحُوتَ മത്സ്യത്തെ,
أَنْ أَذْكُرَهُ മത്സ്യത്തെപറ്റി وَمَا أَنْسَانِيهُ അത് എന്നെ മറപ്പിച്ചിട്ടില്ല إِلا الشَّيْطَانُ പിശാചല്ലാതെ
ഞാൻ അത് പറയുവാൻ, ഉണർത്തുവാൻ وَاتَّخَذَ അത് ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു
سَبِيلَهُ അതിന്റെ (അതുപോയ) മാർഗം فِي الْبَحْرِ സമുദ്രത്തിൽ عَجَبًا ഒരു ആശ്ചര്യം, ആശ്ച
ര്യകരം ﴾64﴿ قَالَ അദ്ദേഹം പറഞ്ഞു ذَلِكَ അത്, അതാണ് مَا كُنَّا നാം ആയിരുന്നത് نَبْغِ
നാം തേടിക്കൊണ്ട് فَارْتَدَّا അങ്ങനെ രണ്ടാളും മടങ്ങി عَلَى آثَارِهِمَا അവരുടെ കാൽപാടു
കളെ قَصَصًا അന്വേഷിച്ചു (നോക്കി)ക്കൊണ്ട്

മുമ്പ് പറഞ്ഞത്പോലെ, മത്സ്യത്തെ കാണാതാകുന്ന സ്ഥലത്താണല്ലോ അവർ തേടി പോകുന്ന ആൾ ഉണ്ടായിരിക്കുക. അവർ പാറക്കല്ലിന്നടുത്ത് തിരിച്ചുവന്നപ്പോൾ, മത്സ്യം സമുദ്രത്തിൽ ചാടിപ്പോയ മാർഗം ഒരു തുരങ്കംപോലെ അവശേഷിച്ചതുകണ്ട് ആശ്ചര്യപ്പെട്ടു.

فَوَجَدَا عَبْدًا مِّنْ عِبَادِنَا

﴾65﴿ അപ്പോൾ, നമ്മുടെ അടിയാന്മാരിൽ ഒരു അടിയാനെ അവർ കണ്ടെത്തി;

ءَاتَيْنَهُ رَحْمَةً مِّنْ عِندِنَا وَعَلَّمْنَهُ مِن لَّدُنَّا عِلْمًا ﴿٦٥﴾

നമ്മുടെ പക്കൽനിന്നുള്ള ഒരു (മഹത്തായ) കാരുണ്യം നാം അദ്ദേഹത്തിന് നൽകിയിരിക്കുന്നു; നമ്മുടെ അടുക്കൽ നിന്നുതന്നെയുള്ള ഒരു (പ്രത്യേക) ജ്ഞാനം നാം അദ്ദേഹത്തിന്ന് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. (അങ്ങിനെയുള്ള ഒരു അടിയാനെ).

قَالَ لَهُۥ مُوسَىٰ هَلْ أَتَّبِعُكَ عَلَىٰٓ أَن تُعَلِّمَنِ مِمَّا عُلِّمْتَ رُشْدًا ﴿٦٦﴾

﴾66﴿ മൂസാ അദ്ദേഹത്തോട് പറഞ്ഞു: സന്മാർഗജ്ഞാനമായി താങ്കൾക്ക് പഠിപ്പിക്കപ്പെട്ടിട്ടുള്ളതിൽ നിന്നും താങ്കൾ എനിക്ക് പഠിപ്പിച്ചുതരുമെന്നതിന്റെ മേൽ [പ്രസ്തുത നിശ്ചയത്തോടെ] ഞാൻ താങ്കളെ അനുഗമിക്കട്ടെയോ?

﴾65﴿ فَوَجَدَا അപ്പോൾ അവർ കണ്ടെത്തി عَبْدًا ഒരു അടിയാനെ مِنْ عِبَادِنَا നമ്മുടെ
അടിയാന്മാരിൽപെട്ട آتَيْنَاهُ നാം അദ്ദേഹത്തിന്കൊടുത്തിരിക്കുന്നു رَحْمَةً ഒരു കാരുണ്യം,
അനുഗ്രഹം مِنْ عِنْدِنَا നമ്മുടെ പക്കൽ നിന്ന് وَعَلَّمْنَاهُ അദ്ദേഹത്തിന് നാം പഠിപ്പിക്കു

عِلْمًا നമ്മുടെ വക عِلْمًا നമ്മുടെ അടുക്കൽനിന്ന് (തന്നെ) مِن لَّدُنَّا കയും ചെയ്തിരിക്കുന്നു
هَلْ أَتَّبِعُكَ മൂസാ مُوسَىٰ അദ്ദേഹത്തോട് പറഞ്ഞു قَالَ لَهُ ﴾66﴿ ഒരു അറിവ്, ജ്ഞാനം
ഞാൻ താങ്കളെ പിന്തുടരട്ടെയോ, അനുഗമിക്കട്ടെയോ عَلَىٰٓ أَن تُعَلِّمَنِ താങ്കൾ എനിക്ക് പഠി
പ്പിച്ചുതരുമെന്നതിന്റെ പേരിൽ (നിശ്ചയത്തിന്മേൽ) مِمَّا عُلِّمْتَ താങ്കൾക്ക് പഠിപ്പിക്കപ്പെട്ട
തിൽ നിന്ന് رُشْدًا നേർമാർഗജ്ഞാനമായി, നേർമാർഗമായി, സന്മാർഗമായി

നമ്മുടെ അടിയാൻ എന്ന് പറഞ്ഞത് ഖിദ്ര്‍ നബി (അ) നെ ഉദ്ദേശിച്ചാണെന്ന് മുകളിൽ പ്രസ്താവിച്ച ഹദീഥിൽ നിന്ന് വ്യക്തമാണ്. ഖിദ്ര്‍ (അ) ഒരു നബി (പ്രവാചകൻ) ആയിരുന്നുവെന്ന് ഖണ്ഡിതമായി പ്രസ്താവിക്കത്തക്കവണ്ണമുള്ള ലക്ഷ്യമൊന്നും നമുക്ക് കിട്ടിയിട്ടില്ല. എങ്കിലും, അദ്ദേഹത്തെ സംബന്ധിച്ച് ഖുർആൻ പ്രസ്താവിക്കുന്നതിൽ നിന്ന് അദ്ദേഹം ഒരു നബിയായിരിക്കണമെന്നുതന്നെയാണ് മനസ്സിലാക്കുന്നത്. ഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായവും അതാകുന്നു. عَبْدًا مِّنْ عِبَادِنَا (നമ്മുടെ അടിയാന്മാരിൽപെട്ട ഒരു അടിയാൻ) എന്നും, وَعَلَّمْنَاهُ مِن لَّدُنَّا عِلْمًا(നമ്മുടെ അടുക്കൽനിന്ന് നാം അദ്ദേഹത്തിന് ഒരു പ്രത്യേകജ്ഞാനം പഠിപ്പിച്ചിരിക്കുന്നു) എന്നും അല്ലാഹു അദ്ദേഹത്തെപറ്റി പറയുന്നു. ഇതൊന്നും ഞാൻ എന്റെ അഭിപ്രായത്തിന് ചെയ്തതല്ല എന്ന് അദ്ദേഹം മൂസാ നബി (അ) നോട് പറഞ്ഞതായി 82-ാം വചനത്തിലും കാണാം. ഇതിൽനിന്നെല്ലാം അദ്ദേഹം ഒരു പ്രവാചകനാണെന്നത്രെ വ്യക്തമാകുന്നത്.

قَالَ إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا ﴿٦٧﴾

﴾67﴿ അദ്ദേഹം [ഖിദ്ര്‍] പറഞ്ഞു: നിശ്ചയമായും, താങ്കൾക്ക് എന്റെ കൂടെ സഹിക്കുവാൻ സാദ്ധ്യമാകുകയില്ലതന്നെ,

وَكَيْفَ تَصْبِرُ عَلَىٰ مَا لَمْ تُحِطْ بِهِۦ خُبْرًا ﴿٦٨﴾

﴾68﴿ താങ്കൾക്ക് സൂക്ഷ്മജ്ഞാനം മുഴുമിപ്പിച്ചു കിട്ടിയിട്ടില്ലാത്ത ഒരു കാര്യത്തെപറ്റി താങ്കൾ എങ്ങിനെ സഹിക്കും?!

قَالَ سَتَجِدُنِىٓ إِن شَآءَ ٱللَّهُ صَابِرًا وَلَآ أَعْصِى لَكَ أَمْرًا ﴿٦٩﴾

﴾69﴿ അദ്ദേഹം [മൂസാ] പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചാൽ, സഹിക്കുന്നവനായി എന്നെ താങ്കൾക്ക് കാണാവുന്നതാണ്; ഞാൻ താങ്കളുടെ ഒരു കൽപനക്കും എതിര്‍പ്രവർത്തിക്കുന്നതുമല്ല.

قَالَ فَإِنِ ٱتَّبَعْتَنِى فَلَا تَسْـَٔلْنِى عَن

﴾70﴿ അദ്ദേഹം പറഞ്ഞു: എന്നാൽ, താങ്കൾ എന്നെ അനുഗമിക്കുന്നപക്ഷം, ഏതൊരു കാര്യത്തെ

شَىْءٍ حَتَّىٰٓ أُحْدِثَ لَكَ مِنْهُ ذِكْرًا ﴿٧٠﴾

ക്കുറിച്ചും, താങ്കൾക്ക് ഞാൻ അതിനെപറ്റി പ്രസ്താവന നൽകുന്നതുവരെ എന്നോട് ചോദ്യം ചെയ്യരുത്!

﴾67﴿ قَالَ അദ്ദേഹം പറഞ്ഞു إِنَّكَ നിശ്ചയമായും താങ്കൾ لَن تَسْتَطِيعَ താങ്കൾക്ക് കഴി
യുന്നതല്ല തന്നെ مَعِيَ എന്റെ ഒന്നിച്ച്, എന്റെ കൂടെ صَبْرًا സഹിക്കുവാൻ, ക്ഷമിക്കുവാൻ
﴾68﴿ وَكَيْفَ എങ്ങിനെയാണ് تَصْبِرُ താങ്കൾ സഹിക്കുക عَلَىٰ مَا ഒരു കാര്യത്തെപറ്റി
لَمْ تُحِطْ താങ്കൾക്ക് മുഴുവിച്ചു കിട്ടിയിട്ടില്ല (വേണ്ടതുപോലെ കിട്ടിയിട്ടില്ല) بِهِ അതിനെ
പറ്റി خُبْرًا സൂക്ഷ്മജ്ഞാനം ﴾69﴿ قَالَ അദ്ദേഹം പറഞ്ഞു سَتَجِدُنِي എന്നെ താങ്കൾക്ക്
കാണാറാകും, താങ്കൾ കണ്ടെത്തിക്കും إِن شَاءَ ഉദ്ദേശിച്ചാൽ اللَّهُ അല്ലാഹു صَابِرًا സഹി
ക്കുന്നവനായി, ക്ഷമിക്കുന്നവനായി وَلَا أَعْصِي ഞാൻ എതിര് നടക്കുകയുമില്ല لَكَ
താങ്കൾക്ക് أَمْرًا ഒരു കൽപനക്കും, ഒരു കാര്യത്തിനും ﴾70﴿ قَالَ അദ്ദേഹം പറഞ്ഞു
فَإِنِ اتَّبَعْتَنِي എന്നാൽ താങ്കൾ എന്നെ പിൻതുടർന്നാൽ فَلَا تَسْأَلْنِي എന്നോട് താങ്കൾ
ചോദ്യം ചെയ്യരുത്, ചോദിക്കരുത് عَن شَيْءٍ ഒരു കാര്യത്തെക്കുറിച്ചും حَتَّىٰ أُحْدِثَ ഞാൻ
പറഞ്ഞുതരുന്നതുവരെ, ഉണ്ടാക്കിത്തരുന്നതുവരെ لَكَ താങ്കൾക്ക് مِنْهُ അതിനെക്കുറിച്ച്
ذِكْرًا ഒരു പ്രസ്താവന (നിരൂപണം)

താങ്കൾക്ക് രഹസ്യം മനസ്സിലാക്കുവാൻ കഴിയാത്ത പലതും നമ്മുടെ സഹവാസ മദ്ധ്യേ താങ്കൾ കണ്ടേക്കും; പിന്നീട് അതിന്റെ രഹസ്യം ഞാൻ താങ്കൾക്ക് പറഞ്ഞുതരികയും ചെയ്യും. അതിനിടക്ക് അക്ഷമനായി ചോദ്യം ചെയ്യരുത് എന്ന് സാരം. മൂസാ നബി (അ) അത് സമ്മതിക്കുകയും ചെയ്തു.

വിഭാഗം - 10

فَٱنطَلَقَا حَتَّىٰٓ إِذَا رَكِبَا فِى ٱلسَّفِينَةِ خَرَقَهَا ۖ

﴾71﴿ അനന്തരം, രണ്ടുപേരും പോയി. അങ്ങനെ, അവർ കപ്പലിൽ കയറിപ്പോകുമ്പോൾ അദ്ദേഹം [ഖിദ്ർ] അതിന് പിളർപ്പുണ്ടാക്കി.

قَالَ أَخَرَقْتَهَا لِتُغْرِقَ أَهْلَهَا لَقَدْ جِئْتَ شَيْـًٔا إِمْرًا ﴿٧١﴾

അദ്ദേഹം [മൂസാ] പറഞ്ഞു: ഇതിലെ ആൾക്കാരെ മുക്കിക്കളയുവാനായി താങ്കൾ അതിനെ പിളർക്കുകയോ? തീർച്ചയായും, ഗൗരവമുള്ള ഒരു കാര്യം തന്നെയാണ് താങ്കൾ ചെയ്തത്!

قَالَ أَلَمْ أَقُلْ إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا ﴿٧٢﴾

﴿72﴾ അദ്ദേഹം പറഞ്ഞു: ഞാൻ പറഞ്ഞിട്ടില്ലയോ; നിശ്ചയമായും താങ്കൾക്ക് എന്റെ കൂടെ ക്ഷമിക്കുവാൻ സാധിക്കുകയില്ലെന്ന്?!

قَالَ لَا تُؤَاخِذْنِى بِمَا نَسِيتُ وَلَا تُرْهِقْنِى مِنْ أَمْرِى عُسْرًا ﴿٧٣﴾

﴿73﴾ അദ്ദേഹം പറഞ്ഞു: ഞാൻ മറന്നു (ചോദിച്ചു) പോയതിനെപറ്റി താങ്കൾ എന്നോട് നടപടി എടുക്കരുത്; എന്റെ കാര്യത്തിൽ പ്രയാസപ്പെട്ട ഒന്നിന് എന്നെ ബുദ്ധിമുട്ടിക്കുകയും ചെയ്യരുത്!

﴿71﴾ فَانْطَلَقَا അനന്തരം (എന്നിട്ട്) രണ്ടാളുംപോയി حَتَّىٰ إِذَا رَكِبَا അങ്ങനെ രണ്ടാളും കയറിയപ്പോൾ (കയറിപ്പോകുമ്പോൾ) فِي السَّفِينَةِ കപ്പലിൽ خَرَقَهَا അദ്ദേഹം അതിന് പിളർപ്പുണ്ടാക്കി قَالَ അദ്ദേഹം പറഞ്ഞു أَخَرَقْتَهَا അതിനെ താങ്കൾ പിളർക്കുകയോ لِتُغْرِقَ താങ്കൾ മുക്കിക്കളയുവാൻ أَهْلَهَا അതിലെ ആൾക്കാരെ لَقَدْ جِئْتَ തീർച്ചയായും താങ്കൾ വരുത്തി (ചെയ്തു) شَيْئًا ഒരു കാര്യം إِمْرًا വമ്പിച്ചതായ, ഗൗരവമുള്ള ﴿72﴾ قَالَ അദ്ദേഹം പറഞ്ഞു أَلَمْ أَقُلْ ഞാൻ പറഞ്ഞിട്ടില്ലയോ إِنَّكَ നിശ്ചയമായും താൻ, താങ്കൾ لَنْ تَسْتَطِيعَ തനിക്ക് സാധിക്കുകയില്ലതന്നെ مَعِيَ എന്റെ കൂടെ صَبْرًا സഹിക്കുന്നതിന് ﴿73﴾ قَالَ അദ്ദേഹം പറഞ്ഞു لَا تُؤَاخِذْنِي എന്നെ പിടികൂടരുത്, എന്നോട് നടപടി എടുക്കരുത് بِمَا نَسِيتُ ഞാൻ മറന്നതുകൊണ്ട് وَلَا تُرْهِقْنِي എന്നെ ബുദ്ധിമുട്ടിക്കുകയും ചെയ്യരുത് مِنْ أَمْرِي എന്റെ കാര്യത്തിൽ, കാര്യത്തെ സംബന്ധിച്ച് عُسْرًا ഒരു പ്രയാസത്തിന്, ഞെരുക്കമായ കാര്യത്തിന്

എന്റെ മറവികൊണ്ടുണ്ടായ ഇത്തരം സംഗതികൾ, താങ്കളൊന്നിച്ച് സഹവസിച്ചു പലതും പഠിക്കുന്നതിന് തടസ്സമാക്കി എന്നെ വിഷമിപ്പിക്കരുതേ! ഇനി, മേലിൽ ഞാൻ അങ്ങിനെ ചെയ്കയില്ല എന്ന് സാരം.

അവർ കപ്പലിലായിരുന്നപ്പോൾ, ഒരു കുരുവി വന്ന് കപ്പലിന്റെ ഒരുഭാഗത്ത് ഇരിക്കുകയും, അതിന്റെ കൊക്ക്കൊണ്ട് സമുദ്രത്തിൽ അത് ഒന്ന് കൊത്തുകയും ഉണ്ടായി എന്നും, അപ്പോൾ ഖിദ്ർ (അ) ഇപ്രകാരം പറഞ്ഞുവെന്നും മേൽസൂചിപ്പിച്ച ഹദീഥിൽ കാണാം: താങ്കളുടെ അറിവും, എന്റെ അറിവും, സൃഷ്ടികളെല്ലാവരുടെ അറിവും കൂടിയാലും, അല്ലാഹുവിന്റെ അറിവിനെ അപേക്ഷിച്ച് ഈ കുരുവിയുടെ കൊക്ക് സമുദ്രജലത്തിൽ വരുത്തിയ കുറവ്പോലെയല്ലാതെ- അതിൽ കവിഞ്ഞു ഒരു കുറവും- വരുത്തുകയില്ല. താമസിയാതെ അദ്ദേഹം ഒരു മഴു എടുത്ത് കപ്പലിന്റെ പലകക്ക് പിളർപ്പുണ്ടാക്കിയത്രെ.

فَٱنطَلَقَا حَتَّىٰٓ إِذَا لَقِيَا غُلَـٰمًا فَقَتَلَهُۥ قَالَ

《74》 എന്നിട്ട്, രണ്ടാളും പോയി. അങ്ങനെ, ഒരു ബാലനെ അവർ കണ്ടുമുട്ടുകയും, ഉടനെ അദ്ദേഹം അവനെ കൊലപ്പെടുത്തുകയും ചെയ്തപ്പോൾ, അദ്ദേഹം [മൂസാ] പറഞ്ഞു:

أَقَتَلْتَ نَفْسًا زَكِيَّةًۢ بِغَيْرِ نَفْسٍ

നിർദ്ദോഷിയായ ഒരാളെ-മറ്റൊരാൾക്ക് പകരമായിട്ടല്ലാതെ-താങ്കൾ കൊന്നുകളഞ്ഞുവോ?!

لَّقَدْ جِئْتَ شَيْـًٔا نُّكْرًا ﴿٧٤﴾

തീർച്ചയായും, ആക്ഷേപാർഹമായ ഒരു കാര്യം തന്നെയാണ് താങ്കൾ ചെയ്തിരിക്കുന്നത്!

ജുസ്ഉ് - 16

۞ قَالَ أَلَمْ أَقُل لَّكَ إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا ﴿٧٥﴾

《75》 അദ്ദേഹം പറഞ്ഞു: താങ്കളോട്, ഞാൻ പറഞ്ഞിട്ടില്ലയോ: താങ്കൾക്ക് എന്റെ കൂടെ ക്ഷമിക്കുവാൻ സാധ്യമാകുകയില്ലെന്ന്?!

قَالَ إِن سَأَلْتُكَ عَن شَىْءٍۭ بَعْدَهَا فَلَا تُصَـٰحِبْنِى ۖ

《76》 അദ്ദേഹം [മൂസാ] പറഞ്ഞു: ഇതിന്ശേഷം വല്ലതിനെക്കുറിച്ചും ഞാൻ താങ്കളോട് ചോദിക്കുന്നപക്ഷം, പിന്നെ താങ്കൾ എന്നോട് സഹവസിക്കേണ്ടതില്ല

قَدْ بَلَغْتَ مِن لَّدُنِّى عُذْرًا ﴿٧٦﴾

എന്റെ പക്കൽ നിന്നു തന്നെ, താങ്കൾക്ക് ഒഴികഴിവ് കിട്ടിക്കഴിഞ്ഞിരിക്കുന്നു.

《74》 فَانْطَلَقَا എന്നിട്ട് രണ്ടാളും പോയി حَتَّىٰٓ إِذَا لَقِيَا അങ്ങനെ രണ്ടാളും കണ്ടുമുട്ടിയപ്പോൾ غُلَامًا ഒരു ബാലനെ, ആൺകുട്ടിയെ فَقَتَلَهُ എന്നിട്ട് അവനെ അദ്ദേഹം കൊല ചെയ്തു قَالَ അദ്ദേഹം പറഞ്ഞു أَقَتَلْتَ താങ്കൾ കൊല ചെയ്തുവോ نَفْسًا ഒരു ആത്മാവിനെ (ഒരാളെ) زَكِيَّةً പരിശുദ്ധമായ (നിർദ്ദോഷിയായ) بِغَيْرِ نَفْسٍ മറ്റൊരാൾക്ക് പകരമല്ലാതെ (പ്രതികാരമായിട്ടല്ലാതെ) لَقَدْ جِئْتَ തീർച്ചയായും താങ്കൾ വരുത്തി, ചെയ്തു شَيْئًا ഒരു കാര്യം نُكْرًا ആക്ഷേപാർഹമായ, വെറുക്കത്തക്ക 《75》 قَالَ അദ്ദേഹം പറഞ്ഞു أَلَمْ أَقُلْ ഞാൻ പറഞ്ഞിട്ടില്ലയോ لَكَ തന്നോട്, താങ്കളോട് إِنَّكَ നിശ്ചയമായും താങ്കൾ لَنْ تَسْتَطِيعَ താങ്കൾക്ക് സാധിക്കുകയില്ല എന്ന് مَعِيَ എന്റെ കൂടെ صَبْرًا ക്ഷമിക്കുവാൻ

﴾76﴿ قَالَ അദ്ദേഹം പറഞ്ഞു إِن سَأَلْتُكَ ഞാൻ താങ്കളോട് ചോദിച്ചാൽ عَن شَيْءٍ വല്ല വസ്തുവെക്കുറിച്ചും بَعْدَهَا ഇതിന്ശേഷം فَلَا تُصَاحِبْنِي എന്നൽ താങ്കൾ എന്നോട് സഹവസിക്കേണ്ടതില്ല, സഹവസിക്കേണ്ട قَدْ തീർച്ചയായും بَلَغْتَ താങ്കൾക്ക് കിട്ടിയിരിക്കുന്നു (താങ്കൾ എത്തിച്ചേർന്നിരിക്കുന്നു) مِن لَّدُنِّي എന്റെ പക്കൽനിന്ന്, എന്റെ അടുക്കൽനിന്ന് عُذْرًا ഒഴികഴിവ് (ഒഴികഴിവിങ്കൽ)

ഹദീഥിൽ വന്നിട്ടുള്ളതുപോലെ, മൂസാ നബി (അ) ചോദ്യം ചെയ്യാതെ കുറേക്കൂടി ക്ഷമിച്ചിരുന്നുവെങ്കിൽ നമുക്ക് ഇനിയും പല ജ്ഞാനരഹസ്യങ്ങളും കാണുവാൻ സാധിക്കുമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഗുരുഭക്തിയും, സാങ്കോചവും ഇങ്ങിനെ പറയുവാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി.

فَٱنطَلَقَا

﴾77﴿ പിന്നെയും, അവർ രണ്ടാളും പോയി.

حَتَّىٰٓ إِذَآ أَتَيَآ أَهْلَ قَرْيَةٍ ٱسْتَطْعَمَآ أَهْلَهَا

അങ്ങനെ, അവർ ഒരു രാജ്യക്കാരുടെ അടുക്കൽ ചെന്നപ്പോൾ, ആ നാട്ടുകാരോട് ഭക്ഷണം നൽകുവാൻ അവർ ആവശ്യപ്പെട്ടു;

فَأَبَوْا۟ أَن يُضَيِّفُوهُمَا

എന്നാലവർ, അവരെ സൽക്കരിക്കുന്നതിന് വിസമ്മതിക്കയാണ് ചെയ്തത്;

فَوَجَدَا فِيهَا جِدَارًا يُرِيدُ أَن يَنقَضَّ فَأَقَامَهُۥ ۖ

അപ്പോൾ, അവിടെ പൊളിഞ്ഞുവീഴുവാൻ പോകുന്ന ഒരു മതിൽ അവർ കണ്ടെത്തി. ഉടനെ, അദ്ദേഹം [ഖിദ്ർ] അത് നേരെയാക്കി നിറുത്തി.

قَالَ لَوْ شِئْتَ لَتَّخَذْتَ عَلَيْهِ أَجْرًا ﴿٧٧﴾

അദ്ദേഹം [മൂസാ] പറഞ്ഞു: താങ്കൾ ഉദ്ദേശിച്ചെങ്കിൽ, അതിന് വല്ല പ്രതിഫലവും നിശ്ചയി(ച്ചു മേടി)ക്കാമായിരുന്നു!

قَالَ هَـٰذَا فِرَاقُ بَيْنِى وَبَيْنِكَ ۚ

﴾78﴿ അദ്ദേഹം പറഞ്ഞു: ഇത്, ഞാനും താങ്കളും തമ്മിലുള്ള വേർപാടാണ്;

سَأُنَبِّئُكَ بِتَأْوِيلِ مَا لَمْ تَسْتَطِع عَّلَيْهِ صَبْرًا ﴿٧٨﴾

താങ്കൾക്ക് ക്ഷമിക്കുവാൻ സാധിക്കാതിരുന്ന കാര്യത്തിന്റെ ഉൾസാരം ഞാൻ താങ്കൾക്ക് അറിയിച്ചുതരാം:

﴾77﴿ فَٱنطَلَقَا എന്നിട്ട് (പിന്നെയും) രണ്ടാളും പോയി حَتَّىٰٓ إِذَآ أَتَيَآ അങ്ങനെ അവർ ചെന്നപ്പോൾ أَهْلَ قَرْيَةٍ ഒരു രാജ്യക്കാരുടെ അടുക്കൽ ٱسْتَطْعَمَآ അവർ ഭക്ഷണത്തിന്നാവശ്യപ്പെട്ടു أَهْلَهَا അതിലെ ആളുകളോട്, ആ നാട്ടുകാരോട് فَأَبَوْا۟ എന്നാലവർ വിസമ്മതിച്ചു أَن يُضَيِّفُوهُمَا അവരെ സൽക്കരിക്കുന്നതിന് فَوَجَدَا അപ്പോൾ അവർ കണ്ടു فِيهَا അതിൽ جِدَارًا ഒരു മതിൽ يُرِيدُ അത് ഉദ്ദേശിക്കുന്നു (ശ്രമിക്കുന്നു, പോകുന്നു) أَن يَنقَضَّ അത് പൊളിഞ്ഞു വീഴുവാൻ فَأَقَامَهُۥ അപ്പോൾ അദ്ദേഹം അത്നേരെയാക്കി നിറുത്തി قَالَ അദ്ദേഹം പറഞ്ഞു لَوْ شِئْتَ താങ്കൾ ഉദ്ദേശിച്ചിരുന്നുവെങ്കിൽ لَتَّخَذْتَ താങ്കൾക്ക് നിശ്ചയിക്കാമായിരുന്നു, ഏർപ്പെടുത്താമായിരുന്നു عَلَيْهِ അതിന്, അതിന്റെ പേരിൽ أَجْرًا ഒരു പ്രതിഫലം, കൂലി ﴾78﴿ قَالَ അദ്ദേഹം പറഞ്ഞു هَٰذَا ഇത് فِرَاقُ വേർപാടാണ്, പിരിയലാണ് بَيْنِى എന്റെ ഇടക്കും وَبَيْنِكَ താങ്കളുടെ ഇടക്കും (ഞാനും താങ്കളും തമ്മിൽ) سَأُنَبِّئُكَ ഞാൻ താങ്കൾക്ക് പറഞ്ഞുതരാം, മനസ്സിലാക്കിത്തരാം بِتَأْوِيلِ ഉൾസാരത്തെ, ആന്തരാർത്ഥത്തെ, വ്യാഖ്യാനത്തെ مَا യാതൊരു കാര്യത്തിന്റെ لَمْ تَسْتَطِع താങ്കൾക്ക് സാധിച്ചില്ല عَّلَيْهِ അതിനെപറ്റി صَبْرًا ക്ഷമിക്കുവാൻ

കേവലം വിദേശികളായ രണ്ടാളുകളെ- അവർ ഭക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുകൂടി- ആദരിക്കാതിരുന്ന ആ നാട്ടുകാരുടെ മതിലിന്റെ കേട് തീർത്തുകൊടുക്കുന്നതിന് ഒരു പ്രതിഫലം നിശ്ചയിക്കുന്നത് അന്യായമല്ലാത്ത സ്ഥിതിക്ക്, നമ്മുടെ തൽക്കാലാവശ്യങ്ങൾക്കായി അങ്ങിനെ ചെയ്യാമായിരുന്നുവെന്നാണ് മൂസാ നബി (അ) പറയുന്നത്. എന്നാൽ, നിശ്ചയപ്രകാരം ഒഴികഴിവ് പറയുവാനുള്ള അവസാനത്തെ അവസരവും ഇതുമൂലം അദ്ദേഹത്തിന് നഷ്ടപ്പെട്ടുപോയി. ഖിദ്ർ നബി (അ), തന്റെ പ്രവൃത്തികളുടെ രഹസ്യങ്ങളും, അതിൽ അടങ്ങിയിട്ടുള്ള ആന്തര തത്വങ്ങളും ഇങ്ങിനെ വിവരിച്ചുകൊടുക്കുന്നു:-

أَمَّا ٱلسَّفِينَةُ فَكَانَتْ لِمَسَٰكِينَ يَعْمَلُونَ فِى ٱلْبَحْرِ

﴾79﴿ എന്നാൽ, (ആ) കപ്പൽ; അത് കടലിൽ ജോലി ചെയ്തു വരുന്ന ചില സാധുക്കളുടേതായിരുന്നു;

فَأَرَدتُّ أَنْ أَعِيبَهَا

അതിനാൽ, ഞാൻ അതിന് കേടു വരുത്തണമെന്ന് ഉദ്ദേശിച്ചു.

وَكَانَ وَرَآءَهُم مَّلِكٌ يَأْخُذُ كُلَّ سَفِينَةٍ غَصْبًا ﴿٧٩﴾

(കാരണം:) അവരുടെ പിറകിൽ എല്ലാ (നല്ല) കപ്പലും പിടിച്ചെടുത്തു കൈവശപ്പെടുത്തുന്ന ഒരു രാജാവുണ്ടായിരുന്നു.

وَأَمَّا ٱلْغُلَٰمُ فَكَانَ أَبَوَاهُ مُؤْمِنَيْنِ

﴾80﴿ (ആ) ബാലനാകട്ടെ: അവന്റെ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു;

فَخَشِينَآ أَن يُرۡهِقَهُمَا طُغۡيَٰنٗا وَكُفۡرٗا ﴿٨٠﴾

അതിക്രമത്തിനും, അവിശ്വാസത്തിനും (മതനിഷേധത്തിനും) അവന്‍ അവരെ ബുദ്ധിമുട്ടിക്കുമെന്ന് നാം ഭയപ്പെട്ടു.

فَأَرَدۡنَآ أَن يُبۡدِلَهُمَا رَبُّهُمَا خَيۡرٗا مِّنۡهُ زَكَوٰةٗ وَأَقۡرَبَ رُحۡمٗا ﴿٨١﴾

《81》 അതിനാല്‍ അവന്നുപകരം അവനെക്കാള്‍ പരിശുദ്ധതയില്‍ ഉത്തമനും, കരുണയില്‍ കൂടുതല്‍ അടുപ്പമുള്ളവനുമായ ഒരുവനെ (ഒരു സന്തതിയെ) അവരുടെ റബ്ബ് അവര്‍ക്ക് നല്‍കണമെന്ന് നാം ഉദ്ദേശിച്ചു.

وَأَمَّا ٱلۡجِدَارُ فَكَانَ لِغُلَٰمَيۡنِ يَتِيمَيۡنِ فِي ٱلۡمَدِينَةِ وَكَانَ تَحۡتَهُۥ كَنزٞ لَّهُمَا وَكَانَ أَبُوهُمَا صَٰلِحٗا فَأَرَادَ رَبُّكَ أَن يَبۡلُغَآ أَشُدَّهُمَا وَيَسۡتَخۡرِجَا كَنزَهُمَا رَحۡمَةٗ مِّن رَّبِّكَۚ

《82》 (ആ) മതിലാണെങ്കിലോ; അത് (ആ) പട്ടണത്തിലെ അനാഥരായ രണ്ട് ബാലന്മാരുടെതായിരുന്നു; അതിന്റെ ചുവട്ടില്‍ അവര്‍ക്കായുള്ള ഒരു നിക്ഷേപവുമുണ്ട്; അവരുടെ പിതാവ് ഒരു നല്ല മനുഷ്യനുമായിരുന്നു. അതിനാല്‍, രണ്ടുപേരും അവരുടെ പൂര്‍ണവളര്‍ച്ച (യൗവ്വനം) പ്രാപിക്കുകയും, തങ്ങളുടെ നിക്ഷേപം അവര്‍ പുറത്തെടുക്കുകയും വേണമെന്ന് നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചു. നിന്റെ രക്ഷിതാവിന്റെ പക്കല്‍നിന്നുള്ള ഒരു അനുഗ്രഹമായിട്ടത്രെ (അത്).

وَمَا فَعَلۡتُهُۥ عَنۡ أَمۡرِيۚ ذَٰلِكَ تَأۡوِيلُ مَا لَمۡ تَسۡطِع عَّلَيۡهِ صَبۡرٗا ﴿٨٢﴾

ഞാന്‍ ഇത് (ഒന്നും) എന്റെ അഭിപ്രായപ്രകാരം ചെയ്തിട്ടുള്ളതല്ല. താങ്കള്‍ക്ക് ക്ഷമിക്കുവാന്‍ സാധിക്കാതിരുന്ന കാര്യങ്ങളുടെ ഉള്‍സാരം ഇതാണ്.

《79》 أَمَّا السَّفِينَةُ എന്നാല്‍ കപ്പല്‍ فَكَانَتْ അതായിരുന്നു لِمَسَاكِينَ ചില സാധുക്കള്‍ക്കുള്ളത്, പാവങ്ങള്‍ക്കുള്ളത് يَعْمَلُونَ ജോലി ചെയ്യുന്ന, പ്രവൃത്തി എടുക്കുന്ന فِي الْبَحْرِ സമുദ്രത്തില്‍, കടലില്‍ فَأَرَدْتُ അപ്പോള്‍ ഞാന്‍ ഉദ്ദേശിച്ചു أَنْ أَعِيبَهَا ഞാന്‍ അത് കേടുവരുത്തുവാന്‍ وَكَانَ ഉണ്ടായിരുന്നു وَرَاءَهُمْ അവരുടെ പിറകില്‍ مَلِكٌ ഒരു രാജാവ് يَأْخُذُ അവന്‍ എടുക്കും, കൈവശപ്പെടുത്തും كُلَّ سَفِينَةٍ എല്ലാ കപ്പലും غَصْبًا പിടിച്ചെടുത്തു, കയ്യേറിയതായി 《80》 وَأَمَّا الْغُلَامُ എന്നാല്‍ ബാലനാകട്ടെ فَكَانَ ആയിരുന്നു أَبَوَاهُ അവന്റെ മാതാപിതാക്കള്‍ مُؤْمِنَيْنِ രണ്ടു സത്യവിശ്വാസികള്‍ فَخَشِينَا അപ്പോള്‍ നാം ഭയ

പ്പെട്ടു أَن يُرْهِقَهُمَا അവരെ അവൻ ബുദ്ധിമുട്ടിക്കുമെന്ന് طُغْيَانًا അതിക്രമത്തിന്, അതിരു വിടുന്നതിന് وَ كُفْرًا അവിശ്വാസത്തിനും ﴾81﴿ فَأَرَدْنَا അപ്പോൾ നാം ഉദ്ദേശിച്ചു أَن يُبْدِلَهُمَا അവർക്ക് രണ്ടാൾക്കും പകരം നൽകണമെന്ന് رَبُّهُمَا അവരുടെ രക്ഷിതാവ് خَيْرًا ഉത്തമ മായവനെ مِنْهُ അവനെക്കാൾ زَكَاةً പരിശുദ്ധതയിൽ وَأَقْرَبَ കൂടുതൽ അടുപ്പമുള്ള വനും رُحْمًا കരുണയിൽ, ദയയിൽ ﴾82﴿ وَأَمَّا الْجِدَارُ എന്നാൽ മതിലാകട്ടെ فَكَانَ അതാ യിരുന്നു لِغُلَامَيْنِ രണ്ടു ബാലന്മാർക്കുള്ളത് يَتِيمَيْنِ അനാഥകളായ فِي الْمَدِينَةِ പട്ടണത്തി ലുള്ള وَ كَانَ تَحْتَهُ അതിന്റെ ചുവട്ടിലുണ്ടായിരുന്നു كَنزٌ ഒരു നിക്ഷേപം, നിധി لَّهُمَا അവർക്ക് (രണ്ടുപേർക്ക്) وَ كَانَ ആയിരുന്നു أَبُوهُمَا അവരുടെ പിതാവ് صَالِحًا ഒരു നല്ല വൻ, ഒരു സൽക്കർമി فَأَرَادَ അപ്പോൾ ഉദ്ദേശിച്ചു رَبُّكَ നിന്റെ രക്ഷിതാവ് أَن يَبْلُغَا അവർ (രണ്ടാളും) എത്തുവാൻ, പ്രാപിക്കുവാൻ أَشُدَّهُمَا അവരുടെ പൂർണവളർച്ച, ശക്തമായ ഘട്ടം (യൗവ്വനം) وَيَسْتَخْرِجَا അവർ പുറത്തെടുക്കുവാനും, പുറപ്പെടുവിക്കുവാനും كَنزَهُمَا അവരുടെ നിക്ഷേപം رَحْمَةً അനുഗ്രഹമായിട്ട്, അനുഗ്രഹമത്രെ, കരുണയായി مِّن رَّبِّكَ നിന്റെ റബ്ബിന്റെ പക്കൽനിന്നുള്ള وَمَا فَعَلْتُهُ ഞാൻ അതു ചെയ്തിട്ടില്ല عَنْ أَمْرِي എന്റെ അഭിപ്രായപ്രകാരം, (എന്റെ സ്വന്തം കാര്യമെന്ന നിലക്ക്) ذَٰلِكَ അത്, ഇത് تَأْوِيلُ ഉൾസാരമാണ്, ആന്തരാർത്ഥമാണ്, വ്യാഖ്യാനമാണ് مَا യാതൊരു കാര്യത്തിന്റെ لَمْ تَسْطِعْ താങ്കൾക്ക് സാധ്യമായിട്ടില്ല عَّلَيْهِ അതിനാൽ, അതിനെപറ്റി صَبْرًا ക്ഷമിക്കുവാൻ, സഹി ക്കുവാൻ

ഈ ലോകത്ത് നടമാടുന്ന സംഭവങ്ങൾ പരിശോധിക്കുമ്പോൾ, അവയ്ക്ക് രണ്ട്വശങ്ങൾ ഉള്ളതായി കാണാം: ബാഹ്യവശവും, ആന്തരവശവും അഥവാ പ്രത്യക്ഷവും, യാഥാർത്ഥ്യവും. യാഥാർത്ഥ്യവശങ്ങളെപറ്റി സസൂക്ഷ്മമായി മനസ്സിലാക്കുവാനോ, വിശദവിശകലനം നടത്തുവാനോ നമുക്ക് സാധ്യമാകുകയില്ല. പക്ഷേ, പൊതുവിൽ അത് സമ്മതിക്കാതിരിക്കുവാൻ നിർവാഹമില്ല. ഒരു വിഷയത്തെക്കുറിച്ച് സംശയരഹിതമായ ഒരു വിധി നാം, കൽപിക്കുന്നു. ആ അടിസ്ഥാനത്തിൽ അനേക കാര്യങ്ങളെ നാം കെട്ടിപ്പടുക്കുകയും ചെയ്യുന്നു. അതിന്ശേഷം ആ അടിസ്ഥനം തന്നെ പരമാബദ്ധമായിരുന്നുവെന്ന് പിന്നീട് പലപ്പോഴും നാം സമ്മതിക്കേണ്ടിവരുന്നു. അങ്ങിനെ, അതിന്മേൽ കെട്ടിപ്പടുത്തിരുന്ന കാര്യങ്ങളെല്ലാം അബദ്ധമോ, വിരുദ്ധഫലം നൽകുന്നതോ ആണെന്ന് നമുക്ക് സ്വയം ബോദ്ധ്യപ്പെടുന്നു. നമ്മുടെ നിത്യാനുഭവങ്ങളിൽ തന്നെ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണും. ശാസ്ത്രത്തിനോ യുക്തിക്കോ ഇതിൽനിന്ന് ഒഴിവായിരിക്കുവാൻ സാധ്യമല്ല.

എന്നാൽ, ബാഹ്യാവസ്ഥയുടെ അടിസ്ഥാനത്തിലല്ലാതെ മനുഷ്യന് ഈ ലോകത്ത് കഴിഞ്ഞുകൂടുക സാധ്യമാണോ? ഇല്ലതാനും. കാരണം: മനുഷ്യന് ബാഹ്യവശങ്ങളെ സംബന്ധിച്ചു മാത്രമെ അറിയുകയുള്ളൂ. കാര്യകാരണങ്ങളുടെ പട്ടികയും, അവ തമ്മിലുള്ള പരസ്പരബന്ധവും ആ അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവന് കണക്കിലെടുക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ, മനുഷ്യരെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിന് ബാഹ്യലോകം عالم الظاهر എന്ന് പറയാം. യഥാർത്ഥത്തിന്റെ അടിസ്ഥാന

ത്തിൽ മാത്രം കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്ന മറ്റൊരവസ്ഥയും ഇവിടെത്തന്നെ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതനുസരിച്ചാണ് അല്ലാഹുവിന്റെ ഭരണവ്യവസ്ഥ ഇവിടെയും, എവിടെയും നടക്കുന്നത്. അതുകൊണ്ടത്രേ, മനുഷ്യന്റെ അനുമാനങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ പലപ്പോഴും ഏറ്റുമുട്ടുവാൻ ഇടവരുന്നതും.

ബാഹ്യാവസ്ഥയനുസരിച്ച് ജനങ്ങളിൽ വിധി കൽപിക്കുകയാണ് പ്രവാചകന്മാർ ചെയ്യുന്നത്. നബി ﷺ ഇപ്രകാരം പറഞ്ഞതായി ഹദീഥിൽ വന്നിരിക്കുന്നു: **نحن نحكم با لظواهر والله يتولى السرائر** (ഞങ്ങൾ ബാഹ്യങ്ങളനുസരിച്ച് വിധിക്കുന്നു, രഹസ്യങ്ങളെ അല്ലാഹു ഏറ്റെടുക്കുന്നു) മൂസാ നബി (അ) ഉം, ഖിദ്ർ നബി (അ) ഉം തമ്മിൽ നടന്ന സംഭവം, ബാഹ്യവും യാഥാർത്ഥ്യവും തമ്മിലുള്ള വ്യത്യാസത്തിന്റെ ഒരു ഉദാഹരണമായിരുന്നു. ഖിദ്ർ നബിക്ക് രഹസ്യലോകത്തെ (**عالم الباطن**) ചില വിവരങ്ങൾ അല്ലാഹു അറിയിച്ചുകൊടുത്തിരുന്നു. ബാഹ്യജ്ഞാനമല്ലാത്ത ഒരുതരം അറിവും ഉണ്ട്; മനുഷ്യൻ എത്രതന്നെ അറിയുന്നവനായാലും അവന് അറിയുവാൻ കഴിയാത്ത ജ്ഞാനലോകം ഒന്നുവേറെയുണ്ട്; ഈ ബോധം അവനുണ്ടായിരിക്കേണ്ടതാണ്; എന്ന വസ്തുത ചില അനുഭവങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കുവാനായി, അല്ലാഹു മൂസാ നബി (അ) നെ ഖിദ്ർ നബി (അ)ന്റെ ശിഷ്യത്വം സമ്പാദിക്കുവാൻ അയച്ചതായിട്ടാണ് നമുക്ക് ഇവിടെ കാണുവാൻ കഴിയുന്നത്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക്- അവൻ അറിയിച്ചുകൊടുത്താൽ- മാത്രം അറിയാവുന്ന ഒരു രംഗമാണ് ആന്തരികജ്ഞാനം. അതും, അവൻ ഉദ്ദേശിച്ച അളവിൽ മാത്രം. അതുകൊണ്ടാണ് മൂസാ നബി (അ) യെക്കുറിച്ച് നബി ﷺ തിരുമേനി പറഞ്ഞത്: 'അദ്ദേഹം കുറേക്കൂടി ക്ഷമിച്ചിരുന്നുവെങ്കിൽ, നമുക്ക് ഇനിയും പല രഹസ്യങ്ങളും അറിയാമായിരുന്നു' എന്ന്.

മൂസാ നബി (അ) ക്ക് അസഹനീയമായിരുന്ന മൂന്ന് സംഭവങ്ങളാണല്ലോ ഖിദ്ർ നബി (അ) യിൽ നിന്നും സംഭവിച്ചത്. അവയ്ക്കെല്ലാം നിദാനമായി നാം കാണുന്നത് ഒരേ തത്വമാണ്: രണ്ട് ആപത്തുകൾ തമ്മിൽ വൈരുദ്ധ്യം കാണുമ്പോൾ- അഥവാ രണ്ടിലൊന്ന് സംഭവിക്കാതിരിക്കുകയില്ലെന്ന് വരുമ്പോൾ വലിയതിനെ തടയുവാനായി ചെറിയത് സഹിക്കുക എന്നുള്ളതാണ്. ഈ തത്വം പൊതുവിൽ ലോകം അംഗീകരിച്ചുവരുന്നതാണ്. ചില രോഗികളുടെ അവയവം മുറിച്ചുകളഞ്ഞു ചികിത്സിക്കുന്നതും, നാട്ടിൽ അരാജകത്വം നടമാടുമ്പോൾ വ്യക്തികളെ കൊന്നുകളയുന്നതുമെല്ലാം ഈ അടിസ്ഥാനത്തിലത്രെ. ഇവിടെ, അതാ ആ കപ്പലിനു ഒരു കേടുവരുത്താത്ത പക്ഷം ആ കപ്പൽതന്നെ, ആ പാവപ്പെട്ടവർക്ക് നഷ്ടപ്പെടുവാൻ പോവുകയായിരുന്നു. ആ ബാലനെ കൊലപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ അവനും, അവന്റെ മാതാപിതാക്കളും ധിക്കാരികളായി നരകവാസികളായിപ്പോകുമായിരുന്നു. ആ മതിൽ ശരിപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ആ അനാഥകളുടെ ധനം അന്യാധീനപ്പെട്ടുപോകുവാൻ ഇട വരുമായിരുന്നു.

ആദ്യവും അവസാനവും പറഞ്ഞ രണ്ട് സംഭവവും കേൾക്കുന്നമാത്രയിൽതന്നെ, ന്യായീകരിക്കുവാൻ പ്രയാസം തോന്നുകയില്ല. എന്നാൽ, രണ്ടാമത്തേത്- കുട്ടിയെ കൊലപ്പെടുത്തിയത്- സംബന്ധിച്ച് ഒരു പക്ഷേ; ചിലർക്ക് വേഗത്തിൽ തൃപ്തി അടയുവാൻ കഴിഞ്ഞില്ലെന്ന് വരും. അതുകൊണ്ടാണ്, ഖുർആന്റെ പ്രസ്താവനകൾക്ക് ദുർവ്യാഖ്യാനം നൽകുവാൻ പോലും ചിലർ ഇവിടെ മുതിർന്നുകാണുന്നതും. ഒരു കാര്യം നാം

പ്രത്യേകം ഓർക്കേണ്ടതുണ്ട്: അല്ലാഹു ഖിദ്ർ നബി (അ) ക്ക് അവന്റെ വക ഒരു പ്രത്യേകജ്ഞാനം പഠിപ്പിച്ചു കൊടുത്തിട്ടുണ്ടെന്ന് 65-ാം വചനത്തിൽ നാം കണ്ടു. മേൽപറഞ്ഞ സംഭവങ്ങളൊന്നും അദ്ദേഹം തന്റെ സ്വന്തം അഭിപ്രായമനുസരിച്ച് ചെയ്തതല്ലെന്ന് അദ്ദേഹം പറഞ്ഞതായി 82-ാം വചനത്തിലും നാം കാണുന്നു. അല്ലാഹു അദ്ദേഹത്തിന് നൽകിയ പ്രത്യേക അറിവിന്റെ അടിസ്ഥാനത്തിലാണ് താൻ അതെല്ലാം പ്രവർത്തിച്ചതെന്നാണല്ലോ ഇതിൽനിന്ന് സ്പഷ്ടമാകുന്നത്. എന്നിരിക്കെ, എനി ഇവിടെ യാതൊരു സംശയത്തിനും അവകാശമില്ല. ഇമാം ബുഖാരി (റ)യും മുസ്ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നിന്ന് വിഷയം കുറേക്കൂടി വ്യക്തമാകുന്നു; റസൂൽ തിരുമേനിﷺ അരുളിച്ചെയ്തതായി ഉബയ്യുബ്നു കഅ്ബ് (റ) പറയുന്നു: **ان الغلام الذى قتله الخضر طبع كافر ولوعاش لارهق ابويه طغيانا وكفرا - متفق عليه** (നിശ്ചയമായും, ഖിദ്ർ നബി (അ) കൊലപ്പെടുത്തിയ കുട്ടി അവിശ്വാസപ്രകൃതിയോട് കൂടിയവനായിരുന്നു. അവൻ ജീവിച്ചിരുന്നുവെങ്കിൽ അവന്റെ മാതാപിതാക്കളെ അവിശ്വാസത്തിനും അതിക്രമത്തിനും അവൻ ബുദ്ധിമുട്ടിക്കുമായിരുന്നു- അഥവാ നിർബന്ധിക്കുമായിരുന്നു.)

ഈ കഥയിൽ നിന്ന് നാം പഠിക്കേണ്ടുന്ന ചില സംഗതികളുണ്ട്:

(1) യാതൊരു സംശയത്തിനും, മാറ്റത്തിനും വിധേയമാവാത്ത- തികച്ചും ദൃഢപൂർണമായ- അറിവ് അല്ലാഹുവിൽ നിന്ന് ലഭിക്കുന്നത്മാത്രമാണ്. ഒരു വിഷയത്തിൽ അങ്ങിനെയുള്ള അറിവ് അല്ലാഹുവിൽ നിന്ന് ഒരാൾക്ക് കിട്ടിക്കഴിഞ്ഞാൽ, ബാഹ്യലോകനീതിക്ക് അത് പ്രത്യക്ഷത്തിൽ എതിരായിരുന്നാലും, ആ വിഷയത്തിൽ ആ അറിവനുസരിച്ച് അയാൾ ഇടപെടേണ്ടതാകുന്നു. അനുമാനം, പരിചയം, ഗവേഷണം ആദിയായവക്ക് ഇവിടെ സ്ഥാനമില്ല. യാഥാർത്ഥ്യത്തിന് മാത്രമെ പരിഗണനയുള്ളൂ.

(2) മനുഷ്യൻ തന്റെ അറിവുകൊണ്ട് സംതൃപ്തനാകരുത്. തനിക്ക് നല്ലതെന്ന് കാണുവാൻ കഴിയാത്തതൊക്കെ ദോഷമായിട്ടുള്ളതാണെന്ന്വെച്ചു- ശരിയായ അന്വേഷണം നടത്താതെ- ആക്ഷേപിക്കുവാൻ ശ്രമിക്കരുത്. താനറിയാത്ത വല്ല രഹസ്യവും ഇതിലുണ്ടായിരിക്കുമെന്ന് അവൻ കരുതണം.

(3) സത്യനിഷേധവും, അവിശ്വാസവും സ്വീകരിച്ച അക്രമികളെ പെട്ടെന്നു ശിക്ഷിക്കാതെ അയച്ചുവിടുക, അവർക്ക് പലപ്പോഴും സജ്ജനങ്ങളെക്കാൾ സുഖ സൗകര്യങ്ങൾ നൽകുക, നേരെമറിച്ച് സത്യവാന്മാരും ശുദ്ധന്മാരുമായവർക്ക് വിഷമങ്ങളും, കഷ്ടനഷ്ടങ്ങളും അനുഭവപ്പെടുക, ഇത്യാദി വിഷയങ്ങളിൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയാത്ത വമ്പിച്ച രഹസ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(4) നമ്മുടെ യുക്തിക്കും ന്യായത്തിനും നിരക്കാത്തതായി ഈ ലോകത്ത് പല സംഗതികളും നടമാടുന്നത് ഇക്കൂട്ടത്തിൽ ഉൾപെട്ടതാകുന്നു.

ഖിദ്ർ നബി (അ) പറഞ്ഞതിന്റെ ചുരുക്കം നമുക്ക് ഇങ്ങിനെ നിരൂപിക്കാം: ഞാൻ ഈ ചെയ്തതെല്ലാം സാധാരണ മനുഷ്യരുടെ പ്രവർത്തനങ്ങളിൽപെട്ടതല്ല. അവ അല്ലാഹുവിന്റെ പ്രത്യേക കൽപന അനുസരിച്ച് നടന്നവയാകുന്നു. താങ്കൾക്ക് അറിയാത്ത പലതും ഈ ലോകത്ത് നടന്നുകൊണ്ടിരിക്കുന്നുണ്ട്. രണ്ടുമൂന്ന് ഉദാഹരണങ്ങൾ മാത്രമാണ് താങ്കൾ കണ്ടത്. [ഈ കഥയെസംബന്ധിച്ച് പല വിവരവും സൂറത്തിന്റെ അവസാനത്തിൽ കൊടുത്ത വ്യാഖ്യാനക്കുറിപ്പിൽ കാണാവുന്നതാണ്].

വിഭാഗം - 11

وَيَسْـَٔلُونَكَ عَن ذِى ٱلْقَرْنَيْنِ ۖ قُلْ سَأَتْلُوا۟ عَلَيْكُم مِّنْهُ ذِكْرًا ﴿٨٣﴾

﴾83﴿ (നബിയേ) ദുൽകർനൈനെ നിയെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക: അദ്ദേഹത്തെക്കുറിച്ച് ഒരു പ്രസ്താവന ഞാൻ നിങ്ങൾക്ക് ഓതികേൾപിച്ചുതരാം.

﴾83﴿ وَيَسْأَلُونَكَ അവർ നിന്നോട് ചോദിക്കുന്നു عَنْ ذِي الْقَرْنَيْنِ ദുൽകർനൈനിയെക്കുറിച്ച് قُلْ നീ പറയുക سَأَتْلُوا ഞാൻ ഓതികേൾപിക്കാം عَلَيْكُمْ നിങ്ങൾക്ക് مِنْهُ അദ്ദേഹത്തെക്കുറിച്ച് ذِكْرًا ഒരു പ്രസ്താവന

മുമ്പൊരിക്കൽ നാം സൂചിപ്പിച്ചത്പോലെ, നബി തിരുമേനിﷺയോട് അവിശ്വാസികൾ പലതും ചോദിക്കാറുണ്ടായിരുന്നു. അവയിൽ ഒന്നാണ് ദുൽകർനൈനിയെ സംബന്ധിച്ച ചോദ്യവും. ചോദ്യങ്ങൾക്ക് മറുപടി പറയുമ്പോൾ ചോദ്യകർത്താക്കൾക്ക് ഗുണപാഠങ്ങളും, ഉപദേശങ്ങളും ലഭിക്കുന്ന ഭാഗങ്ങൾക്ക് പ്രസക്തി നൽകുകയും, അല്ലാത്ത ഭാഗങ്ങളെപറ്റി മൗനമവലംബിക്കുകയും ചെയ്യുന്നത് ക്വുർആനിലും, ഹദീഥിലും സാധാരണ കാണപ്പെടാറുള്ള ഒരു പതിവത്രെ. അതനുസരിച്ചുതന്നെയാണ് ഇവിടെയും മറുപടി നൽകുന്നത്. ദുൽകർനൈനി എന്ന പേരിലറിയപ്പെടുന്ന ആ മഹാൻ ആരായിരുന്നു? അദ്ദേഹത്തിന്റെ കാലവും രാജ്യവും ഏതായിരുന്നു? ആദിയായവയെപറ്റി ക്വുർആനിലും ഹദീഥിലും പ്രസ്താവിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ചരിത്രകാലത്തിന് മുമ്പായിരുന്ന അദ്ദേഹത്തെക്കുറിച്ച് അധിക വിവരമൊന്നും നമുക്ക് പ്രതീക്ഷിക്കുവാനില്ല. ക്വുർആന്റെ മൗനത്തിൽ ഒരു രഹസ്യംകൂടി അടങ്ങിയിട്ടുള്ളതായി കാണാം. ചരിത്രം അന്വേഷിച്ചറിയുവാനുള്ള ജിജ്ഞാസ അത് നമ്മിൽ വർദ്ധിപ്പിക്കുന്നു.

കർന്(قَرْن) എന്ന പദത്തിന്റെ ദ്വിവചനമാണ് കർനൈനി (قَرْنَيْن) ഈ വാക്കിന് കൊമ്പ്, തലമുറ, നൂറ്റാണ്ട് എന്നൊക്കെ അർത്ഥമുണ്ട്. ദുൽകർനൈനി എന്ന് പറയുമ്പോൾ, രണ്ട് കൊമ്പുള്ളവൻ, രണ്ട് തലമുറ- അല്ലെങ്കിൽ രണ്ട് നൂറ്റാണ്ട്- കാലം ജീവിച്ചവൻ എന്നിങ്ങിനെ അർത്ഥമാകുന്നു. രണ്ട് കൊമ്പുകൾകൊണ്ട് വിവക്ഷ, രണ്ട് രാജ്യങ്ങളാണെന്നും മറ്റും അഭിപ്രായങ്ങളുണ്ട്. ഏതായാലും ഇത് അദ്ദേഹത്തിന്റെ സാക്ഷാൽ പേരല്ല എന്നാണ് കരുതേണ്ടത്. അല്ലാഹുവിനറിയാം.

ക്വുർആൻ വ്യാഖ്യാതാക്കളിലും, ചരിത്രകാരന്മാരിലും ഒരു വിഭാഗക്കാർ അഭിപ്രായപ്പെടുന്നത് ഇദ്ദേഹം, റോമക്കാരനായ ഫിലിപ്പ് മകൻ അലക്സാണ്ടർ (اسكندر بن فيلبس) രാജാവാകുന്നുവെന്നാണ്. ഇദ്ദേഹം മഖ്ദൂനിയാ (മാസിഡോണിയാ)യിലെ രാജാവായിരുന്നു. (*) ക്രിസ്തുവിന് 330 കൊല്ലം മുമ്പാണ് അദ്ദേഹത്തിന്റെ കാലം. പേർഷ്യയിലെ രാജാവായിരുന്ന ഡേരിയൂസി (دَارِيُوس) നെ- അഥവാ ദര്യാവേശിനെ- അദ്ദേഹം തോൽപിച്ചു രാജ്യം കൈക്കലാക്കി. ഇന്ത്യയിലും മറ്റു പല രാജ്യങ്ങളിലും അദ്ദേഹം ആക്രമണം നടത്തിയിരുന്നു. പിന്നീട് അദ്ദേഹം ഈജിപ്തി (مصر)ൽ ചെന്ന് ഭരണം

(*) പടം 2 നോക്കുക.

ഉറപ്പിച്ചു. അവിടെ, അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന അലക്സാൺഡ്രിയഃ (اسكندرية) പട്ടണം സ്ഥാപിച്ചു. ചുരുക്കിപ്പറഞ്ഞാൽ അന്ന് അറിയപ്പെട്ടിരുന്ന ഭൂവിഭാഗം, മിക്കവാറും ജയിച്ചു അധീനപ്പെടുത്തിയ ഒരു രാജാവായിരുന്നു, അലക്സാണ്ടർ.

പുരാതന അറബിഗ്രോത്രമായ ഹിംയർ (حمير) *(*)* വർഗത്തിൽപെട്ട ഇഫ്രീക്വ്ശ് മകൻ അബൂകർബ് (ابو كرب بن افريقش) എന്ന രാജാവാണ്, ദുൽക്വർനൈനി എന്ന അഭിപ്രായക്കാരും ഉണ്ട്. ഇദ്ദേഹം മദ്ധ്യധരണ്യാഴി പ്രദേശങ്ങളിൽ പടഎടുക്കുകയും, തുനീസ്യാ, മൊറോക്കോ (تونس ، مراكش) മുതലായ രാജ്യങ്ങളിൽ സഞ്ചരിക്കുകയും, അഫ്രീകിയഃ (افريقية) പട്ടണം സ്ഥാപിക്കുകയും ചെയ്തു. ക്രമേണ ആഫ്രിക്കാവൻകര മുഴുവനും ഈ പേരിൽ അറിയപ്പെടുകയുണ്ടായി. ഹിംയർ രാജാക്കളുടെ വാഴ്ചക്കാലം ക്രിസ്തുവിനുമുമ്പ് 115 മുതൽ ക്രിസ്ത്വബ്ദം 552 വരെ നീണ്ടുനിന്നു. തുബ്ബഉ് تبع എന്ന പേരിലാണ് ഈ രാജവംശം അറിയപ്പെടുന്നത്.

മീദിയാ (മേദ്യാ)യും, *(**)* പേർഷ്യയും കൂട്ടിചേർത്തു ഭരിച്ച ഒരു പേർഷ്യൻ രാജാവാണ് ദുൽക്വർനൈനി എന്ന് ചിലർ അഭിപ്രായപ്പെടുന്നു. ബൈബ്ളിൽ ദാനിയേൽ പുസ്തകം 8-ാം അദ്ധ്യായത്തിൽ, ഇത് സംബന്ധിച്ച് ദാനിയേലിന്ന് (دانيال عليه السلام) ഉണ്ടായ ഒരു ദർശനവും, അതിന്റെ വ്യാഖ്യാനവും കാണാം. അതിൽ ഇങ്ങനെ പറയുന്നു: ഞാൻ ഊലായീ *(***)* നദീതീരത്ത് നിൽക്കുന്നതായി ദർശനത്തിൽ കണ്ടു. ഞാൻ തല പൊക്കിയപ്പോൾ രണ്ട് കൊമ്പുള്ള ഒരു കൊറ്റൻ നദീതീരത്ത് നിൽക്കുന്നത് കണ്ടു. ആ കൊമ്പുകൾ നീണ്ടവയായിരുന്നു. ഒന്ന് മറ്റേതിനെക്കാൾ നീണ്ടത്; അധികം നീണ്ടത് ഒടുക്കം മുളച്ചുവന്നതായിരുന്നു. ആ ആട് പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും ഇടിക്കുന്നത് ഞാൻ കണ്ടു. ഒരു മൃഗത്തിനും അതിന്റെ മുമ്പിൽ നിൽക്കാൻ കഴിഞ്ഞില്ല... (ദാനിയേൽ 8: 1 – 4) പ്രസ്തുത ദർശനത്തിന്റെ വ്യാഖ്യാനത്തിൽ അതേ പുസ്തകം പറയുന്നു: രണ്ട് കൊമ്പുള്ളതായി നീ കണ്ട ആട് കൊറ്റൻ പാർസ്യാരാജാക്കന്മാരെ കുറിക്കുന്നു... (8: 21) ഈ ദർശനത്തിൽ ഉദ്ദേശിക്കപ്പെടുന്നത് സൈറസ്സ് (قورش) രാജാവാണെന്ന് കരുതപ്പെടുന്നു. ആധുനിക ചരിത്രകാരന്മാരിൽ ചിലർ ഈ അഭിപ്രായത്തിന് പ്രാധാന്യം നൽകുന്നു. ഇത് സൈറസ്സാവാൻ തരമില്ലെന്നും, ഡേരിയസ്സ് (ദര്യാവേശ്) *(****)* ഒന്നാമനായിരിക്കണമെന്നും വേറെ ചിലർക്കും അഭിപ്രായമുണ്ട്.

ക്വുർആനിൽ പറഞ്ഞ ദുൽക്വർനൈനി ഒരു സത്യവിശ്വാസിയും, നീതിമാനും, സൽക്കർമിയും ആയിരുന്നുവെന്ന് വ്യക്തമാണ്. ഈ നിലക്ക് അത് അലക്സാണ്ടറാണെന്ന് വിചാരിക്കുവാൻ ന്യായമില്ല. താഴെ വരുന്ന ആയത്തുകളിൽ ഹേ, ദുൽക്വർനൈൻ! എന്ന് അല്ലാഹു അദ്ദേഹത്തെ വിളിച്ചു പറയുന്നത് കാണുമ്പോൾ,

(*) പടം 11 നോക്കുക. (**) പേർഷ്യയുടെ വടക്കുപടിഞ്ഞാറ് കാസ്പിയൻ തടാകത്തിനടുത്ത രാജ്യങ്ങൾ മദ്യോ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. പടം 1 & 6 നോക്കുക. (***) പടം 6 നോക്കുക. (****) ദാരിയൂസ് എന്ന പേരിൽ മൂന്ന് പേർഷ്യൻ രാജാക്കൾ ഉണ്ടായിട്ടുണ്ട്. 1-ാമൻ ക്രി. മു. 521 – 485ഉം, 2-ാമൻ ക്രി. മു. 424 – 406ഉം, 3-ാമൻ ക്രി. മു. 336 – 330 ഉം കൊല്ലങ്ങളിലായിരുന്നു ഉണ്ടായിരുന്നത് ['വേദപുസ്തക നിഘണ്ടു' & 'മുൻജിദ്'].

അദ്ദേഹം ഒരു പ്രവാചകനുംകൂടിയായിരിക്കുമോ, എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വളരെ ബലപ്പെട്ട അഭിപ്രായമല്ലെങ്കിലും, മുൻഗാമികളിൽ ചിലർ അങ്ങിനെ പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്. പക്ഷേ, ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം, ദുൽകർനൈനി ഒരു പ്രവാചകനായിരുന്നില്ലെന്നാകുന്നു. മേൽപറഞ്ഞ സംബോധന നടന്നത്, അക്കാലത്തുള്ള പ്രവാചകൻ മുഖാന്തരമോ, മനസ്സിൽ തോന്നിപ്പിച്ചോ ആയിരിക്കാമെന്നും അവർ പറയുന്നു. മിദിയായും, പേർഷ്യായും കൂടി ഭരിച്ച സൈറസ്സാണെങ്കിൽ ഒരു സൽപുരുഷനായിട്ടാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ കാലം ക്രിസ്തുവിന് 559 കൊല്ലം മുമ്പാണ്. താഴെ വരുന്ന വിവരണങ്ങളിൽ നിന്ന് ഇദ്ദേഹം ദുൽകർനൈനി ആയിരിക്കുവാൻ കൂടുതൽ സാധ്യതയുള്ളതായി കാണുന്നു. ഈ അഭിപ്രായവും വിമർശിക്കപ്പെട്ടിട്ടുള്ളതാണ്. ഏതായാലും, ദുൽകർനൈനി അക്കാലത്ത് അറിയപ്പെട്ടിരുന്ന ഭൂമിയുടെ മിക്കവാറും ഭാഗങ്ങളിൽ സ്വാധീനവും, പ്രതാപവും ഉണ്ടായിരുന്ന ഒരു മഹാരാജാവും, ഒരു സൽപുരുഷനും ആയിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. والله اعلم

إِنَّا مَكَّنَّا لَهُۥ فِى ٱلْأَرْضِ وَءَاتَيْنَٰهُ مِن كُلِّ شَىْءٍ سَبَبًا ﴿٨٤﴾

﴾84﴿ നിശ്ചയമായും, നാം ഭൂമിയിൽ അദ്ദേഹത്തിന് സ്വാധീനം നൽകുകയും (വേണ്ടപ്പെട്ട) എല്ലാ കാര്യത്തിനും മാർഗം (ശരിപ്പെടുത്തി) കൊടുക്കുകയും ചെയ്തു.

فَأَتْبَعَ سَبَبًا ﴿٨٥﴾

﴾85﴿ അതനുസരിച്ച് അദ്ദേഹം ഒരു മാർഗം തുടർന്നു. (പടിഞ്ഞാറ്ഭാഗത്തേക്ക് തിരിച്ചു.)

حَتَّىٰٓ إِذَا بَلَغَ مَغْرِبَ ٱلشَّمْسِ وَجَدَهَا تَغْرُبُ فِى عَيْنٍ حَمِئَةٍ وَوَجَدَ عِندَهَا قَوْمًا ۗ قُلْنَا يَٰذَا ٱلْقَرْنَيْنِ إِمَّآ أَن تُعَذِّبَ وَإِمَّآ أَن تَتَّخِذَ فِيهِمْ حُسْنًا ﴿٨٦﴾

﴾86﴿ അങ്ങനെ, അദ്ദേഹം സൂര്യാസ്തമയ സ്ഥലത്ത് എത്തിയപ്പോൾ, അത് കരിഞ്ചളിമയമായ ഒരു ജലാശയത്തിൽ അസ്തമിക്കുന്നതായി അദ്ദേഹം കണ്ടു;

അതിന്റെ (ജലാശയത്തിന്റെ) അടുക്കൽ ഒരു ജനതയെയും അദ്ദേഹം കാണുകയുണ്ടായി. നാം പറഞ്ഞു: ഹേ, ദുൽകർനൈൻ! ഒന്നുകിൽ നീ (ഇവരെ) ശിക്ഷിക്കുക, അല്ലെങ്കിൽ ഇവരിൽ നീ ഒരു നല്ലനില ഉണ്ടാക്കിത്തീർക്കുക! (രണ്ടിലൊന്നുവേണം).

قَالَ أَمَّا مَن ظَلَمَ فَسَوْفَ نُعَذِّبُهُۥ

﴾87﴿ അദ്ദേഹം പറഞ്ഞു: എന്നാൽ, ആർ അക്രമം പ്രവർത്തിച്ചുവോ, അവനെ നാം ശിക്ഷിക്കുക തന്നെ ചെയ്തു കൊള്ളാം;

ثُمَّ يُرَدُّ إِلَىٰ رَبِّهِۦ فَيُعَذِّبُهُۥ عَذَابًا نُّكْرًا ﴿٨٧﴾

പിന്നെ, അവൻ തന്റെ രക്ഷിതാവിന്റെ അടുക്കലേക്ക് മടക്കപ്പെടുകയും, അപ്പോൾ അവൻ അവനെ കഠിനതരമായ ശിക്ഷ ശിക്ഷിക്കുകയും ചെയ്തുകൊള്ളുന്നതാണ്.

وَأَمَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا فَلَهُۥ جَزَآءً ٱلْحُسْنَىٰ ۖ

《88》 എന്നാൽ, ആര് വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തുവോ, പ്രതിഫലമായി ഏറ്റവും നല്ലത് [സ്വർഗം] ഉണ്ടായിരിക്കും;

وَسَنَقُولُ لَهُۥ مِنْ أَمْرِنَا يُسْرًا ﴿٨٨﴾

നമ്മുടെ കൽപനയിൽനിന്നും എളുപ്പമുള്ളത് അവനോട് നാം പറയുക [കൽപിക്കുക]യും ചെയ്തേക്കുന്നതാണ്.

《84》 إِنَّا നിശ്ചയമായും നാം مَكَّنَّا സ്വാധീനം നൽകി, സൗകര്യമുണ്ടാക്കിക്കൊടുത്തു
لَهُ അദ്ദേഹത്തിന് فِي الْأَرْضِ ഭൂമിയിൽ وَآتَيْنَاهُ അദ്ദേഹത്തിന് നാം (ശരിപ്പെടുത്തി)
കൊടുക്കുകയും ചെയ്തു مِنْ كُلِّ شَيْءٍ എല്ലാ (ആവശ്യമായ) കാര്യത്തിനും سَبَبًا മാർഗം
(വേണ്ടുന്ന സൗകര്യം) 《85》 فَأَتْبَعَ അങ്ങനെ അദ്ദേഹം പിന്തുടർന്നു سَبَبًا ഒരു മാർഗം
《86》 حَتَّىٰ إِذَا بَلَغَ അങ്ങനെ അദ്ദേഹം എത്തിയപ്പോൾ مَغْرِبَ الشَّمْسِ സൂര്യൻ അസ്ത
മിക്കുന്നിടത്ത് وَجَدَهَا അതിനെ അദ്ദേഹം കണ്ടു, കണ്ടെത്തി تَغْرُبُ അത് അസ്തമി
ക്കുന്നതായി فِي عَيْنٍ ഒരു ജലാശയത്തിൽ حَمِئَةٍ കരിഞ്ചളിയായ وَوَجَدَ അദ്ദേഹം കാണു
കയും ചെയ്തു عِنْدَهَا അതിനടുത്ത് قَوْمًا ഒരു ജനതയെ قُلْنَا നാം പറഞ്ഞു يَا ذَا الْقَرْنَيْنِ
ഹേ ദുൽഖർനൈൻ, إِمَّا ഒന്നുകിൽ أَنْ تُعَذِّبَ നീ ശിക്ഷിക്കുക وَإِمَّا ഒന്നുകിൽ (അല്ലെ
ങ്കിൽ) أَنْ تَتَّخِذَ നീ ഉണ്ടാക്കുക, ഏർപ്പെടുത്തുക فِيهِمْ അവരിൽ حُسْنًا നല്ലത്, നല്ല നില
《87》 قَالَ അദ്ദേഹം പറഞ്ഞു أَمَّا എന്നാൽ, അപ്പോൾ مَنْ ظَلَمَ ആർ അക്രമം ചെയ്തുവോ
فَسَوْفَ نُعَذِّبُهُ എന്നാൽ അവനെ നാം ശിക്ഷിച്ചുകൊള്ളാം ثُمَّ പിന്നെ يُرَدُّ അവൻ മടക്ക
പ്പെടും إِلَىٰ رَبِّهِ തന്റെ രക്ഷിതാവിങ്കലേക്ക് فَيُعَذِّبُهُ അപ്പോൾ അവൻ അവനെ ശിക്ഷിച്ചു
കൊള്ളും عَذَابًا ഒരു ശിക്ഷ نُكْرًا കഠിനമായ, വഷളായ 《88》 وَأَمَّا مَنْ എന്നാൽ
ഒരുവനോ آمَنَ അവൻ വിശ്വസിച്ചു وَعَمِلَ അവൻ പ്രവർത്തിക്കുകയും ചെയ്തു صَالِحًا
സൽക്കർമം فَلَهُ എന്നാലവനുണ്ട് جَزَاءً പ്രതിഫലമായിട്ട് الْحُسْنَىٰ ഏറ്റവും നല്ലത് (സ്വർഗം)
وَسَنَقُولُ നാം പറയുകയും ചെയ്യും (കൽപിക്കും) لَهُ അവനോട് مِنْ أَمْرِنَا നമ്മുടെ കൽപ
നയിൽനിന്ന്, കാര്യത്തിൽനിന്ന് يُسْرًا എളുപ്പമായത്

പടിഞ്ഞാറോട്ടുള്ള അദ്ദേഹത്തിന്റെ യാത്ര ഒരു സമുദ്രതീരത്തുചെന്ന് അവസാനി

ക്കുന്നു. കറുത്തിരുണ്ട ചളിവെള്ളമുള്ളതോ, അല്ലെങ്കിൽ ആ വർണത്തിലുള്ളതോ ആയ ഒരു ജലാശയത്തിൽ ദിനംപ്രതി സൂര്യൻ മറയുന്നതായി അദ്ദേഹം കണ്ടു. സൂര്യൻ അസ്തമിക്കുമ്പോൾ സമുദ്രതീരത്തുനിന്ന് നോക്കുന്നപക്ഷം, അത് പതുക്കെപതുക്കെ സമുദ്രത്തിലേക്ക് ഇറങ്ങിപോകുന്നതായി തോന്നുന്ന കാഴ്ച നമുക്ക് അനുഭവമാണല്ലോ, 'പകലീശൻ പടിഞ്ഞാറെ കടലിൽപോയി കുളിക്കുന്നു' എന്ന് ഒരു കവി സൂര്യാസ്തമയത്തെ വർണിച്ചുപാടിയത് ഇത്കൊണ്ടാണ്.

ഈ കടൽ ഏതായിരുന്നുവെന്ന് തിട്ടപ്പെടുത്തിപറയുക സാധ്യമല്ല. ദുൽഖർനൈനി ആരായിരുന്നു. അദ്ദേഹത്തിന്റെ യാത്ര ഏതുവരെ എത്തിയിരുന്നു, എന്നീ കാര്യങ്ങൾ സൂക്ഷ്മമായി അറിഞ്ഞാൽ മാത്രമേ ഉറച്ച തീരുമാനമെടുക്കാൻ നിവൃത്തിയുള്ളൂ. ഈജിയൻ കടലായിരുന്നുവെന്നും, കരിങ്കടലായിരുന്നുവെന്നും *(*)* മറ്റും അഭിപ്രായങ്ങളുണ്ട്. ഓരോ അഭിപ്രായക്കാരും തങ്ങളുടെ അഭിപ്രായത്തിന് ഓരോ ന്യായങ്ങളും പറയുന്നു. ഒരുപക്ഷേ, വടക്കെ ആഫ്രിക്കയിലെ തുനീസ്യായും, മൊറാക്കാശും കടന്നുപോയി പടിഞ്ഞാറെ കരയിലെത്തി അത്‌ലാന്തിക്ക് മഹാസമുദ്ര *(**)* തീരത്തുവെച്ചായിരിക്കാം അത് സംഭവിച്ചത്. ചിലർ ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുമുണ്ട്. ഏതായാലും അത് കേവലം ഒരു ചെറിയ തടാകമായിരിക്കുവാൻ അവകാശമില്ല എന്നാണ് മനസ്സിലാകുന്നത്.

പടിഞ്ഞാറൻ യാത്രയെപറ്റി പറഞ്ഞപ്പോൾ സൂര്യാസ്തമയസ്ഥലത്തെത്തിയെന്നും, കിഴക്കൻ യാത്രയെപറ്റി പറയുമ്പോൾ, സൂര്യോദയസ്ഥാനത്തെത്തിയെന്നും ക്വുർആൻ പറഞ്ഞതിൽനിന്ന് ഒരു കാര്യം നമുക്ക് അനുമാനിക്കാവുന്നതാണ്: അന്ന് അറിയപ്പെട്ടിരുന്ന ഭൂമിയുടെ പടിഞ്ഞാറെ അറ്റംവരെയും, കിഴക്കേ അറ്റംവരെയും അദ്ദേഹം യാത്ര ചെയ്തിരിക്കണം. അല്ലാത്തപക്ഷം, ഈ പ്രയോഗത്തിന് വിശിഷ്യാ അർത്ഥമൊന്നും ഉണ്ടായിരിക്കുകയില്ല. നീലവർണമായ സമുദ്രജലം അസ്തമയസമയത്ത് ചളിമയമായിക്കാണുക മിക്കവാറും എല്ലാ സമുദ്രതീരത്തും ഉണ്ടാകുന്നതാണ്.

ആ യാത്രയിൽ അദ്ദേഹം കണ്ട ജനങ്ങളെ ആക്രമിച്ചു കീഴടക്കുവാൻ ശ്രമിക്കാതെ, അദ്ദേഹം നടപ്പിൽവരുത്തിയ നയം വളരെ യുക്തമായിട്ടുണ്ട്. ഉപദേശം സ്വീകരിച്ച് സത്യവിശ്വാസം കൈക്കൊള്ളുകയും, സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നവരോട് നന്നായി പെരുമാറുവാനും, ധിക്കാരികളെ ശിക്ഷിക്കുവാനുമാണ് അദ്ദേഹം തീരുമാനിച്ചത്. ശക്തിയും പ്രതാപവും വേണ്ടതുപോലെയുള്ള ഒരു രാജാവ് ഇത്രയും പരിശുദ്ധമായ ഒരു ഭരണനയം സ്വീകരിക്കുമ്പോൾ, അദ്ദേഹം വളരെ ഗുണസമ്പന്നനായിരിക്കുമല്ലോ.

ثُمَّ أَتْبَعَ سَبَبًا ﴿٨٩﴾

﴿89﴾ പിന്നീട് അദ്ദേഹം (വേറെ) ഒരു മാർഗം തുടർന്നു.

حَتَّىٰٓ إِذَا بَلَغَ مَطْلِعَ ٱلشَّمْسِ وَجَدَهَا تَطْلُعُ عَلَىٰ قَوْمٍ لَّمْ نَجْعَل

﴿90﴾ അങ്ങനെ, അദ്ദേഹം സൂര്യോദയസ്ഥലത്ത് എത്തിയപ്പോൾ, അത് ഒരു (തരം) ജനതയുടെമേൽ ഉദയം ചെയ്യുന്നതായി അദ്ദേഹം കണ്ടു: അവർക്ക് അതിൽ [സൂര്യനിൽ]

(*) പടം 2 നോക്കുക *(**)* പടം 7 നോക്കുക

لَّهُم مِّن دُونِهَا سِتْرًا ﴿٩٠﴾

നിന്നും നാം [അല്ലാഹു] ഒരു മറയും ഉണ്ടാക്കിക്കൊടുത്തിട്ടില്ല. (അങ്ങനെയുള്ള ജനത).

كَذَٰلِكَ

﴿91﴾ അപ്രകാരം തന്നെയാണ് (ഉണ്ടായത്).

وَقَدْ أَحَطْنَا بِمَا لَدَيْهِ خُبْرًا ﴿٩١﴾

അദ്ദേഹത്തിന്റെ പക്കൽ ഉള്ളതിനെ (എല്ലാം, നമ്മുടെ) സൂക്ഷ്മജ്ഞാനംകൊണ്ട് നാം വലയം ചെയ്തിട്ടുണ്ട്താനും.

﴿89﴾ ثُمَّ പിന്നീട് أَتْبَعَ അദ്ദേഹം തുടർന്നു سَبَبًا ഒരു മാർഗം ﴿90﴾ حَتَّىٰٓ إِذَا بَلَغَ അങ്ങനെ അദ്ദേഹം എത്തിയപ്പോൾ مَطْلِعَ الشَّمْسِ സൂര്യോദയസ്ഥലത്ത് وَجَدَهَا അതിനെ അദ്ദേഹം കണ്ടു تَطْلُعُ ഉദയം ചെയ്യുന്നതായി عَلَىٰ قَوْمٍ ഒരു ജനതയിൽ, ജനതയുടെമേൽ لَّمْ نَجْعَل നാം ഉണ്ടാക്കിയിട്ടില്ല, ഏർപെടുത്തിയിട്ടില്ല لَّهُم അവർക്ക് مِّن دُونِهَا അതിൽനിന്ന്, അതിനുമുമ്പിൽ سِتْرًا ഒരു മറയും ﴿91﴾ كَذَٰلِكَ അപ്രകാരമാണ് وَقَدْ أَحَطْنَا നാം വലയം ചെയ്തിട്ടുമുണ്ട് بِمَا لَدَيْهِ അദ്ദേഹത്തിന്റെ പക്കലുള്ളതിനെ خُبْرًا സൂക്ഷ്മജ്ഞാനത്താൽ

കിഴക്കോട്ടുള്ള അദ്ദേഹത്തിന്റെ ഈ യാത്രയും ഏതുവരെയായിരുന്നുവെന്ന് പ്രസ്താവിക്കപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ നാട്ടിൽനിന്ന്, അന്നറിയപ്പെട്ടിരുന്ന കിഴക്കൻ രാജ്യങ്ങളുടെ അറ്റം വരെ എത്തിയിരിക്കും എന്ന് ഊഹിക്കാവുന്നതാണ്. വളരെ ലളിതമായ നിലയിൽ കഴിഞ്ഞുകൂടുന്ന ഒരുതരം അപരിഷ്കൃത ജനങ്ങളെയാണ് അദ്ദേഹം അവിടെ കാണുന്നത്. അത്രയും ലളിതജീവിതം നയിക്കുന്നവരെ അദ്ദേഹം കണ്ടിരിക്കുകയില്ല. വെയിലിൽനിന്നും (സൂര്യോഷ്ണത്തിൽ നിന്നും) രക്ഷപ്പെടുവാൻ വേണ്ടുന്ന വീടുകളൊ, മരത്തണലുകളൊ അവിടെ ഉണ്ടായിരുന്നില്ല. ഒരു പക്ഷേ, വല്ല ഗുഹയിലും താമസിച്ചുവരികയും, ഉഷ്ണമില്ലാത്തപ്പോൾ പുറത്തിറങ്ങി ജീവിതമാർഗങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നവരായിരിക്കാം അവർ. അഥവാ ഒരു പ്രാകൃതജീവിതമായിരുന്നു അവരുടേതെന്ന് കരുതാവുന്നതാകുന്നു.

അല്ലാഹുവിന്റെ സൃഷ്ടികളുടെ വിവിധ ജീവിതരീതി കണ്ടു മനസ്സിലാക്കുകയും, അതിൽ ചിന്താഗ്രസ്തനാവുകയും, യുക്തമായ നിലയിൽ അവരോട് ഇടപെടുകയും ചെയ്യുവാൻ ഈ യാത്രകൾ അദ്ദേഹത്തിന് സഹായകമായിട്ടുണ്ടായിരിക്കും. ഈ ജനതയുടെ അടുക്കൽ ചെന്ന് അദ്ദേഹം നിർവഹിച്ച കൃത്യങ്ങൾ ഏതാണ്ട് പടിഞ്ഞാറൻ ജനതയുടെ അടുക്കൽ ചെന്നപ്പോഴുണ്ടായ അതേമാതിരി കൃത്യങ്ങളായിരിക്കുമെന്ന്, كَذَٰلِكَ (അപ്രകാരമാണുണ്ടായത്) എന്ന നാലക്ഷരംകൊണ്ട് അല്ലാഹു നമ്മെ അറിയിക്കുന്നു. അദ്ദേഹത്തിന്റെ പക്കലുള്ള അറിവും, കഴിവും അദ്ദേഹത്തിന്റെ മറ്റെല്ലാ സ്ഥിതിഗതികളും അല്ലാഹുവിന് സൂക്ഷ്മമായും, പരിപൂർണമായും അറിയാവുന്നതാണ്. അതനുസരിച്ച് അദ്ദേഹത്തിന്റെ കഴിവിൽപെട്ട നന്മകൾ അദ്ദേഹം ആ നാട്ടുകാരിൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും ഒടുവിലത്തെ വചനം ചൂണ്ടിക്കാട്ടുന്നു.

ثُمَّ أَتْبَعَ سَبَبًا ﴿٩٢﴾

《92》 പിന്നെയും, അദ്ദേഹം (വേറെ) ഒരു മാർഗം പിന്തുടർന്നു.

حَتَّىٰٓ إِذَا بَلَغَ بَيْنَ ٱلسَّدَّيْنِ وَجَدَ مِن دُونِهِمَا قَوْمًا لَّا يَكَادُونَ يَفْقَهُونَ قَوْلًا ﴿٩٣﴾

《93》 അങ്ങനെ, അദ്ദേഹം രണ്ടു മലക്കെട്ടുകൾക്കിടയിൽ എത്തിയപ്പോൾ, അവയ്ക്കപ്പുറത്തുണ്ടായിരുന്ന ഒരു ജനതയെ അദ്ദേഹം കാണുകയുണ്ടായി:

പറയുന്നതൊന്നും അവർ ഗ്രഹിക്കുമാറാകുന്നില്ല (അങ്ങിനെയുള്ള ഒരു ജനത).

قَالُوا۟ يَـٰذَا ٱلْقَرْنَيْنِ إِنَّ يَأْجُوجَ وَمَأْجُوجَ مُفْسِدُونَ فِى ٱلْأَرْضِ فَهَلْ نَجْعَلُ لَكَ خَرْجًا عَلَىٰٓ أَن تَجْعَلَ بَيْنَنَا وَبَيْنَهُمْ سَدًّا ﴿٩٤﴾

《94》 അവർ പറഞ്ഞു: ഹേ! ദുൽകർനൈൻ! നിശ്ചയമായും, യഅ്ജൂജും മഅ്ജൂജും ഈ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരാണ്.

അതുകൊണ്ട് താങ്കൾ, ഞങ്ങൾക്കും അവർക്കും ഇടയിൽ ഒരു കെട്ടുണ്ടാക്കിത്തരുമെന്നതിന്റെമേൽ [പ്രസ്തുത നിശ്ചയത്തോടെ] താങ്കൾക്ക് ഞങ്ങൾ ഒരു പുറപ്പാട് [വരി] നിശ്ചയിച്ചു തരട്ടെയോ?

《92》 ثُمَّ പിന്നെ, പിന്നെയും أَتْبَعَ അദ്ദേഹം തുടർന്ന് سَبَبًا ഒരു മാർഗം 《93》 حَتَّىٰٓ إِذَا بَلَغَ അങ്ങനെ അദ്ദേഹം എത്തിയപ്പോൾ بَيْنَ السَّدَّيْنِ രണ്ട് മലക്കെട്ടുകൾക്കിടയിൽ وَجَدَ അദ്ദേഹം കണ്ടെത്തി مِن دُونِهِمَا അവയുടെ ഇപ്പുറത്ത് قَوْمًا ഒരു ജനതയെ لَا يَكَادُونَ അവർ ആകുമാറാകുന്നില്ല يَفْقَهُونَ ഗ്രഹിക്കുവാൻ (മനസ്സിലാക്കുവാൻ) قَوْلًا പറയുന്നത്, ഒരു വാക്കും 《94》 قَالُوا അവർ പറഞ്ഞു يَا ذَا الْقَرْنَيْنِ ഹേ ദുൽകർനൈൻ إِنَّ يَأْجُوجَ നിശ്ചയമായും യഅ്ജൂജും وَمَأْجُوجَ മഅ്ജൂജും مُفْسِدُونَ കുഴപ്പമുണ്ടാക്കുന്നവരാണ് فِي الْأَرْضِ ഭൂമിയിൽ فَهَلْ نَجْعَلُ അതുകൊണ്ട് ഞങ്ങൾ നിശ്ചയിച്ചു തരട്ടെയോ لَكَ താങ്കൾക്ക് خَرْجًا ഒരു പുറപ്പാട്, ഒരു വരി عَلَىٰٓ أَن تَجْعَلَ താങ്കൾ ഉണ്ടാക്കിത്തരുന്നതിന്റെ പേരിൽ (ആ നിശ്ചയത്തിൽ) بَيْنَنَا ഞങ്ങൾക്കിടയിൽ وَبَيْنَهُمْ അവർക്കിടയിലും (ഇരുകൂട്ടർക്കും ഇടയിൽ) سَدًّا ഒരു കെട്ട്, മതിൽകെട്ട്

യഅ്ജൂജും, മഅ്ജൂജും ഞങ്ങളുടെ നാടുകളിൽ വന്ന് പലവിധ അക്രമവും നടത്തി കുഴപ്പമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്, ഞങ്ങൾക്ക് അവരെ നേരിടുവാൻ തക്ക ശക്തിയില്ല, ഈ മലയിടുക്കിൽകൂടിയാണ് അവരുടെ പ്രവാഹം നടക്കുന്നത്. അവിടെ ഒരു കെട്ടു നിർമിച്ച് ആ മാർഗം അടച്ചുകഴിഞ്ഞാൽ അവരുടെ ആക്രമണങ്ങളിൽനിന്ന് ഞങ്ങ

ളുടെ രാജ്യം രക്ഷപ്പെടുന്നതാണ്. പക്ഷേ, ഞങ്ങൾക്ക് അങ്ങിനെ ഒരു കെട്ടു നിർമിക്കുവാനുള്ള കഴിവില്ല. താങ്കൾ വിചാരിച്ചാൽ അത് സാധ്യമാകുന്നതാണ്, ഞങ്ങൾ താങ്കൾക്ക് പുറപ്പാട് തന്നുകൊള്ളാം. താങ്കൾ അത് നിർവഹിച്ചുതരണം. ഇതായിരുന്നു, ഈ ജനത ദുൽകർനൈനിയുടെ മുമ്പിൽ സമർപിച്ച അപേക്ഷ. അദ്ദേഹം അതിന് നൽകിയ മറുപടി:-

قَالَ مَا مَكَّنِّي فِيهِ رَبِّي خَيْرٌ فَأَعِينُونِي بِقُوَّةٍ أَجْعَلْ بَيْنَكُمْ وَبَيْنَهُمْ رَدْمًا ﴿٩٥﴾

﴾95﴿ അദ്ദേഹം പറഞ്ഞു: യാതൊന്നിൽ എന്റെ രക്ഷിതാവ് എനിക്ക് സ്വാധീനം നൽകിയിരിക്കുന്നുവോ അത്, ഏറ്റവും നല്ലതാകുന്നു. ആകയാൽ, ശക്തികൊണ്ട് നിങ്ങൾ എന്നെ സഹായിക്കുവിൻ; നിങ്ങളുടെയും അവരുടെയും ഇടക്ക് ഒരു ശക്തിമത്തായ കെട്ട് ഞാൻ ഉണ്ടാക്കിത്തരാം;-

ءَاتُونِي زُبَرَ ٱلْحَدِيدِ ۖ

﴾96﴿ നിങ്ങൾ എനിക്ക് ഇരുമ്പുകട്ടികൾ കൊണ്ടുവന്നുതരുവിൻ

حَتَّىٰٓ إِذَا سَاوَىٰ بَيْنَ ٱلصَّدَفَيْنِ قَالَ ٱنفُخُوا۟ ۖ

അങ്ങനെ, (ആ) രണ്ട് മലന്തിട്ടകൾക്കിടയിൽ (ഇരുമ്പുകട്ടികളാൽ) സമമാക്കിത്തീർത്തപ്പോൾ, ഊതുവിൻ എന്ന് അദ്ദേഹം പറഞ്ഞു.

حَتَّىٰٓ إِذَا جَعَلَهُۥ نَارًا قَالَ ءَاتُونِيٓ أُفْرِغْ عَلَيْهِ قِطْرًا ﴿٩٦﴾

അങ്ങനെ, അത് തീയാക്കിക്കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ അടുക്കൽ ചെമ്പുദ്രാവകം കൊണ്ടുവരുവിൻ, ഞാൻ അതിന്മേൽ ഒഴിക്കാം എന്ന്.

فَمَا ٱسْطَـٰعُوٓا۟ أَن يَظْهَرُوهُ وَمَا ٱسْتَطَـٰعُوا۟ لَهُۥ نَقْبًا ﴿٩٧﴾

﴾97﴿ പിന്നെ, അതിന് മീതെ കയറിമറിയുവാൻ അവർക്ക് (യഅ്ജൂജ്-മഅ്ജൂജിന് സാധ്യമായില്ല;അതിന് തുരങ്കമുണ്ടാക്കുവാനും അവർക്ക് സാധ്യതയുണ്ടായില്ല.

﴾95﴿ قَالَ അദ്ദേഹം പറഞ്ഞു مَا യാതൊന്ന് مَكَّنِّي എനിക്ക് സ്വാധീനം തന്നിരിക്കുന്നു فِيهِ അതിൽ رَبِّي എന്റെ രക്ഷിതാവ് خَيْرٌ നല്ലതാണ്, ഉത്തമമാണ് فَأَعِينُونِي അതുകൊണ്ട് നിങ്ങൾ എന്നെ സഹായിക്കുവിൻ بِقُوَّةٍ ശക്തികൊണ്ട് أَجْعَلْ ഞാൻ ഉണ്ടാക്കാം. ഏർപ്പെടുത്താം بَيْنَكُمْ നിങ്ങൾക്കിടയിൽ وَبَيْنَهُمْ അവർക്കിടയിലും رَدْمًا ഒരു ശക്തിമത്തായ കെട്ട് ﴾96﴿ آتُونِي നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവരുവിൻ, എനിക്ക്

حَتَّىٰٓ إِذَا سَاوَىٰ കൊണ്ടുതരുവിൻ زُبَرَ الْحَدِيدِ ഇരുമ്പിന്റെ കട്ടികൾ (കഷ്ണങ്ങൾ) قَالَ അങ്ങനെ അദ്ദേഹം സമമാക്കിയപ്പോൾ بَيْنَ الصَّدَفَيْنِ രണ്ടു മലന്തിട്ടകൾക്കിടയിൽ അദ്ദേഹം പറഞ്ഞു انفُخُوا നിങ്ങൾ ഊതുവിൻ حَتَّىٰٓ إِذَا جَعَلَهُۥ അങ്ങനെ അതിനെ ആക്കിയപ്പോൾ نَارًا തീ, അഗ്നി قَالَ അദ്ദേഹം പറഞ്ഞു ءَاتُونِىٓ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരുവിൻ أُفْرِغْ ഞാൻ ഒഴിക്കാം عَلَيْهِ അതിന്മേൽ قِطْرًا ചെമ്പുദ്രാവകം, ഈയദ്രാവകം ﴾97﴿ فَمَا اسْطَاعُوٓا പിന്നെ അവർക്ക് സാധിച്ചില്ല أَن يَظْهَرُوهُ അതിനുമീതെ കയറുവാൻ, കയറിമറിയുവാൻ وَمَا اسْتَطَاعُوا അവർക്ക് സാദ്ധ്യമായതുമില്ല لَهُۥ അതിന്, അതിനെ نَقْبًا തുരങ്കത്തിന്, തുരങ്കമുണ്ടാക്കുവാൻ

നിങ്ങളുടെ വരിസംഖ്യയോ പുറപ്പാടോ എനിക്കാവശ്യമില്ല; ജോലിക്കാരെ ശേഖരിച്ചുതന്നും, ഉപകരണങ്ങൾ കൊണ്ടുവന്നുതന്നും നിങ്ങളുടെ കഴിവ് ഉപയോഗപെടുത്തി എന്നെ സഹായിച്ചാൽ മതിയാകും; അല്ലാഹു എനിക്ക് നൽകിയിട്ടുള്ള സ്വാധീനവും, അനുഗ്രഹവും യാതൊരു പ്രതിഫലേച്ഛയും കൂടാതെ ഞാൻ ഈ വിഷയത്തിൽ ഉപയോഗിച്ചുകൊള്ളാം. എന്നത്രെ ദുൽക്വർനൈനി (അ) അവരോട് പറഞ്ഞതിന്റെ സാരം. ഹാ! നമ്മുടെ ഭരണ കർത്താക്കളും ഈ മാതൃക സ്വീകരിച്ചിരുന്നുവെങ്കിൽ!

ദുൽക്വർനൈനിയുടെ മൂന്നാമത്തെ ഈ യാത്രയിൽ അദ്ദേഹം എത്തിച്ചേർന്ന സ്ഥലത്ത് രണ്ട് വലിയ കടും തൂക്കായ പർവതങ്ങൾ ഉണ്ടായിരുന്നു. രണ്ടിനും ഇടയിൽകൂടി, അപ്പുറത്തുനിന്ന് കടന്നുവരത്തക്ക ഒരു വഴിയുമുണ്ടായിരുന്നു. ഈ ചുരമാർഗത്തിൽ കൂടി യഅ്ജൂജ്, മഅ്ജൂജ് വർഗക്കാർ ഇപ്പുറം കടന്നുവന്ന് കൊള്ള, കവർച്ച മുതലായ അക്രമങ്ങൾ നടത്തിക്കൊണ്ടിരുന്നതിനാൽ ആ നാട്ടുകാർ കുഴങ്ങിയിരിക്കുകയാണ്. ആദ്യമായി അദ്ദേഹം ഇരുമ്പുകട്ടികളാൽ ആ മലയിടുക്ക് തൂർത്ത് മലയോടൊപ്പമാക്കി; പിന്നീട് ചൂളവെച്ച് ഒലോക്കുകൾ കൊണ്ട് ഊതി അതൊരു വമ്പിച്ച തീക്കട്ടയാക്കി; അതിനുശേഷം ചെമ്പ് (അല്ലെങ്കിൽ ഈയം) ഉരുക്കിയ ദ്രാവകം അതിന്മേൽ ഒഴുക്കി. അങ്ങിനെ, അത് ഒരൊറ്റ ഇരുമ്പുഭിത്തിയാക്കിത്തീർത്തു. ഇതോടെ യഅ്ജൂജ് മഅ്ജൂജിന്റെ പ്രവാഹം നിശ്ശേഷം തടയപ്പെടുകയും ചെയ്തു.

قَالَ هَٰذَا رَحْمَةٌ مِّن رَّبِّى ۖ

﴾98﴿ അദ്ദേഹം പറഞ്ഞു: ഇത് എന്റെ രക്ഷിതാവിന്റെ പക്കൽനിന്നുള്ള ഒരു (വലുതായ) അനുഗ്രഹമത്രെ!

فَإِذَا جَآءَ وَعْدُ رَبِّى جَعَلَهُۥ دَكَّآءَ ۖ وَكَانَ وَعْدُ رَبِّى حَقًّا ﴿٩٨﴾

എനി, എന്റെ രക്ഷിതാവിന്റെ നിശ്ചയം (നിശ്ചിത സമയം) വന്നാൽ, അവൻ അത് (തകർത്തു) നിരപ്പാക്കുന്നതാണ്. എന്റെ റബ്ബിന്റെ നിശ്ചയം യഥാർത്ഥമായിരിക്കുന്നതുമാണ്.

﴾98﴿ قَالَ അദ്ദേഹം പറഞ്ഞു هَٰذَا ഇത് رَحْمَةٌ ഒരു കാരുണ്യമാണ്, അനുഗ്രഹമാണ് مِّن رَّبِّى എന്റെ രക്ഷിതാവിന്റെ പക്കൽനിന്നുള്ള فَإِذَا جَآءَ എനി വന്നാൽ وَعْدُ رَبِّى എന്റെ

രക്ഷിതാവിന്റെ നിശ്ചയം, വാഗ്ദത്തം جَعَلَهُ അതിനെ അവൻ ആക്കുന്നതാണ് دَكَّاءَ തകർത്തത്, നിരപ്പായത് (തകർന്നുനിരപ്പായത്) وَكَانَ ആയിരിക്കുന്നതാണ്, ആകുന്നതാണ് وَعْدُ رَبِّي എന്റെ രക്ഷിതാവിന്റെ നിശ്ചയം, വാഗ്ദത്തം حَقًّا സത്യമായത്, യഥാർത്ഥം

ഇത്രയും വലിയ ഒരു മഹൽകൃത്യം ഉദ്ദേശിച്ചപോലെ പൂർത്തിയായിക്കഴിഞ്ഞപ്പോൾ അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചു. അദ്ദേഹം പറഞ്ഞു: ഇത് എന്റെ കൈക്ക് നടന്ന ഒരു കാര്യമാണെങ്കിലും, അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രമാണിത് സാധിച്ചത്. ഈ കെട്ട് തകർക്കുവാനും, മീതെ കയറിമറിയുവാനും ഇപ്പോൾ ആർക്കും സാധ്യമല്ല. പക്ഷേ, നിശ്ചിത സമയം വരുവാനുണ്ട്, അത് വന്നാൽ പിന്നെ, ഇതെല്ലാം തകർന്നു തരിപ്പണമാകും. അത് വരാതിരിക്കയുമില്ല. (ദുൽഖർനൈനിയെയും, യഅ്ജൂജ് - മഅ്ജൂജിനെയും സംബന്ധിച്ച് ഈ അദ്ധ്യായം, അവസാനിക്കുമ്പോൾ പ്രത്യേകം കൊടുത്ത വ്യാഖ്യാനക്കുറിപ്പിൽ കൂടുതൽ വിവരം കാണാം.)

۞ وَتَرَكْنَا بَعْضَهُمْ يَوْمَئِذٍ يَمُوجُ فِي بَعْضٍ ۖ وَنُفِخَ فِي ٱلصُّورِ فَجَمَعْنَٰهُمْ جَمْعًا ﴿٩٩﴾

﴿99﴾ അന്ന് അവരിൽ ചില വിഭാഗത്തെ (മറ്റു) ചില വിഭാഗത്തിൽ അലമറിയുന്നതായ നിലയിൽ നാം വിട്ടേക്കുന്നതാണ്; കാഹളത്തിൽ ഊതപ്പെടുകയും, അപ്പോൾ നാം അവരെ ശേഖരിച്ചു ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നതാകുന്നു;

وَعَرَضْنَا جَهَنَّمَ يَوْمَئِذٍ لِّلْكَٰفِرِينَ عَرْضًا ﴿١٠٠﴾

﴿100﴾ അന്നത്തെ ദിവസം, അവിശ്വാസികൾക്ക് നരകത്തെ നാം ശരിയാംവണ്ണം കാണിച്ചുകൊടുക്കുന്നതാണ്:-

ٱلَّذِينَ كَانَتْ أَعْيُنُهُمْ فِي غِطَآءٍ عَن ذِكْرِي وَكَانُوا۟ لَا يَسْتَطِيعُونَ سَمْعًا ﴿١٠١﴾

﴿101﴾ അതായത്: എന്റെ ബോധനത്തെ സംബന്ധിച്ച് തങ്ങളുടെ കണ്ണുകൾ മൂടിയിലായിരിക്കുകയും, കേൾക്കുവാൻ സാധിക്കാതിരിക്കുകയും ചെയ്തിരുന്നവർക്ക്.

﴿99﴾ وَتَرَكْنَا നാം വിട്ടേക്കും, ഒഴിച്ചുവിടും بَعْضَهُمْ അവരിൽ ചിലരെ, ഒരു വിഭാഗത്തെ يَوْمَئِذٍ അന്ന്, ആ ദിവസം يَمُوجُ അലമറിയുന്നതായി فِي بَعْضٍ ചിലരിൽ, ഒരു വിഭാഗത്തിൽ وَنُفِخَ ഊതപ്പെടുകയും ചെയ്യും فِي الصُّورِ കാഹളത്തിൽ, കൊമ്പിൽ فَجَمَعْنَا അപ്പോൾ നാം ഒരുമിച്ചു കൂട്ടുന്നതാണ് هُمْ അവരെ جَمْعًا ഒരു ഒരുമിച്ചുകൂട്ടൽ, ശേഖരിക്കൽ ﴿100﴾ وَعَرَضْنَا നാം കാണിച്ചുകൊടുക്കും, പ്രദർശിപ്പിക്കും جَهَنَّمَ നരകത്തെ يَوْمَئِذٍ അന്ന്, ആ ദിവസം لِلْكَافِرِينَ അവിശ്വാസികൾക്ക് عَرْضًا ഒരു കാണിക്കൽ, (ശ

أَعْيُنُهُمْ ആയിരുന്നു كَانَتْ അതായത് യാതൊരു കൂട്ടർക്ക് الَّذِينَ ﴾101﴿ രിയാംവണ്ണം) അവരുടെ കണ്ണുകൾ فِي غِطَاءٍ മൂടിയിൽ عَنْ ذِكْرِي എന്റെ ബോധനത്തെ സംബന്ധിച്ച്, എന്റെ സ്മരണയിൽനിന്ന് وَكَانُوا അവർ ആകുകയും ചെയ്തു لَا يَسْتَطِيعُونَ അവർക്ക് സാധിക്കാതെ سَمْعًا കേൾക്കുവാൻ, കേൾക്കുന്നതിന്

ദുൽകർനൈനി (അ) പ്രവചിച്ചപ്രകാരം, കാലാന്തരത്തിൽ- സമുദ്രജലം അലയടിക്കുന്നത്പോലെ- ജനങ്ങൾ പരസ്പരം അക്രമിച്ചും, കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കിയും കൊണ്ടിരിക്കും. നാട്ടിൽ സമാധാനഭംഗവും, അധാർമികാവസ്ഥയും ഉണ്ടാക്കിത്തീർക്കും. പിന്നീട് കാഹളം ഊതുന്ന അവസരം- ലോകാവസാനഘട്ടം- വന്നെത്തും. അപ്പോൾ എല്ലാവരും അല്ലാഹുവിന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടപ്പെടുന്നതും, ഓരോരുത്തനും തക്ക പ്രതിഫലം നൽകപ്പെടുന്നതുമാകുന്നു. അല്ലാഹുവിന്റെ ബോധനങ്ങളെ അവഗണിച്ചുകൊണ്ടിരുന്ന അവിശ്വാസികൾക്ക് അതികഠിനമായ നരകശിക്ഷയും, സത്യവിശ്വാസികളായ സജ്ജനങ്ങൾക്ക് സ്വർഗീയ സുഖസൗകര്യങ്ങളുമായിരിക്കും ലഭിക്കുക. അടുത്ത വചനങ്ങളിൽ ഇരു വിഭാഗക്കാരെക്കുറിച്ചും അല്ലാഹു പ്രസ്താവിക്കുന്നത് കാണുക:

വിഭാഗം - 12

أَفَحَسِبَ ٱلَّذِينَ كَفَرُوٓاْ أَن يَتَّخِذُواْ عِبَادِى مِن دُونِىٓ أَوْلِيَآءَ ۚ إِنَّآ أَعْتَدْنَا جَهَنَّمَ لِلْكَٰفِرِينَ نُزُلًا ﴿١٠٢﴾

﴾102﴿ എന്നാൽ, അവിശ്വസിച്ചവർ വിചാരിക്കുന്നുവോ: എനിക്കുപുറമെ, എന്റെ അടിയാന്മാരെ രക്ഷാകർത്താക്കളായി സ്വീകരിക്കാമെന്ന്?!

നിശ്ചയമായും നാം അവിശ്വാസികൾക്ക് നരകത്തെ വിരുന്നുസൽക്കാരമായി ഒരുക്കിവെച്ചിരിക്കുന്നു.

قُلْ هَلْ نُنَبِّئُكُم بِٱلْأَخْسَرِينَ أَعْمَٰلًا ﴿١٠٣﴾

﴾103﴿ (നബിയേ) പറയുക: പ്രവൃത്തികൾ ഏറ്റവും നഷ്ടപ്പെട്ടവരെക്കുറിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?-

ٱلَّذِينَ ضَلَّ سَعْيُهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا وَهُمْ يَحْسَبُونَ أَنَّهُمْ يُحْسِنُونَ صُنْعًا ﴿١٠٤﴾

﴾104﴿ (അവർ) യാതൊരു കൂട്ടരാകുന്നു: ഐഹിക ജീവിതത്തിൽ അവരുടെ പരിശ്രമം പിഴച്ചുപോയിരിക്കുന്നു; അവരാകട്ടെ, തങ്ങൾ പ്രവൃത്തി നന്നായിചെയ്യുന്നുവെന്ന് വിചാരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. (ഇങ്ങനെയുള്ളവരാണ്).

أُوْلَٰٓئِكَ ٱلَّذِينَ كَفَرُواْ بِـَٔايَٰتِ رَبِّهِمۡ وَلِقَآئِهِۦ

فَحَبِطَتۡ أَعۡمَٰلُهُمۡ

فَلَا نُقِيمُ لَهُمۡ يَوۡمَ ٱلۡقِيَٰمَةِ وَزۡنٗا ﴿١٠٥﴾

﴿105﴾ അക്കൂട്ടർ തങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളിലും, അവനുമായി കാണുന്നതിലും അവിശ്വസിച്ചവരാണ്;

അതിനാൽ, അവരുടെ കർമങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു.

അതുകൊണ്ട് ഖിയാമത്തുനാളിൽ നാം അവർക്ക് യാതൊരു തൂക്കവും നിറുത്തുന്നതല്ല. [ആ കർമങ്ങൾക്ക് ഒട്ടും വില കൽപിക്കുകയില്ല].

ذَٰلِكَ جَزَآؤُهُمۡ جَهَنَّمُ بِمَا كَفَرُواْ وَٱتَّخَذُوٓاْ ءَايَٰتِي وَرُسُلِي هُزُوًا ﴿١٠٦﴾

﴿106﴾ അത്- അവരുടെ പ്രതിഫലം നരകമാണെന്നുള്ളത്- അവർ അവിശ്വസിക്കുകയും, എന്റെ ദൃഷ്ടാന്തങ്ങളെയും, എന്റെ ദൂതന്മാരെയും പരിഹാസ്യമാക്കുകയും ചെയ്തത് നിമിത്തമാകുന്നു.

﴿102﴾ أَفَحَسِبَ എന്നാൽ വിചാരിക്കുന്നുവോ, കണക്കാക്കിയോ الَّذِينَ كَفَرُوا അവി
ശ്വസിച്ചവർ أَنْ يَتَّخِذُوا അവർ സ്വീകരിക്കാമെന്ന്, ആക്കുവാൻ عِبَادِي എന്റെ അടിയാന്മാരെ
مِنْ دُونِي എനിക്ക് പുറമെ, എന്നെ കൂടാതെ أَوْلِيَاءَ കാര്യകർത്താക്കളായി إِنَّا നിശ്ചയ
മായും നാം أَعْتَدْنَا നാം ഒരുക്കിവെച്ചിരിക്കുന്നു جَهَنَّمَ നരകത്തെ, ജഹന്നമിനെ
لِلْكَافِرِينَ അവിശ്വാസികൾക്ക് نُزُلًا സൽക്കാരമായി, വിരുന്നായി ﴿103﴾ قُلْ പറ
യുക هَلْ نُنَبِّئُكُمْ നിങ്ങൾക്ക് നാം പറഞ്ഞു (അറിയിച്ചു)തരട്ടെയോ بِالْأَخْسَرِينَ
ഏറ്റവും നഷ്ടപ്പെട്ടവരെപ്പറ്റി أَعْمَالًا പ്രവർത്തനങ്ങൾ ﴿104﴾ الَّذِينَ യാതൊരു കൂട്ട
രാണ് ضَلَّ പിഴച്ചുപോയി, പാഴായിപ്പോയി سَعْيُهُمْ അവരുടെ പരിശ്രമം فِي الْحَيَاةِ الدُّنْيَا
ഐഹികജീവിതത്തിൽ وَهُمْ അവരാകട്ടെ يَحْسَبُونَ വിചാരിക്കുന്നു أَنَّهُمْ നിശ്ചയമായും
അവർ يُحْسِنُونَ നന്നായി ചെയ്യുന്നു (എന്ന്) صُنْعًا പ്രവൃത്തി ﴿105﴾ أُولَٰئِكَ അക്കൂട്ടർ,
അവർ الَّذِينَ كَفَرُوا അവിശ്വസിച്ചവരാണ് بِآيَاتِ ദൃഷ്ടാന്തങ്ങളിൽ, ലക്ഷ്യങ്ങളിൽ رَبِّهِمْ
തങ്ങളുടെ രക്ഷിതാവിന്റെ وَلِقَائِهِ അവനുമായി കാണുന്നതിലും فَحَبِطَتْ അതിനാൽ
നിഷ്ഫലമായി, ഫലശൂന്യമായി أَعْمَالُهُمْ അവരുടെ പ്രവർത്തനങ്ങൾ فَلَا نُقِيمُ അതു
കൊണ്ട് നാം നിറുത്തുകയില്ല (വകവെക്കുകയില്ല) لَهُمْ അവർക്ക് يَوْمَ الْقِيَامَةِ ഖിയാമ
ത്തുനാളിൽ وَزْنًا ഒരു തൂക്കവും ﴿106﴾ ذَٰلِكَ അത് جَزَاؤُهُمْ അവരുടെ പ്രതിഫലം
جَهَنَّمُ നരകമാകുന്നു (എന്നുള്ളത്) بِمَا كَفَرُوا അവർ അവിശ്വസിച്ചതുകൊണ്ടാണ്
وَاتَّخَذُوا അവർ ആക്കിത്തീർക്കുകയും ചെയ്തത് കൊണ്ട് آيَاتِي എന്റെ ദൃഷ്ടാന്തങ്ങളെ

وَرُسُلِي എന്റെ ദൂതന്മാരേയും هُزُوًا പരിഹാസ്യം, പരിഹാസം

അല്ലാഹുവിലും, പരലോകത്തിലും വിശ്വസിക്കാത്തവരുടെ കർമങ്ങൾ ഒന്നുംതന്നെ അല്ലാഹുവിങ്കൽ സ്വീകാര്യമാകുന്നതല്ല. ഈ വസ്തുത പല ക്വുർആൻ വചനങ്ങളിലും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു (സൂറത്തുന്നൂർ 39 ലും ഫുർക്വാൻ 23 ലും മറ്റും കാണാവുന്നതാണ്). സൽക്കർമങ്ങളും ദുഷ്ക്കർമങ്ങളുമെല്ലാം തൂക്കിക്കണക്കാക്കപ്പെടും. അപ്പോൾ, ഇവരുടെ സൽക്കർമങ്ങൾക്ക് ഒട്ടുംതന്നെ തൂക്കം നൽകപ്പെടുകയില്ല.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ كَانَتْ لَهُمْ جَنَّـٰتُ ٱلْفِرْدَوْسِ نُزُلًا ﴿١٠٧﴾

﴾107﴿ വിശ്വസിക്കുകയും: സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാകട്ടെ, നിശ്ചയമായും ഫിർദൗസാകുന്ന (അത്യുന്നത) സ്വർഗങ്ങൾ അവർക്ക് ആതിഥ്യ സൽക്കാരമായിരിക്കുന്നതാണ്;-

خَـٰلِدِينَ فِيهَا لَا يَبْغُونَ عَنْهَا حِوَلًا ﴿١٠٨﴾

﴾108﴿ അവർ അതിൽനിന്ന് വിട്ടുമാറുവാൻ ആഗ്രഹിക്കാത്തവിധം അതിൽ നിത്യവാസികളായ നിലയിലായിരിക്കും.

قُل لَّوْ كَانَ ٱلْبَحْرُ مِدَادًا لِّكَلِمَـٰتِ رَبِّى لَنَفِدَ ٱلْبَحْرُ قَبْلَ أَن تَنفَدَ كَلِمَـٰتُ رَبِّى وَلَوْ جِئْنَا بِمِثْلِهِۦ مَدَدًا ﴿١٠٩﴾

﴾109﴿ (നബിയേ) പറയുക: എന്റെ റബ്ബിന്റെ വചനങ്ങൾക്ക് [അത് എഴുതുന്നതിന്] സമുദ്രം മഷിയായിരുന്നാലും- അതിന്റെ അത്രതന്നെ (വേറെയും സമുദ്രം) നാം സഹായകമായി കൊണ്ടുവന്നാൽപോലും- എന്റെ റബ്ബിന്റെ വചനങ്ങൾ തീരുന്നതിന് മുമ്പായി സമുദ്രം തീർന്നുപോകുകതന്നെ ചെയ്യുന്നതാണ്.

﴾107﴿ إِنَّ الَّذِينَ നിശ്ചയമായും ഒരു കൂട്ടർ آمَنُوا അവർ വിശ്വസിച്ചു وَعَمِلُوا അവർ പ്രവർത്തിക്കുകയും ചെയ്തു الصَّالِحَاتِ സൽക്കർമങ്ങളെ, സൽപ്രവൃത്തികളെ كَانَتْ ആയിരിക്കുന്നതാണ് لَهُمْ അവർക്ക് جَنَّاتُ الْفِرْدَوْسِ ഫിർദൗസാകുന്ന (ഉന്നതമായ) സ്വർഗങ്ങൾ نُزُلًا സൽക്കാരം, അതിഥിസൽക്കാരം ﴾108﴿ خَالِدِينَ നിത്യവാസികളായ നിലയിൽ, ശാശ്വതന്മാരായി فِيهَا അതിൽ لَا يَبْغُونَ അവർ ആഗ്രഹിക്കുകയില്ല, തേടുകയില്ല عَنْهَا അതിൽനിന്ന്, حِوَلًا വിട്ടുപോകാൻ, നീങ്ങിപ്പോകാൻ. ﴾109﴿ قُلْ നീ പറയുക لَوْ كَانَ ആയിരുന്നാൽ الْبَحْرُ സമുദ്രം مِدَادًا മഷി لِكَلِمَاتِ رَبِّي എന്റെ റബ്ബിന്റെ വചനങ്ങൾക്ക് لَنَفِدَ തീർന്നുപോകുകതന്നെ ചെയ്യും الْبَحْرُ സമുദ്രം قَبْلَ أَنْ تَنْفَدَ തീരും മുമ്പായി

كَلِمَاتُ رَبِّي എന്റെ റബ്ബിന്റെ വചനങ്ങൾ وَلَوْ جِئْنَا നാം വന്നാലും ശരി بِمِثْلِهِ അതിന്റെ അത്രയുംകൊണ്ട്, അതുപോലുള്ളതും കൊണ്ട് مَدَدًا സഹായകമായി

സർവജ്ഞനും, സർവശക്തനുമായ അല്ലാഹുവിന്റെ അറിവുകൾക്ക് യാതൊരു അതിരും, കണക്കും ഇല്ലാത്തതാകുന്നു. സമുദ്രങ്ങൾ എത്രതന്നെ വമ്പിച്ചതായിരുന്നാലും അതിന് ഒരു പരിധിയും അളവും കൂടാതെ കഴിയുകയില്ല. എന്നിരിക്കെ, അവന്റെ ജ്ഞാനവാർത്തകളും, അവന്റെ വചനങ്ങളും എഴുതിത്തീർക്കുവാൻ എങ്ങിനെ സാധിക്കും?! മറ്റൊരുസ്ഥലത്ത് ഇതിനെപറ്റി അല്ലാഹു ഇപ്രകാരമാണ് പറയുന്നത്: ഭൂമിയിലുള്ള മരങ്ങളെല്ലാം പേനകളായിരിക്കുകയും, (നിലവിലുള്ള) സമുദ്രവും, അതിനുപുറമെ ഏഴു സമുദ്രങ്ങളുംകൂടി അതിന് മഷിയായി സഹായം നൽകുകയും ചെയ്താൽപോലും, അല്ലാഹുവിന്റെ വചനങ്ങൾ തീരുന്നതല്ല.

وَلَوْ أَنَّمَا فِي الْأَرْضِ مِن شَجَرَةٍ أَقْلَامٌ وَالْبَحْرُ يَمُدُّهُ مِن بَعْدِهِ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَاتُ اللَّهِ - لقمان

അല്ലാഹുവിന്റെ സൃഷ്ടികളിൽ നമ്മുടെ അറിവിന് വിധേയമായിട്ടുള്ളതിനെയും നാം നിത്യേന അനുഭവിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെയും സംബന്ധിച്ചുമാത്രം അൽപമൊന്ന് ആലോചിച്ചു നോക്കുക: ഈ വാസ്തവം നമുക്ക് ശരിക്കും ബോധ്യപ്പെടുന്നതാണ്. അത്ഭുതകരമായ നിലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രീയ നിരീക്ഷണങ്ങളും, ശാസ്ത്രജ്ഞന്മാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നവംനവങ്ങളായ അറിവുകളും ഈ യാഥാർത്ഥ്യത്തെ കൂടുതൽ കൂടുതൽ ബലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ ജ്ഞാനം, സൃഷ്ടിവൈഭവം ആദിയായവയെക്കുറിച്ച് മനുഷ്യന്റെ അറിവ് അങ്ങേഅറ്റം പരിമിതമത്രെ. അവന്റെ അറിവും കഴിവും വർദ്ധിക്കുന്തോറും ആ പരിധിയുടെ തോത് വർദ്ധിക്കുന്നതായിട്ടാണ് അനുഭവപ്പെടുക. ഓരോ ശാസ്ത്രീയ നേട്ടവും, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും ശക്തിക്കും യാതൊരു കയ്യും കണക്കുമില്ലാത്തതാണെന്ന് വിളിച്ചോതുന്നു. അടുത്തകാലത്തെ ചില ശാസ്ത്രീയാഭിപ്രായങ്ങൾ വെച്ച് നോക്കുമ്പോൾ ഈ ക്വുർആൻ വചനത്തിന്റെ ഗൗരവത്തെപറ്റി നമുക്ക് കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

അമേരിക്കയിലെ പെൻസിൽവാനിയ യൂനിവേർസിറ്റിയിലെ *(*)* പ്രൊഫസറായ ജയിൻസ് അൽപം കൊല്ലങ്ങൾക്ക്മുമ്പ് പ്രഖ്യാപിച്ച ചില അഭിപ്രായങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നത് നന്നായിരിക്കും. അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെക്കുറിച്ചും, അവന്റെ അറിവിന്റെ വിപുലവിശാലതയെക്കുറിച്ചും നമ്മെ ഇരുത്തിച്ചിന്തിപ്പിക്കുവാൻ ആ തത്വങ്ങൾ പര്യാപ്തങ്ങളാകുന്നു. *(**)* അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിലെ ചില ഭാഗങ്ങളാണിവ:

1. നമ്മുടെ ഭൂമിക്ക് രണ്ടു മില്യൻ വയസ്സുകഴിഞ്ഞിരിക്കുന്നു. (1 മില്യൻ– 10 ലക്ഷം) മനുഷ്യൻ ഉണ്ടായിട്ട് 3 ലക്ഷം കൊല്ലമേ ആയിട്ടുള്ളൂവെന്നാണ് ഭൂഗർഭശാസ്ത്രം (Geology) നമുക്ക് കാണിച്ചുതരുന്നത്. ഭൂലോകമൊഴിച്ചുള്ള ലോകങ്ങളെ സംബന്ധിച്ച്

(*) Pencylvania University. (**) ഈ ഗ്രന്ഥം എഴുതുന്നതിന് അൽപം വർഷങ്ങൾക്ക് മുമ്പുള്ള ചില ശാസ്ത്രീയ നിയമങ്ങളാണവ. ഈ പതിപ്പാകുമ്പോഴേക്കും ശാസ്ത്രം അന്നത്തെക്കാൾ എത്രയോ മുമ്പോട്ട് കടന്നിരിക്കുന്നു. അന്നത്തെ ചില നിഗമനങ്ങളെ അത് പൊളിച്ചെഴുതുകയും ചെയ്തിരിക്കുന്നു. പുതിയ അഭിപ്രായങ്ങളാകട്ടെ പൂർവാധികം അത്ഭുതം നിറഞ്ഞവയുമാകുന്നു. കാലം ചെല്ലുന്തോറും ▶▶

അടുത്തകാലംവരെ, ഒന്നും അറിയാത്ത ഒരു ശിശുവായിരുന്നു മനുഷ്യൻ. ഇപ്പോൾ അവൻ വേറെയും അനേകം ലോകങ്ങളുണ്ടെന്ന് അറിയുവാൻ തുടങ്ങിയിരിക്കുകയാണ്.

2. സൂര്യൻ തുടങ്ങി നമ്മുടെ ചുറ്റുപാടും സ്ഥിതിചെയ്യുന്ന കോടിക്കണക്കിലുള്ള ഗോളങ്ങൾക്ക് ഒരു അവസാനമുണ്ടായിരിക്കും. എന്നാൽ അവയ്ക്ക് അപ്പുറം സ്ഥതി ചെയ്യുന്ന ശുദ്ധശൂന്യമണ്ഡലത്തിന് യാതൊരു ഒടുക്കവും അവസാനവും ഇല്ലാത്തതാകുന്നു. നമ്മുടെ കാഴ്ചയിൽ അകപ്പെട്ടതും, അല്ലാത്തതുമായ എല്ലാ ഗ്രഹങ്ങളും കൂടി ഒരൊറ്റ ഗോളമണ്ഡലമത്രെ.

3. കമ്പിയില്ലാ കമ്പിയിൽ (വയർലസ്സിൽ) നിന്ന് പുറപ്പെടുന്ന ഒരു സിഗ്നൽ (അടയാളം) $^1/_7$ സെക്കന്റ് സമയം കൊണ്ട് ഭൂമിയെ ഒരു വട്ടം വൃത്തം വെക്കുന്നു. പ്രകാശമാകട്ടെ, ഒരു സെക്കന്റിൽ 1,86,000 നാഴിക സഞ്ചരിക്കുന്നു. വിദ്യുച്ഛക്തിയുടെ വേഗതയും ഇതുതന്നെ. എന്നാൽ അതേ പ്രകാശം ആ ഗോളമണ്ഡലത്തെ ഒരു പ്രാവശ്യം ചുറ്റിവരുവാൻ ലക്ഷം മില്യൻ (100,000,000,000) കൊല്ലക്കാലം ആവശ്യമാകുന്നു. (ഈ കാലവും $^1/_7$ സെക്കന്റും തമ്മിലുള്ള താരതമ്യം ഒന്ന് ആലോചിച്ചു നോക്കുക?)

4. സൂര്യൻ ഭൂമിയെക്കാൾ പതിമൂന്ന് ലക്ഷം ഇരട്ടി വലിപ്പമുള്ളതാണ്. എന്നാലത് ശൂന്യാകാശത്തിലെ അനേകം സൗരയൂഥ സമൂഹങ്ങളിലെ ഒരു ചെറുകിടഗോളം മാത്രമാകുന്നു. അതായത്: ഏറെക്കുറെ 30,000 മില്യൻ വരുന്ന സൗരയൂഥകുടുംബങ്ങളിൽപെട്ട ഒരു കുടുംബത്തിലെ ഒരംഗമത്രെ സൂര്യൻ. ***(*)***

5. ഉപരിയാകാശമണ്ഡലത്തിൽ പ്രഭാപടലങ്ങൾക്കപ്പുറം സ്ഥിതിചെയ്യുന്ന കണക്കറ്റ ധൂമതാര (Nabula) ങ്ങളിൽ ചിലത് നമ്മുടെ സൂര്യനെപോലുള്ള 10 മില്യൻ സൂര്യന്മാർ സൃഷ്ടിക്കപ്പെടുവാൻ പോരുന്ന പദാർത്ഥങ്ങൾ അടങ്ങുന്നവയാകുന്നു. അതേ സമയത്ത് ആ പദാർത്ഥങ്ങളുടെ ലാഘവമാണെങ്കിലോ, അത് അതിലേറെആശ്ചര്യകരമാകുന്നു. അതിന്റെ ഒരു റാത്തൽ തൂക്കത്തിലുള്ള ഭാഗത്തിന്റെ വലുപ്പം, യൂറോപിന്റെ ഏറ്റവും വലിയ പർവതമായ മാറ്റർഹോണി ***(**)*** ന്റെ വലുപ്പത്തിന് സമമായിരിക്കും!. (അപ്പോൾ അതിന്റെ ആകെ വലുപ്പം ഒന്നു ആലോചിച്ച് നോക്കുക!)

6. അമേരിക്കയിൽ, മുണ്ടുവിത്സന്റെ ശ്രുതിപ്പെട്ട ദൂരദർശിനി (Telescope) യന്ത്രം അങ്ങിനെയുള്ള ഏതാണ്ട് രണ്ട് മില്യൻ നബുലകളെ (ധൂമതാരങ്ങളെ) കാട്ടിത്തരുന്നു. കൂടുതൽ വമ്പിച്ച യന്ത്രങ്ങളുണ്ടാകുമ്പോൾ കാണുവാൻ കഴിയുന്ന നബുലകൾ എത്രയായിരിക്കുമെന്ന് നമുക്കറിഞ്ഞുകൂടാ.

7. ശൂന്യാകാശ മണ്ഡലത്തിൽ നീന്തിക്കളിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രതാരങ്ങളുടെ

▸▸ അങ്ങിനെത്തന്നെ ഇരിക്കുകയും ചെയ്യും. പക്ഷേ, ശാസ്ത്രം എത്ര പുരോഗമിച്ചാലും അല്ലാഹുവിന്റെ സൃഷ്ടിരഹസ്യങ്ങൾ മുഴുവനും മനുഷ്യൻ കണ്ടെത്തുക സാദ്ധ്യമല്ലെന്ന് തീർച്ചതന്നെ.

(*) സൂര്യനെക്കാൾ ഒരു ലക്ഷം മടങ്ങ് അധികം പ്രകാശമുള്ള ഒരു നക്ഷത്രത്തെ വടക്കെ ഇറ്റലിയിലെ ആസ്യാഗോള ജ്യോതിർമണ്ഡല നിരീക്ഷണാലയത്തിലെ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചതായി ഇതെഴുതുന്ന കാലത്ത് പത്രങ്ങളിൽ കാണുകയുണ്ടായി. 'സൂപ്പർനോവ' എന്നാണതിന് പേർ നൽകപ്പെട്ടിരിക്കുന്നത്.

(**) Matterhorn.

ഏതാണ്ട് ഒരു തുക പറയുകയാണെങ്കിൽ, ചുരുങ്ങിയ പക്ഷം 2 എന്ന അക്കത്തിന്റെ നേരെ 24 പൂജ്യം ചേർത്തു വായിക്കേണ്ടതായിവരും. (അഥവാ രണ്ടായിരം കോടിക്കോടി ക്കോടി) ഇത്രയെണ്ണം മണൽതരികൾ നിരത്തുന്നപക്ഷം ബ്രിട്ടീഷ് ദീപ്സമൂഹത്തിന്റെ ഉപരിതലം നൂറുക്കണക്കായ അടികൾ ഉയർന്നുപോകുന്നതാണ്.

8. ഇന്ന് അറിയപ്പെടുന്ന നക്ഷത്രങ്ങളിൽ ഏറ്റവും ചെറിയതിന് സൂര്യന്റെ 1/25 ഭാഗം വെളിച്ചമാണുള്ളത്. എന്നാൽ, ഏറ്റവും വലിയതായ മിഥുന (Gemini) നക്ഷത്രത്തിന് അതിന്റെ മൂന്നിരട്ടി വെളിച്ചമുണ്ട്. ഈ ഗ്രഹം സൂര്യനെക്കാൾ 25 മില്യൻ ഇരട്ടി വലിപ്പവും കൂടുന്നു. അപ്പോൾ അവ തമ്മിലുള്ള താരതമ്യം, ഒരു വലിയ വൈദ്യുതദീപവും, ഒരു മിന്നാമിനുങ്ങും തമ്മിലുള്ളതുപോലെയാണെന്നു പറയാം.

9. സൂര്യന്റെ ഓരോ ചതുരശ്ര ഇഞ്ച് സ്ഥലത്ത്നിന്നും പ്രവഹിക്കുന്ന വെളിച്ചം 50 കുതിരശക്തിയുള്ളതത്രെ. എന്നാൽ, വേറെ ചില ഗ്രഹങ്ങൾ നൽകുന്ന വെളിച്ചം ഒരു ചതുരശ്ര ഇഞ്ചിന് 30,000 കുതിരശക്തിയുള്ളതാകുന്നു.

10. സൂര്യനിൽനിന്ന് നിത്യേന രശ്മികൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നത്കൊണ്ട് അതിന്റെ ശരീരധാതുവിൽനിന്ന് നിമിഷം പ്രതി 250 മില്യൻ ടൺ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങിനെ ദിനംപ്രതി 3,60,000 മില്യൻ ടൺ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. സൂര്യനിപ്പോൾ ഏതാണ്ട് ഒരു കോടി മില്യൻ (കോടിമില്യൻ) വയസുണ്ടായിരിക്കണം. ഈ തോതിൽ ഇനിയും ലക്ഷക്കണക്കായ കോടികൊല്ലങ്ങളോളം അതിന് ജീവിക്കാൻ കഴിയുമായിരിക്കും. [അവസാനിച്ചു] *(*)*

കേവലം ഉദാഹരണാർത്ഥം മാത്രം ഉദ്ധരിച്ച ഈ അഭിപ്രായങ്ങൾ വാനമണ്ഡലത്തെയും, വൻഗ്രഹങ്ങളെയും സംബന്ധിച്ച ശാസ്ത്രീയ വസ്തുതകളാണല്ലോ. എന്നാൽ

(*) പ്രൊഫസർ ജയിൻസിന്റെ മേലുദ്ധരിച്ച പ്രസംഗം അൽപം വർഷത്തെ പഴക്കം ചെന്നതാണ്. മനുഷ്യൻ അന്ന് ബഹിരാകാശയാത്ര ആരംഭിച്ചിട്ടില്ല, എന്നാൽ നമ്മുടെ അച്ചടി ഏതാണ്ട് ഇവിടെ എത്താറായപ്പോൾ, പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട മറ്റൊരു വിജ്ഞാനവാർത്തയും ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു. അമേരിക്ക ഇയ്യിടെ തൊടുത്തുവിട്ട ഒരു ഉപഗ്രഹത്തിൽ ബഹിരാകാശയാത്ര നടത്തിയ മി: ജോൺഗ്ലെൻ ചെയ്ത ഒരു പ്രസ്താവനയിലെ ചില ഭാഗങ്ങളുടെ ചുരുക്കമാണ് താഴെ കാണുന്നത്. ബഹിരാകാശ യാത്രക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, അദ്ദേഹത്തിന് നൽകപ്പെട്ട ഒരു പുസ്തകത്തിൽ, ശൂന്യാകാശത്തെ സംബന്ധിച്ച് അനേകവിവരങ്ങളുള്ളതിൽ അദ്ദേഹത്തെ ഏറ്റവും ആകർഷിച്ച രണ്ട് ഖണ്ഡികകളെക്കുറിച്ച് സംസാരിച്ചുകൊണ്ട് അദ്ദേഹം പറയുകയാണ്:-

ഒരു സെക്കന്റിൽ 1,86,000 നാഴികദൂരം സഞ്ചരിക്കുന്ന പ്രകാശം ഒരു കൊല്ലം സഞ്ചരിച്ചാലുണ്ടാകുന്ന ദൂരത്തിന് ഒരു ദീപ്തി വർഷം (പ്രകാശവർഷം) എന്ന് പറയുന്നു. അതായത്, ഏതാണ്ട് 6 കോടിക്കോടി നാഴിക. നമ്മുടെ ഭൂമി ഉൾക്കൊള്ളുന്ന പ്രഭാപടലത്തിന് 1 ലക്ഷം ദീപ്തിവൽസരം വ്യാസമാണുള്ളത്. (സൂര്യൻ ഈ പ്രഭാപടലത്തിന്റെ കേന്ദ്രത്തിൽ നിന്ന് 30,000 പ്രകാശവർഷം അകലെ സ്ഥിതിചെയ്യുന്ന ഒരു അപ്രധാന നക്ഷത്രമാകുന്നു) ഈ പ്രകാശപടലം അതിന്റെ ഭ്രമണത്തിൽ ഒരു പ്രാവശ്യം ചുറ്റിത്തിരിയുവാൻ 20 കൊല്ലം വേണം. ഇതോർക്കുമ്പോൾ, നമ്മുടെ സൗരമണ്ഡലത്തിനപ്പുറമുള്ള പ്രപഞ്ചത്തിന്റെ വിസ്തൃതിയെക്കുറിച്ച് മനസ്സിലാക്കുവാൻ എത്ര വിഷമം! ▸▸

▶▶ നമ്മുടെ ഈ പ്രകാശമണ്ഡലത്തിലുള്ള നക്ഷത്രങ്ങളോടെ ഇതിന്റെ അറ്റം അവസാനിക്കുന്നില്ല. അതിനപ്പുറം ലക്ഷക്കണക്കിൽ (?) വേറെയും പ്രകാശപടലങ്ങളുണ്ട്. അവയെല്ലാം അതീവ ദുർഗ്രഹമായ വേഗതയോടുകൂടി ഒന്ന് മറ്റൊന്നിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. ദൂരദർശിനിമൂലം വീക്ഷിക്കാവുന്ന പ്രപഞ്ചം ഭൂമിയിൽ നിന്ന് ഏത് ഭാഗത്തേക്കും- കുറഞ്ഞപക്ഷം- 200 കോടി പ്രകാശവർഷത്തോളം ദൂരെ കിടക്കുന്നു. നമ്മുടെ ബ്രഹ്മാണ്ഡം എത്ര വിപുലമാണെന്ന് ഇത് വ്യക്തമാക്കുന്നു.

ഇനി, പരമാണുവിന്റെ ഘടനയൊന്ന് ചിന്തിക്കാം. വസ്തുവിന്റെ ഏറ്റവും ചെറിയ അംശമാണല്ലോ അത്. പരമാണുവിന് സൗരമണ്ഡലത്തോട് വലിയ സാദൃശ്യമുണ്ട്. ക്രമീകൃതമായ രീതിയിൽ ഒരു കേന്ദ്രത്തെ (ന്യൂക്ളിയസ്) ചുറ്റിക്കൊണ്ടുള്ള ഇലക്ട്രോണുകൾ (വൈദ്യുത തരികൾ) അതിനുമുണ്ട്. പ്രപഞ്ചത്തിൽ കാണപ്പെടുന്ന അത്ഭുതാവഹമായ വ്യവസ്ഥയെക്കുറിച്ച്, സൂക്ഷ്മമായ പരമാണുതൊട്ട് നമുക്ക് ചിന്തിക്കാവുന്ന ഏറ്റവും വലിയ വസ്തുവരെ, ലക്ഷക്കണക്കായ പ്രകാശവർഷം അകലത്തോളം പരന്നുകിടക്കുന്ന നക്ഷത്ര പടലങ്ങൾവരെ- എല്ലാം തന്നെ നിശ്ചിതമായ ഒരു ഭ്രമണപഥത്തിൽ, ഒന്നിനോടൊന്ന് ബന്ധപ്പെട്ടു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

ഇത് യാദൃശ്ചികമായി സംഭവിച്ചതാണോ? കുറെ മരക്കഷ്ണങ്ങളും, എങ്ങുനിന്നോ വന്ന സാമാനങ്ങളും കൂടി പെട്ടെന്ന് ഒരുമിച്ചുകൂടി സ്വന്തമായ ഒരു ഗതിക്രമം ഉണ്ടാക്കി വ്യവസ്ഥയോടെ ചലിച്ചു തുടങ്ങിയെന്ന് വിശ്വസിക്കാൻ കഴിയുകയില്ല. സുനിശ്ചിതമായ ഒരു ആസൂത്രണം ഇതിലുണ്ട്. ദൈവം ഉണ്ടെന്ന് എനിക്ക് മനസ്സിലാക്കിത്തരുന്ന ഒരു വലിയ കാര്യമാണ് ഇത്.

നാം തൊടുത്തുവിട്ടിട്ടുള്ള 'മർക്കുറി' ഉപഗ്രഹത്തിന്റെ വേഗതയെ ഒന്ന് തുലനം ചെയ്യാം. ഇതിൽ നാം കേമന്മാരാണെന്ന് നടിക്കുന്നു. മണിക്കൂറിൽ 18,000 നാഴിക- സെക്കന്റിൽ ഏതാണ്ട് 5 നാഴിക-യാണ് നമുക്ക് എത്താൻ കഴിഞ്ഞത്. ഭൗതികമായ തോത്വെച്ച് നോക്കുമ്പോൾ, ഇത് വല്ലാത്ത വേഗത തന്നെ. നല്ല ഉയരവും! അതെ, 100 നാഴികയിൽ അൽപം കൂടുതൽ ഉയരത്തിലും നാം എത്തുന്നു. എന്നാൽ ശൂന്യകാശത്ത് നടക്കുന്ന കാര്യങ്ങൾവെച്ച് നോക്കുമ്പോൾ നമ്മുടെ പരിശ്രമങ്ങൾ എത്ര തുച്ഛം!

ശാസ്ത്രീയമായ ഭാഷയിൽ ദൈവത്തെ നിങ്ങൾക്ക് അളക്കുവാൻ കഴിയുകയില്ല. ആത്മീയ ശക്തിയെ നിങ്ങൾക്ക് കാണുവാനോ, ആസ്വദിക്കുവാനോ, മണത്തറിയുവാനോ സ്പർശിക്കുവാനോ സാധ്യവുമല്ല. ഇന്ദ്രിയശക്തികൾക്ക് അതീതമാണത്.

ഒരു വിമാനത്തിന് ഏറ്റവും ശക്തിമത്തായ ഒരു എഞ്ചിനും, ഏറ്റവും വിശിഷ്ടമായ യന്ത്രങ്ങളും ഉണ്ടായിക്കൊള്ളട്ടെ, എന്നാൽ അതിന്റെയെല്ലാം പിന്നിൽ, നമുക്ക് തൊടാനോ, കാണാനോ, കഴിയാത്ത ചില ശക്തികളുടെ പ്രവർത്തനമില്ലെങ്കിൽ, അതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല. കാരണം, അതിന് ഒരു ലക്ഷ്യനിയന്ത്രണം വേണം. കോമ്പസ്സ് (Compass- തവുക്ക-ദിക്ക് നിർണയ യന്ത്രം) നോക്കിയാണ് നാം ഇത് ചെയ്യുന്നത്. കോമ്പസ്സിനെ പ്രവർത്തിപ്പിക്കുന്ന ആ ശക്തി നമ്മുടെ എല്ലാ ജ്ഞാന ശക്തിയെയും മറികടക്കുന്നതാണ്. നമുക്കത് കാണുവാനോ, തൊടുവാനോ, രുചിച്ചറിയുവാനോ സാധ്യമല്ല. പക്ഷേ, അതിന്റെ പ്രവർത്തനഫലം നാം കാണുന്നത്കൊണ്ട്, അങ്ങിനെ ഒരു ശക്തിയുണ്ടെന്ന് നാം മനസ്സിലാക്കുന്നു...'
[1963 ഏപ്രിൽ 13 ലെ ചന്ദ്രിക വാരാന്തപ്പതിപ്പിൽനിന്ന്].

ഏറ്റവും ചെറുതായി നാം ഗണിച്ചുവരുന്ന അണുക്കളെയും, ഏറ്റവും നിസ്സാര വസ്തുവായി ഗണിച്ചുവരുന്ന എട്ടുകാലി വലയുടെ നൂലുകളെയും സംബന്ധിച്ച ചില യാഥാർത്ഥ്യങ്ങൾകൂടി നമ്മുടെ ഓർമയിൽ ഇരിക്കുന്നത് സന്ദർഭോചിതമായിരിക്കും

മണൽത്തരിപോലുള്ള ഓരോ തരിപദാർത്ഥവും കോടാനുകോടി പരമാണു (Atom) കളുടെ സമൂഹമത്രെ. ഈ അണുക്കളാണെങ്കിൽ, അവ പൊള്ളയായി ഇട ഒഴിഞ്ഞ് കിടക്കുന്നവയുമാകുന്നു. അഥവാ അവ തികച്ചും ഇടതൂർന്ന് ഒട്ടിപിടിച്ചു കിടക്കുന്നവയല്ല. ആ ഒഴിവുസ്ഥലങ്ങൾ ശരിക്കും പദാർത്ഥങ്ങളാൽ നിറക്കപ്പെടുകയാണെങ്കിൽ, ഓരോ മണൽത്തരിയും അനേകം ടൺ തൂക്കം വരുന്നതാകുന്നു. ആറ്റം (അണു) ശാസ്ത്രത്തിൽ ഒളിഞ്ഞുകിടക്കുന്ന ഒരു പരമരഹസ്യമത്രെ ഇത്. ഈ ഒഴിവുസ്ഥലങ്ങളിൽ ഓരോന്നിലും, വ്യാപരിക്കുവാൻ വയ്യാത്ത വേറെ അനേകം വൈദ്യുത തരികൾ മിന്നൽവേഗത്തിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. പണ്ടുകാലത്ത്, തികച്ചും കട്ടികളാൽ തൂർക്കപ്പെട്ടതാണ് പദാർത്ഥളെന്ന് കരുതപ്പെട്ടിരുന്നു. ഇന്നാകട്ടെ, പദാർത്ഥങ്ങൾ മിക്കവാറും ശൂന്യങ്ങളാണെന്ന് വന്നിരിക്കുന്നു. ഉപപരമാണുക്കളുടെതാണ് പദാർത്ഥ ഘടന. ഇവയുടെ വലുപ്പം ഒരു ഇഞ്ചിന്റെ 1250 ലക്ഷത്തിൽ ഒരു ഭാഗം മാത്രം വരുന്ന വ്യാസമായിരിക്കും. അനേകം പരമാണുക്കൾ ചേർന്നതാണ് ഒരു അണു. അണുക്കൾക്കിടയിലുള്ള വൈദ്യുത ശൂന്യ സ്ഥലങ്ങൾ മുഴുവനും അതാത് വസ്തുവിന്റെ പദാർത്ഥങ്ങളാൽ തൂർക്കപ്പെടുന്നപക്ഷം, ഒരു വമ്പിച്ച വസ്തു കേവലം ഒരു അണുവായി മാറിപ്പോകും . ഈ ഭൂലോകം ആകപ്പാടെ, പ്രസ്തുത വലക്കണ്ണികൂടാതെയുള്ള ഒരൊറ്റ കട്ടി പദാർത്ഥമാക്കപ്പെടുന്ന പക്ഷം– ഭൂമിയുടെ തൂക്കത്തിലുള്ള അണുക്കളെ ശൂന്യത കൂടാതെ കൂട്ടിചേർക്കപ്പെടുന്നതായാൽ അത് ഏകദേശം 1/2 നാഴികമാത്രം വ്യാസം വരുന്ന ഒരു ഗോളമായി മാറും പോൽ! അപ്പോൾ, ലോകവും ലോകരുമെല്ലാം ശൂന്യതയുടെ സമാഹാരമല്ലേ– ഓർത്തുനോക്കുക!

നാം നിത്യം കാണാറുള്ളതും, ഒരു പ്രത്യേക പരിഗണന നൽകാറില്ലാത്തതുമായ നിസ്സാരവസ്തുവാണല്ലോ എട്ടുകാലിവല. എന്നാൽ, അതിന്റെ നിർമാണകൃത്യമാകട്ടെ, വലിയ എഞ്ചിനിയർമാർക്ക് (യന്ത്രകലാവിദഗ്ധന്മാർക്ക്) പോലും സാധ്യമല്ലാത്തവിധം സൂക്ഷ്മ പ്ളാനോടുകൂടിയാകുന്നു. അതിന്റെ ആകൃതിയും നിർമാണ സമ്പ്രദായവും ചിന്തകന്മാരെ അത്യാശ്ചര്യഭരിതരാക്കുന്നവയാണ്. വലയുടെ ഓരോ നൂലിന്റെയും, നേർമയും, ബലഹീനതയും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഈ നൂലുകളെക്കുറിച്ച് ശാസ്ത്രനിപുണന്മാരായ ചിലർ നിരീക്ഷണം നടത്തിയതിൽ അത്ഭുതകരമായ ചില വസ്തുതകൾ കണ്ടെത്തിയിരിക്കുന്നു. ഓരോ നൂലും നന്നാലു ഉപനാരുകളാൽ കൂട്ടിച്ചേർക്കപെട്ടവയാണുപോൽ. ഈ നാലിൽ ഓരോന്നും തന്നെ, വേറെ ആയിരം നേരിയ ഇഴകളാൽ നിർമിക്കപ്പെട്ടവയുമാണ്! അങ്ങിനെ, നാം കാണുന്ന ഓരോ നൂലും 4000 ഇഴകൾ കൂട്ടിച്ചേർത്തുണ്ടാക്കപ്പെട്ടതാകുന്നു. അതിനെക്കാളെല്ലാം ആശ്ചര്യകരം, ആ ഓരോ ഇഴയും, എട്ടുകാലിയുടെ ശരീരത്തിലുള്ള വെവ്വേറെ ദ്വാരങ്ങളിൽ കൂടിയാണ് പുറത്ത് വരുന്നതെന്ന വസ്തുതയാണ്. ഈ ഇഴകളും നമ്മുടെ താടിരോമങ്ങളും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുന്ന പക്ഷം 16 നുശേഷം 12 പൂജ്യം ചേർത്താലുള്ള ഇഴകൾ കൂട്ടിപ്പിരിച്ചെങ്കിൽ മാത്രമേ അവ ഒരു മുടിയോളം തടികൂടുകയുള്ളൂ. ഹാ! അല്ലാഹുവിന്റെ സൃഷ്ടിവൈഭവം! വീടുകളിൽവെച്ച് ഏറ്റവും ദുർബലമായ വീടാണ് എട്ടുകാലിയുടെ വീട്– 29:41 (إِنَّ أَوْهَنَ ٱلْبُيُوتِ لَبَيْتُ ٱلْعَنكَبُوتِ) എന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുള്ള ഈ വീട്ടിലെ ചില രഹസ്യങ്ങളാണ് ഇതെങ്കിൽ, നഭോമണ്ഡലത്തിലും, അതിന

പ്പുറവും അടങ്ങിയിട്ടുള്ള പ്രകൃതി രഹസ്യങ്ങളുടെ നിലയെന്തായിരിക്കും?! فَسُبْحَانَ الَّذِي بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَإِلَيْهِ تُرْجَعُونَ (അപ്പോൾ, സകല വസ്തുക്കളുടെയും സർവ്വാധികാരസ്ഥാനം യാതൊരുവന്റെ കയ്യിലാണോ അവനെത്ര മഹാ പരിശുദ്ധൻ! അവന്റെ അടുക്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുന്നു. (36:83)

മേൽ വിവരിച്ചതിൽനിന്ന് അല്ലാഹുവിന്റെ അറിവുകളും, അവയെക്കുറിക്കുന്ന വചനങ്ങളും എഴുതിക്കണക്കാക്കുവാൻ സാധ്യമേ അല്ല എന്നുള്ള പരമാർത്ഥം, അൽപമെങ്കിലും ബുദ്ധിയുള്ള ആർക്കും വേണ്ടപോലെ ഗ്രഹിക്കുവാൻ കഴിയുമല്ലോ. മുകളിൽ ചൂണ്ടിക്കാണിച്ച ശാസ്ത്രീയ വാർത്തകൾ വെച്ചുനോക്കുമ്പോൾ, സ്വർഗനരകങ്ങളുടെ സ്വഭാവത്തെപ്പറ്റിയും, പരലോക സംബന്ധമായ ചില വാർത്തകളെക്കുറിച്ചും ക്വുർആനിലും ഹദീഥിലും വന്നിട്ടുള്ള വിവരങ്ങൾ ഒന്നുംതന്നെ- ചിലർ ധരിക്കാറുള്ളതുപോലെ- ഒട്ടും അതിശയോക്തി കലർന്നതായിരിക്കയില്ലെന്ന് മനസ്സിലാക്കാം. ഇതിന്റെ വെളിച്ചത്തിൽ താഴെകാണുന്ന രണ്ടുമൂന്ന് ഹദീഥുകൾ ഇവിടെ അനുസ്മരിക്കുന്നതും സന്ദർഭോചിതമായിരിക്കും. നബി തിരുമേനി ﷺ അരുളിച്ചെയ്യുന്നു:-

١ . قال الله تعالى أعددت لعبادي الصالحين ما لا عين رأت ولا أذن سمعت ولا خطر على قلب بشر واقرءوا إن شئتم: فلا تعلم نفس ما أخفي لهم من قرة أعين- متفق عليه

സാരം: (1) ഒരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു കാതും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും ഉദയം ചെയ്തിട്ടില്ലാത്തതുമായ കാര്യങ്ങൾ എന്റെ സദ്വൃത്തരായ അടിയാന്മാർക്ക് ഞാൻ ഒരുക്കിവെച്ചിട്ടുണ്ടെന്ന് അല്ലാഹു പറയുന്നു. വേണമെങ്കിൽ നിങ്ങൾക്ക് (ഇതിനു തെളിവായി) ഈ ക്വുർആൻ വാക്യം വായിക്കാം: നയനാനന്ദകരമായി അവർക്കുവേണ്ടി ഒളിച്ചുവെക്കപ്പെട്ടിട്ടുള്ളത് എന്താണെന്ന് ഒരാൾക്കും അറിയാവതല്ല. (ബു. മു)

٢ . إن في الجنة شجرة يسير الراكب في ظلها مائة عام لا يقطعها ولقاب قوس أحدكم في الجنة خير مما طلعت عليه الشمس أو تغرب – متفق عليه

(2) സ്വർഗത്തിലുണ്ട്, ഒരു വൃക്ഷം! അതിന്റെ നിഴലിൽ ഒരു വാഹനക്കാരന് നൂറു കൊല്ലം സഞ്ചരിക്കാം. എന്നാലും, അവനത് മുറിച്ചുകടന്നു കഴിയുകയില്ല. നിങ്ങളുടെ വില്ലിന്റെ അത്ര സ്ഥലം സ്വർഗത്തിൽ ലഭിക്കുന്നത്, സൂര്യൻ ഉദിക്കുകയോ, അസ്തമിക്കുകയോ ചെയ്യുന്ന സ്ഥലത്തെ (ഭൂമിയെ)ക്കാൾ ഗുണമേറിയതാകുന്നു. (ബു. മു.)

٣ . قال عليه السلام ناركم جزء من سبعين جزءا من نار جهنم قيل يا رسول الله إن كانت لكافية قال فضلت عليهن بتسعة وستين جزءا كلهن مثل حرها – متفق عليه

(3) നിങ്ങളുടെ (സാധാരണ) തീ നരകാഗ്നിയിൽനിന്നുള്ള എഴുപതിൽ ഒരു അംശമാകുന്നു എന്ന് തിരുമേനി പറഞ്ഞു. അപ്പോൾ പറയപ്പെട്ടു: അല്ലാഹുവിന്റെ റസൂലേ, ഇത്തന്നെ മതിയാകുമല്ലോ! (ഈ തീ തന്നെ എത്രയോ ചൂട് മതിയായതാണല്ലോ). തിരുമേനി പറഞ്ഞു: എന്നാൽ, ഇതിനെക്കാൾ 69 മടങ്ങ് ചൂട് അതിന് കൂടുതൽ നൽകപ്പെട്ടിരിക്കുന്നു. ഓരോ മടങ്ങും ഈ തീയിന്റെ അത്ര ശക്തിയുള്ളതാകുന്നു. (ബു: മു.)

പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ശാസ്ത്രീയ വിജ്ഞാനങ്ങൾ ഓരോന്നും

തന്നെ, നിഷ്പക്ഷമായും നിഷ്കളങ്കമായും ചിന്തിക്കുന്ന ആളുകൾക്ക് അല്ലാഹുവിലുള്ള വിശ്വാസവും, അവനോടുള്ള ഭയഭക്തിയും കൂടുതൽ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്. നേരെമറിച്ച് ഭൗതിക മനഃസ്ഥിതി മാത്രം വെച്ചുകൊണ്ടുള്ള ഏത് പുരോഗമനവും മനുഷ്യന് തീരാനഷ്ടമായിട്ടാണ് പര്യവസാനിക്കുക. മേലുദ്ധരിച്ച ശാസ്ത്രീയ തത്വങ്ങളിൽനിന്ന് നഭോമണ്ഡലഗോളങ്ങളിൽ സൂര്യനുള്ള സ്ഥാനം കേവലം നിസ്സാരമാണെന്ന് നാം കണ്ടുവല്ലോ. അതേ സൂര്യന്റെ ഒരു ഗ്രഹമാണ്, 8000 ത്തിൽപരം നാഴിക മാത്രം മദ്ധ്യവ്യാസമുള്ള നമ്മുടെ ഭൂമി. ചന്ദ്രനാകട്ടെ, ഭൂമിയെക്കാൾ പല മടങ്ങും ചെറുതും അങ്ങിനെയുള്ള ചന്ദ്രനിലേക്ക് മനുഷ്യന് പോയിവരുവാൻ സാധിക്കുമോ എന്ന പരീക്ഷണത്തിന്റെ അന്ത്യതീരുമാനം കിട്ടിക്കഴിഞ്ഞിട്ടില്ലാത്ത ഒരു അവസ്ഥയിൽ മാത്രമേ ഇന്നുവരെ മനുഷ്യൻ എത്തിക്കഴിഞ്ഞിട്ടുള്ളൂ. തുടർന്നുകൊണ്ടിരിക്കുന്ന പരീക്ഷണങ്ങൾ അവനെ കൂടുതൽ വിജയത്തിലേക്ക് നയിച്ചേക്കാമെന്ന് നമുക്ക് ആശിക്കുക. (*) പക്ഷേ, അപ്പോഴേക്കും മനുഷ്യന്റെ ധിക്കാര മനഃസ്ഥിതി അതിരു കവിഞ്ഞുപോയിരിക്കുകയാണ്! ബഹിരാകാശത്തിൽ പോയി തിരിച്ചുവന്നവർക്ക് അവിടെ ദൈവത്തെ കണ്ടില്ലഎന്ന് പറയുവാൻ കരളുറപ്പുണ്ടായെങ്കിൽ, അഖിലാണ്ഡത്തിന്റെ സ്രഷ്ടാവ് അതിനെക്കാൾ എത്രയോ സഹനവും, കരുണയും ഉള്ളവനാണെന്ന് സത്യവിശ്വാസികൾക്ക് സമാധാനിക്കാവുന്നതാകുന്നു. ഓരോ ദൃഷ്ടാന്തങ്ങൾ കാണുമ്പോഴും, കേൾക്കുമ്പോഴും അവർക്ക് അവരുടെ വിശ്വാസം വർദ്ധിക്കുകയേ ചെയ്യുകയുള്ളൂ.

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ زَادَتْهُمْ إِيمَانًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ – الأنفال: ٢

(സത്യവിശ്വാസികൾ യാതൊരു കൂട്ടർ മാത്രമാകുന്നു. അല്ലാഹുവിനെക്കുറിച്ച് പറയപ്പെടുന്നതായാൽ അവരുടെ ഹൃദയങ്ങൾ നടുങ്ങിപോവുകയും, അവന്റെ ലക്ഷ്യങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ അതവർക്ക് വിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. തങ്ങളുടെ രക്ഷിതാവിന്റെ മേൽ അവർ (കാര്യങ്ങളിൽ) ഭരമേൽപ്പിക്കുകയും ചെയ്യുന്നതാകുന്നു. (സൂ: അൻഫാൽ: 2)

ഈ സൂറത്ത് അല്ലാഹു ഇപ്രകാരം അവസാനിപ്പിക്കുന്നു:-

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ فَمَن كَانَ

《110》 (നബിയേ) പറയുക: നിശ്ചയമായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു; നിങ്ങളുടെ ഇലാഹ് [ആരാധ്യൻ] ഒരേ ഒരു ഇലാഹാ

(*) ഇതെഴുതി ഏഴെട്ടു കൊല്ലങ്ങൾക്കുശേഷം (ക്രി. 1969 ജൂലായ് മാസത്തിൽ) മനുഷ്യൻ ഒന്നാമതായി ചന്ദ്രഗോളത്തിൽ ഇറങ്ങി പരീക്ഷണങ്ങൾ നടത്തി ചരിത്രം സൃഷ്ടിക്കുകയും, തുടർന്നുകൊണ്ട് വീണ്ടും ചില ചന്ദ്രയാത്രകൾ നടത്തപ്പെടുകയും ഉണ്ടായി. (നാനാഭാഗങ്ങളിലും, അവരിൽതന്നെയും നാം അവർക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ കാട്ടിക്കൊടുക്കും (41: 52) എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ.

يَرْجُواْ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا

ണെന്ന് എനിക്ക് വഹ്യ് [ഉൽബോധനം] നൽകപ്പെടുന്നു. (ഇതാണ് എന്റെ പ്രത്യേകത). അതിനാൽ, ആരെങ്കിലും തന്റെ റബ്ബുമായി കാണുവാൻ ആശിക്കുന്നുവെങ്കിൽ, അവൻ സൽക്കർമം പ്രവർത്തിച്ചുകൊള്ളട്ടെ;

وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا ﴿١١٠﴾

തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ ഒരാളെയും (അവനോട്) അവൻ പങ്ക്ചേർക്കാതെയുമിരിക്കട്ടെ.

﴾110﴿ قُلْ നീ പറയുക إِنَّمَا നിശ്ചയമായും (മാത്രമാണ്) أَنَا ഞാൻ بَشَرٌ ഒരു മനുഷ്യനാണ് مِّثْلُكُمْ നിങ്ങളെപ്പോലെയുള്ള يُوحَىٰ വഹ്യ് (ഉൽബോധനം) നൽകപ്പെടുന്നു إِلَيَّ എനിക്ക് أَنَّمَا إِلَٰهُكُمْ നിശ്ചയമായും നിങ്ങളുടെ ഇലാഹ് (ആരാധ്യൻ) إِلَٰهٌ ആരാധ്യനാണ്, ഇലാഹാണ് (എന്ന്) وَاحِدٌ ഏകനായ, ഒരുവനായ فَمَن അതിനാൽ ആരെങ്കിലും كَانَ يَرْجُو ആശിക്കുന്ന (അഭിലഷിക്കുന്ന- പ്രതീക്ഷിക്കുന്ന- പേടിക്കുന്ന)വനായിരുന്നാൽ لِقَآءَ رَبِّهِ തന്റെ റബ്ബുമായി കണ്ടുമുട്ടുന്നത്, റബ്ബിനെ കാണുന്നത് فَلْيَعْمَلْ എന്നാൽ അവൻ പ്രവർത്തിച്ചുകൊള്ളട്ടെ عَمَلًا കർമം, പ്രവൃത്തി صَالِحًا നല്ലതായ (സൽക്കർമം) وَلَا يُشْرِكْ അവൻ പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ بِعِبَادَةِ ആരാധനയിൽ, ഇബാദത്തിൽ رَبِّهِ തന്റെ രക്ഷിതാവിന്റെ أَحَدًا ഒരാളെയും, ആരെയും

പ്രധാനമായ രണ്ട് കാര്യങ്ങൾ അല്ലാഹു ഈ ആയത്തിൽ വ്യക്തമാക്കിയിരിക്കുന്നു; (1) മറ്റെല്ലാ മനുഷ്യരെപോലെത്തന്നെ നബി തിരുമേനിﷺയും ഒരു മനുഷ്യനാകുന്നു. (2) ശിർക്കിന്റെ- പരദൈവവിശ്വാസത്തിന്റെ- വല്ല അംശവും കലർന്നുകൊണ്ടുള്ള യാതൊരു കർമവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല.

ഭക്ഷണം, ഉറക്കം, മറവി എന്നിങ്ങനെയുള്ള വിഷയങ്ങളിലും, മറഞ്ഞ കാര്യം അറിയാതിരിക്കുക, ഇഷ്ടപ്പെടുമ്പോൾ അമാനുഷിക കൃത്യങ്ങൾ കൊണ്ടുവരുവാൻ കഴിയാതിരിക്കുക മുതലായ വിഷയങ്ങളിലുമെല്ലാം നബി തിരുമേനിﷺ, സാധാരണ മനുഷ്യനെപ്പോലെയുള്ള ഒരു മനുഷ്യൻ തന്നെയാകുന്നു. അല്ലാഹുവിന്റെ ജ്ഞാനങ്ങളെ കണക്കാക്കുവാൻ തിരുമേനിക്കും സാധ്യമല്ല. ഇത്യാദി വസ്തുതകളെല്ലാം ഈ വചനത്തിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ഓരോ സന്ദർഭങ്ങളായി ഇതെല്ലാം ക്വുർആനിലും ഹദീഥിലും വിശദമായിത്തന്നെ പ്രസ്താവിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ, വഹ്യും, നുബുവ്വത്തും (ദിവ്യോൽബോധനവും, പ്രവാചകത്വവും) നൽകപ്പെട്ടിരിക്കുന്നുവെന്നത് സാധാരണ ജനങ്ങളിൽനിന്ന് നബിﷺയെ വിശേഷിപ്പിക്കുന്നു. അക്കാരണത്താൽ, മറഞ്ഞ കാര്യങ്ങൾ പലതും അല്ലാഹു അവിടുത്തേക്ക് അറിയിച്ചുകൊടുത്തേക്കും; അവിടുത്തെ കൈക്ക് അവിടുത്തെ പ്രവാചകത്വത്തിന് തെളിവായി ചില അസാധാരണ സംഭവങ്ങൾ അവൻ വെളിപ്പെടുത്തുകയും ചെയ്തേക്കും. എന്നല്ലാതെ നബിﷺക്ക് സ്വന്തം നിലക്ക് അതിനൊന്നും കഴിവില്ലതന്നെ.

അല്ലാഹുവുമായി കണ്ടുമുട്ടുകയും, സകല കാര്യങ്ങളെക്കുറിച്ചും അവന്റെ മുമ്പിൽ ഉത്തരം പറയേണ്ടി വരികയും ചെയ്യുമെന്ന ബോധമുള്ളവരും, അവന്റെ പക്കൽനിന്ന് സൽഫലങ്ങൾ ലഭിക്കണമെന്ന മോഹവും, ലഭിക്കുമെന്ന പ്രതീക്ഷയും ഉള്ളവരും തങ്ങളുടെ ആരാധനാകർമങ്ങളിൽ ഒന്നുംതന്നെ, ശിർക്കിന്റെ യാതൊരു അംശവും കലർത്തരുതെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ഈ താക്കീതിൽ വലിയ ശിർക്കും ചെറിയ ശിർക്കും, (الشِرك الاكبر والشرك الاصغر) പരസ്യമായ ശിർക്കും രഹസ്യമായ ശിർക്കും 'الشرك الجلى والشرك الخفى' ഉൾപ്പെടുന്നതാകുന്നു. അല്ലാഹു അല്ലാത്തവരുടെ പ്രീതിയോ, ബഹുമാനമോ ഉദ്ദേശിച്ചുകൊണ്ട് ചെയ്യുന്ന കർമങ്ങളും, മറ്റുള്ളവർ കണ്ടേക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ചെയ്യുന്ന കർമങ്ങളും ശിർക്കിൽപെട്ടതാണ്, ശിർക്കിന്റെ എല്ലാ വകുപ്പുകളിൽ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ.

اعاذنا الله من أنواع الشرك وله الفضل والمنة

വ്യാഖ്യാനക്കുറിപ്പ്- 1

മൂസാ നബിയുടെയും ഖിദ്വ്ർ നബിയുടെയും (عليهما السلام) കഥയിൽ ചിലർ കടത്തിക്കൂട്ടിയ അഭിപ്രായങ്ങളും അവയെ സംബന്ധിച്ച നിരൂപണങ്ങളും

അസ്ഹാബുൽ കഹ്ഫിന്റെ (ഗുഹാവാസികളുടെ) കഥയിൽ പ്രസ്താവിച്ചതുപോലെ ഈ കഥയിലും ചിലർ ചില പുത്തൻ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു കാണാം. ക്വുർആൻ വചനങ്ങളുടെ താൽപര്യങ്ങൾക്കും, നബി വചനങ്ങൾക്കും നിരക്കാത്തവയായതുകൊണ്ട് അവയെപറ്റി ഇവിടെ നമുക്ക് അൽപം സ്പർശിക്കേണ്ടതായി വന്നിരിക്കുന്നു. ഏതെങ്കിലും ഒരു വിഷയത്തിൽ പൊതുജനമദ്ധ്യെ കടന്നുകൂടിയിട്ടുള്ള അടിസ്ഥാനരഹിതമായ പ്രസ്താവനകളെ ഒന്നിച്ചു ചേർത്തു ആ വിഷയത്തിന് ഒരു രൂപം നൽകിയശേഷം ആ രൂപത്തെ ഖണ്ഡിക്കുക, അക്കൂട്ടത്തിൽ ആ വിഷയത്തിന്റെ യഥാർത്ഥരൂപം തന്നെ മാറ്റി പുതിയ ഒരു രൂപത്തിൽ ചിത്രീകരിക്കുക എന്നുള്ളത് തൽപരകക്ഷികളുടെ ഒരു പതിവാകുന്നു. ഈ അടവ് ഇക്കൂട്ടരും പലേടത്തും ഉപയോഗപ്പെടുത്തിയതായിക്കാണാം. അൽകഹ്ഫ് 65 ൽ പ്രസ്താവിക്കപ്പെട്ട അടിയാൻ- മൂസാ നബി (അ) ന്റെ ഗുരുവായ ഖിദ്വ്ർ നബി (അ) ഒരു പ്രവാചകനായിരുന്നില്ലെന്നും, അദ്ദേഹം ഒരു വലിയ്യ്(ولي) ആയിരുന്നുവെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായത്തെയും, വലിയ്യ് എന്ന് പറയുന്നത് ഒരു തരം സന്യാസവേഷം ധരിച്ചവർക്കാണെന്ന് പാമരജനങ്ങൾക്കിടയിലുള്ള അന്ധവിശ്വാസത്തെയും പൊക്കിപ്പിടിച്ചുകൊണ്ടാണ് ഇവർ ഇവിടെ സംസാരിച്ചുകാണുന്നത്.

കേവലം കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു സന്യാസിയുടെ അടുക്കൽ പോയി പരിശീലനം നേടുവാൻ മൂസാ നബി (അ)- പ്രവാചകന്മാരുടെ മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രവാചകൻ- എങ്ങിനെ കൽപിക്കപ്പെടും? പ്രവാചകനല്ലാത്ത ഒരാളോട് ഒരു പ്രവാചകൻ: ഞാൻ നിങ്ങളെ പിൻപറ്റി നടക്കട്ടെയോ എന്ന് എങ്ങിനെ ചോദിക്കും? ഏറ്റവും വലിയ ജ്ഞാനി ആരാണെന്ന് ചോദിക്കപ്പെട്ടിട്ട് ഞാനാണ് എന്ന് മൂസാ നബി (അ) എങ്ങിനെ ഉത്തരം പറയും? ഈ അഹംഭാവം കാരണമായിട്ടാണ് അദ്ദേഹത്തെ ഖിദ്വ്ർ നബി (അ)ന്റെ അടുക്കലേക്ക് അയച്ചത് എന്ന് പറയുന്നത് നബിമാരുടെ നിലപാടിന്ന് എങ്ങിനെ യോജിക്കും? എന്നിങ്ങനെയുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഇവരുടെ പുതിയ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നത്. ഇവരുടെ അഭിപ്രായത്തിൽ മൂസാ നബി (അ) ക്ക് പ്രവാചകത്വം ലഭിക്കുന്നതിനുമുമ്പാണ് ഈ സംഭവം ഉണ്ടായിട്ടുള്ളത്. പ്രവാചകത്വം നൽകപ്പെടുന്നതിനുമുമ്പ് നബിമാർക്ക് പലവിധ പരിശീലനങ്ങളും നൽകപ്പെടാറുള്ളതിൽ ഒന്നായിരുന്നു ഈ സംഭവം. ഫിർഔന്റെ കൊട്ടാരത്തിൽ വളർന്നത്

മൂലം പലതരം പരിശീലനങ്ങളും മൂസാ നബി (അ) നേടിയിട്ടുണ്ട്; ഇനിയും ചില വശങ്ങൾ ബാക്കിയുണ്ട്; അതിനുപറ്റിയ ഒരു ഗുരു ഉണ്ടെന്ന് അദ്ദേഹം കേട്ടു; മൂസാ നബി (അ) അങ്ങോട്ട് പുറപ്പെട്ടു. അഥവാ അല്ലാഹു അത് തോന്നിപ്പിച്ചു എന്നാണ് ഇവർ പറയുന്നത്. പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പായിരുന്നു ഈ യാത്ര എന്ന് വരുത്തിത്തീർക്കുവാൻ വേണ്ടി, **مجمع البحرين**(രണ്ട് സമുദ്രങ്ങൾ കൂടിച്ചേരുന്ന സ്ഥലം) എന്ന് അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം നൈൽ നദിയുടെ രണ്ട് ശാഖകൾ പിരിയുന്ന സ്ഥലം ആയിരിക്കുമെന്നും ഇവർ അഭിപ്രായപ്പെടുന്നു.

മൂസാ നബി (അ) കൂടെകൊണ്ടുപോയ മത്സ്യത്തെപ്പറ്റി ഇവർ പറയുന്നത് നോക്കുക: അക്കാലത്തെ മനുഷ്യജീവിതം മിക്കവാറും പ്രാകൃതജീവിതമായിരുന്നത്കൊണ്ട് അപ്പപ്പോൾ വേട്ടയാടിയോ, മത്സ്യം പിടിച്ചോ ആയിരിക്കും അവർ വിശപ്പടക്കുക. അതനുസരിച്ച് മൂസാ നബി (അ)ന്റെ ഭൃത്യനും ഒരു പാറയുടെ അടുത്തുചെന്നുകൂടി നദിയിൽ നിന്നും മത്സ്യം പിടിച്ചു. സാധാരണ മത്സ്യം പിടുത്തക്കാർ ചെയ്യാറുള്ളത്പോലെ അതിന്റെ വക്കത്തൊരു കുഴിയുണ്ടാക്കി ആ കുഴിയിലിട്ടു. നദിയിലെ വെള്ളം കണ്ടപ്പോൾ മത്സ്യത്തിന് വെമ്പലുണ്ടായി. അത്ഭുതകരമായ നിലക്ക് അത് അതിന്റെ വഴിക്ക് പോയിക്കളഞ്ഞു. വളരെ നേരത്തേക്ക് മത്സ്യത്തിന്റെ കാര്യം മറന്നുപോയതുകൊണ്ടാണ് അത് ചാടിപ്പോയത്. അപ്പോൾ ഇതൊരു അസാധാരണ മത്സ്യമൊന്നുമല്ല, വേണ്ടാത്ത കഥകൾ കെട്ടിച്ചമച്ചുണ്ടാക്കേണ്ട ആവശ്യമില്ല. **وما أنسانيه الا الشيطان**(പിശാചല്ലാതെ എന്നെ അത് മറപ്പിച്ചില്ല) എന്ന് പറഞ്ഞതിന് ഇവിടെ വിശേഷാർത്ഥമൊന്നുമില്ല. പണ്ട് യൂസുഫ് നബി (അ) തന്നെപ്പറ്റി രാജാവിനെ ഉണർത്തുവാനായി, ജയിലിൽ നിന്ന് പുറത്തുപോയിരുന്ന ജയിൽപുള്ളിയെ ഏൽപിച്ചിട്ട് അയാളത് മറന്നുപോയല്ലോ. ഇതിനെപറ്റിയും പിശാച് മറപ്പിച്ചു (**فانساه الشيطان**) എന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ വെറുപ്പ് പ്രകടിപ്പിക്കുന്ന ഒരു വാക്ക് മാത്രമാണിത്. എന്നിങ്ങിനെ പല വ്യാഖ്യാനങ്ങളും ഇവർക്കുണ്ട്.

ഖിദ്ർ നബി (അ) ഒരു പ്രവാചകനായിരുന്നുവോ, അതോ ചില വിജ്ഞാനങ്ങൾ നൽകപ്പെട്ട ഒരു മഹാൻ മാത്രമായിരുന്നുവോ അഥവാ- അദ്ദേഹം നബിയോ വലിയ്യോ- എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ മുമ്പ് തന്നെ രണ്ട് അഭിപ്രായങ്ങളുണ്ട്. ഖുർആന്റെ പ്രസ്താവനകളിൽനിന്ന് മനസ്സിലാകുന്നതും, ഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായവും അദ്ദേഹം ഒരു നബിയാണെന്നാകുന്നു. *(*)* ഹദീഥിൽ ഇതിനെപ്പറ്റി വ്യക്തമായി ഒന്നും കാണുന്നില്ല. ഈ വസ്തുത 65-ാം വചനത്തിന്റെ വിവരണത്തിൽ നാം പ്രസ്താവിക്കുകയും അദ്ദേഹം ഒരു നബിയായിരുന്നുവെന്ന് കാര്യകാരണസഹിതം ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എനി, അദ്ദേഹം ഒരു വലിയ്യായിരുന്നുവെന്ന് തന്നെ വെക്കുക. എന്നാലും വലിയ്യ് എന്ന് പറഞ്ഞാൽ സന്യാസി എന്നല്ല അർത്ഥം. അല്ലാഹുവിനെ അറിഞ്ഞും ആരാധിച്ചും വരുന്നത്നിമിത്തം അവന്റെ സ്നേഹത്തിനും അടുപ്പത്തിനും പാത്രമായവൻ എന്നാകുന്നു. ഭക്തരായ വിശ്വാസികളെയാണ് അല്ലാഹു ഔലിയാഉ് എന്ന് വിശേഷിപ്പിച്ചിട്ടുള്ളത് (10: 63) എന്നാണ് അല്ലാഹു പറയുന്നത്. എന്നിരിക്കെ, വലിയ്യ് എന്നാൽ കാട്ടിൽ തപസ്സ് ചെയ്യുന്ന സന്യാസിയാണെന്ന് ഇക്കൂട്ടർ ജൽപിക്കുന്നത് പാമര ജനങ്ങളെ കബളിപ്പിക്കുവാൻ മാത്രം ഉതകുന്ന ഒരു വഞ്ചനയാണ്.

ഈ കഥയുടെ പൂർണരൂപം വിവരിക്കുന്ന പ്രബലമായ ഹദീഥുകൾ സ്വഹീഹുൽ

(*) راجع فتح البارى: ج ٦ وغيره

ബുഖാരിയിലും മറ്റു പ്രധാന ഹദീഥ് ഗ്രന്ഥങ്ങളിലും വന്നിട്ടുണ്ടെന്നും അതിന്റെ ചുരുക്കം ഇന്നതാണെന്നും നാം മുകളിൽ പ്രസ്താവിച്ചിരിക്കുന്നു. ഇക്കൂട്ടരുടെ പുത്തൻ ജൽപനങ്ങൾ മിക്കതും ആ ഹദീഥുകളെ പരസ്യമായി നിഷേധിക്കലോ, അവഹേളിക്കലോ ആണെന്ന് കാണാം. ഹദീഥിനെ ക്വുർആന്റെ വ്യാഖ്യാനമായി സ്വീകരിക്കുന്ന ഏതൊരു സത്യവിശ്വാസിക്കും പ്രസ്തുത ഹദീഥുകളിലെ ചില വാചകങ്ങൾ കാണുന്നമാത്രയിൽതന്നെ ഈ വസ്തുത വ്യക്തമാകുന്നതാണ്. ഇമാം ബുഖാരി (റ) പ്രവാചകന്മാരുടെ വൃത്താന്തങ്ങളിലും, **احاديث الانبياء** സൂറത്തുൽ കഹ്ഫിന്റെ വ്യാഖ്യാനത്തിലും സുദീർഘമായ പല രിവായത്തുകൾവഴി നബി ﷺ പറഞ്ഞതായി ഇബ്നുഅബ്ബാസ് (റ) ൽ നിന്ന് ഈ സംഭവം ഉദ്ധരിച്ചിരിക്കുന്നു. അവ ഇവിടെ പകർത്തുന്നപക്ഷം, വളരെ പേജുകൾ വേണ്ടിവരുന്നത്കൊണ്ട് സ്ഥലോചിതമായി വരുന്ന വാക്യങ്ങൾ മാത്രം അതിൽനിന്ന് നമുക്ക് ഇവിടെ ഉദ്ധരിക്കാം.

ഇബ്നുഅബ്ബാസ് (റ) ഈ വചനം ഉദ്ധരിക്കുവാനുള്ള കാരണവും ഹദീഥിന്റെ ആരംഭത്തിൽ വിവരിച്ചിട്ടുണ്ട്. നൗഫുൽ ബികാലി (**نوف البكالى**) എന്ന് പേരായ ഒരാൾ- ഇദ്ദേഹം ഒരു കഥാകാരൻ, അഥവാ കഥ ഉദ്ധരിച്ചു പ്രസംഗിക്കാറുള്ളവൻ ആയിരുന്നു- കൂഫഃയിൽവെച്ച് ഈ കഥ പറയുകയുണ്ടായി. കഥാപാത്രങ്ങളിൽപെട്ട മൂസാ, ഇസ്റാഈൽ ഗോത്രത്തിൽപെട്ട മൂസാ നബി (അ) അല്ലെന്നും, മറ്റേതോ ഒരു മൂസാ ആണെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇതിനെത്തുടർന്ന് സഈദുബ്നു ജുബൈർ (റ)- ഇദ്ദേഹമാകട്ടെ, പ്രമുഖ താബിഉകളിൽപെട്ട ഒരു സുപ്രസിദ്ധപണ്ഡിതനാകുന്നു- ഇബ്നു അബ്ബാസ് (റ) നോട് ഇതിനെക്കുറിച്ച് ചോദിച്ചു. ഇബ്നു അബ്ബാസ് (റ) ക്വുർആൻ വ്യാഖ്യാതാക്കളായ സ്വഹാബികളിൽ അഗ്രഗണ്യനാണെന്ന് പരക്കെ അറിയപ്പെട്ടതുമാകുന്നു. അതിന് മറുപടിയായി ഇബ്നു അബ്ബാസ് (റ): **كذب عدو الله** (അല്ലാഹുവിന്റെ ശത്രു കളവ് പറഞ്ഞതാണ്) എന്ന് പ്രസ്താവിച്ചുകൊണ്ടും, നബിﷺ പറഞ്ഞു കേട്ടതായി ഉബയ്യുബ്നു കഅ്ബ് (റ) തനിക്ക് ഇപ്രകാരം പറഞ്ഞുതന്നിരിക്കുന്നുവെന്ന് പ്രസ്താവിച്ചുകൊണ്ടുമാണ് ഹദീഥ് ഉദ്ധരിക്കുന്നത്. ഉബയ്യ് (റ)നെപറ്റി പറയുകയാണെങ്കിൽ, അദ്ദേഹം നബിﷺയുടെ എഴുത്തുകാരനും, തിരുമേനിയുടെ കാലത്ത്തന്നെ ക്വുർആൻ മനഃപ്പാഠമാക്കിയ മഹാനും, അൻസ്വാരികളുടെ നേതാവ് (**سيد الانصار**) എന്ന് നബി ﷺ സ്ഥാനപ്പേര് നൽകിയ ആളുമാണ്. സംഭവത്തിൽ യാതൊരു മാറ്റവും വരുത്താതെ, മൂസാ നബി (അ) മറ്റൊരാളാണെന്ന് മാത്രം നൗഫുൽബികാലീ പറഞ്ഞതിനെ സംബന്ധിച്ച് കളവ് പറഞ്ഞുവെന്നും, അല്ലാഹുവിന്റെ ശത്രു എന്നും ഇബ്നു അബ്ബാസ് (റ) പറഞ്ഞത് വളരെ ശ്രദ്ധേയമാകുന്നു. എന്നിരിക്കെ, സംഭവത്തിന്റെ രൂപത്തെതന്നെ- ക്വുർആന്റെ വ്യക്തമായ താൽപര്യങ്ങൾക്കും പ്രബലമായ ഹദീഥുകൾക്കും നിരക്കാത്തനിലയിൽ- വളച്ചു തിരിച്ചുകാണിക്കുന്നത് എത്രമാത്രം ആക്ഷേപാർഹമാണ്?! ഈ കഥയെപറ്റി ഇബ്നു അബ്ബാസ് (റ) ഉബയ്യുബ്നു കഅ്ബ് (റ)നോട് ചോദിച്ചറിയുവാനുണ്ടായ കാരണവും ഇമാംബുഖാരി (റ) രേഖപ്പെടുത്തിയിട്ടുണ്ട്: ഹുർറുബ്നു കൈസും (**حربن قيس - ر**) താനും തമ്മിൽ, മൂസാ നബി (അ)യുടെ ഗുരുവായിത്തീർന്ന ആൾ ഖിദ്ർ നബി (അ) ആയിരുന്നോ, വേറെ ആളായിരുന്നോ എന്നൊരു തർക്കം നടക്കുകയുണ്ടായി. അപ്പോഴായിരുന്നു ഇബ്നു അബ്ബാസ് (റ) ഉബയ്യ് (റ) നോട് അന്വേഷണം നടത്തിയതും, അദ്ദേഹം നബിﷺയുടെ തിരുവചനം കേൾപിച്ചതും *(*)*

ഇബ്നു അബ്ബാസ് (റ) ഹദീഥ് ഇങ്ങിനെ തുടങ്ങുന്നു:-

حدثنى أبى بن كعب انه سمع رسول الله صلى الله عليه وسلم يقول ان موسى قام خطيبا فى بنى اسرائيل فسئل اى الناس أعلم فقال انا فعتب الله عليه اذلم يرد العلم اليه فاوحى الله اليه ان لى عبدا بمجمع البحرين هو أعلم منك قال موسى يا رب فكيف لى به قال تأخذ معك حوتا فتجعله فى مكتل فحيثما فقدت الحوت فهو ثم ....

സാരം: റസൂൽﷺ പറഞ്ഞുകേട്ടതായി ഉബയ്യ് (റ) എനിക്ക് ഇപ്രകാരം പറഞ്ഞുതന്നിരിക്കുന്നു: മൂസാ നബി (അ) ഇസ്റാഈല്യരിൽ പ്രസംഗിക്കുകയുണ്ടായി. അപ്പോൾ, അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: മനുഷ്യരിൽവെച്ച് അധികം അറിവുള്ളവൻ ആരാണ്? അദ്ദേഹം പറഞ്ഞു: 'ഞാൻ'. അതിനാൽ അല്ലാഹു അദ്ദേഹത്തെപ്പറ്റി പ്രതിഷേധിച്ചു. അഥവാ കുറ്റപ്പെടുത്തി. കാരണം: അതിനെ സംബന്ധിച്ച അറിവ് അല്ലാഹുവിനാണുള്ളതെന്ന് അദ്ദേഹം മറുപടി പറഞ്ഞില്ല. അങ്ങിനെ, അല്ലാഹു അദ്ദേഹത്തിന് വഹ്യ് നൽകി: രണ്ട് സമുദ്രങ്ങൾ കൂടിച്ചേർന്ന സ്ഥലത്ത് എന്റെ ഒരു അടിയാനുണ്ട്, അദ്ദേഹം തന്നെക്കാൾ അറിവുള്ളവനാണ്. മൂസാ നബി (അ) ചോദിച്ചു:റബ്ബേ! ഞാൻ അദ്ദേഹത്തെ എങ്ങിനെ കാണും? അല്ലാഹു പറഞ്ഞു: നീ നിന്റെ ഒന്നിച്ചു ഒരു കൊട്ടയിൽ *(**)* ഒരു മത്സ്യത്തെയും എടുത്തുകൊണ്ടുപോവുക. എന്നിട്ട് ആ മത്സ്യം എവിടെ വെച്ചു നിനക്ക് നഷ്ടപ്പെട്ടു (കാണാതായി) പോകുന്നുവോ അവിടെ അദ്ദേഹം ഉണ്ടായിരിക്കും....

ഇതിനെക്കാൾ വ്യക്തമായ മറ്റൊരു രിവായത്ത് കൂടി കാണുന്നത് നന്നായിരിക്കും. അത് ഇങ്ങിനെയാകുന്നു:

قال رسول الله صلى الله عليه وسلم موسى رسول الله قال ذكر الناس يوما حتى اذا فاضت العيون ورقت القلوب ولى فادركه رجل فقال أى رسول الله هل فى الارض أحد اعلم منك فقال لا فعتب عليه اذ لم يرد العلم الى الله قيل بلى قال يا رب فاين قال بمجمع البحرين قال أى رب اجعل لى علما أعلم ذلك منه

റസൂൽ തിരുമേനിﷺ പറഞ്ഞു: അത് (കഥയിൽ പറഞ്ഞ മൂസാ) അല്ലാഹുവിന്റെ റസൂലായ മൂസാ നബി (അ) ആകുന്നു എന്ന്. തിരുമേനി പറയുകയാണ്: അദ്ദേഹം ഒരു ദിവസം ജനങ്ങൾക്ക് ഉപദേശം നൽകി. അതിനാൽ (ജനങ്ങൾക്ക്) കണ്ണുനീർ ഒഴുകുകയും, ഹൃദയങ്ങൾക്ക് അലിവുണ്ടാകുകയും ചെയ്തു. അദ്ദേഹം പിരിഞ്ഞുപോകുമ്പോൾ ഒരാൾ അദ്ദേഹത്തിന്റെ കൂടെ ചെന്ന് ഇങ്ങിനെ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഭൂമിയിൽ നിങ്ങളെക്കാൾ അറിവുള്ള വല്ലവരും ഉള്ളതായി നിങ്ങൾക്ക് അറിയാമോ? അദ്ദേഹം 'ഇല്ല' എന്ന് പറഞ്ഞു. അതിനാൽ അല്ലാഹു അദ്ദേഹത്തിന്റെ മേൽ പ്രതിഷേധിച്ചു. കാരണം: അതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിനാണുള്ളതെന്ന് അദ്ദേഹം മറുപടി പറഞ്ഞില്ല. അതിനാൽ അദ്ദേഹത്തോട് പറയപ്പെട്ടു: ഇല്ലാതെ! (ത

(*) راجع فتح البارى والبخاري فى كتاب العلم

***(**)* 'മിക്തൽ' (مكتل) എന്നാണ് ഹദീഥിലെ വാക്ക്. ഈത്തപ്പനയോല കൊണ്ടുള്ള കൊട്ട, വട്ടി (زنبيل من خوص) എന്നും മറ്റുമാണ് വാക്കർത്ഥം.**

ന്നെക്കാള്‍ അറിവുള്ളവര്‍ ഭൂമിയില്‍ വേറെയുണ്ട്.) അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ! എവിടെയാണുള്ളത്? അല്ലാഹു പറഞ്ഞു: രണ്ട് സമുദ്രങ്ങള്‍ കൂടിച്ചേരുന്ന സ്ഥലത്താണുള്ളത്. അദ്ദേഹം: റബ്ബേ! അത് അറിയുവാനുള്ള ഒരു അടയാളം നീ എനിക്ക് നിശ്ചയിച്ചു തരേണമേ!- **فقال عمرو قال حيث يفارقك الحوت** (തുടര്‍ന്നുകൊണ്ട് ബുഖാരിയുടെ നിവേദനപരമ്പരയില്‍പെട്ട ഒരാളായ) അംറ് ഇങ്ങിനെ പറഞ്ഞു: 'മത്സ്യം നിന്നെ വിട്ടുപിരിഞ്ഞുപോകുന്ന സ്ഥലത്തായിരിക്കും അദ്ദേഹം' എന്ന് അല്ലാഹു പറഞ്ഞു. **قال خذ حوتا ميتا حيث ينفخ فيه الروح وقال لى يعلى** (വേറൊരു പരമ്പരയിലെ) ഒരാളായ യഅ്‌ലായുടെ വാചകം ഇങ്ങിനെയാണ്: നീ ഒരു ചത്ത മത്സ്യം കൊണ്ടുപോവുക. അതിന് എവിടെവെച്ച് ജീവനുണ്ടാകുന്നുവോ അവിടെയായിരിക്കും അദ്ദേഹം **فأخذحوتا فجعله في مكتل** അങ്ങനെ മൂസാ നബി (അ) ഒരു മത്സ്യം ഒരു കൊട്ടയില്‍ എടുത്തുകൊണ്ടുപോയി...'

വേറെയും രിവായത്തുകള്‍ ബുഖാരിയിലുണ്ടെങ്കിലും, ഇവയുമായി സാരത്തില്‍ വ്യത്യാസമില്ലാത്തത്കൊണ്ട് അവ ഇവിടെ ഉദ്ധരിക്കേണ്ടതില്ല. മേലുദ്ധരിച്ച ഹദീഥിന്റെ വാക്യത്തില്‍ നിന്ന് നമുക്ക് പലതും സ്പഷ്ടമായി മനസ്സിലാക്കാം:-

1. മൂസാ നബി (അ)ക്ക് പ്രവാചകത്വവും, ദിവ്യദൗത്യവും (നുബുവ്വത്തും, രിസാലത്തും) കിട്ടിയതിന് ശേഷമാണ് യഥാര്‍ത്ഥത്തില്‍ ഈ സംഭവം നടന്നിട്ടുള്ളത്. ഇക്കൂട്ടര്‍ ജല്‍പിക്കുന്നതുപോലെ അതിന് മുമ്പല്ല. മാത്രമല്ല, അദ്ദേഹത്തിന് തൗറാത്താകുന്ന വേദഗ്രന്ഥം ലഭിക്കുക കൂടിചെയ്തു കഴിഞ്ഞിട്ടാണ് ഈ സംഭവം ഉണ്ടായിട്ടുള്ളതെന്ന് ഇതേ ഹദീഥില്‍ വ്യക്തമാക്കിയിട്ടുള്ളത് താഴെ കാണാവുന്നതാകുന്നു.

2. അദ്ദേഹം ഇസ്‌റാഈല്യരില്‍ ഹൃദയസ്പര്‍ശിയായ ഒരു ഉപദേശ പ്രസംഗം ചെയ്തതിനെത്തുടര്‍ന്ന് ആരോ ഒരു ചോദ്യം ചോദിച്ചു. അതിന് അദ്ദേഹം കൊടുത്ത മറുപടി ഒരുവിധേന ശരിയായിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ ഉന്നതമായ നിലപാടിന് യോജിച്ചതായിരുന്നില്ല അത്. അതാണ് ഇങ്ങിനെ ഒരു പരിശീലനത്തിന്- അല്ലെങ്കില്‍ പരീക്ഷണത്തിന്- അദ്ദേഹം വിധേയനാക്കപ്പെടുവാന്‍ കാരണം.

3. അദ്ദേഹത്തോട് ചോദിക്കപ്പെട്ട ചോദ്യം- ഇക്കൂട്ടര്‍ പുച്ഛസ്വരത്തില്‍ പറഞ്ഞത് പോലെ- ഏറ്റവും വലിയ ജ്ഞാനി ആരാണ് എന്നല്ലായിരുന്നു. ആ അര്‍ത്ഥത്തിലുള്ള ഒരു ചോദ്യമായിരുന്നു അദ്ദേഹത്തോട് ചോദിക്കപ്പെട്ടതെങ്കില്‍- മൂസാനബിയെന്നല്ല- ഒരു സാധാരണക്കാരനായ സത്യവിശ്വാസിപോലും ഏറ്റവും വലിയ ജ്ഞാനി അല്ലാഹുവാണ് എന്നുമാത്രമെ ഉത്തരം പറയുകയുള്ളൂ. പക്ഷേ, അക്കാലത്ത് ഭൂമിയിലുള്ള മനുഷ്യരില്‍വെച്ച് ഏറ്റവും അറിവുള്ള ആള്‍ ആരാണ്. മൂസാനബിയെക്കാള്‍ അറിവുള്ള വേറെ വല്ലവരും അന്ന് ഭൂമിയിലുണ്ടോ എന്നായിരുന്നു ചോദിക്കപ്പെട്ടിരുന്നത്. മേലുദ്ധരിച്ചതല്ലാത്ത മൂന്നാമതൊരു രിവായത്തില്‍: **هل تعلم أحدا أعلم منك** (നിങ്ങളെക്കാള്‍ അറിവുള്ള ഒരാളെ നിങ്ങള്‍ക്കറിയാമോ?) എന്നാണ് ചോദ്യത്തിന്റെ വാചകം. സാരത്തില്‍ ഈ രിവായത്തുകളെല്ലാം ഒന്നുതന്നെ. ഏതായാലും, അദ്ദേഹത്തിന്റെ അറിവില്‍ പെട്ടിടത്തോളം ഭൂമിയില്‍ തന്നെക്കാള്‍ അറിവുള്ള ഒരു മനുഷ്യന്‍ ഇല്ലായിരുന്നുതാനും. അതിനാല്‍ അദ്ദേഹം ഇല്ല എന്നോ, ഞാന്‍തന്നെ എന്നോ മറുപടി കൊടുത്തു. ഉണ്ടെന്ന് അറിവില്ലാത്ത സ്ഥിതിക്ക് ഉണ്ട് എന്ന് മറുപടി പറയുവാന്‍ നിവൃത്തിയില്ലല്ലോ. എന്നാല്‍, അങ്ങിനെ ഒരാള്‍ വേറെ ഭൂമിയില്‍ എവിടെയും ഇല്ലെന്ന് സൂക്ഷ്മമായ അറിവ് സിദ്ധിച്ചിട്ടില്ലാത്തത്കൊണ്ട് ഇല്ല എന്ന് തീര്‍ത്തുപറഞ്ഞത്

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു മര്യാദകേടുമായിരുന്നു. അല്ലാഹുവിന് അറിയാം (الله اعلم) എന്നായിരുന്നു അദ്ദേഹം മറുപടി പറയേണ്ടിയിരുന്നത്. അദ്ദേഹം ഒരു സാധാരണക്കാരനല്ല, ഒരു വൈദൂതനാണ്, ദൈവദൂതന്മാരുടെ മുൻപന്തിയിൽ നിൽക്കുന്നവനാണ്. ആകയാൽ അല്ലാഹു അദ്ദേഹത്തിന്റെമേൽ വെറുപ്പ് പ്രകടിപ്പിച്ചു. ആളുകളുടെ നിലനോക്കിയാണല്ലോ പ്രവൃത്തികൾ വിലയിരുത്തപ്പെടുക. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ആ വാക്ക് അദ്ദേഹത്തിന് കൂടുതൽ ജ്ഞാനം ലഭിക്കുവാനും, കൂടുതൽ മര്യാദ ശീലിക്കുവാനും കാരണമായിത്തീരുകയും ചെയ്തു.

ഈ ദുർവ്യാഖ്യാനക്കാർ ചിത്രീകരിച്ചു കാണിച്ചത്പോലെ, മൂസാ നബി (അ) ഒരു അഹംഭാവിയാണെന്നോ, അഹംഭാവത്തിന്റെ ശിക്ഷയായിക്കൊണ്ടായിരുന്നു അദ്ദേഹം ഖിദ്ർ നബി (അ)യെ സന്ദർശിക്കേണ്ടി വന്നതെന്നോ വരുത്തിക്കൂട്ടുവാൻ ഇവിടെ യാതൊരു ന്യായവുമില്ല എന്ന് ഈ നബി വാക്യങ്ങൾകൊണ്ട് ധാരാളം തെളിഞ്ഞുവല്ലോ. മനുഷ്യരിൽ വെച്ച് കൂടുതൽ അറിവുള്ളവൻ ആരാണ് എന്ന് പണ്ഡിതനോട് ചോദിക്കപ്പെട്ടാൽ അതിന്റെ വിവരം അല്ലാഹുവിങ്കലേക്ക് വിട്ടേക്കുന്നത്- അല്ലാഹുവിനറിയാമെന്ന് മറുപടിപറയുന്നത് നന്നായിരിക്കും

باب ما يستحب للعالم اذا سئل أى الناس أعلم فيكل العلم إلى الله എന്ന തലക്കെട്ട് കൊടുത്തുകൊണ്ട് ഇമാം ബുഖാരി (റ) ഈ ഹദീഥിൽ ഒരിടത്ത് ഉദ്ധരിച്ചിരിക്കുന്നതും, അതിന്റെ വ്യാഖ്യാനത്തിൽ ഇമാം അസ്ക്വലാനി (റ) ഈ സംഗതി വിശദീകരിച്ചു പ്രസ്താവിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാകുന്നു. പക്ഷേ, സ്വന്തം താൽപര്യങ്ങൾക്കുമാത്രം വില കൽപിക്കുന്ന ഇവർക്ക് അതൊന്നും ബാധകമല്ലല്ലോ!

4. തനിക്ക് പരിശീലനവും അറിവും നൽകുവാൻ പറ്റിയ വല്ലവരെയും, കിട്ടുമോ എന്ന് അന്വേഷിച്ചു കൊണ്ടുപോകുകയോ, തന്നെക്കാൾ അറിവുള്ള ഒരു ഗുരു എവിടെയോ ഉണ്ടെന്ന് കേട്ട് തേടിപ്പോകുകയോ അല്ല മൂസാ നബി (അ) ചെയ്തത്. ഇതെല്ലാം ദുർവ്യാഖ്യാനക്കാരുടെ സ്വന്തം സങ്കൽപങ്ങളാണ്. മൂസാ നബി (അ) യെക്കാൾ അറിവുള്ള ഒരാൾ ഉണ്ടെന്നും, അദ്ദേഹം ഇന്ന സ്ഥലത്താണുള്ളതെന്നും അല്ലാഹു മൂസാ നബിയെ അറിയിച്ചു. അദ്ദേഹത്തെ സന്ദർശിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. അതനുസരിച്ചായിരുന്നു ഈ യാത്രയുണ്ടായത്. പ്രവാചകനാകുവാൻ പോകുന്ന ഒരാൾക്ക്- അല്ലാഹു പ്രവാചകത്വസ്ഥാനം നൽകുന്നതിന് മുമ്പ്- അതിനെപറ്റി ഒരു മുന്നറിവും ഉണ്ടായിരിക്കുകയില്ല. ആകയാൽ, പരിശീലനാർത്ഥം ഒരു ഗുരുവിനെ തേടിപ്പോകേണ്ടുന്ന ആവശ്യം അക്കാലത്ത്- പ്രവാചകത്വത്തിനുമുമ്പ്- ആദ്ദേഹത്തിന് നേരിടുവാനുമില്ല.

5. പുഴയോരത്തിൽകൂടി പോകുമ്പോൾ ഭക്ഷണാവശ്യാർത്ഥം പിടിച്ച ഒരു മത്സ്യമായിരുന്നില്ല മൂസാ നബി (അ)യുടെ മത്സ്യം. നേരെമറിച്ച് ഖിദ്ർ നബി (അ)യെ കണ്ടെത്തുന്ന സ്ഥലം അറിയുന്നതിനുള്ള അടയാളമെന്ന നിലക്ക് അദ്ദേഹത്തിന്റെ കൂടെ കൊണ്ടുപോകുവാൻ അല്ലാഹു തന്നെ കൽപിച്ചതും, ആ കൽപനയനുസരിച്ച് അദ്ദേഹം നേരത്തെത്തന്നെ ഒപ്പം കൊണ്ടുപോയിരുന്നതുമായിരുന്നു അത്.

6. അതെ, പുഴക്കരികെ ഒരു കുഴികുത്തി അതിൽ പിടിച്ചിട്ട മത്സ്യമായിരുന്നില്ല, ആ മത്സ്യം. അത് ചാടിപ്പോയത് ഒരു കുഴിയിൽനിന്നുമായിരുന്നില്ല. അദ്ദേഹം അതിനെ ഒരു കൊട്ടയിലോ മറ്റോ കൊണ്ടുപോയതായിരുന്നു. അതിൽ നിന്നാണത് വെള്ളത്തിലേക്ക് ചാടിപ്പോയത്. ഇതിനെപ്പറ്റി താഴെ ഹദീഥിൽ കൂടുതൽ വ്യക്തമായിക്കാണാം.

7. ഈ മത്സ്യം കേവലം ഒരു സാധാരണ മത്സ്യമായിരുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. താഴെ ഉദ്ധരിക്കുന്ന ഹദീഥ് വാക്യങ്ങളിൽനിന്ന് നമുക്കിത് കൂടുതൽ ദൃഢമായി ഗ്രഹിക്കാം. ഈ വ്യാഖ്യാനക്കാർ അതൊരു അസാധാരണ മത്സ്യമൊന്നുമായിരുന്നില്ല എന്ന് ജൽപിക്കുന്നത് അബദ്ധം മാത്രമാണെന്ന് പറയേണ്ടതില്ല. കാരണം, കൊട്ടപോലെയുള്ള പാത്രത്തിലിട്ടുകൊണ്ടുപോകുന്ന മത്സ്യം ജീവനില്ലാത്തതായിരിക്കുമല്ലോ. യഅ്ലായുടെ രിവായത്ത് അത് സ്പഷ്ടമാക്കിയിട്ടുമുണ്ട്. മത്സ്യം ചാടിപ്പോയതിനെപറ്റി ഹദീഥിലെ വാക്യങ്ങൾ കാണുമ്പോൾ ഈ പരമാർത്ഥം വീണ്ടും കൂടുതൽ സ്പഷ്ടമാകും. യാത്രയാണെങ്കിൽ സാധാരണമല്ലാത്ത ഒരു യാത്ര. യാത്രക്കാരൻ ഒരു പ്രവാചകവര്യൻ, അദ്ദേഹത്തെ കൽപിച്ചയക്കുന്നത് അല്ലാഹു, അവൻ നിർദ്ദേശിച്ചുകൊടുത്ത ഒരു പ്രത്യേക അടയാളമാണ് ആ മത്സ്യം. അത് സമുദ്രത്തിലൂടെ പോയ വഴി ഒരു തുരങ്കംപോലെ ആക്കിയിരിക്കുന്നു, (فَاتَّخَذَ سَبِيلَهُۥ فِي ٱلْبَحْرِ سَرَبًا) എന്നും, ആ വഴി അതൊരു ആശ്ചര്യമാക്കിയിരിക്കുന്നു. (وَ اتَّخَذَ سَبِيلَهُۥ فِي ٱلْبَحْرِ عَجَبًا) എന്നും അല്ലാഹു തന്നെ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ തീർച്ചയായും അതിലൊരു അസാധാരണത്വം ഉണ്ടെന്നത്രെ നാം വിശ്വസിക്കുന്നത്.

മേൽ ചൂണ്ടിക്കാട്ടിയ സംഗതികൾ മിക്കതും ക്വുർആനിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. ഹദീഥിൽനിന്ന് മാത്രമാണ് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്. മൂസാ നബി (അ) സന്ദർശിക്കുവാൻ പോയ ആ ആളുടെ പേരും ക്വുർആനിൽ പ്രസ്താവിച്ചിട്ടില്ല. നമ്മുടെ അടിയാന്മാരിൽപെട്ട ഒരു അടിയാൻ (**عبد من عبادنا**) എന്നാണ് അല്ലാഹു പറയുന്നത്. ആ അടിയാൻ ഖിദ്ർ *(*)* (അ) ആയിരുന്നുവെന്നും നബി വചനങ്ങളിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. ഏതായാലും ഇദ്ദേഹം ഒരു പ്രവാചകനായിരിക്കുവാനാണ് സാധ്യതയുള്ളതെന്ന് നാം മുമ്പ് ചൂണ്ടിക്കാണിച്ചു. മൂസാ നബി (അ) യെക്കാൾ എല്ലാ വിഷയത്തിലും കൂടുതൽ അറിവ് ഖിദ്ർ നബി (അ)ക്ക് ഉണ്ടായിരുന്നുവോ? ചില പ്രത്യേക വിഷയങ്ങളിൽ മാത്രമായിരുന്നു കൂടുതൽ അറിവുണ്ടായിരുന്നത് എന്നുള്ളതാണ് വാസ്തവം. കാരണം: മേലുദ്ധരിച്ച ഹദീഥിൽ ഇപ്രകാരം കാണാവുന്നതാകുന്നു:-

قال من أنت قال أنا موسى بنى اسرائيل قال نعم قال فما شأنك قال جئت لتعلمنى مما علمت رشدا

സാരം: ഖിദ്ർ ചോദിച്ചു: താൻ ആര്? അദ്ദേഹം മൂസാ- (അ) പറഞ്ഞു: മൂസയാണ് ഖിദ്ർ നബി (അ) ചോദിച്ചു: ഇസ്റാഈല്യരുടെ മൂസായോ? മൂസാ നബി (അ): അതെ എന്ന് ഉത്തരം പറഞ്ഞു. താങ്കളുടെ കാര്യം എന്താണ് (ഉദ്ദേശ്യമെന്ത്?) എന്ന് അദ്ദേഹം അന്വേഷിച്ചു. മൂസാ നബി (അ) മറുപടി പറഞ്ഞു: താങ്കൾക്ക് നേർമാർഗമായി നൽകപ്പെട്ടിട്ടുള്ള അറിവിൽനിന്ന് എനിക്ക് വല്ലതും താങ്കൾ പഠിപ്പിച്ചു തരുവാൻവേണ്ടി ഞാൻ വന്നതാണ്

قال اما يكفيك ان التوراة بيدك وان الوحى يأتيك يا موسى ان لى علما لا ينبغى لك ان تعلمه وان لك علما لا ينبغى لى ان اعلمه

ഖിദ്ർ പറഞ്ഞു: താങ്കളുടെ കൈവശം തൗറാത്ത് ഉണ്ട്, താങ്കൾക്ക് വഹ്യ് വരുന്നു

(*) ഖിദ്ർ എന്നും, ഖദിർ എന്നും (خَضِر ، خِضْر) ഈ പേര് വായിക്കപ്പെടുന്നു.

ണ്ട്, അതുപോരേ? ഹേ! മൂസാ! എനിക്ക് ചില അറിവുകളുണ്ട്- താങ്കൾക്ക് അത് അറിയേണ്ടതില്ല; താങ്കൾക്കും ചില അറിവുകളുണ്ട്- അത് എനിക്കും അറിയേണ്ടതില്ല എന്ന് പ്രതിവചിച്ചു.

ഒരു രിവായത്തിലെ വാചകം ഇതാണ്:

وفي رواية إني على علم من علم الله علمنيه لا تعلمه أنت وأنت على علم من الله علمك الله لا أعلمه

'എനിക്ക് അല്ലാഹു അറിയിച്ചു തന്ന ചില അറിവുകളുണ്ട്- അത് താങ്കൾക്ക് അറിയുകയില്ല; താങ്കൾക്ക് അല്ലാഹു അറിയിച്ചു തന്ന ചില അറിവുകളുണ്ട്. അത് എനിക്കും അറിയുകയില്ല.

രണ്ടിൽ ഓരോരുത്തർക്കും ചില പ്രത്യേക ജ്ഞാനങ്ങൾ നൽകപ്പെട്ടിട്ടുണ്ടെന്നും, അത് മറ്റെയാൾക്കില്ലെന്നും, ഖിദ്ർ നബി (അ) ന്റെ പ്രത്യേക അറിവിൽ നിന്ന് പഠിക്കുവാനായിരുന്നു മൂസാ നബി (അ) അയക്കപ്പെട്ടിരുന്നതെന്നും ഇതിൽ നിന്ന് ശരിക്ക് വ്യക്തമാണല്ലോ. 65–68 ആയത്തുകളിൽ നിന്നും ഈ വസ്തുത മനസ്സിലാക്കാവുന്നതാകുന്നു. ഈ രണ്ട് തരം അറിവുകളെപറ്റി 82–ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം വിവരിച്ചിട്ടുണ്ട്. ഈ യാഥാർത്ഥ്യം വേണ്ടത്പോലെ ഗ്രഹിച്ചവരെ സംബന്ധിച്ചിടത്തോളം ഖിദ്ർ നബി (അ) ഒരു നബി അല്ലെന്നുവന്നാൽ തന്നെയും ആശയക്കുഴപ്പത്തിന് അവകാശമില്ലാത്തതാണ്. എന്നിരിക്കെ, 82–ാം വചനത്തിന്റെ അന്ത്യഭാഗത്തിൽ നിന്നും മറ്റുമായി അദ്ദേഹം ഒരു നബിതന്നെയാണെന്ന് വ്യക്തമാകുമ്പോൾ പിന്നെ യാതൊരു സംശയത്തിനും ഇവിടെ അവകാശമില്ല.

66–ാം വചനത്തിൽ പ്രസ്താവിച്ചത്പോലെ, هَلْ أَتَّبِعُكَ عَلَىٰ أَنْ تُعَلِّمَنِ (താങ്കൾക്ക് പഠിപ്പിക്കപ്പെട്ടതിൽനിന്ന് എനിക്ക് താങ്കൾ പഠിപ്പിച്ചുതരുമെന്ന നിശ്ചയത്തിന്മേൽ ഞാൻ താങ്കളെ അനുഗമിക്കട്ടെയോ?) എന്ന് മൂസാ നബി (അ) ചോദിച്ചുവല്ലോ. ഈ ചോദ്യത്തിന്റെ താൽപര്യം സ്പഷ്ടമാണ്. അതായത്: ഈ ആവശ്യാർത്ഥം ഞാൻ നിങ്ങളുടെ കൂടെ സഹവസിക്കട്ടെയോ? അതിനായി നിങ്ങളൊന്നിച്ചു ഞാൻ വരട്ടെയോ? എന്ന് തന്നെ. അഥവാ ഇക്കൂട്ടർ പറയുംപോലെ ഒരു പ്രവാചകനല്ലാത്തവൻ ഒരു പ്രവാചകനെ പിൻപറ്റി നടക്കുന്നപ്രകാരം ഞാൻ നിങ്ങളെ പിൻപറ്റി നടക്കട്ടെയോ? എന്നല്ല. അങ്ങിനെയാണെങ്കിൽ, എന്നോട് ചോദ്യം ചെയ്യരുത് എന്നും, എന്റെ ഒന്നിച്ച് തനിക്ക് ക്ഷമിക്കുവാൻ കഴിയുകയില്ല എന്നും പറഞ്ഞു പ്രവാചകനല്ലാത്ത മൂസാ നബി (അ)യെ നിരുത്സാഹപ്പെടുത്തുവാൻ, പ്രവാചകനായ ഖിദ്ർ നബി (അ)ക്ക് പാടുണ്ടോ?! അപ്പോൾ- മൂസായും താനും ഓരോ പ്രവാചകന്മാരായിരിക്കെ- അദ്ദേഹത്തിന്റെ അറിവിനപ്പുറമുള്ള വല്ലതും തന്റെ പക്കൽ കണ്ടേക്കാമെന്ന് കരുതിയാണ് ഖിദ്ർ നബി (അ) അത് പറയുന്നത് എന്നാണ് മനസ്സിലാക്കേണ്ടത്. 65 – 70 വചനങ്ങൾ സൂക്ഷിച്ചുനോക്കിയാൽ തന്നെ അത് വ്യക്തമാകും. 'അത്തബിഉ' (اتبع) എന്ന ക്രിയാപദത്തിന് അനുഗമിക്കുക. ഒപ്പം പോകുക, പിൻപറ്റുക, പിൻതുടരുക എന്നൊക്കെ മലയാളത്തിൽ അർത്ഥം വരാം. അവിടത്തെ ഉദ്ദേശ്യം എന്താണെന്നാണ് നാം നോക്കേണ്ടത്.

'രണ്ട് പ്രധാന അബദ്ധങ്ങളെക്കുറിച്ച് നാം ഇവിടെ ഉണർത്താം' എന്ന മുഖവുരയോടുകൂടി ഇമാം അസ്ഖലാനീ (റ) ഇങ്ങിനെ പ്രസ്താവിച്ചുകാണാം: ഒന്ന്: ഈ കഥയെ ആസ്പദമാക്കിക്കൊണ്ട് ചില വിഡ്ഢികൾക്ക് മൂസാ നബി (അ) യെക്കാൾ ശ്രേഷ്ഠതയുള്ള ആളാണ് ഖിദ്ർ നബി (അ) എന്നൊരു ധാരണ പിണഞ്ഞിരിക്കുന്നു. ഈ കഥയെപറ്റി ശരിക്കും പരിചിന്തനം ചെയ്യുവാൻ കഴിയാത്ത- മൂസാ നബി (അ)ക്ക്

അല്ലാഹു നൽകിയ രിസാലത്ത് (ദിവ്യദൗത്യം) അല്ലാഹുവിന്റെ സംസാരം കേൾക്കൽ, എല്ലാ വിജ്ഞാനവും നിറഞ്ഞ തൗറാത്ത് ലഭിക്കൽ ആദിയായവയെപറ്റി ഗൗനിക്കാത്ത- ആളുകൾക്കാണ് ഇത്തരം അമളി പിണയുന്നത്. ഇസ്റാഈൽ ഗോത്രങ്ങളിലെ പ്രവാചകന്മാരെല്ലാം തന്നെ- ഈസാ നബി (അ) പോലും- അദ്ദേഹത്തിന്റെ വേദഗ്രന്ഥത്തിന്റെ നിയമങ്ങളനുസരിച്ചുകൊള്ളുവാൻ നിർബന്ധിതരാണ്. (ഇതിന് ക്വുർആനിൽപലരേഖകളുണ്ട്. . . . . يَا مُوسَى إِنِّي اصْطَفَيْتُكَ عَلَى النَّاسِ بِرِسَالَاتِي وَبِكَلَامِي (മൂസാ! എന്റെ ദൗത്യങ്ങളെക്കൊണ്ടും, എന്റെ സംസാരം കൊണ്ടും ഞാൻ നിശ്ചയമായും നിന്നെ ജനങ്ങളെക്കാൾ (ഉന്നതനായി) തിരഞ്ഞെടുത്തിരിക്കുന്നു.) എന്ന ഒരൊറ്റ ആയത്തുതന്നെ ഇപ്പറഞ്ഞതിന് രേഖ മതി. ഖിദ്ർ നബി (അ) ഒരു പ്രവാചകനാണെങ്കിലും, ഒരു റസൂലല്ലെന്ന് തീർച്ചയാണ്. റസൂലല്ലാത്ത പ്രവാചകനെക്കാൾ കൂടുതൽ ശ്രേഷ്ഠതയുള്ള ആളാണ് റസൂൽ. എനി, അദ്ദേഹം ഒരു റസൂലുംകൂടി ആയിരുന്നുവെന്ന് സമ്മതിച്ചു കൊടുത്താൽ പോലും, മൂസാ നബി (അ)ന്റെ രിസാലത്ത് കൂടുതൽ മഹത്വമേറിയതും, അദ്ദേഹത്തിന്റെ സമുദായം കൂടുതൽ വലിയതുമാകുന്നു. ഖിദ്ർ നബി (അ) ആകട്ടെ, കവിഞ്ഞപക്ഷം അദ്ദേഹം ഇസ്റാഈൽ സമുദായത്തിലെ നബിമാരിൽപെട്ട ഒരാളായിരിക്കും; മൂസാ നബി (അ) അവരിൽ വെച്ച് ശ്രേഷ്ഠനും.....

രണ്ടാമത്തെ അബദ്ധ ധാരണയെക്കുറിച്ച് അസ്ഖലാനീ (റ) പറയുന്നതിന്റെ ചുരുക്കം ഇതാകുന്നു: ശരീഅത്ത്നിയമങ്ങൾ സാധാരണക്കാർക്ക്മാത്രം ബാധകമായതാണ്, ഹൃദയമാലിന്യതകളിൽ നിന്ന് സംശുദ്ധമായവർക്ക് അവരുടെ ഹൃദയങ്ങളുടെ വിധികളനുസരിച്ചു നടന്നാൽ മതിയാകും, എന്നൊക്കെ ഈ കഥയെ അടിസ്ഥാനമാക്കി ചിലർ പറഞ്ഞുവരാറുണ്ട്. അത് തനി നിർമതത്വവും, അവിശ്വാസവുമാകുന്നു. (فتح البارى)

'ബഹ്ർ' (البحر) എന്ന പദത്തിന് സമുദ്രം എന്നർത്ഥം. ചിലപ്പോൾ അത് നദിക്കും പറയപ്പെടാറുണ്ട്. എന്നിരിക്കെ, مَجْمَعَ الْبَحْرَيْنِ (രണ്ട് സമുദ്രങ്ങൾ കൂടിച്ചേരുന്ന സ്ഥലം) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, സാക്ഷാൽ സമുദ്രങ്ങളോ നദികളോ എന്ന് ഖണ്ഡിതമായി പറയുവാൻ വയ്യ. പക്ഷേ, ഈ പുത്തൻ വ്യാഖ്യാനക്കാരുടെ വാദം സംഭവം നടന്നത് മൂസാ നബി (അ) ഒരു നബിയാകുന്നതിന് മുമ്പാണെന്നും, അദ്ദേഹത്തിന്റെ മത്സ്യം തൽക്കാലം ഭക്ഷണാർത്ഥം പിടിക്കപ്പെട്ടതാണെന്നും, പിടിച്ചിട്ട കുഴിയിൽ നിന്ന് അത് തക്കത്തിൽ ചാടിപ്പോയതാണെന്നും മറ്റുമാണല്ലോ. ഈ വാദങ്ങൾക്ക് ന്യായീകരണം നൽകുന്നതിന്വേണ്ടി ആ വാക്കിന്റെ ഉദ്ദേശ്യം രണ്ട് നദികൾ കൂടിയ സ്ഥലമാണെന്നും, ആ നദികൾ മിക്കവാറും നൈൽ നദിയുടെ രണ്ട് ശാഖകളാണെന്നും അവർ അനുമാനിക്കുന്നത്, സ്വന്തം വാദത്തിന് ഉപോൽബലകമായി മാത്രമാണ്. അതിന് പ്രത്യേക ലക്ഷ്യങ്ങളൊന്നും ഇല്ലാത്തിടത്തോളം കാലം, രണ്ട് സമുദ്രങ്ങൾ (بَحْرَيْنِ) എന്ന് പറഞ്ഞത് കേവലം രണ്ട് സമുദ്രങ്ങൾ തന്നെയാണെന്ന് പറയുവാനേ നിവൃത്തിയുള്ളൂ. 61-ാം വചനത്തിന്റെ വിവരണത്തിൽ ഇതിനെപറ്റി നാം പ്രസ്താവിച്ചിട്ടുണ്ട്.

മത്സ്യത്തെപറ്റി അൽപംകൂടി ശ്രദ്ധിക്കാം: മത്സ്യം എടുത്തുകൊണ്ടുപോകുമ്പോൾ മൂസാ നബി (അ) തന്റെ വാലിയക്കാരനായ യൂശഉ് നബി (അ) യോട് പറയുന്നത് ഇപ്രകാരമാണ്: لا اكلفك الا ان تخبرنى بحيث يفارقك الحوت (ഈ മത്സ്യം നിന്നെ വിട്ടുപോകുന്നിടത്ത്വെച്ച് നീ എന്നോട് വിവരം അറിയിക്കണമെന്നല്ലാതെ ഞാൻ നിന്നോട് ശാസിക്കുന്നില്ല.) ഇതിന് യൂശഉ് നബി (അ) ഇങ്ങിനെ മറുപടി പറഞ്ഞു: ما كلفت كثيرا (താങ്കൾ അധികമൊന്നും ശാസിക്കുന്നില്ലല്ലോ.) അതിന് പ്രയാസമൊന്നും ഇല്ലല്ലോ എന്ന്

സാരം. 60-ാം വചനം ഉദ്ദേശിച്ചുകൊണ്ട് ഹദീഥ് ഇങ്ങിനെ തുടരുന്നു:

فبينما هو فى ظل صخرة فى مكان ثريان اذ تضرب الحوت (*) وموسى نائم فقال لا أوقظه حتى اذا استيقظ فنسى أن يخبره وتضرب الحوت حتى دخل البحر فامسك الله عنه جرية البحر حتى كأن اثره فى حجر.

സാരം: അങ്ങനെ മൂസാ നബി (അ) ഒരു പാറക്കല്ലിന്റെ നനവുള്ള ഒരു സ്ഥലത്തായിരുന്നപ്പോൾ മത്സ്യം പിടച്ചുചാടി. മൂസാ നബി (അ) ഉറങ്ങുകയായിരുന്നു. അപ്പോൾ വാലിയക്കാരൻ: ഞാൻ അദ്ദേഹത്തെ ഉറക്കിൽനിന്ന് ഉണർത്തുന്നില്ല എന്ന് (സ്വയം) പറഞ്ഞു. അദ്ദേഹം ഉണർന്നപ്പോൾ അത് പറയാൻ ഞാൻ മറന്നുപോവുകയും ചെയ്തു. മത്സ്യം പിടച്ചുചാടി സമുദ്രത്തിൽ പ്രവേശിച്ചു. അപ്പോൾ അല്ലാഹു സമുദ്രത്തിന്റെ ഒഴുക്ക് അതിൽനിന്നും തടഞ്ഞുനിറുത്തി. മത്സ്യത്തിന്റെ അടയാളം (അത് പോയവഴി) ഒരു കല്ലിൽ പതിഞ്ഞാലുള്ളതുപോലെയായിത്തീർന്നു.

هكذا - وعلق - يعنى عمرو - بين إبهاميه والتى تليانهما (നിവേദകന്മാരിൽ ഒരാളായ) അംറ്: അത് ഇപ്രകാരമെന്നു പറഞ്ഞുകൊണ്ട് രണ്ടുതള്ളവിരലുകളും അത് രണ്ടിനോടും തൊട്ടവിരലുകളും കൂട്ടിചേർത്ത് വൃത്താകൃതിയിൽ കാണിക്കുകയുണ്ടായി. (62-ാം വചനത്തിൽ പറഞ്ഞത്പോലെ) മൂസാ നബി (അ) പറഞ്ഞു: **لقد لقينا من سفرنا هذا نصبا** 'നമ്മുടെ ഈ യാത്ര നിമിത്തം നാം ക്ഷീണത്തെ അഭിമുഖീകരിച്ചിരിക്കുന്നു'.

ബുഖാരി (റ)യുടെ ഒരു രിവായത്തിൽ വന്ന വാചകങ്ങൾ ഇപ്രകാരമാകുന്നു:-

فصار مثل الطلق فقال هكذا مثل الطلق فانطلقا يمشيان بقية ليلتهما ويومهما حتى اذا كان من الغد قال لفتاه آتنا غداءنا لقد لقينا.... ولم يجد موسى النصب حتى جاوز حيث امره الله....

സാരം: അങ്ങനെ, അത് (മത്സ്യത്തിന്റെ അടയാളം) ഒരു വെടിപ്പഴുത്പോലെയായിത്തീർന്നു. എന്നിട്ട് അവർ രാത്രിയിലെ ബാക്കി സമയവും പകലും നടന്നു. പിറ്റേദിവസമായപ്പോൾ മൂസാ നബി (അ) വാലിയക്കാരനോട്: ഈ യാത്ര നിമിത്തം നാം ക്ഷീണത്തെ അഭിമുഖീകരിച്ചിരിക്കുന്നു എന്ന് പറഞ്ഞു. അല്ലാഹു നിർദ്ദേശിച്ച സ്ഥലം (മത്സ്യം ചാടിപ്പോകുന്ന സ്ഥലം) വിട്ടുകടന്നുപോകുന്നതുവരെ മൂസാ നബി (അ) ക്ക് ക്ഷീണം ബാധിച്ചിട്ടുണ്ടായിരുന്നില്ല.

ഇതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാവുന്നതാണ്:- (1) മത്സ്യം അസാധാരണമായനിലയിൽ പിടച്ചുചാടിപ്പോയതായിരുന്നു- നദീജലം കണ്ട വെമ്പൽമൂലം കുഴിയിൽനിന്ന് കുതിച്ചുചാടിയതല്ല. (2) മത്സ്യം വെള്ളത്തിൽ ചാടിപ്പോയവഴി, ആശ്ചര്യകരമാംവിധം തെളിഞ്ഞു കാണാമായിരുന്നു. കാരണം: വെള്ളം ഇടതൂർന്നു പോകാതെ ഒരു മാളമെന്നോണം അത് അവശേഷിച്ചിരുന്നു. (3) മൂസാ നബി (അ)ക്ക് യാത്രാക്ഷീണം അനുഭവപ്പെട്ടത് മത്സ്യം പോയിക്കഴിഞ്ഞ സമയം മുതൽക്കായിരുന്നു.

---

* وفى رواية سفيان اضطرب الحوت

63-ാം ആയത്ത് ഉദ്ധരിച്ചുകൊണ്ട് ഹദീഥില്‍ ഇങ്ങിനെ പറയുന്നു: فكان للحوت سربا ولموسى وفتاه عجبا(അങ്ങനെ, മത്സ്യംപോയ മാര്‍ഗം മത്സ്യത്തിന് ഒരു തുരങ്കവും, മൂസാ നബി (അ)ക്കും വാലിയക്കാരനും ഒരു ആശ്ചര്യവും ആയിത്തീര്‍ന്നു.) ഇത് മത്സ്യത്തിന്റെ അസാധാരണത്വത്തെ കുറിക്കുന്നുവല്ലോ. 61-ാം വചനത്തില്‍ മത്സ്യം സമുദ്രത്തില്‍ അതിന്റെ വഴി ഒരു തുരങ്കമാക്കിത്തീര്‍ത്തു (فَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ سَرَبًا) എന്ന് അല്ലാഹു പറയുന്നു. തുരങ്കം എന്ന് അര്‍ത്ഥം നല്‍കുന്നത് 'സറബന്‍' (سَرَبا) എന്ന വാക്കിനാണ്. മാളം, ഗുഹ, തോട് എന്നൊക്കെ ഈ വാക്കിനര്‍ത്ഥം വരും. ഈ അര്‍ത്ഥങ്ങള്‍ സ്വീകരിക്കുന്നപക്ഷം മത്സ്യം പോയവഴി ഒരു ആശ്ചര്യമായി പരിണമിക്കുമെന്ന് കണ്ടു നമ്മുടെ പുത്തന്‍ വ്യാഖ്യാനക്കാര്‍ ഈ വാക്യത്തിന് അര്‍ത്ഥം നല്‍കുന്നത് ഇങ്ങിനെയാണ്: മത്സ്യം സമുദ്രത്തില്‍ അതിന്റെ വഴിക്ക്പോയി. സ്വയം താല്‍പര്യത്തിന് ഒപ്പിക്കുവാന്‍ വേണ്ടി ഇങ്ങിനെ ക്വുര്‍ആനിന്ന് അര്‍ത്ഥം നിര്‍മിക്കുവാന്‍ ശ്രമിക്കുന്നപക്ഷം ക്വുര്‍ആന്റെ പേരില്‍ ആര്‍ക്കും എന്തും പറയുവാന്‍ സാധിക്കുന്നതാണ്. الله اكبر

മത്സ്യം തന്നെ വിട്ടുപോകുമ്പോള്‍ എന്നെ ഓര്‍മപ്പെടുത്തണമെന്ന് മൂസാ നബി (അ) യൂശഉ് നബി (അ)നോട് പ്രത്യേകം പറഞ്ഞിരുന്നു. അതൊരു പ്രയാസമില്ലാത്ത കാര്യമാണല്ലോ എന്നദ്ദേഹം മറുപടിയും പറഞ്ഞു. എന്നാല്‍, മത്സ്യം ചാടിപ്പോയത് കണ്ണില്‍ കണ്ടിട്ടുപോലും, മൂസാ നബി (അ) ഉണര്‍ന്ന ഉടനെയെങ്കിലും അത് ഓര്‍മിപ്പിക്കുവാന്‍ അദ്ദേഹം മറന്നുപോയി. അവരുടെ യാത്രോദ്ദേശ്യം നിവൃത്തിയാകുന്നത്തന്നെ അതിനെ ആസ്പദമാക്കിയാണ്താനും. പിന്നെയും കുറെയധികം നടന്നു വിഷമിക്കുകയും, ഭക്ഷണം കൊണ്ടുവരാന്‍ മൂസാ നബി (അ) ആവശ്യപ്പെടുകയും ചെയ്തപ്പോള്‍ മാത്രമേ വാലിയക്കാരന് അത് പറയുവാന്‍ ഓര്‍മ വന്നുള്ളൂ. അപ്പോള്‍, ഈ മറവി വാസ്തവത്തില്‍ ഗൗരവമേറിയ ഒരു മറവിതന്നെ. അതുകൊണ്ടത്രെ, ഞാനത് മറന്നുപോയി എന്ന് പറയാതെ, അത് പറയുവാന്‍ എന്നെ മറപ്പിച്ചത് പിശാചല്ലാതെ മറ്റൊന്നുമല്ല (وما أنسانيه الا الشيطان) എന്ന് വാലിയക്കാരന്‍ പറഞ്ഞതും. ഈ പ്രയോഗം ഒരു വിശേഷാര്‍ത്ഥത്തെ - വിഷയത്തിന്റെ ഗൗരവവും മറന്നുപോയതിലുള്ള ഒഴികഴിവും- ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു. അഥവാ ഒരു വെറുപ്പ് പ്രകടിപ്പിക്കല്‍ മാത്രമല്ല അതിലുള്ളത്. യൂസുഫ് നബി (അ) ജയിലിലായിരുന്നപ്പോള്‍ ജയില്‍ വിമുക്തനായി പുറത്ത് പോരുന്നവനോട് തന്നെപറ്റി രാജാവിനെ ഓര്‍മിപ്പിക്കുവാന്‍ പറഞ്ഞത് അയാള്‍ മറക്കുകയുണ്ടായി. ഏതാനും കൊല്ലങ്ങള്‍ കഴിഞ്ഞശേഷം- അതുംതന്നെ, യൂസുഫ് നബി (അ)നെക്കൊണ്ട് ഒരു വമ്പിച്ച ആവശ്യം നേരിട്ടപ്പോള്‍- മാത്രമേ ഓര്‍മവരുകയുണ്ടായുള്ളൂ. ആ ഗൗരവമേറിയ മറതിയെപറ്റിയും സൂറത്ത് യൂസുഫില്‍ 'എന്നിട്ട് പിശാച് അവനെ മറപ്പിച്ചുകളഞ്ഞു' فَأَنسَاهُ ٱلشَّيْطَٰنُ എന്നാണ് അല്ലാഹു പറഞ്ഞത്. ഇത്തരം ഗൗരവപ്പെട്ട സന്ദര്‍ഭങ്ങളിലല്ലാതെ, ഏതെങ്കിലും കാര്യം മറന്നുപോകുന്നിടത്തെല്ലാം പിശാച് മറപ്പിച്ചു എന്ന് ക്വുര്‍ആനിലോ മറ്റോപറയാറില്ല. സ്വന്തം താല്‍പര്യങ്ങളെ മനസ്സില്‍ വെച്ചുകൊണ്ട് ക്വുര്‍ആനെ വ്യാഖ്യാനിക്കുന്നവര്‍ക്ക് ഇതിലൊന്നും വിശേഷാര്‍ത്ഥം കാണുവാന്‍ കഴിഞ്ഞെന്ന് വരികയില്ല. പക്ഷേ, വാസ്തവം മുകളില്‍ കണ്ടതാണ്.

ഖിദ്വ്ര്‍ നബി (അ) കൊല ചെയ്തത് ഒരു ബാലനെയായിരുന്നുവെന്നതിനോടും ഇക്കൂട്ടര്‍ യോജിക്കുന്നില്ല. ഇവര്‍ക്ക് മുമ്പും ചിലര്‍ ഇവരുടെ ഈ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഗുലാം (غلام) എന്നാണ് 74-ാം വചനത്തില്‍ ഉപയോഗിച്ച പദം. അടിമ, യുവാവ്,

ഭൃത്യൻ, ബാലൻ എന്നീ അർത്ഥങ്ങൾക്കെല്ലാം ആ വാക്ക് ഉപയോഗിക്കാറുണ്ട് ക്വുർആനിൽ ഈ വാക്ക് (37: 101; 19: 7; 12: 19) മുതലായ സ്ഥലങ്ങളിൽ) ഉപയോഗിച്ചത് നോക്കുമ്പോഴും, ഹദീഥിൽ താഴെ ഉദ്ധരിക്കുന്ന വാചകം നോക്കുമ്പോഴും ഇവിടെ ഗുലാം എന്ന വാക്കിന് കുട്ടി എന്നോ ബാലൻ എന്നോ അർത്ഥം നൽകേണ്ടിയിരിക്കുന്നു. (ഹദീഥിൽ ഇങ്ങിനെയാണുള്ളത്: **فانطلقا اذاهما بغلام يلعب مع الغلمان فاخذ الخضر برأسه فقطعه** (അങ്ങിനെ രണ്ടുപേരും പോയി. അപ്പോൾ അവർ ബാലന്മാരോടൊന്നിച്ച് കളിച്ചുകൊണ്ടിരിക്കുന്ന ഒരു ഗുലാമിനെ (ബാലനെ) കണ്ടു. എന്നിട്ട് ഖിദ്ർ അവന്റെ തലപിടിച്ചു മുറിച്ചുകളഞ്ഞു) ഇവിടെ ഗുലാം എന്ന് പറഞ്ഞത് കുട്ടി എന്ന അർത്ഥത്തിലാണെന്ന് പറയേണ്ടതില്ല. ഖിദ്ർ നബി (അ) കൊലപ്പെടുത്തിയ ആ കുട്ടി അവിശ്വാസ പ്രകൃതിയോടുകൂടിയവനായിരുന്നു; അവൻ ജീവിച്ചിരുന്നുവെങ്കിൽ അവന്റെ മാതാപിതാക്കളെ അവിശ്വാസത്തിനും അക്രമത്തിനും ബുദ്ധിമുട്ടിക്കുമായിരുന്നു എന്ന് നബിﷺ പ്രസ്താവിച്ചിട്ടുള്ളതായി ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിക്കുന്ന ഹദീഥ് (**ان الغلام الذى قتله الخضر.... طغيانا و كفرا**) നാം ഇതിന് മുമ്പ് കണ്ടുവല്ലോ. ഇതെല്ലാം കൂടി നോക്കുമ്പോൾ നിശ്ചയമായും ആ ഗുലാം ഒരു കുട്ടിയായിരുന്നുവെന്നല്ലാതെ യുവാവായിരുന്നുവെന്ന് മനസ്സിലാക്കുവാൻ തരമില്ല.

പ്രായം തികയാത്ത ഒരു ബാലൻ മതശാസനങ്ങൾക്ക് എങ്ങനെ വിധേയനാകും? എങ്ങനെയാണ് അവന്റെമേൽ കുറ്റം ചുമത്തി ശിക്ഷിക്കപ്പെടുക? എന്നൊക്കെയാണ് ഇക്കൂട്ടർക്ക് സംശയം. അതുകൊണ്ടാണ്, ഖിദ്ർ നബി (അ) കൊലപ്പെടുത്തിയത് ഒരു ബാലനെയല്ല, യുവാവിനെയാണ് എന്ന് ഇവർ പറയുന്നത്. അന്യരെ, നിർബന്ധപൂർവം മതം മാറ്റാൻ ശ്രമിക്കുകയും, ഭീഷണിപ്പെടുത്തുകയും ചെയ്യുന്നവരെ ശിക്ഷിക്കുകയെന്ന സാർവലൗകിക നിയമമനുസരിച്ചാണ് ഖിദ്ർ നബി (അ) ആ യുവാവിനെ കൊല ചെയ്തതെന്ന് ഇവർ സമർത്ഥിക്കുന്നു. എന്നാൽ, ആ യുവാവ്- അല്ലെങ്കിൽ ബാലൻ- തന്റെ മാതാപിതാക്കളെ നിർബന്ധിച്ചുവെന്നോ, ഭീഷണിപ്പെടുത്തിയെന്നോ ക്വുർആനിലും, ഹദീഥിലും പ്രസ്താവിച്ചിട്ടില്ല. ഭാവിയിൽ അവൻ അങ്ങനെ ചെയ്തേക്കുമെന്ന് ഭയപ്പെട്ടു (**فخشينا**) എന്ന് മാത്രമേ ക്വുർആനിൽ പറഞ്ഞിട്ടുള്ളൂ. ആ അവസരത്തിൽ മൂസാ നബി (അ) ചോദിച്ച ചോദ്യവും ചിന്താർഹമാണ്. أَقَتَلْتَ نَفْساً زَكِيَّةً (നിർദ്ദോഷിയായ- അഥവാ പരിശുദ്ധമായ- ഒരു ജീവനെ താൻ കൊല്ലുകയോ?) എന്നാണല്ലോ അദ്ദേഹം ചോദിച്ചത്. അവനൊരു ബാലനായിരുന്നുവെന്ന് ഈ ചോദ്യവും കാണിക്കുന്നു. അവൻ ഒരു യുവാവാണെന്ന് സങ്കൽപിച്ചാൽപോലും ആ കൊല നടന്ന അവസരത്തിൽ തീർച്ചയായും അവൻ നിർദ്ദോഷിയായിരുന്നുവെന്നും, ഭാവിയിൽ അവൻ മൂലം ഉണ്ടാകുവാൻ പോകുന്ന ദോഷത്തെ മുൻനിറുത്തിക്കൊണ്ടാണ് അത് ചെയ്തതെന്നും സ്പഷ്ടമാകുന്നു. മേൽ സൂചിപ്പിച്ച ഹദീഥിലും തന്നെ **ولو عاش لا رهقهما** (അവൻ ജീവിച്ചിരുന്നുവെങ്കിൽ അവൻ അവരെ ബുദ്ധിമുട്ടിക്കുമായിരുന്നു.) എന്നാണുള്ളത്.

ഇത്രയും പറഞ്ഞതിൽനിന്ന് കൊല സാർവലൗകിക നിയമമനുസരിച്ചോ, ഐക്യരാഷ്ട്ര പ്രമാണമനുസരിച്ചോ ഉണ്ടായ ഒന്നല്ലെന്നും, നാം മുമ്പ് വിവരിച്ച അടിസ്ഥാനത്തിലുള്ളതാണെന്നും വ്യക്തമാകുന്നു. അതായത് മൂസാ നബി (അ) ന് പരിചയമില്ലാതിരുന്നതും, ഖിദ്ർ നബി (അ) ന് പ്രത്യേകം നൽകപ്പെട്ടിരുന്നതുമായ ചില രഹസ്യജ്ഞാനം അനുസരിച്ച് നടത്തപ്പെട്ട ഒരു കൃത്യമായിരുന്നു അത്. അവനെക്കാൾ ഉത്തമമായ സന്താനത്തെ അവന്റെ മാതാപിതാക്കൾക്ക് അവരുടെ റബ്ബ് പകരം കൊടുക്ക

ണമെന്ന് നാം ഉദ്ദേശിച്ചു എന്ന് 81-ാം വചനത്തിലും, ഇതൊന്നും എന്റെ അഭിപ്രായമനുസരിച്ച് ചെയ്തതല്ല എന്ന് 82-ാം വചനത്തിലും അദ്ദേഹം പ്രസ്താവിച്ചത് ഈ വസ്തുതയാണ് കുറിക്കുന്നത്. വാസ്തവം ഇങ്ങിനെയെല്ലാമായിരിക്കെ, ക്വുര്‍ആനിലും മറ്റും അതിന് വല്ല നിയമവും ഉണ്ടോ? എന്ന ഇവരുടെ ചോദ്യത്തിന് സ്ഥാനമില്ലല്ലോ. ചുരുക്കത്തില്‍, ഈ സംഭവത്തെപ്പറ്റി അല്ലാഹു ക്വുര്‍ആനില്‍ വ്യക്തമായ ഭാഷയില്‍ നല്‍കിയ പ്രസ്താവനകളും, അതിന്റെ വ്യാഖ്യാനമായി ബലപ്പെട്ട ഹദീഥുകളില്‍ വന്ന വിവരങ്ങളും നമുക്ക് മുഖവിലക്ക്തന്നെ സ്വീകരിക്കുക. അതിന് എതിരായതും വിരുദ്ധമായതുമായ എല്ലാ വ്യാഖ്യാനങ്ങളും നമുക്ക് ധൈര്യസമേതം തള്ളിക്കളയുകയും ചെയ്യാം.

والله أعلم بالصواب

വ്യാഖ്യാനക്കുറിപ്പ്- 2

ദുൽക്വർനൈനിയുടെ കെട്ടും, യഅ്ജൂജ് - മഅ്ജൂജും

ദുൽകർനൈനി സ്ഥാപിച്ച കെട്ട് എവിടെയായിരുന്നു? യഅ്ജൂജ്-മഅ്ജൂജ് വർഗക്കാർ ഏതാണ്? അവർ പുറത്ത്‌വരുന്നത് എന്നായിരിക്കും? വേഗത്തിൽ ഖണ്ഡിതമായ മറുപടി പറയാവുന്ന ചോദ്യങ്ങളല്ല ഇവ.

കെട്ട് നിർമിച്ചത് എവിടെയാണെന്നുള്ളതിൽ ക്വുർആൻ വ്യാഖ്യാതാക്കളും, ചരിത്രകാരന്മാരും പല അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. അദർബീജാന്നും അർമേനിയക്കും (أذربيجان وارمينية) ഇടയിലാണെന്ന് ചിലർ പറയുന്നു. കാസ്പിയൻ കടലിനും കാക്കസ് പർവതത്തിനും (بحر الخزر وجبل قوقاس) ഇടയിൽ സ്ഥിതി ചെയ്യുന്നതും, ബാബുൽ അബ്‌വാബ് (باب الابواب) എന്ന പേരിൽ അറിയപ്പെട്ടിരുന്നതുമായ ദർബന്തി (دربند)ൽ ആണെന്നും ചിലർ പറയുന്നു. മദ്ധ്യേഷ്യയിലെ ബുഖാറാ (بخاري) നഗരത്തിൽനിന്ന് ഏതാണ്ട് 150 നാഴിക അകലെ സ്ഥിതി ചെയ്യുന്ന മലകളിലാണെന്ന് മൂന്നാമതൊരു കൂട്ടരും പ്രസ്താവിക്കുന്നു. ഈ സ്ഥലം വടക്കെ അക്ഷാംശം 38 ലും, കിഴക്കെ ധ്രുവാംശം 67ലും സ്ഥിതി ചെയ്യുന്നു. ബുസ്ഘൂൽഖാന (Buzghoolkhana) എന്ന പേരിൽ ഈ സ്ഥലം അറിയപ്പെടുന്നു. ക്രിസ്ത്വബ്ദം 15-ാം നൂറ്റാണ്ടിൽ തിമൂർലങ്ക് (تيمورلنك) ചക്രവർത്തി ഈ സ്ഥലവും, കെട്ടും കാണുകയുണ്ടായിട്ടുണ്ടെന്നും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഈ സ്ഥലത്തിന് ബാബുൽഹദീദ് (باب الحديد) അഥവാ ഇരുമ്പ്‌വാതിൽ- എന്നും പേരുണ്ട്. ചില ആധുനിക പണ്ഡിതന്മാർ ഈ അഭിപ്രായമാണ് സ്വീകരിച്ചുകാണുന്നത്. ഏതായാലും മങ്കോളിയൻ വർഗക്കാരുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുവാൻവേണ്ടി നിർമിക്കപ്പെട്ടതും, ലോകാത്ഭുതങ്ങളിൽ എണ്ണപെട്ടുവരുന്നതുമായ ശ്രുതിപെട്ട ചൈനാഭിത്തിയല്ല ദുൽകർനൈനിയുടെ കെട്ട് എന്ന് തീർച്ചയാണ്. *(*)* 4-ാമതായി വേറൊരഭിപ്രായവും കൂടി നിലവിലുണ്ട്: കോക്കേഷ്യയുടെ ഉൾപ്രദേശങ്ങളിൽ ദാരിയാൽചുരം (Darial Pass) എന്ന പേരിൽ ഒരു ചുരം കാണാം. അവിടെയായിരുന്നു അതെന്നാണ് ഈ അഭിപ്രായം. ഇത് തിഫ്‌ലീസിനും വിലാദീഖൂഖാസിനും (Viladikukaz) ഇടയിൽ സ്ഥിതി ചെയ്യുന്നു. [മേൽപറഞ്ഞ സ്ഥലങ്ങളെല്ലാം ഭൂപടം 1 ൽ നോക്കുക].

ഈ ഒടുവിൽപറഞ്ഞ അഭിപ്രായം ശരിയായിരിക്കുവാൻ കൂടുതൽ ന്യായം കാണു

(*) ചിലർക്ക് ഇതിലും അഭിപ്രായവ്യത്യാസമില്ലാതില്ല.

ന്നു. നോശേർവാൻ (أنوشروان) ചക്രവർത്തിയാണ് ഈ ചുരമാർഗത്തിലെ കെട്ട് സ്ഥാപിച്ചതെന്ന് സാധാരണ ചരിത്രകാരന്മാർ പറയുന്നുവെങ്കിലും, പൂർവകാല ചരിത്രങ്ങൾകൊണ്ട് തെളിയുന്നത് ആ കെട്ട് ആദ്ദേഹത്തിന് മുമ്പുണ്ടായിരുന്നു എന്നാകുന്നു. നോശേർവാന്റെ കാലം ക്രിസ്ത്വബ്ദം 531 – 579 ആകുന്നു. അതിന്റെ മുമ്പ്തന്നെ ആ കെട്ടുള്ളതായി പൂർവ ചരിത്രങ്ങളിൽ നിന്ന് അറിയുവാൻ സാധിക്കുന്നു. ഇസ്കന്തർ (അലസ്കാന്തർ- الاسكندر الرومى) ആണത് നിർമിച്ചതെന്ന അഭിപ്രായക്കാരുമുണ്ട്. അതിനും വേണ്ടത്ര തെളിവുകൾ ഇല്ല.

ഇസ്കന്തറിന്റെ ഏതാണ്ട് 200 കൊല്ലം മുമ്പാണ് പേർഷ്യക്കാരനായ സൈറസിന്റെ കാലം. അതായത് ക്രിസ്തുവിന് ഏകദേശം 500 കൊല്ലം മുമ്പ്. അദ്ദേഹത്തിന്റെ കാലത്ത് സേത്യൻ ഗോത്രക്കാരുടെ ആക്രമണത്തെ അദ്ദേഹം തടഞ്ഞിരുന്നതായി ചരിത്രം ഉണ്ട്. ഇസ്കന്തർ അങ്ങിനെ ചെയ്തതായി അറിയപ്പെടുന്നില്ല. അർമേനിയൻ ഭാഷയിൽ 'ഫാക്ക്കോറായി' എന്നും 'കാപാൻകോറായി' എന്നും ഇ ൗ ചുരത്തിന് മുൻകാലത്ത് പേരുണ്ടായിരുന്നതായി കാണപ്പെടുന്നു. കോറാവാതിൽ എന്നത്രെ ഇ ൗ രണ്ട് പേരുകളുടെയും അർത്ഥം. 'കോറാ' എന്ന് പറഞ്ഞത് 'സൈറസ്സിന്റെ' സാക്ഷാൽ നാമമായ 'കോരേസ്' ലോപിച്ചതായിരിക്കാം. *(*)* ഇരുമ്പുവാതിൽ എന്ന അർത്ഥത്തിൽ അഹ്നീദർവാസഃ എന്നും അർമേനിയൻ ഭാഷയിൽ ഈ ചുരത്തിന് പേർ പറഞ്ഞുവരുന്നു.

കെട്ട് നിർമിക്കപ്പെട്ടത് ഇരുമ്പ്കട്ടികളും ചെമ്പ്ദ്രാവകവും ഉപയോഗിച്ചാണെന്ന് ക്വുർആൻ വ്യക്തമാക്കിയതാണല്ലോ. ബാബുൽ അബ്വാബിലെ കെട്ട് കല്ലുകളാൽ നിർമിക്കപ്പെട്ടതാണെന്ന് അതിന്റെ അവശിഷ്ടങ്ങൾ തെളിയിക്കുന്നുണ്ട്. കൊക്കേഷ്യയിലെ അഹ്നീദർവാസയാകട്ടെ, ഇരുമ്പ് ഉപയോഗിച്ചു ഉണ്ടാക്കപ്പെട്ടതായി കാണപ്പെടുന്നുമുണ്ട്. അതുകൊണ്ടുതന്നെയാണ് ജോർജിയാ (جورجيا)യിൽ അതിന് ഇരുമ്പുവാതിൽ എന്ന് പറയുന്നതും. ഇരുഭാഗത്തും ഉയർന്നുനിൽക്കുന്ന രണ്ട് മലന്തിട്ടകൾക്കിടയിലായിരുന്നു ദുൽക്വർനൈനി കെട്ടി ഉയർത്തിയതെന്ന് ക്വുർആൻ പറയുന്നു. ബാബുൽ അബ്വാബിലെ കെട്ടാകട്ടെ, അതിന്റെ ഒരു ഭാഗം (പടിഞ്ഞാറ്) കാക്കസസ് മലയുണ്ടെങ്കിലും മറുഭാഗം (കിഴക്ക്) കാസ്പിയർ കടലാണ് സ്ഥിതിചെയ്യുന്നത്. ദാരിയാൽ ചുരമാകട്ടെ, കാക്കസസ് പർവതനിരയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു ഇടുക്ക്വഴിയുമാകുന്നു. ദുൽക്വർനൈനിയുടെ കെട്ട് അസർബീജാന്നും, അർമേനിയക്കും മദ്ധ്യെ സ്ഥിതിചെയ്യുന്ന രണ്ട് മലകൾക്കിടയിലാണ് എന്ന് പല ക്വുർആൻ വ്യാഖ്യാതാക്കളും

(*) കോരേശിനെ (Cyrus قورش) പറ്റി 'വേദപുസ്തകനിഘണ്ടുവിൽ ഇങ്ങിനെ കാണാം:- ഇവൻ പാർസ്യയിലെ രാജാവായിരുന്നു. മേദ്യാചക്രവർത്തിയേയും, ചിറ്റാസ്യാ (ഏഷ്യാമൈനർ) രാജാക്കളേയും ജയിച്ചു. ക്രി. മു. 539 ൽ ബാബിലോന്യ ജയിച്ചു. അവിടെ അടിമകളായി പിടിച്ചുകൊണ്ടുവരപ്പെട്ടവരെ പലരേയും വിട്ടയച്ചു. യഹൂദർക്ക് മോചനം നൽകി. ശൂന്യമാക്കപ്പെട്ട യെരൂശലേമിനെ (ബൈത്തുൽ മുക്വദ്ദസിനെ) വീണ്ടും അറ്റകുറ്റം തീർക്കുന്നതിനും, ദേവാലയം പണിയിക്കുന്നതിനും യഹോവയാൽ (ദൈവത്താൽ) അഭിഷേകം പ്രാപിച്ചവനും; അവന്റെ പ്രിയനുമായ കോരേശു രാജാവിനെക്കുറിച്ച് യെശയ്യാ 40–48 ൽ പലപ്പോഴും പറഞ്ഞു കാണുന്നു. ഇവൻ യഹൂദനല്ലെങ്കിലും യഹോവയെ ആരാധിച്ചുവന്നുവെന്നുള്ളത് നിസ്സംശയമാണ്. വേ. പു. നി. പേജ് 112)

പറയുന്നുമുണ്ട്. ഇതും ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. ശത്രുക്കളുടെ ആക്രമണം തടയുവാനായി മുൻകാലങ്ങളിൽ പല മർമസ്ഥലങ്ങളിലും പലരാലും, ഭിത്തിക്കെട്ടുകൾ നിർമിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക് ഒന്നിലധികം സ്ഥലങ്ങളിൽ പഴയ ഭിത്തിക്കെട്ടുകൾ കാണുന്നതിൽ ആശ്ചര്യമില്ലല്ലോ.

ഒടുവിൽ പറഞ്ഞ അഭിപ്രായത്തിന് ബൈബ്ളും പിൻബലം നൽകുന്നു. യെഹെസ്കേലിന്റെ (حزقيل - ع) പ്രവചനങ്ങളുടെ കൂട്ടത്തിൽ ഇപ്രകാരം പറയുന്നു: മനുഷ്യപുത്രാ, രോശ് (റഷ്യ), മെശെക്ക് (മോസ്കോ), തൂബൽ എന്നിവയുടെ പ്രഭുവായ മാഗോഗ് (മഅ്ജൂജ്) ദേശത്തിലുള്ള ഗോഗി (യഅ്ജൂജി)ന്റെ നേരെ നീ മുഖം തിരിച്ചു അവനെക്കുറിച്ച് പ്രവചിച്ചു പറയേണ്ടത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: രോശ്, മെശേക്ക്, തൂബൽ എന്നിവയുടെ പ്രഭുവായ ഗോഗേ, ഞാൻ നിനക്ക് വിരോധമായിരിക്കുന്നു. തുടർന്നുകൊണ്ട് ഗോഗിന്റെ വരവിന്റെ സ്വഭാവവും, കൊള്ള മുതലായ വിക്രിയകളെയും വിവരിക്കുന്നു. അക്കൂട്ടത്തിൽ, അവരുടെ വരവ് വടക്കേ അറ്റത്ത്നിന്നാണെന്നും, യിസ്രായേൽ പ്രദേശങ്ങളിൽ അവർ വരുമെന്നും ബൈബ്ൾ വ്യക്തമാക്കിയിട്ടുണ്ട്.

ദുൽക്വർനൈനിയുടെ കെട്ട് കാക്കസസ് പ്രദേശങ്ങളിലാണെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. കാരണം: ബുഖാറാ പ്രദേശങ്ങളിൽ കൂടിയാണ് ഗോഗിന്റെ പ്രവാഹമുണ്ടായിരുന്നതെങ്കിൽ, അത് ഇസ്റാഈല്യരുടെ കിഴക്കുഭാഗത്തുകൂടിയാണെന്നുള്ളതിൽ സംശയമില്ല. കാക്കസസ് പ്രദേശമാണ് അവരുടെ അടുത്തും, വടക്കുഭാഗത്തുമായി സ്ഥിതി ചെയ്യുന്നത്. (പടം 1 നോക്കുക) റഷ്യയിൽനിന്നും മോസ്കോവിൽനിന്നും ഇസ്റാഈൽ പ്രദേശത്തേക്ക് വരുന്നത് ആ മാർഗത്തിൽ കൂടിയാണ്താനും. ഇത്രയും പറഞ്ഞതിൽ നിന്നെല്ലാം കാക്കസസ് പർവ്വത നിരകൾക്കിടയിൽ സ്ഥിതിചെയ്യുന്ന ദാരിയേൽ ചുരമാർഗത്തിലായിരുന്നു ക്വുർആനിൽ പറഞ്ഞ ദുൽക്വർനൈനിയുടെ കെട്ട് എന്നാണ് അനുമാനിക്കേണ്ടത്. الله اعلم

ഒരു സംഗതി ഇവിടെ ഓർമിക്കുന്നത് നന്ന്. പേർഷ്യൻ രാജാവായിരുന്ന സൈറസ്സാണ് ദുൽക്വർനൈനി എന്ന അഭിപ്രായക്കാർ, കെട്ടിന്റെ സ്ഥലം കാക്കസസിലായും, ഇസ്കന്തറാണ് ദുൽക്വർനൈനി എന്ന അഭിപ്രായക്കാർ കെട്ടിന്റെ സ്ഥാനം ബുഖാറാ പരിസരങ്ങളിലായും ഗണിച്ചുവരുന്നു. ഇതിന് രണ്ട് കാരണങ്ങളുണ്ട്: സുദീർഘവും ചരിത്ര പ്രധാനവുമായ ഒരു യാത്രക്ക്ശേഷമാണല്ലോ കെട്ട് നിർമിക്കപ്പെട്ടത്. അതോടുകൂടി ആ രാജ്യക്കാരുടെ ഭാഷ ദുൽക്വർനൈനിക്ക് അപരിചിതവുമായിരുന്നു. യൂനാൻ (ഗ്രീക്കു)കാരനായ ഇസ്ക്കന്തറിന് കാക്കസസ് പ്രാന്തങ്ങളും പേർഷ്യക്കാരനായ സൈറസിന് ബുഖാറാ പ്രദേശങ്ങളും വളരെയൊന്നും അപരിചിതമായിരിക്കുവാൻ തരമില്ല. ഇതാണതിന് കാരണമെന്ന് പറയാം. *(*)*

ഇനി, നമുക്ക് യഅ്ജൂജ്- മഅ്ജൂജിനെപറ്റി അൽപം ആലോചിക്കാം. ക്വിയാമത്ത്നാളിന്റെ അടുത്ത കാലത്ത് പെട്ടെന്ന് പ്രത്യക്ഷപെടുന്നവരും, ഏതോ ചില വികൃത സ്വഭാവത്തോട്കൂടിയവരുമായ ഒരു അജ്ഞാതവർഗമാണ് ഇവരെന്ന് പൊതുവിൽ പലരും ധരിച്ചുവരുന്നുണ്ട്. അടിസ്ഥാനരഹിതമായ ചില കഥകളും പുരാണേതിഹാസങ്ങളും ഈ വിഷയത്തിൽ ജനമദ്ധ്യേ പ്രചരിച്ചിട്ടുണ്ട്. ക്വുർആനിൽ അവരെപറ്റി പ്രസ്താവിച്ചത്- സൂ: അൽ കഹ്ഫിൽ- നാം കണ്ടുവല്ലോ. മറുനാടുകളിൽ, അക്രമം, കുഴപ്പം, കവർച്ച മുതലായവ നടത്തി അസമാധാനമുണ്ടാക്കിയിരുന്ന ഒരു കൂട്ടരായിരുന്നു അവർ. രണ്ടു

أكثر ما تقدم فى سد ذى القرنين مأخوذ عن ترجمان القرآن لمولانا أبى الكلام آزاد رحمه الله *(*)*

മലകളുടെ ഇടയ്ക്കുള്ള ഒരു മാർഗത്തിൽകൂടിയായിരുന്നു അവർ പ്രവഹിച്ചിരുന്നത്. ഒരു ഇരുമ്പ്ഭിത്തിമൂലം അത് ദുൽക്വർനൈനിയുടെ കൈക്ക് നിർത്തലാക്കപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അവർ തൽക്കാലം തടയപ്പെട്ടു. എങ്കിലും അവർ വീണ്ടും വെളിക്ക്വരുന്ന ഒരു കാലമുണ്ട്. അന്ന് അവർ ആ കെട്ടിന് പുറത്ത്വരുന്നതും, ആ കെട്ട് തകർന്നുപോകുന്നതുമാണ് എന്നിങ്ങിനെ അദ്ദേഹം പ്രവചിക്കുകയും ചെയ്തു. ഇതെല്ലാം ക്വുർആനിൽ നിന്ന്തന്നെ നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിഞ്ഞതാകുന്നു. നബി തിരുമേനിﷺയുടെ എത്രയോ മുമ്പ്തന്നെ ഇക്കൂട്ടർ നിലവിലുണ്ടായിരുന്നുവെന്ന് പറയേണ്ടതില്ല.

അൽകഹ്ഫ് 98 ൽ, ദുൽക്വർനൈനി പ്രവചിച്ച ആ നിശ്ചിത സമയം- കെട്ട് തരിപ്പണമാകുകയും അവർ പുറത്ത് വരുകയും ചെയ്യുന്ന സമയം- ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇതിനെസംബന്ധിച്ച് സൂഃ അൻബിയാഉ് 96 ൽ ഇപ്രകാരം കാണാം:-

حَتَّى إِذَا فُتِحَتْ يَأْجُوجُ وَمَأْجُوجُ وَهُمْ مِنْ كُلِّ حَدَبٍ يَنْسِلُونَ ۝ وَاقْتَرَبَ الْوَعْدُ الْحَقُّ فَإِذَا هِيَ شَاخِصَةٌ أَبْصَارُ الَّذِينَ كَفَرُوا ..... الأنبياء

(അങ്ങനെ, യഅ്ജൂജും മഅ്ജൂജും തുറന്നുവിടപ്പെടുകയും- അവരാകട്ടെ, എല്ലാ കുന്നുകളിൽ കൂടിയും ഓടി വരുന്നതുമാണ്- യഥാർത്ഥമായ ആ വാഗ്ദാനസമയം അടുത്തെത്തുകയും ചെയ്താൽ, അപ്പോൾ, അവിശ്വാസികളുടെ നേത്രങ്ങൾ (അന്തംവിട്ട്) തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്നതാണ്.) യഥാർത്ഥമായ വാഗ്ദാനസമയം എന്ന് പറഞ്ഞത് ലോകാവസാന സമയമാകുന്നു. അതിന്റെ അവസരം അടുത്തു കൂടുമ്പോഴാണ് ഇവർ തുറന്നുവിടപ്പെടുന്നത്- അഥവാ പുറത്തുവരുന്നത്- എന്നത്രെ ഇതിൽനിന്ന് മനസ്സിലാകുന്നത്. (ഈ ആയത്തിന്റെ വിവരണം നോക്കുക.) ഒരിക്കൽ നബി തിരുമേനിﷺ ഇപ്രകാരം പറയുകയുണ്ടായി:-

ويل للعرب من شر قد اقترب فتح اليوم من ردم يأجوج ومأجوج مثل هذه وحلق بإصبعه الإبهام والتى تليها

സാരം: ആസന്നമായ ആപ ത്ത് നിമിത്തം അറബികൾക്ക് നാശം. യഅ്ജൂജ് മഅ്ജൂജിന്റെ കെട്ട് ഇന്ന് ഇത്രകണ്ടു തുറക്കപ്പെട്ടിരിക്കുന്നു. ഇത് പറഞ്ഞുകൊണ്ട് അവിടുത്തെ പെരുവിരലും അതിന്റെ തൊട്ട വിരലും ചേർത്ത് ഒരു വട്ടകണ്ണിപോലെയാക്കി കാണിക്കുകയും ചെയ്തു. (ബുഖാരി) ഈ ക്വുർആൻ വചനവും, നബി വചനവും മുമ്പിൽ വെച്ചുകൊണ്ട്, ദുൽക്വർനൈനിയുടെ പ്രവചനം പുലർന്നു കഴിഞ്ഞിരിക്കുന്നുവോ, ഇല്ലേ? പുലർന്നു കഴിഞ്ഞുവെങ്കിൽ ഏതാണ് ഇക്കൂട്ടർ? എന്നാണ് നമുക്ക് ചിന്തിക്കുവാനുള്ളത്.

നൂഹ് നബി (അ)യുടെ മകനായ യാഫേഥി (يافث)ന്റെ സന്തതികളാണ് യഅ്ജൂജ് മഅ്ജൂജ് (Gog and Magog) എന്നതിൽ, മുഫസ്സിറുകൾക്കും ചരിത്രകാരന്മാർക്കുമിടയിൽ പറയത്തക്ക അഭിപ്രായവ്യത്യാസമില്ല. താർത്താരി വർഗക്കാർ (التتر) യഅ്ജൂജും, മുഗിളവർഗക്കാർ (المغول) മഅ്ജൂജും ആണെന്നും, രണ്ട് കൂട്ടരും തുർക്കി (ترك) വർഗത്തിൽ ഉൾപ്പെട്ടവരാണെന്നുമുള്ളതിലും ഭിന്നാഭിപ്രായമില്ല. ഈ വർഗങ്ങൾ- ഓരോ കാലത്തും ഓരോ സ്ഥലത്തുമായി- പല പേരിലും അറിയപ്പെട്ടിട്ടുണ്ട്. പൊതുവിൽ ഇവരുടെ വാസസ്ഥലം ഉത്തരേഷ്യയാകുന്നു. തെക്കുഭാഗത്ത് തിബത്തും ചൈനയും തുടങ്ങി വടക്ക് ശാന്തസമുദ്രംവരെയും, പടിഞ്ഞാറ് തുർക്കിസ്ഥാൻവരെയും അത് നീണ്ടുകിടക്കുന്നു. (ആസ്യാവൻകരയുടെ ഭൂപടങ്ങൾ നോക്കുക.)

കേവലം അപരിഷ്കൃതരും ക്രൂരസ്വഭാവികളുമായിരുന്ന ഇവരിൽ പല അവാന്തര വിഭാഗങ്ങളും, ഉപവർഗങ്ങളും ഉണ്ട്. മുൻകാലത്ത് മദ്ധ്യേഷ്യയിലെ പർവതപ്രാന്തങ്ങളിൽകൂടിയും, പല ചുരമാർഗങ്ങളിൽ കൂടിയും കടന്നുവന്നു ദക്ഷിണേന്ത്യൻ രാജ്യങ്ങളിൽ പലതും, കിഴക്കൻ യൂറോപ്പിൽപെട്ട പല രാജ്യങ്ങളും ഇവർ ആക്രമിച്ചു കൊണ്ടിരുന്നു. പലേടങ്ങളിലും കുടിയേറിപ്പാർക്കുകയും ചെയ്തു. ചൈനയിലും, പശ്ചിമേഷ്യയിലും അപ്രകാരം തന്നെ. അവർക്ക് ഇങ്ങോട്ട് കടന്നുവരുവാനുള്ള മാർഗങ്ങൾ പലതുണ്ടെന്ന് ഭൂപടങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നതാകുന്നു. നബിﷺയുടെ കാലത്തോ, അതിന് ശേഷം ഹിജ്റഃ 7-ാം നൂറ്റാണ്ടുവരെയോ ഇവരുടെ പ്രവാഹങ്ങളും ആക്രമണങ്ങളും ഉണ്ടായതായി അറിയപ്പെടുന്നില്ല.

ഹിജ്റഃ 7-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ, മദ്ധ്യേഷ്യയിലെ പീഠഭൂമികളിൽ കൂടിയും, പർവ്വതമാർഗങ്ങളിൽകൂടിയും മുഗിളവർഗക്കാരായ ചങ്കീസ്ഖാനും (جنكيز خان)സൈന്യവും ചൈനയെയും പല മുസ്‌ലിം രാജ്യങ്ങളെയും ആക്രമിച്ചു. ക്വുവാറസം *(*)* (خوارزم) സുൽത്താനായ ക്വുത്ബുദ്ദീനെ (قطب الدين) കീഴടക്കുകയും, ചരിത്രത്തിൽ ഇണകാണാത്തതും, മൃഗങ്ങളെപോലും ലജ്ജിപ്പിക്കുന്നതുമായ അനേകം അക്രമങ്ങൾ നടത്തുകയും ചെയ്തു. ഇതോടുകൂടി യഅ്ജൂജ് മഅ്ജൂജിന്റെ പ്രവാഹം ആരംഭിച്ചുകഴിഞ്ഞു. ചങ്കീസ്ഖാന്റെ ശേഷം തന്റെ പിൻഗാമികൾ റഷ്യൻ പ്രദേശങ്ങളിലും, റോമായിലും, ചൈനയിലും അക്രമങ്ങൾ നടത്തുകയുണ്ടായി. 'അന്ന് ചില വിഭാഗത്തെ ചില വിഭാഗക്കാരിൽ അലമറിയുന്നതായി നാം വിട്ടേക്കുന്നതാണ്' എന്ന് ഇവരെക്കുറിച്ച് 99-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചത് ഇവിടെ സ്മരണീയമാകുന്നു.

അനന്തരം, 7-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ, ഇസ്‌ലാമീ ഖിലാഫത്തിന്റെ തലസ്ഥാനമായിരുന്ന ബഗ്ദാദ്നഗരം ഹലാക്കോ (هولاكو) പിടിച്ചടക്കി. അന്നത്തെ അബ്ബാസീഖലീഫയായ മുസ്തഅ്സ്വിമിനെ (المستعصم بالله) കൊന്നുകളഞ്ഞു. ഏഴ്ദിവസം രാജ്യമാസകലം കൊള്ളയും, കവർച്ചയും, വിവിധ അക്രമങ്ങളും നടത്തി. അനവധി രക്തപ്പുഴകളും ഒഴുക്കി. കണ്ണിൽപെട്ട ഗ്രന്ഥങ്ങളെല്ലാം ശേഖരിച്ചുടൈഗ്രീസ്നദിയിൽ കൊണ്ടുപോയിട്ടു. കുന്നുകൂടിക്കിടക്കുന്ന ആ ഗ്രന്ഥക്കെട്ടുകളെ പാലമാക്കിക്കൊണ്ട്, അതിന്മേൽകൂടി കുതിരപ്പട്ടാളത്തെ അവർ മാർച്ച് ചെയ്യിച്ചു. അബ്ബാസിയ്യാ ഖിലാഫത്ത് അതോടെ അസ്തമിക്കുകയും ചെയ്തു. ഇവർമൂലം മുസ്‌ലിം ലോകത്തിന് സംഭവിച്ച നഷ്ടം അവർണനീയവും, അപരിഹാര്യവുമത്രെ. ബഗ്ദാദും, ഇറാക്വും, പേർഷ്യയും അവർ അധീനപ്പെടുത്തി. എന്നാൽ ഭാഗ്യവശാൽ, ശാമിലും ഹിജാസിലും പ്രവേശിക്കുകയുണ്ടായില്ല. ഇത്രയും പറഞ്ഞതിൽ നിന്ന് യഅ്ജൂജ് മഅ്ജൂജ് ആരാണെന്നും, അവർ പുറത്തുവരുമെന്ന പ്രവചനം പുലർന്നുകഴിഞ്ഞുവെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. الله اعلم *(**)*

മുസ്‌ലിംകളെയും, മുസ്‌ലിം രാജ്യങ്ങളെയും ചങ്കീസ്ഖാൻ ഇത്രത്തോളം അക്രമിക്കുവാനുള്ള കാരണം, സുൽത്താൻ ക്വുത്ബുദ്ദീൻ അയാളുടെ ദൂതന്മാരെ കൊലപ്പെ

(*) പടം 1 ൽ കാണാം.

(**) യഅ്ജൂജ് മഅ്ജൂജിന്റെ പുറപ്പാടിന്റെ തുടക്കം ആരംഭിച്ചുവെന്നർത്ഥം. കുട്ടത്തോടെയുള്ള യഥാർത്ഥ പുറപ്പാട്കാലാവസാനത്തിലായിരിക്കുന്നതാണ്. കാരണം ഇമാം മുസ്‌ലിം (റ) മുതലായവർ നവ്വാസുബ്നുസംആൻ (റ) വഴി ഉദ്ധരിച്ചിട്ടുള്ള ▶▶

ടുത്തിയതായിരുന്നു. അത് സംബന്ധിച്ച് ചങ്കീസ്ഖാൻ എഴുതി അയച്ച ചരിത്രപ്രസിദ്ധമായ ഒരു കത്ത് മുസ്‌ലിംകൾക്ക് എന്നെന്നേക്കും ഒരു പാഠമായിരിക്കേണ്ടതാകുന്നു. അതിലെ ചിന്താർഹമായ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത് നന്നായിരിക്കും. മുകളിൽ പറഞ്ഞ വിഷയങ്ങളിലേക്ക് കുറച്ചുകൂടി വെളിച്ചം വീശുവാനും അത് ഉപകരിക്കും. കത്തിലെ വാചകങ്ങൾ ഇപ്രകാരമായിരുന്നു:-

'.......നിങ്ങൾ എന്റെ ആളുകളോട് ഇത്രയും ധിക്കാരം പ്രവർത്തിക്കുന്നതും. എന്റെ കച്ചവടവും ധനവും പിടിച്ചടക്കുന്നതും എന്തിനായിട്ടാണ്!? .....ഉറങ്ങിക്കിടക്കുന്ന കുഴപ്പങ്ങളെ വിളിച്ചുണർത്തുകയാണോ നിങ്ങൾ!? ഒളിഞ്ഞുകിടക്കുന്ന ആപത്തുകളെ വെളിക്കു വരുത്തുകയാണോ!? ധനികന്മാർ വിഡ്ഢിത്തം പ്രവർത്തിക്കുന്നതും, നിങ്ങളിലുള്ള

ദീർഘമായ നബി വചനത്തിൽ നിന്ന് കാലാവസാനത്തിൽ ഈസാ നബി (അ) ആകാശത്ത്നിന്ന് ഇറങ്ങിവരുകയും, ദജ്ജാലിനെ കൊലപ്പെടുത്തുകയും ചെയ്തതിനെത്തുടർന്നായിരിക്കും യഅ്ജൂജ് മഅ്ജൂജിന്റെ പുറപ്പാടുണ്ടാവുക എന്ന് വ്യക്തമാകുന്നു. അതേസമയത്ത് കുഴപ്പങ്ങളെസംബന്ധിച്ച് വിവരിക്കുന്ന 'കിതാബുൽ ഫിതൻ' (كتاب الفتن) എന്ന് ഖണ്ഡത്തിൽപെട്ട രണ്ട് അദ്ധ്യായങ്ങളിലും മറ്റു ചില അദ്ധ്യായങ്ങളിലുമായി ഇമാംബുഖാരീ (റ) ഒന്നിലധികം പ്രാവശ്യം ഉദ്ധരിച്ച ഹദീഥാണ് (ويل للعرب من شرقد اقترب) (ആസന്നമായ ഒരു ആപത്ത്നിമിത്തം അറബികൾക്ക് നാശം!...) എന്ന് തുടങ്ങിയ മേൽകണ്ട നബിവചനം. ബുഖാരിയുടെ പ്രസിദ്ധ വ്യാഖ്യാനഗ്രന്ഥമായ 'ഫത്ഹുൽബാരി'യിൽ പ്രസ്തുത രണ്ട് അദ്ധ്യായങ്ങളിലും ഇമാം അസ്ക്വലാനീ (റ) ഈ ഹദീഥിന്റെ വിവരണമദ്ധ്യെ യഅ്ജൂജ് മഅ്ജൂജിന്റെ അണക്കെട്ട് തുറക്കപ്പെടുന്നതുസംബന്ധിച്ച് നൽകിയ വിവരങ്ങളും, പല മഹാന്മാരിൽനിന്നും അദ്ദേഹം ഉദ്ധരിച്ച ഉദ്ധരണികളും, അതോടൊപ്പം ക്വുർആൻ വ്യാഖ്യാതാക്കളും ഹദീഥ് വ്യാഖ്യാതാക്കളും യഅ്ജൂജ് മഅ്ജൂജിനെപറ്റി നൽകിയിട്ടുള്ള മറ്റുവിവരങ്ങളുംകൂടി പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് ഇതാണ്: യഅ്ജൂജ് മഅ്ജൂജിന്റെ കൂട്ടത്തോടെയുള്ള പുറപ്പാടിനെപറ്റിയാണ് ഈസാ നബി (അ)ന്റെ വരവിന്ശേഷം സംഭവിക്കുന്നതായി നവ്വാസ് (റ)ൽ നിന്നുള്ള ഹദീഥിൽ പ്രസ്താവിച്ചിരിക്കുന്നത്. അതിന് മുമ്പ്തന്നെ അവരുടെ ഭാഗികമായ പുറപ്പാട് ഒന്നിലധികം പ്രാവശ്യം ഉണ്ടാകുന്നതിന് വിരോധമില്ലതാനും താർത്താരികളുടെ മേൽ ചൂണ്ടി ക്കാട്ടിയ പ്രവാഹവും, അറബികൾക്കും മുസ്‌ലിംകൾക്കും എതിരെയുണ്ടായ മറ്റു ചില കലഹങ്ങളും അവരുടെ ഭാഗികമായ പുറപ്പാടുകളിൽ ഉൾപ്പെട്ടതാകുന്നു. ഈ നിലക്കാണ് താർത്താരികളുടെ പ്രവാഹത്തോട്കൂടി യഅ്ജൂജ് മഅ്ജൂജിന്റെ പുറപ്പാടിനെക്കുറിച്ചുള്ള പ്രവചനം പുലർന്നുകഴിഞ്ഞതായി ഇവിടെ പ്രസ്താവിച്ചത്. നവ്വാസ് (റ)ന്റെ ഹദീഥിൽ പറഞ്ഞത്പ്രകാരമുള്ള അവരുടെ കൂട്ടത്തോടെയുള്ള പുറപ്പാട് ക്വിയാമത്ത്നാളിന്റെ സമീപകാലത്ത് ഈസാ നബി (അ)ന്റെ വരവും ദജ്ജാലിന്റെ കൊലയും സംഭവിച്ചശേഷം വേറെത്തന്നെ ഉണ്ടായിരിക്കുന്നതുമാണ്.

الله اعلم – മുഹമ്മദ് അമാനി.

﴿راجع فتح البارى فى كتاب الفتن باب قول النبى (ص) ويل للعرب من شرقد اقترب وباب يأجوج ومأجوج وغيرهما﴾

അബലന്മാരോട് ദുഷ്ടന്മാർ അനീതികാണിക്കുന്നതും തടയുവാൻ നിങ്ങളുടെ നബി നിങ്ങളോട് ഉപദേശിച്ചിട്ടില്ലേ!? നിങ്ങളുടെ ഉപദേഷ്ടാവ് നബി നിങ്ങളോട്: തുർക്കികൾ നിങ്ങളെ ഒഴിവാക്കി വിടുന്ന കാലത്തോളം നിങ്ങൾ അവരെ ഒഴിവാക്കിവിട്ടേക്കണം (اتركو الترك ماتركوكم) എന്ന് പറഞ്ഞിട്ടില്ലേ!? എന്തിനായിട്ടാണ് നിങ്ങൾ അയൽക്കാരെ ദ്രോഹിക്കുന്നത്?! അയൽക്കാരെപറ്റി നിങ്ങളുടെ നബിﷺ നിങ്ങളോട് വസ്വിയ്യത്ത് ചെയ്തിട്ടില്ലേ?! .....ഇതാ, യഅ്ജൂജ് മഅ്ജൂജിന്റെ ഭിത്തിക്കെട്ട് തുറക്കുംമുമ്പായി ഉണർന്നു കൊള്ളുക! ....അക്രമിക്കപ്പെട്ടവനെ ദൈവം സഹായിക്കും. എല്ലാ കുന്നിൻ പ്രദേശങ്ങളിൽകൂടിയും യഅ്ജൂജ് മഅ്ജൂജ് പാഞ്ഞിറങ്ങി വരുകതന്നെ ചെയ്യുന്നതാണ്. (وهم من كل حدب ينسلون)

അക്രമത്തിന്റെയും, ദൈവനിഷേധത്തിന്റെയും, പാരമ്പര്യം പുലർത്തിപ്പോന്ന ഉത്തരേഷ്യക്കാരുടെ പ്രവാഹത്തെയും വിക്രിയകളെയും ഇന്ന് ലോകം ഭീതിയോടെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണല്ലോ. കമ്മ്യൂണിസത്തിന്റെയും അതിന്റെ മാതൃരാജ്യമായ സോവ്യറ്റുനാട്ടിന്റെയും, അവയുടെ സഖ്യനാടുകളുടെയും ഭൂത-വർത്തമാനകാല സമ്പ്രദായങ്ങളെക്കുറിച്ചും, ഭാവികാലമോഹങ്ങളെക്കുറിച്ചും ഇന്ന് ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ലോകാവസാനദിവസം അല്ലാഹു എല്ലാവരെയും ഒരേ നിലയത്തിൽ ഒരുമിച്ചുകൂട്ടുന്നതാകുന്നു. ആദിവസം ഒരിക്കൽ പെട്ടെന്ന് സംഭവിക്കും. അതിന് മുമ്പ് എന്തെല്ലാം മാറ്റങ്ങളാണ് ഈ ഭൂമുഖത്തുണ്ടാവുക എന്ന് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ല.

മേൽപറഞ്ഞതിൽനിന്ന് ഗോഗ്മാഗോഗിന്റെ (യഅ്ജൂജ് മഅ്ജൂജിന്റെ) അധിവാസ സ്ഥലങ്ങളിൽ എവിടെയും മുസ്ലിംകളും സജ്ജനങ്ങളും ഇല്ലെന്നോ, അവിടെയുള്ളവരെല്ലാം അത്തരക്കാരാണെന്നോ ധരിക്കേണ്ടതില്ല. യോഗ്യന്മാരും, പണ്ഡിതന്മാരുമായ എത്രയോ സൽപുരുഷന്മാർ അവിടങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇപ്പോഴുമുണ്ട്- എനിയും ഉണ്ടാവുകയും ചെയ്തേക്കാം. الحمد لله

والله أعلم بالصواب